# ലെനിൻ

## സോവിയററ് യൂണിയനിൽ
## സോഷ്യലിസവും കമ്മ്യൂണിസവും
## കെട്ടിപ്പടുക്കുന്നതിന്റെ പ്രശ്നങ്ങൾ



സർവ്വരാജ്യതൊഴിലാളികളേ, ഏകോപിക്കുവിൻ!

# വി. ഐ. ലെനിൻ

# സോവിയററ് യൂണിയനിൽ സോഷ്യലിസവും കമ്മ്യൂണിസവും കെട്ടിപ്പടുക്കുന്നതിന്റെ പ്രശ്നങ്ങൾ

[ലേഖനസമാഹാരം]

C. Chellappan,
Rayum,
Champakara.

പ്രോഗ്രസ്സ് പബ്ലിഷേഴ്സ്
മോസ്കോ 1970

## പ്രസാധകക്കുറിപ്പ്

സോവിയററ് യൂണിയനിൽ സോഷ്യലിസവും കമ്മ്യൂണിസവും കെട്ടിപ്പടുക്കുന്നതിൻെറ പ്രശ്നങ്ങളെസ്സംബന്ധിച്ച് വി. ഐ. ലെനിൻ എഴുതിയിട്ടുള്ളതിൻെറ ഒരു ഭാഗം—അവസാനത്തെ ലേഖനങ്ങളും പ്രസംഗങ്ങളും—മാത്രമേ ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. അവയിൽ, പൊതുവിൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളും നിഗമനങ്ങളും കൊടുത്തിട്ടുണ്ട്, സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറ കടമകളും മാർഗ്ഗങ്ങളും നിർണ്ണയിച്ചിട്ടുണ്ട്. ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃതികളിൽ സോവിയററ് യൂണിയനിൽ സോഷ്യലിസവും കമ്മ്യൂണിസവും കെട്ടിപ്പടുക്കുന്നതിൻെറ ഒരു പദ്ധതി വ്യക്തമായി വരച്ചുകാട്ടിയിരിക്കുന്നു.

OChattopadhyaya.

## ഉള്ളടക്കം


1. റഷ്യൻ വിപ്ലവത്തിൻെറ അഞ്ചു വർഷങ്ങളും ലോകവിപ്ലവസാദ്ധ്യതകളും . . . . . 5
2. മോസ്ക്കോ സോവിയററിൻെറ സമ്പൂർണ്ണയോഗത്തിൽ ചെയ്ത പ്രസംഗം, നവംബർ 20, 1922 . . . . . 24
3. ഡയറിയിൽനിന്നുള്ള പേജുകൾ. . . . . 35
4. സഹകരണപ്രസ്ഥാനത്തെപ്പററി . . . . . 42
5. നമ്മുടെ വിപ്ലവത്തെപ്പററി. . . . . 52
6. തൊഴിലാളി—കർഷക പരിശോധകസമിതി പുനസ്സംഘടിപ്പിക്കേണ്ടതെങ്ങിനെ. . . . . 58
7. കുറച്ചായാലും മെച്ചമായിരിക്കണം . . . . . 65
8. I കോൺഗ്രസ്സിനുള്ള കത്ത് . . . . . 85
II . . . . . 86
1922 ഡിസംബർ 24—ാംന-യിലെ കത്തിനോടു കൂട്ടിച്ചേർത്തതു് . 88
III . . . . . 89
IV സ്റ്റേററ് പ്ലാനിംഗ് കമ്മീഷനു് നിയമനിർമ്മാണച്ചുമതലകൾ നൽകുന്നതിനെപ്പററി . . . . . 92
V . . . . . 94
VI . . . . . 95
VII (കേന്ദ്രക്കമ്മിററിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഭാഗത്തു ചേർക്കേണ്ടതു്) . . . . . 97
കുറിപ്പുകൾ . . . . . 99

# റഷ്യൻ വിപ്ലവത്തിന്റെ അഞ്ചു വർഷങ്ങളും ലോകവിപ്ലവസാദ്ധ്യതകളും

## കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ നാലാം കോൺഗ്രസ്സിൽ സമർപ്പിച്ച റിപ്പോർട്ടു് നവംബർ 13, 1922[1]

(നീണ്ടുനിന്ന, പ്രചണ്ഡമായ കരഘോഷത്തോടും ആഹ്ലാദപ്രകടനത്തോടും കൂടി സഖാവു ലെനിൻ സ്വീകരിക്കപ്പെടുന്നു. എല്ലാവരും എഴുന്നേററുനിന്നു് ''ഇന്റർനാഷനേൽ'' ആലപിക്കുന്നു.) സഖാക്കളേ, പ്രധാനപ്രാസംഗികനായിട്ടാണു് എന്റെ പേരു വച്ചിട്ടുള്ളതെങ്കിലും, എന്റെ നീണ്ട കാലത്തെ രോഗത്തിനുശേഷം സുദീർഘമായ ഒരു റിപ്പോർട്ടു് അവതരിപ്പിക്കാൻ എനിക്കു സാദ്ധ്യമല്ലെന്നു നിങ്ങൾക്കറിയാമല്ലൊ. മർമ്മപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ചു് മുഖവുരയായി ഏതാനും അഭിപ്രായങ്ങൾ മാത്രം ഞാൻ പറയാം. വളരെ പരിമിതമായ ഒന്നായിരിക്കും എന്റെ വിഷയം. ''റഷ്യൻ വിപ്ലവത്തിന്റെ അഞ്ചു വർഷങ്ങളും ലോകവിപ്ലവസാദ്ധ്യതകളും'' എന്ന വിഷയം ഒരാൾക്കു് ഒരൊററ പ്രസംഗത്തിൽ കൈകാര്യംചെയ്തുതീർക്കാവുന്നതിനേക്കാൾ വ്യാപകവും വലുതുമാണു്. അതുകൊണ്ടു് ഈ വിഷയത്തിന്റെ ഒരു ചെറിയ ഭാഗത്തെപ്പററി—അതായതു്, പുതിയ സാമ്പത്തികനയ[2]ത്തെപ്പററി—മാത്രം ഞാൻ സംസാരിക്കാം. ഇന്നു സർവ്വപ്രധാനമായിരിക്കുന്ന പ്രശ്നവുമായി നിങ്ങൾക്കു പരിചയമുണ്ടാക്കിത്തരണമെന്ന മനപ്പൂർവ്വമായ ഉദ്ദേശത്തോടെയാണു് ഞാൻ ഈ ചെറിയ ഭാഗം മാത്രം തിരഞ്ഞെടുത്തതു്. ഏതായാലും എന്നെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണിതു്. കാരണം, ഞാനിപ്പോൾ അതിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ഇനി ഞങ്ങൾ എങ്ങിനെയാണു് പുതിയ സാമ്പത്തികനയത്തിനു തുടക്കമിട്ടതെന്നും ആ നയത്തിന്റെ സഹായത്തോടെ ഞങ്ങൾ എന്തെല്ലാം നേടിയെന്നും ഞാൻ പറയാം. ഈ പ്രശ്നത്തിൽ മാത്രം ഞാൻ ഒതുങ്ങിനിൽക്കുകയാണെങ്കിൽ എനിക്കൊരുപക്ഷെ അതെപ്പററി ഒരു പൊ

ത്തുവായ അവലോകനം നടത്താനും പൊതുവിവരണം നൽകാനും കഴിഞ്ഞേക്കും.

ആദ്യംതന്നെ, ഞങ്ങൾ എങ്ങിനെ പുതിയ സാമ്പത്തികനയത്തിലേക്കെത്തിയെന്നു ചൂണ്ടിക്കാണിക്കാൻ 1918—ൽ ഞാനെഴുതിയ ഒരു ലേഖനം[3] ഉദ്ധരിച്ചുകൊള്ളട്ടെ. 1918 ആരംഭത്തിൽ, ചെറിയൊരു വാദപ്രതിവാദത്തിനിടയ്ക്കു് സ്റ്റേറ്റ് മുതലാളിത്തത്തോടെടുക്കേണ്ട മനോഭാവമെന്തായിരിക്കണമെന്ന പ്രശ്നത്തെ ഞാൻ സ്പർശിക്കുകയുണ്ടായി. അന്നു ഞാനെഴുതി:

‘‘നമ്മുടെ സോവിയറ്റ് റിപ്പബ്ലിക്കിലെ ഇന്നത്തെ (അതായതു് അക്കാലത്തെ) സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ സ്റ്റേറ്റ്മുതലാളിത്തം മുന്നോട്ടുള്ള ഒരു കാൽവയ്പായിരിക്കും. ഏതാണ്ടു് ആറുമാസക്കാലത്തിനുള്ളിൽ നമ്മുടെ റിപ്പബ്ലിക്കിൽ സ്റ്റേറ്റ്മുതലാളിത്തം സ്ഥാപിതമാവുകയാണെങ്കിൽ അതൊരു വമ്പിച്ച നേട്ടമായിരിക്കും. നമ്മുടെ രാജ്യത്തു് ഒരു വർഷത്തിനുള്ളിൽ സോഷ്യലിസം സ്ഥായിയായി വേരൂന്നുകയും അജയ്യമായിത്തീരുകയും ചെയ്യുമെന്നതിനുള്ള അസന്ദിഗ്ദ്ധമായ ഉറപ്പായിരിക്കുമതു്.’’

തീർച്ചയായും ഇന്നത്തെക്കാൾ ബുദ്ധിശൂന്യന്മാരായിരുന്ന കാലത്താണു ഞങ്ങളിതു പറഞ്ഞതു്. എങ്കിൽപ്പോലും ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയാത്തവണ്ണം ബുദ്ധിഹീനന്മാരായിരുന്നില്ല ഞങ്ങൾ.

അങ്ങിനെ, സോവിയറ്റ് റിപ്പബ്ലിക്കിലെ അന്നത്തെ സാമ്പത്തികസ്ഥിതി വച്ചുനോക്കിയാൽ സ്റ്റേറ്റ്മുതലാളിത്തം മുന്നോട്ടുള്ള ഒരു ചുവടായിരിക്കുമെന്നാണു് 1918—ൽ ഞാൻ അഭിപ്രായപ്പെട്ടതു്. ഇതു് പ്രത്യക്ഷത്തിൽ വിചിത്രമായും ഒരുപക്ഷെ അസംബന്ധമായിപ്പോലും തോന്നിയേക്കാം. കാരണം, അന്നുതന്നെ ഞങ്ങളുടെ റിപ്പബ്ലിക്കു് ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായിരുന്നു. സോഷ്യലിസ്റ്റ് നടപടികളെന്നല്ലാതെ മറ്റൊരു തരത്തിലും വിവരിക്കാൻ കഴിയാത്ത നാനാരൂപത്തിലുള്ള പുതിയ സാമ്പത്തികനടപടികൾ ഞങ്ങൾ ഓരോ ദിവസവും തിടുക്കത്തിൽ—ഒരുപക്ഷെ ക്രമത്തിലധികം തിടുക്കത്തിൽ—എടുത്തുവരികയായിരുന്നു. എങ്കിൽപ്പോലും സോവിയറ്റ് റിപ്പബ്ലിക്കിൽ അന്നു നിലവിലിരുന്ന സാമ്പത്തികസ്ഥിതി വച്ചുനോക്കുമ്പോൾ സ്റ്റേറ്റ് മുതലാളിത്തം മുന്നോട്ടുള്ള ഒരു ചുവടായിരിക്കുമെന്നായിരുന്നു എന്റെ അന്നത്തെ അഭിപ്രായം. റഷ്യയിലെ സമ്പദ്‌വ്യവസ്ഥയിലെ ഘടകങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ടുമാത്രം ഞാൻ എന്റെ ആശയം വിശദീകരിക്കുകയും ചെയ്തു. എന്റെ അഭിപ്രായത്തിൽ ഇവയെല്ലാമാണു് ഈ ഘട



കങ്ങൾ: ‘‘(1) ഗോത്രാധിപത്യരൂപത്തിലുള്ളതു്, അതായതു്, കൃഷിയുടെ ഏറ്റവും പ്രാകൃതരൂപം; (2) ചെറുകിട ചരക്കുല്പാദനം (ധാന്യം കച്ചവടം ചെയ്യുന്ന ഭൂരിപക്ഷം കർഷകരും ഇതിൽ പെടും); (3) സ്വകാര്യമുതലാളിത്തം; (4) സ്റ്റേറ്റ്മുതലാളിത്തം; (5) സോഷ്യലിസം.’’ അന്നു റഷ്യയിൽ ഈ സാമ്പത്തികഘടകങ്ങളെല്ലാമുണ്ടായിരുന്നു. ഈ ഘടകങ്ങളുടെ പരസ്പരബന്ധം വിശദീകരിക്കുകയെന്ന കടമ ഞാൻ സ്വയം മുന്നോട്ടുവച്ചു. സോഷ്യലിസ്റ്റല്ലാത്ത ഒരു ഘടകത്തെ, അതായതു് സ്റ്റേറ്റ്മുതലാളിത്തത്തെ, സോഷ്യലിസത്തേക്കാൾ പ്രധാനമായി ഗണിക്കേണ്ടതല്ലെ എന്നു ഞാനാലോചിച്ചു. ഞാൻ വീണ്ടും പറയട്ടെ, സോഷ്യലിസ്റ്റ്റിപ്പബ്ലിക്കെന്നു സ്വയം പ്രഖ്യാപിക്കുന്ന ഒരു റിപ്പബ്ലിക്കിൽ സോഷ്യലിസ്റ്റല്ലാത്ത ഒരു ഘടകത്തെ സോഷ്യലിസത്തേക്കാൾ കൂടുതൽ പ്രധാനമായി, കൂടുതൽ മെച്ചപ്പെട്ടതായി, കരുതുന്നതു് വളരെ വിചിത്രമായി തോന്നിയേക്കാം. എന്നാൽ റഷ്യയിലെ സമ്പദ്‌വ്യവസ്ഥയെ ഐകരൂപ്യമുള്ളതോ വളരെയേറെ വികസിച്ചതോ ആയി ഞങ്ങൾ തീർച്ചയായും കരുതിയിരുന്നില്ലെന്ന വസ്തുത അനുസ്മരിക്കുകയാണെങ്കിൽ നിങ്ങൾക്കിതു മനസ്സിലാകും. സോഷ്യലിസ്റ്റ്രൂപത്തോടൊപ്പം ഗോത്രാധിപത്യരൂപത്തിലുള്ള, അതായതു് ഏറ്റവും പ്രാകൃതരൂപത്തിലുള്ള, കൃഷിയും റഷ്യയിൽ നിലനിൽക്കുന്നുവെന്നു് ഞങ്ങൾക്കു് തികച്ചും അറിയാമായിരുന്നു. ഈ സാഹചര്യങ്ങളിൽ സ്റ്റേറ്റ്മുതലാളിത്തത്തിനു് എന്തു പങ്കാണു നിറവേറ്റാൻ കഴിയുക?

ഈ ഘടകങ്ങളിലേതാണു മുന്തിനിൽക്കുന്നതെന്നു ഞാൻ സ്വയം ചോദിച്ചു. തീർച്ചയായും ഒരു പെറ്റിബൂർഷ്വാ സാഹചര്യത്തിൽ മുന്തിനിൽക്കുന്നതു് പെറ്റിബൂർഷ്വാഘടകമായിരിക്കും. പെറ്റിബൂർഷ്വാഘടകമാണു മുന്തിനിൽക്കുന്നതെന്ന വസ്തുത ഞാൻ അന്നു് അംഗീകരിച്ചു. മറ്റൊരു അഭിപ്രായം സ്വീകരിക്കാൻ നിർവ്വാഹമില്ലായിരുന്നു. ഞാനപ്പോൾ ഇങ്ങനെയൊരു ചോദ്യം സ്വയം ചോദിച്ചു—ഇന്നത്തെ പ്രശ്നവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വിവാദത്തിനിടയിലാണു് അതുണ്ടായതു്—സ്റ്റേറ്റ്മുതലാളിത്തത്തോടുള്ള നമ്മുടെ മനോഭാവമെന്താണു്? എന്റെ മറുപടി ഇതായിരുന്നു: ഒരു സോഷ്യലിസ്റ്റ്രൂപമല്ലെങ്കിൽക്കൂടി സ്റ്റേറ്റ്മുതലാളിത്തം ഞങ്ങൾക്കും റഷ്യയ്ക്കും നിലവിലുള്ള രൂപത്തേക്കാൾ പ്രയോജനപ്രദമാണു്. എന്താണിതു കാണിക്കുന്നതു്? സോഷ്യലിസ്റ്റ് വിപ്ലവം നടത്തിയെങ്കിലും ഞങ്ങൾ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ മുളകളേയോ തുടക്കങ്ങളേയോ വിലകൂട്ടിക്കണ്ടില്ലെന്നാണു് ഇതു കാണിക്കുന്നതു്. നേരേമറിച്ചു്, ആദ്യം സ്റ്റേറ്റ് മുതലാളിത്തത്തിലും അതിനുശേഷം മാത്രം സോഷ്യലിസത്തിലും എ

ത്തുന്നതാണു കൂടുതൽ നല്ലതെന്നു് ഒരു പരിധിവരെ അന്നുതന്നെ ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

ഇതു പ്രത്യേകം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. കാരണം, ഒന്നാമതു് ഇന്നത്തെ സാമ്പത്തികനയം വിശദീകരിക്കുന്നതിനും രണ്ടാമതു് കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പ്രായോഗികനിഗമനങ്ങളിലെത്തുന്നതിനും ഇവിടന്നേ തുടങ്ങാൻ കഴിയൂ എന്നാണെന്റെ അഭിപ്രായം. ഒരു സുസജ്ജമായ പിൻവാങ്ങൽപദ്ധതി ഞങ്ങൾക്കു് അന്നുണ്ടായിരുന്നുവെന്നു ഞാൻ പറയുന്നില്ല. അതായിരുന്നില്ല സ്ഥിതി. ഒരു വാദപ്രതിവാദത്തിനിടയിൽ ഉന്നയിച്ച ആ ഏതാനും വാചകങ്ങൾ ഒരിക്കലും ഒരു പിൻവാങ്ങൽപദ്ധതിയായിരുന്നില്ല. ഉദാഹരണത്തിനു്, സ്റ്റേററ്മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം മൗലികപ്രാധാന്യമുള്ള വ്യാപാരസ്വാതന്ത്ര്യമെന്ന സുപ്രധാനകാര്യത്തെപ്പററി അവയിൽ യാതൊരു പരാമർശവുമില്ലായിരുന്നു. എങ്കിൽപ്പോലും പിൻവാങ്ങണമെന്ന അവ്യക്തമെങ്കിലും പൊതുവായ ഒരാശയം അവയിലടങ്ങിയിരുന്നു. വളരെ പിന്നോക്കംചെന്ന സമ്പദ്‌വ്യവസ്ഥ നിലനിന്നിരുന്നതും ഇന്നുവരെ നിലനിൽക്കുന്നതുമായ ഒരു രാജ്യത്തിന്റെ വീക്ഷണകോണിൽനിന്നുമാത്രമല്ല, കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റേയും വളർച്ചപ്രാപിച്ച പടിഞ്ഞാറൻയൂറോപ്യൻ രാജ്യങ്ങളുടേയും വീക്ഷണകോണിൽനിന്നുകൂടി ഇക്കാര്യം കാണണമെന്നാണു് എനിക്കു തോന്നുന്നതു്. ഉദാഹരണത്തിനു് നാം ഇപ്പോൾ ഒരു പരിപാടി തയ്യാറാക്കുന്നതിൽ വ്യാപൃതരാണു്. എല്ലാ പരിപാടികളേയും കുറിച്ചു് ഒരു പൊതുചർച്ച മാത്രം നടത്തുക, ഒരുതരത്തിൽ പറഞ്ഞാൽ ഒന്നാം വായന മാത്രം നടത്തിയശേഷം അവ അച്ചടിക്കുക, പക്ഷെ അവസാനതീരുമാനം ഇപ്പോൾ, ഇക്കൊല്ലം, എടുക്കരുതു്—ഇതാണേററവും നല്ലതെന്നു് എനിക്കു തോന്നുന്നു. എന്തുകൊണ്ടു്? ഒന്നാമതു്, തീർച്ചയായും അവയെല്ലാം വേണ്ടത്ര വിശദമായി നാം ചർച്ചചെയ്തെന്നു് എനിക്കഭിപ്രായമില്ല. മാത്രമല്ല, പിൻവാങ്ങേണ്ടിവന്നേക്കുമെന്നതിനെക്കുറിച്ചും അതിനു തയ്യാറാവേണ്ടതിനെക്കുറിച്ചും നാം കാര്യമായിട്ടാലോചിച്ചിട്ടേയില്ല. എന്നാൽ മുതലാളിത്തത്തിന്റെ നിഷ്ക്കാസനത്തേയും വമ്പിച്ച വിഷമതകളോടുകൂടിയുള്ള സോഷ്യലിസ്റ്റ്നിർമ്മാണത്തേയും പോലെ ലോകത്തു നടക്കുന്ന സമൂലപരിവർത്തനങ്ങൾ പരിഗണിച്ചു് നമ്മുടെ ശ്രദ്ധ തീർച്ചയായും പതിയേണ്ട ഒരു പ്രശ്നമാണിതു്. നാം നേരിട്ടു കടന്നാക്രമിക്കുകയും വിജയിക്കുകയും ചെയ്യുമ്പോൾ മാത്രം എങ്ങിനെ പ്രവർത്തിക്കണമെന്നു പഠിച്ചാൽ പോരാ. ഒരു വിപ്ലവകാലത്തു് ഇതു് അത്ര വിഷമകരമോ അത്ര പ്രധാനമോ അല്ല. ചുരുങ്ങിയപക്ഷം



സർവ്വപ്രധാനമായിട്ടുള്ളതല്ല ഇതു്. ഒരു വിപ്ലവത്തിനിടയ്ക്കു് എപ്പോഴും ശത്രു ലക്കില്ലാതെ പെരുമാറുന്ന സന്ദർഭങ്ങളുണ്ടാകും. അവനെ അപ്പോൾ കടന്നാക്രമിക്കുന്നപക്ഷം നാം എളുപ്പം വിജയിച്ചെന്നുവരും. പക്ഷെ അതു കാര്യമാക്കേണ്ട. കാരണം, നമ്മുടെ ശത്രുവിനു വേണ്ടത്ര സഹനശക്തിയുണ്ടെങ്കിൽ അവൻ തന്റെ ശക്തികൾ മുൻകൂട്ടി സമാർജ്ജിക്കുന്നതാണു്. നമ്മെ ആക്രമണത്തിനു് പ്രകോപിപ്പിക്കാനും വരുന്ന വളരെ കൊല്ലങ്ങളിലേക്കു് പുറകോട്ടു തള്ളാനും അവനു നിഷ്പ്രയാസം കഴിയും. ഇക്കാരണത്താലാണു്, പിൻവാങ്ങാനുള്ള സാദ്ധ്യതയ്ക്കു നാം തയ്യാറാവേണ്ടതു വളരെ പ്രധാനമായി എനിക്കു തോന്നുന്നതു്. താത്വിക വീക്ഷണം വച്ചുമാത്രമല്ല, പ്രായോഗികവീക്ഷണം വച്ചുനോക്കിയാലും ആസന്നഭാവിയിൽ മുതലാളിത്തത്തിനെതിരായി പ്രത്യക്ഷാക്രമണത്തിനു തയ്യാറെടുക്കുന്ന എല്ലാ പാർട്ടികളും പിൻവാങ്ങാനുള്ള സാദ്ധ്യതയ്ക്കുകൂടി ഒരുങ്ങിയിരിക്കുകയെന്ന പ്രശ്നത്തെപ്പററി ഇപ്പോൾ ആലോചിക്കേണ്ടതാണു്. ഞങ്ങളുടെ വിപ്ലവത്തിന്റെ അനുഭവത്തിൽനിന്നുമുള്ള മററു പാഠങ്ങളോടൊപ്പം ഈ പാഠവും പഠിക്കുന്നതിൽ ദൂഷ്യമില്ലെന്നു് എനിക്കു തോന്നുന്നു. നേരേമറിച്ചു് പല സന്ദർഭങ്ങളിലും അതു പ്രയോജനകരമായി ഭവിച്ചേക്കാം.

സ്റ്റേററ് മുതലാളിത്തത്തെ ഒരു പിൻവാങ്ങൽമാർഗ്ഗമായി ഗണിക്കാവുന്നതാണെന്നു് 1918—ൽത്തന്നെ ഞങ്ങൾ കണ്ടിരുന്നുവെന്ന വസ്തുത ഊന്നിപ്പറഞ്ഞ സ്ഥിതിക്കു് ഞങ്ങളുടെ പുതിയ സാമ്പത്തികനയത്തിന്റെ ഫലങ്ങളെക്കുറിച്ചു് അടുത്തതായി പറയാം. അതു് അന്നു വളരെ അവ്യക്തമായ ഒരാശയമായിരുന്നുവെന്നു് ഞാൻ വീണ്ടും പറയട്ടെ. എന്നാൽ 1921—ൽ, ആഭ്യന്തരയുദ്ധത്തിന്റെ ഏററവും പ്രധാനഘട്ടം ഞങ്ങൾ തരണം ചെയ്തശേഷം—വിജയകരമായി തരണം ചെയ്തശേഷം—സോവിയററ് റഷ്യയിൽ ഗുരുതരമായ — ഒരുപക്ഷെ അങ്ങേയററം ഗുരുതരമായ—ഒരു ആഭ്യന്തരരാഷ്ട്രീയക്കുഴപ്പത്തിന്റെ ആഘാതം ഞങ്ങൾക്കനുഭവപ്പെട്ടു. ഗണ്യമായ ഒരു വിഭാഗം കർഷകർക്കിടയിൽ മാത്രമല്ല തൊഴിലാളികൾക്കിടയിലും നിലനിന്നിരുന്ന അസംതൃപ്തിയെ ഈ ആഭ്യന്തരക്കുഴപ്പം വെളിച്ചത്തു കൊണ്ടുവന്നു. സോവിയററ് റഷ്യയുടെ ചരിത്രത്തിലാദ്യമായി—ഇതവസാനത്തേതുമായിരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു—വമ്പിച്ച വിഭാഗം കർഷകബഹുജനങ്ങളുടെയിടയിൽ ബോധപൂർവ്വമായിട്ടല്ല, സഹജബുദ്ധ്യാ, നമുക്കെതിരായ മനോഭാവം വളർന്നു. നമ്മെ സംബന്ധിച്ചിടത്തോളം തീർച്ചയായും അസുഖകരമായ ഈ പ്രത്യേകപരിതസ്ഥിതി എങ്ങിനെ ഉളവായി? നമ്മുടെ സാമ്പത്തികമായ കടന്നാക്രമണത്തിൽ നാം ക്രമത്തിലധികം മുന്നേറിയെന്നതാണു്,

വേണ്ടത്ര വിഭവങ്ങൾ നാം കരുതിയിരുന്നില്ലെന്നതാണ്, നമുക്ക് അന്ന് ബോധപൂർവ്വം നിർവ്വചിക്കാൻ കഴിയാതിരുന്നതും എന്നാൽ അല്പം കഴിഞ്ഞ്, ഏതാനും ആഴ്ചകൾക്കുശേഷം, നാം സമ്മതിച്ചതുമായ വസ്തുത—അതായത്, ശുദ്ധസോഷ്യലിസ്റ്റ്‌രൂപങ്ങളിലേക്ക്, ശുദ്ധസോഷ്യലിസ്റ്റ്‌വിതരണക്രമത്തിലേക്ക്, നേരിട്ടു കടക്കുകയെന്നത് നമ്മുടെ കഴിവിൽ കവിഞ്ഞതാണെന്നും കൂടുതൽ എളുപ്പമുള്ള കടമകളിൽ ഒതുങ്ങിനില്ക്കാൻവേണ്ടി നമുക്കു പിൻവാങ്ങാൻ കഴിയാത്ത പക്ഷം നാം നാശമടയുമെന്നുമുള്ള വസ്തുത—ബഹുജനങ്ങൾക്കു മനസ്സിലായെന്നതാണ്, അതിനുള്ള കാരണം. കുഴപ്പം തുടങ്ങിയത് 1921 ഫെബ്രുവരിയിലാണെന്നാണ് എനിക്കു തോന്നുന്നത്. ആ വഷം വസന്തത്തിലാണ് പുതിയ സാമ്പത്തികനയം അംഗീകരിക്കാൻ ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചത്. ഇക്കാര്യത്തിൽ ഞങ്ങൾക്കിടയിൽ ഗണ്യമായ അഭിപ്രായഭിന്നതകൾ ഞാൻ കണ്ടില്ല. ഇപ്പോൾ, പതിനെട്ടു മാസം കഴിഞ്ഞ്, 1922 അവസാനത്തിൽ, ചില താരതമ്യങ്ങൾ നടത്താൻ ഞങ്ങൾക്കു കഴിയുന്നുണ്ട്. എന്താണു സംഭവിച്ചത്? കഴിഞ്ഞ പതിനെട്ടുമാസത്തിലേറെക്കാലം ഞങ്ങൾ എങ്ങിനെ പിന്നിട്ടു? എന്താണു ഫലം? ഈ പിൻവാങ്ങൽകൊണ്ട് ഞങ്ങൾക്കെന്തെങ്കിലും പ്രയോജനമുണ്ടായോ? ഞങ്ങൾ അതുകൊണ്ട് യഥാർത്ഥത്തിൽ രക്ഷപ്പെട്ടോ? അതോ ഫലം ഇപ്പോഴും സന്ദിഗ്ദ്ധമാണോ? ഞാൻ എന്നോടുതന്നെ ചോദിക്കുന്ന പ്രധാനചോദ്യമിതാണ്. ഈ പ്രധാനചോദ്യം എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികളെ സംബന്ധിച്ചും പരമപ്രധാനമാണെന്നാണ് എനിക്കു തോന്നുന്നത്. കാരണം, നിഷേധരൂപത്തിലാണ് ഇതിനുത്തരമെങ്കിൽ നാമെല്ലാവരും നശിച്ചതുതന്നെ. ഈ ചോദ്യത്തിനു തെളിഞ്ഞ മനസ്സാക്ഷിയോടെ ക്രിയാത്മകമായി മറുപടിപറയാൻ—അതായത്, ഞങ്ങൾ പരീക്ഷണത്തിൽ വിജയിച്ചിരിക്കുന്നതായി കഴിഞ്ഞ പതിനെട്ടു മാസങ്ങൾ നിർണ്ണായകമായും അസന്ദിഗ്ദ്ധമായും തെളിയിച്ചിരിക്കുന്നുവെന്ന് മറുപടി പറയാൻ—ഞങ്ങൾക്കെല്ലാവർക്കും കഴിയുമെന്നാണെന്റെ വിശ്വാസം.

അടുത്തതായി ഞാനിതു തെളിയിക്കാൻ ശ്രമിക്കാം. അതിന് ഞങ്ങളുടെ സമ്പദ്ഘടനയുടെ എല്ലാ ഘടകങ്ങളേയും ചുരുക്കത്തിൽ എണ്ണിപ്പറയേണ്ടിയിരിക്കുന്നു.

ഒന്നാമതായി ഞാൻ ഞങ്ങളുടെ ധനകാര്യവ്യവസ്ഥയെക്കുറിച്ചും പേരുകേട്ട റഷ്യൻ റൂബിളിനെക്കുറിച്ചും പറയാം. ഇപ്പോൾ പ്രചാരത്തിലുള്ള റൂബിളുകളുടെ സംഖ്യ 100,000,000 കോടിയിൽപ്പരമുണ്ടെന്ന ഒരൊററക്കാരണത്താൽത്തന്നെ റൂബിളുകൾ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്. (ചിരി.) ഇതു നിസ്സാരമല്ല! ഒരു ഭീമസംഖ്യയാണിത്. ഈ സംഖ്യയുടെ അർത്ഥം ഇവിടെയുള്ള മുഴുവനാളുകൾക്കും അറിഞ്ഞുകൂടെന്ന് എനിക്കുറപ്പുണ്ട്. (സദസ്സിലാകെ ചിരി.) പക്ഷെ സാമ്പത്തികശാസ്ത്രത്തിന്റെ വീക്ഷണം വച്ചുപോലും ഈ സംഖ്യ അത്രയേറെ പ്രധാനമാണെന്നു ഞങ്ങൾ കരുതുന്നില്ല. കാരണം, പൂജ്യങ്ങൾ എപ്പോഴും വെട്ടിക്കളയാമല്ലൊ. (ചിരി.) ഈ കലയിൽ ഞങ്ങൾ അല്പസ്വല്പം നേടിയിട്ടുമുണ്ട്. പക്ഷെ അതും സാമ്പത്തികവീക്ഷണം വച്ചുനോക്കിയാൽ പ്രധാനമല്ല. ഭാവിയിൽ ഞങ്ങൾ ഇതിലുമെത്രയോ കൂടുതൽ നേടുന്നതാണെന്ന് എനിക്കുറപ്പുണ്ട്. റൂബിളിന് ഉറപ്പു കൈവരുത്തുക എന്ന പ്രശ്നമാണ് യഥാർത്ഥത്തിൽ പ്രധാനമായിട്ടുള്ളത്. ഞങ്ങളിപ്പോൾ ഈ പ്രശ്നവുമായി മല്ലിട്ടുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ ഏററവും നല്ല ശക്തികൾ അതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ ഇതിന് നിർണ്ണായകമായ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. കുറെയേറെക്കാലത്തേക്കും തുടർന്ന് എല്ലാ കാലത്തേക്കും റൂബിളിനെ ഉറപ്പിക്കാൻ കഴിഞ്ഞാൽ ഞങ്ങൾ വിജയിച്ചുവെന്ന് തെളിയുന്നതാണ്. അങ്ങിനെ വന്നാൽ ഈ ഭീമസംഖ്യകൾ, ഈ ലക്ഷോപലക്ഷങ്ങളും കോടാനുകോടികളും, നിസ്സാരങ്ങളാണ്. അപ്പോൾ ഞങ്ങൾക്ക് ഞങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ ഒരു ഉറച്ച അടിസ്ഥാനത്തിൽ നിർത്താനും ഒരു ഉറച്ച അടിസ്ഥാനത്തിൽ വളർത്താനും കഴിയും. ഈ പ്രശ്നത്തിൽ സാമാന്യം പ്രധാനപ്പെട്ടതും നിർണ്ണായകവുമായ ചില വിവരങ്ങൾ നൽകാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. 1921–ൽ കടലാസ്സു റൂബിളിന്റെ വിനിമയത്തോത് മൂന്നുമാസത്തിൽ കുറഞ്ഞ ഒരു കാലത്തേക്കാണ് ഉറച്ചുനിന്നത്. ഈയാണ്ടിൽ—1922–ൽ—ഈ തോത് അഞ്ചു മാസത്തിൽ കവിഞ്ഞ ഒരു കാലത്തേക്ക് ഉറച്ചുനിന്നു. ആണ്ടു കഴിഞ്ഞിട്ടുമില്ല. ഇതു വേണ്ടത്ര തെളിവാണെന്നാണ് എനിക്കു തോന്നുന്നത്. തീർച്ചയായും, ഞങ്ങൾ ഈ പ്രശ്നം നിശ്ചയമായും പരിഹരിക്കുമെന്നതിനുള്ള ശാസ്ത്രീയമായ തെളിവാണു നിങ്ങൾ ആവശ്യപ്പെടുന്നതെങ്കിൽ ഇതു പര്യാപ്തമല്ല. പക്ഷെ പൊതുവിൽ ഇക്കാര്യം പൂർണ്ണമായും ഖണ്ഡിതമായും തെളിയിക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ഞങ്ങൾ പുതിയ സാമ്പത്തികനയം ആരംഭിച്ച കഴിഞ്ഞ വർഷംതൊട്ട് ഇന്നേവരെ പുരോഗതി കൈവരുത്താൻ ഞങ്ങൾ പഠിച്ചുകഴിഞ്ഞെന്ന് ഞാൻ ഉദ്ധരിച്ച കണക്കുകൾ കാണിക്കുന്നുണ്ട്. ഞങ്ങൾ ഇത്രയും ചെയ്യാൻ പഠിച്ച സ്ഥിതിക്ക് ബുദ്ധിശൂന്യമായിട്ടൊന്നും പ്രവർത്തിക്കാതിരുന്നാൽ ഇതേ വഴിയിലൂടെ കൂടുതൽ നേട്ടങ്ങളുണ്ടാക്കാൻ ഞങ്ങൾ പഠിക്കുമെന്ന് എനിക്കുറപ്പുണ്ട്. എങ്കിലും സർവ്വപ്രധാനമായിട്ടുള്ളത് കച്ചവടമാണ്, അതായത് ഞങ്ങളെ സംബന്ധിച്ചിടത്തോളം അനിവാര്യമായിട്ടുള്ള ച

രക്കുകളുടെ പ്രചാരം. ഒരു യുദ്ധപരിതസ്ഥിതി ഉണ്ടായിട്ടും (ഏതാനും ആഴ്ചകൾക്കുമുമ്പു മാത്രമാണു വ്ലദിവൊസ്തോക്കു തിരികെ പിടിച്ചെടുത്തതെന്നു നിങ്ങൾക്കറിയാമല്ലൊ), യഥാർത്ഥത്തിൽ ചിട്ടയായ രൂപത്തിൽ സാമ്പത്തികപ്രവത്തനങ്ങൾ നടത്താൻ ഞങ്ങൾക്കു് ഇപ്പോൾ മാത്രമേ കഴിയുന്നുള്ളുവെങ്കിലും ഞങ്ങൾ കഴിഞ്ഞ രണ്ടു വർഷമായി ആ പ്രശ്നത്തെ വിജയപൂർവ്വം നേരിട്ടുകൊണ്ടു്, മൂന്നു മാസത്തിനു പകരം അഞ്ചു മാസത്തേക്കു് കടലാസ്സുറൂബിളിന്റെ വിനിമയത്തോതു് ഉറപ്പിച്ചുനിർത്താൻ ഞങ്ങൾക്കു കഴിഞ്ഞതുകൊണ്ടു്, ഞങ്ങൾക്കു ചാരിതാർത്ഥ്യത്തിനവകാശമുണ്ടെന്നു് എനിക്കു പറയാമെന്നാണു തോന്നുന്നതു്. ഞങ്ങൾ ഒററയ്ക്കാണു നിൽക്കുന്നതെന്നോർക്കണം. ഞങ്ങൾക്കു് യാതൊരു വായ്പയും ലഭിച്ചിട്ടില്ല, ഇപ്പോൾ ലഭിക്കുന്നുമില്ല. സുശക്തമായ മുതലാളിത്തരാജ്യങ്ങളൊന്നും ഞങ്ങളെ സഹായിച്ചിട്ടില്ല. തങ്ങളുടെ മുതലാളിത്തസമ്പദ്ഘടന "ഉജ്ജ്വലമായി" സംഘടിപ്പിച്ചിട്ടുള്ള ഈ രാജ്യങ്ങൾക്കു് തങ്ങൾ ഏതു വഴിക്കാണു പോകുന്നതെന്നു് ഇന്നേവരെ അറിഞ്ഞുകൂടാ. വെഴ്സൈൽസ് ഉടമ്പടിപ്രകാരം അവർ സൃഷ്ടിച്ച ധനകാര്യവ്യവസ്ഥയുടെ വാലും തലയും തിരിച്ചറിയാൻ അവരെക്കൊണ്ടാവുന്നില്ല. ഈ വമ്പിച്ച മുതലാളിത്തരാജ്യങ്ങൾ കാര്യങ്ങൾ നടത്തിക്കൊണ്ടുപോവുന്നതിങ്ങനെയാണെങ്കിൽ അനഭ്യസ്തരായി പിന്നണിയിൽ കിടക്കുന്ന ഞങ്ങൾ റൂബിളിനെ ഉറപ്പിക്കാനുള്ള ഉപാധികളേതെല്ലാമാണെന്ന ഏററവും പ്രധാനപ്പെട്ട കാര്യം ഗ്രഹിച്ചുവെന്ന വസ്തുതയിൽ ഞങ്ങൾക്കു സന്തോഷിക്കാനുള്ള വകയുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. താത്വികാപഗ്രഥനത്തിലൂടെയല്ല, പ്രായോഗികാനുഭവത്തിലൂടെ തെളിഞ്ഞിട്ടുള്ളതാണിതു്. എന്റെ അഭിപ്രായത്തിൽ ഈ പ്രായോഗികാനുഭവമാണു് ലോകത്തിലെ എല്ലാ താത്വികചർച്ചകളേക്കാളും പ്രധാനമായിട്ടുള്ളതു്. ഈ തുറയിൽ ഞങ്ങൾ നിർണ്ണായകമായ ഫലങ്ങൾ നേടിയിട്ടുണ്ടെന്നാണു്, അതായതു്, കച്ചവടത്തിനും ചരക്കുകളുടെ നിർബാധമായ പ്രചാരത്തിനും കർഷകർക്കും ചെറുകിട ഉല്പാദകരുടെ വമ്പിച്ച വിഭാഗങ്ങൾക്കും പരമപ്രധാനമായിട്ടുള്ള, റൂബിളിനെ ഉറപ്പിക്കുക എന്നതിലേക്കു് ഞങ്ങളുടെ സമ്പദ്ഘടനയെ നീക്കിത്തുടങ്ങിയിരിക്കുവെന്നാണു്, പ്രയോഗത്തിൽ കാണുന്നതു്.

അടുത്തതായി സാമൂഹ്യലക്ഷ്യങ്ങളെടുക്കാം. തീർച്ചയായും ഏററവും പ്രധാനപ്പെട്ട ഘടകം കർഷകരാണു്. നിസ്സംശയമായും 1921—ൽ കർഷകരുടെ ഒരു വമ്പിച്ച വിഭാഗത്തിനിടയിൽ അസംതൃപ്തിയുണ്ടായിരുന്നു. പിന്നീടു ക്ഷാമം വന്നു. കർഷകരെ നേരിട്ടു ഏററവും കടുത്ത പരീക്ഷണമായിരുന്നു അതു്. സ്വാഭാവികമായും വെളിയിലുള്ള നമ്മുടെ എല്ലാ ശത്രുക്കളും ആർത്തുവിളിച്ചു: "നോക്കൂ, സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ ഫലമാണതു്!" ക്ഷാമം യഥാർത്ഥത്തിൽ ആഭ്യന്തരയുദ്ധത്തിന്റെ ഭയങ്കരഫലമായിരുന്നുവെന്നതിനെപ്പററി അവർ സ്വാഭാവികമായും ഒന്നും പറഞ്ഞില്ല. 1918—ൽ ഞങ്ങൾക്കെതിരായി കടന്നാക്രമണമാരംഭിച്ച എല്ലാ ഭൂവുടമകളും മുതലാളിമാരും ക്ഷാമം സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ ഫലമാണെന്നു വരുത്താൻ ശ്രമിച്ചു. തീർച്ചയായും, സംഘടനാപരവും വിപ്ലവകരവുമായ ഞങ്ങളുടെ എല്ലാ ശ്രമങ്ങളും പാഴായിപ്പോവുമെന്ന അപകടമുളവാക്കിയ ഒരു വമ്പിച്ച, ഗുരുതരമായ അത്യാഹിതമായിരുന്നു ക്ഷാമം.

അഭൂതപൂർവ്വവും അപ്രതീക്ഷിതവുമായ ഈ അത്യാഹിതത്തിനുശേഷം, പുതിയ സാമ്പത്തികനയം ഏർപ്പെടുത്തുകയും കൃഷകർക്കു വ്യാപാരസ്വാതന്ത്ര്യമനുവദിക്കുകയും ചെയ്തതിനുശേഷം, ഇന്നെന്താണു സ്ഥിതി? ഉത്തരം ഏവർക്കും സ്പഷ്ടമാണു്, വ്യക്തമാണു്. ഒരു കൊല്ലംകൊണ്ടു് കർഷകർ ക്ഷാമത്തെ തരണംചെയ്തെന്നു മാത്രമല്ല നമുക്കു് കോടിക്കണക്കിനു പൂദ്* ധാന്യം ഇതിനകംതന്നെ ലഭിക്കത്തക്കവിധത്തിൽ അവർ വളരെയധികം നികുതി ഉല്പന്നമായി നൽകുകയും ചെയ്തിരിക്കുന്നു——അതും ഒട്ടുമുക്കാലും ബലപ്രയോഗം കൂടാതെ. പണ്ടു്, 1921—നുമുമ്പു്, റഷ്യയിൽ ഒരു സാധാരണസംഭവമായിരുന്നെന്നു പറയാവുന്ന കർഷകകലാപങ്ങൾ ഏതാണ്ടു് നിശ്ശേഷം അവസാനിച്ചിരിക്കുന്നു. കർഷകർ അവരുടെ ഇന്നത്തെ സ്ഥിതിയിൽ സംതൃപ്തരാണു്. ഇതു ഞങ്ങൾക്കു് ഉറപ്പിച്ചു പറയാം. ഈ തെളിവു് ഏതു കണക്കുകളേക്കാളും പ്രധാനമാണെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഞങ്ങളുടെ രാജ്യത്തു് കർഷകർ ഒരു നിർണ്ണായകഘടകമാണെന്നതിനെ ആരും ചോദ്യംചെയ്യുന്നില്ല. കർഷകരുടെ ഇന്നത്തെ സ്ഥിതി ആ ഭാഗത്തുനിന്നു് ഞങ്ങൾക്കെതിരായ എന്തെങ്കിലുമൊരു നീക്കമുണ്ടാവുമെന്ന ഭയത്തിനിട നൽകുന്നില്ല. ബോധപൂർവ്വം, യാതൊരു അതിശയോക്തിയുമില്ലാതെയാണു്, ഞങ്ങളിതു പറയുന്നതു്. ഇത്രയും ഞങ്ങൾ നേടിക്കഴിഞ്ഞു. അധികാരികളുടെ പ്രവർത്തനത്തിന്റെ ഏതെങ്കിലുമൊരു വശത്തെപ്പററി കർഷകർക്കു് അതൃപ്തിയുണ്ടായെന്നു വരാം. അവർ അതെപ്പററി പരാതിപ്പെട്ടെന്നു വരാം. ഇതു തീർച്ചയായും സാദ്ധ്യമാണു്, അനിവാര്യവുമാണു്. കാരണം, ഞങ്ങളുടെ ഭരണയന്ത്രവും സ്റ്റേററ് നടത്തുന്ന സമ്പദ്ഘടനയും ഇന്നും അതു് ഒഴിവാക്കാൻ മാത്രം പ്രാപ്തമല്ല. എങ്കിൽപ്പോലും മുഴുവൻ കർഷകർക്കും ഞങ്ങൾക്കെതിരായി ഗുരുതരമായ അതൃപ്തിയുണ്ടെന്ന ഒരു പ്രശ്നമേ

*1 പൂദ്—16 കിലോഗ്രം

ഇന്നില്ല. ഒരു കൊല്ലംകൊണ്ടു് ഞങ്ങൾ ഇത്രയും നേടി. ഇതു ഗണ്യമാണെന്നാണു് എനിക്കു തോന്നുന്നതു്.

ഇനി ഞങ്ങളുടെ ലഘുവ്യവസായത്തിന്റെ കാര്യമെടുക്കാം. വ്യവസായത്തിൽ ഘനവ്യവസായവും ലഘുവ്യവസായവും തമ്മിൽ വേർതിരിച്ചുകാണേണ്ടിയിരിക്കുന്നു. കാരണം അവയിലെ സ്ഥിതി വ്യത്യസ്തമാണു്. ലഘുവ്യവസായത്തെ സംബന്ധിച്ചിടത്തോളം പൊതുവിൽ ഒരു പുനരുദ്ധാരണമുണ്ടായിട്ടുണ്ടെന്നു് എന്നിക്കു തീർച്ചയായും പറയാൻ കഴിയും. വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ഒരുപാടു് കണക്കുകളുദ്ധരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. എങ്കിലും ഈ പൊതുധാരണ വസ്തുതകളെ ആധാരമാക്കിയുള്ളതാണു്. സത്യവിരുദ്ധമോ അവാസ്തവമോ ആയിട്ടുള്ള ഒന്നിനേയും അടിസ്ഥാനപ്പെടുത്തിയല്ല ഈ ധാരണയുണ്ടായിട്ടുള്ളതെന്നു് ഞാൻ ഉറപ്പിച്ചു പറയാം. ലഘുവ്യവസായത്തിൽ പൊതുവായി ഒരു പുനരുദ്ധാരണമുണ്ടായിട്ടുണ്ടെന്നും അതിന്റെ ഫലമായി പെട്രോഗ്രാഡിലേയും മോസ്ക്കോവിലേയും തൊഴിലാളികളുടെ സ്ഥിതി നിശ്ചയമായും ഭേദപ്പെട്ടിട്ടുണ്ടെന്നും പറയാൻ കഴിയും. മററു ജില്ലകളിൽ ഇത്രത്തോളം ഇതു കാണാൻ വയ്യ. കാരണം അവയിൽ മുന്തിനിൽക്കുന്നതു് ഘനവ്യവസായമാണു്. അതുകൊണ്ടു് ഇതു് പൊതുവിൽ ബാധകമല്ല. എങ്കിൽപ്പോലും ലഘുവ്യവസായം നിസ്സംശയമായും പുരോഗമിക്കുകയാണെന്നും പെട്രോഗ്രാഡിലേയും മോസ്ക്കോവിലേയും തൊഴിലാളികളുടെ സ്ഥിതി അസന്ദിഗ്ദ്ധമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും ഞാൻ വീണ്ടും പറഞ്ഞുകൊള്ളട്ടെ. 1921—ലെ വസന്തത്തിൽ ഇരുനഗരങ്ങളിലേയും തൊഴിലാളികൾക്കിടയിൽ അസംതൃപ്തിയുണ്ടായിരുന്നു. തീർച്ചയായും ഇന്നു് അതല്ല സ്ഥിതി. തൊഴിലാളികളുടെ സ്ഥിതിയും മനോഭാവവും അനുദിനം നിരീക്ഷിച്ചുവരുന്ന ഞങ്ങൾക്കു് ഇക്കാര്യത്തിൽ തെററുപററിയിട്ടില്ല.

മൂന്നാമത്തെ പ്രശ്നം ഘനവ്യവസായത്തിന്റേതാണു്. ഇവിടെ സ്ഥിതി ഇപ്പോഴും ഗുരുതരമാണെന്നു പറയേണ്ടിയിരിക്കുന്നു. 1921—22—ൽ അല്പമൊരു അഭിവൃദ്ധിയുണ്ടായി. അതുകൊണ്ടു് ആസന്നഭാവിയിൽ സ്ഥിതി മെച്ചപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം. അതിനാവശ്യമായ വിഭവങ്ങളിൽ ചിലതു ഞങ്ങൾ സംഭരിച്ചുകഴിഞ്ഞു. ഒരു മുതലാളിത്തരാജ്യത്തു് ഘനവ്യവസായത്തിലെ സ്ഥിതി മെച്ചപ്പെടുത്താൻ കോടിക്കണക്കിനു പണം വായ്പയായി വാങ്ങേണ്ടിവരും. അതില്ലാതെ യാതൊരഭിവൃദ്ധിയും സാദ്ധ്യമല്ല. കോടിക്കണക്കിനു ഡോളറോ സ്വർണ്ണറൂബിളോ വരുന്ന ദീർഘകാലവായ്പകളുടെ സഹായത്തോടെ മാത്രമേ പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിൽ ഘനവ്യവസായം വികസിപ്പിക്കാൻ കഴിയൂ എന്നാണു മുതലാളിത്തരാജ്യങ്ങളുടെ സാമ്പത്തികചരിത്രം കാണിക്കുന്നതു്. ഞങ്ങൾക്കു് അത്തരം വായ്പകൾ ലഭിച്ചില്ല. ഇതേവരെ യാതൊന്നും കിട്ടിയില്ല. സൗജന്യങ്ങളേയും മററും പററി ഇപ്പോൾ എഴുതുന്നതിനു് അതിന്റെ കടലാസുവിലയിൽക്കൂടുതലൊന്നുമില്ല. അടുത്ത കാലത്തു്, പ്രത്യേകിച്ചു് ഉർക്കർട്ടു് സൗജന്യ[4]ത്തെപ്പററി ഞങ്ങൾ ധാരാളമെഴുതിയിട്ടുണ്ടു്. സൗജന്യങ്ങളെ സംബന്ധിച്ചു ഞങ്ങളുടെ നയം വളരെ നല്ലതാണെന്നാണു് എന്റെ അഭിപ്രായം. എങ്കിൽപ്പോലും ലാഭകരമായ ഒരൊററ സൗജന്യക്കരാർപോലും ഞങ്ങൾ ഇതേവരെ ഒപ്പിട്ടിട്ടില്ല. ഇതു് ഓർമ്മയിൽ വയ്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇങ്ങനെ, സമ്പന്നരാഷ്ട്രങ്ങളിൽനിന്നുള്ള വായ്പകളെ നമ്പാൻ നിവൃത്തിയില്ലാത്തതിനാൽ ഘനവ്യവസായത്തിലെ സ്ഥിതി പിന്നോക്കം നിൽക്കുന്ന ഞങ്ങളുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ ഗുരുതരമായ ഒരു പ്രശ്നമാണു്. ഇതൊക്കെയായിട്ടും വ്യക്തമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നും വ്യാപാരത്തിൽനിന്നു് കുറെ മൂലധനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഞങ്ങൾ കാണുന്നുണ്ടു്. ഇനിയും അതൊരു ചെറിയ തുക—രണ്ടുകോടി സ്വർണ്ണറൂബിളിൽ അല്പം കൂടുതൽ—മാത്രമാണെന്നതു നേരുതന്നെ. ഏതായാലും തുടക്കമിട്ടുകഴിഞ്ഞു: ഘനവ്യവസായത്തിലെ സ്ഥിതി മെച്ചപ്പെടുത്താൻ വ്യാപാരത്തിൽനിന്നു കിട്ടുന്ന പണം ഉപയോഗിക്കാമെന്നു വന്നിരിക്കുന്നു. പക്ഷേ ഞങ്ങളുടെ ഘനവ്യവസായം ഇപ്പോഴും വമ്പിച്ച വൈഷമ്യങ്ങളിലാണു്. എന്നാലും അല്പം മിച്ചംവയ്ക്കാൻ കഴിയുന്ന ഒരു സ്ഥിതിയിൽ ഇതിനകം എത്തിക്കഴിഞ്ഞുവെന്നതാണു് നിർണ്ണായകമായ സാഹചര്യമായി ഞാൻ കരുതുന്നതു്. മേലിലും ഞങ്ങൾ മിച്ചംവച്ചുകൊണ്ടേയിരിക്കും. പലപ്പോഴും ജനങ്ങളുടെ ചിലവിലാണു നടത്തുന്നതെങ്കിൽപ്പോലും ഇപ്പോൾ വ്യയന്യൂനീകരണം നടത്തേണ്ടിയിരിക്കുന്നു. സ്റ്റേററു് ബഡ്ജററു് വെട്ടിച്ചുരുക്കാനും ഗവണ്മെൻറാഫീസുകളിലെ ജോലിക്കാരുടെ എണ്ണം കുറയ്ക്കാനും ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഞങ്ങളുടെ ഭരണയന്ത്രത്തെപ്പററി എനിക്കു ചിലതു പറയാനുള്ളതു പിന്നീടാകാം. ഏതായാലും അതു ചുരുക്കണം. കഴിയുന്നത്ര ചിലവു ചുരുക്കണം. എല്ലാ കാര്യത്തിലും, സ്കൂളുകളുടെ കാര്യത്തിൽപ്പോലും, ഞങ്ങൾ ചിലവു ചുരുക്കുകയാണു്. ഇതു ചെയ്തേ പററൂ. കാരണം, ഘനവ്യവസായത്തെ രക്ഷിച്ചില്ലെങ്കിൽ, അതിനെ പുനസ്ഥാപിച്ചില്ലെങ്കിൽ, ഒരു വ്യവസായവും കെട്ടിപ്പടുക്കാൻ കഴിയുകയില്ലെന്നു ഞങ്ങൾക്കറിയാം. വ്യവസായമില്ലാതെ ഞങ്ങൾക്കു് ഒരു സ്വതന്ത്രരാജ്യമായി നിലനിൽക്കാൻ സാദ്ധ്യമല്ല. ഇതു ഞങ്ങൾ ഭംഗിയായി മനസ്സിലാക്കുന്നുണ്ടു്.

റഷ്യയുടെ മോചനം സ്ഥിതി ചെയ്യുന്നതു് കൃഷിയിടങ്ങളിൽ നല്ല വിള കൊയ്തെടുക്കുന്നതിൽ മാത്രമല്ല—അതു പോരാ; കർഷകർക്കു ഉപഭോഗസാമഗ്രികൾ നൽകുന്ന ലഘുവ്യവസായത്തിന്റെ സുസ്ഥിതിയിൽ മാത്രമല്ല—അതുകൊണ്ടുമായില്ല; ഘനവ്യവസായംകൂടി ആവശ്യമാണു്. അതിനെ നല്ല നിലയിലാക്കാൻ പല വർഷങ്ങളിലേയും പ്രവർത്തനം വേണ്ടിവരും.

ഘനവ്യവസായത്തിനു് സ്റ്റേററിന്റെ ധനസഹായം ആവശ്യമാണു്. അതു് നൽകാൻ ഞങ്ങൾക്കു കഴിഞ്ഞില്ലെങ്കിൽ ഒരു സോഷ്യലിസ്റ്റ് സ്റ്റേറെറന്നതോ പോകട്ടെ, ഒരു പരിഷ്കൃതരാഷ്ട്രമായിപ്പോലും തുടരാൻ സാദ്ധ്യമല്ല. ഇക്കാര്യത്തിൽ ഞങ്ങൾ ഉറച്ച ഒരു നടപടി കൈക്കൊണ്ടിട്ടുണ്ടു്. ഘനവ്യവസായത്തെ സ്വന്തം കാലുകളിൽ നിർത്താനാവശ്യമായ ഫണ്ടുകൾ സംഭരിക്കാൻ ഞങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതേവരെ ഞങ്ങൾക്കു കിട്ടിയ തുക രണ്ടുകോടി സ്വർണ്ണറൂബിളിൽ അല്പം കൂടുതലേ വരുന്നുള്ളുവെന്നതു നേരാണു്. എങ്കിൽപ്പോലും ഈ തുകയുണ്ടു്, അതു് ഞങ്ങളുടെ ഘനവ്യവസായത്തെ പുനരുദ്ധരിക്കാൻവേണ്ടി മാത്രം നീക്കിവച്ചിട്ടുള്ളതുമാണു്.

ഞാൻ ഏററതുപോലെ ഞങ്ങളുടെ സമ്പദ്ഘടനയുടെ മുഖ്യഘടകങ്ങളെ മൊത്തത്തിൽ സംക്ഷിപ്തമായി ഞാൻ വരച്ചുകാട്ടിയെന്നാണു് എന്റെ വിശ്വാസം. പുതിയ സാമ്പത്തികനയം ഇതിനകംതന്നെ ഫലവത്തായിട്ടുണ്ടെന്നു് ഇതിൽനിന്നെല്ലാം അനുമാനിക്കാമെന്നാണു് എനിക്കു തോന്നുന്നതു്. കച്ചവടം ചെയ്യാനും കൃഷിയിലേയും വ്യവസായത്തിലേയും ഉറച്ച നില തുടർന്നുകൊണ്ടുപോകാനും പുരോഗതി നേടാനും ഒരു സ്റ്റേറെറന്ന നിലയ്ക്കു് ഞങ്ങൾക്കു കഴിയുന്നുണ്ടെന്നതിനു് ഇതിനകംതന്നെ തെളിവുണ്ടു്. പ്രായോഗികപ്രവർത്തനം അതു തെളിയിച്ചിട്ടുണ്ടു്. തൽക്കാലത്തേക്കു് ഞങ്ങൾക്കിതു മതി എന്നു തോന്നുന്നു. ഞങ്ങൾക്കു് പലതും പഠിക്കാനുണ്ടു്. ഞങ്ങൾക്കിനിയും പലതും പഠിക്കാനുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കിയിട്ടുമുണ്ടു്. ഞങ്ങൾ അധികാരത്തിലായിട്ടു് അഞ്ചു വർഷമായി. ഈ അഞ്ചു വർഷങ്ങളിലും ഞങ്ങൾ യുദ്ധത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. ഞങ്ങൾ വിജയിച്ചിരിക്കുന്നുവെന്നർത്ഥം.

ഇതു മനസ്സിലാക്കാവുന്നതാണു്. കാരണം, കർഷകർ ഞങ്ങളുടെ ഭാഗത്തായിരുന്നു. ഒരുപക്ഷെ അവരേക്കാൾ കൂടുതൽ മററാർക്കും ഞങ്ങളെ പിന്താങ്ങാൻ കഴിയുകയില്ലായിരുന്നു. വൈററ്ഗാർഡുകളുടെ പിന്നിൽ ഭൂവുടമകളുണ്ടെന്നു് അവർക്കു് അറിയാമായിരുന്നു. ലോകത്തു് മറെറന്തിനേക്കാളും കൂടുതൽ അവർ വെറുക്കുന്നതു് ഭൂവുടമകളെയാണു്. അതുകൊണ്ടാണു് കർഷകർ അങ്ങേയററത്തെ ഉത്സാഹത്തോടും കൂറോടും കൂ



ടി ഞങ്ങളെ പിന്താങ്ങിയതു്. കർഷകരെ വൈററ്ഗാർഡുകൾക്കെതിരെ ഞങ്ങളുടെ രക്ഷയ്ക്കെത്തിക്കാൻ പ്രയാസമുണ്ടായില്ല. എക്കാലത്തും യുദ്ധത്തെ വെറുത്തിരുന്ന കർഷകർ വൈററ്ഗാർഡുകൾക്കെതിരായ യുദ്ധത്തിൽ, ഭൂവുടമകൾക്കെതിരായ ആഭ്യന്തരയുദ്ധത്തിൽ, തങ്ങളാലാവുന്നതു മുഴുവൻ ചെയ്തു. പക്ഷെ അതു മാത്രമായിരുന്നില്ല. കാരണം, സാരാംശത്തിൽ അധികാരം ഭൂവുടമകളുടെ കയ്യിലായിരിക്കുമോ അതോ കർഷകരുടെ കയ്യിലായിരിക്കുമോ എന്നതു മാത്രമായിരുന്നു പ്രശ്നം. ഞങ്ങൾ അതുകൊണ്ടു തൃപ്തിപ്പെട്ടില്ല. തൊഴിലാളികൾക്കുവേണ്ടിയാണു ഞങ്ങൾ അധികാരം പിടിച്ചെടുത്തതെന്നും സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കാൻ ആ അധികാരമുപയോഗിക്കുകയെന്നതാണു് ഞങ്ങളുടെ ലക്ഷ്യമെന്നും കർഷകർക്കറിയാം. അതുകൊണ്ടു് സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ സാമ്പത്തികാടിത്തറയിടുക എന്നതായിരുന്നു ഞങ്ങളെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായിരുന്നതു്. ഞങ്ങൾക്കതു നേരിട്ടു ചെയ്യാൻ നിർവ്വാഹമില്ലായിരുന്നു. പരോക്ഷമായി ചെയ്യാനേ നിവൃത്തിയുണ്ടായിരുന്നുള്ളു. ഞങ്ങളുടെ നാട്ടിൽ ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേററ്മുതലാളിത്തം ഒരു പ്രത്യേകതരത്തിൽ പെട്ടതാണു്. സ്റ്റേററ്മുതലാളിത്തത്തെക്കുറിച്ചുള്ള സാധാരണധാരണയിൽനിന്നു് വ്യത്യസ്തമാണതു്. മർമ്മപ്രധാനമായ സ്ഥാനങ്ങളെല്ലാം ഞങ്ങളുടെ കയ്യിലാണു്. ഭൂമി ഞങ്ങളുടെ കയ്യിലാണു്. സ്റ്റേററിന്റെ വകയാണതു്. ഇതിനു യാതൊരു പ്രാധാന്യവുമില്ലെന്നു വരുത്താൻ ഞങ്ങളുടെ എതിരാളികൾ ശ്രമിക്കുന്നുണ്ടെങ്കിലും ഇതു് വളരെ പ്രധാനപ്പെട്ടതാണു്. അവർ പറയുന്നതു സത്യമല്ല. ഭൂമി സ്റ്റേററിന്റെ വകയാണെന്നതു് അതിപ്രധാനമാണു്. സാമ്പത്തികമായി അതിനു വമ്പിച്ച പ്രായോഗികപ്രാധാന്യമുണ്ടു്. ഇതു ഞങ്ങൾ നേടി. ഈ ചട്ടക്കൂടിനുള്ളിൽ മാത്രമേ ഞങ്ങളുടെ മുഴുവൻ ഭാവിപ്രവർത്തനങ്ങളും നടക്കാൻ പാടുള്ളുവെന്നു പറയേണ്ടിയിരിക്കുന്നു. കർഷകരെ തൃപ്തിപ്പെടുത്താനും വ്യവസായവും വ്യാപാരവും പുനരുദ്ധരിക്കാനും ഞങ്ങൾക്കു് ഇതിനകംതന്നെ കഴിഞ്ഞു. ഭൂമി മാത്രമല്ല വ്യവസായത്തിലെ എല്ലാ സുപ്രധാനശാഖകളും ഞങ്ങളുടെ തൊഴിലാളിവർഗ്ഗഭരണകൂടത്തിന്റെ ഉടമസ്ഥതയിലായതുകൊണ്ടു് ഞങ്ങളുടെ സ്റ്റേററ് മുതലാളിത്തം ആ വാക്കിന്റെ സാധാരണ അർത്ഥത്തിൽനിന്നു വ്യത്യസ്തമാണെന്നു് ഞാൻ മുമ്പു പറഞ്ഞല്ലൊ. ആദ്യമായി, ചെറുകിടയും ഇടത്തരവുമായുള്ള ഏതാനും ഫാക്ടറികൾ മാത്രമേ ഞങ്ങൾ പാട്ടത്തിനു കൊടുത്തിട്ടുള്ളു. ബാക്കി മുഴുവൻ ഞങ്ങളുടെ കയ്യിലാണു്. വ്യാപാരത്തെ സംബന്ധിച്ചാണെങ്കിൽ, സമ്മിശ്രമായ കമ്പനികൾ സ്ഥാപിക്കാനാണു ഞങ്ങളുടെ ശ്രമമെന്നും ഞങ്ങൾ അവ—അതായതു് മുടക്കുമുതലിന്റെ ഒരു ഭാ

ഗം സ്വകാര്യമുതലാളിമാരുടെ, അതുതന്നെ വിദേശമുതലാളിമാരുടെ, വകയും മറേറഭാഗം സ്റ്റേററിൻെറ വകയുമായിട്ടുള്ള കമ്പനികൾ—രൂപീകരിച്ചുതുടങ്ങിയെന്നും വീണ്ടും ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമതു്, കച്ചവടം നടത്തേണ്ടതെങ്ങിനെയെന്നു് ഞങ്ങൾ ഇതിലൂടെ പഠിക്കുന്നു. അതാണു ഞങ്ങൾക്കാവശ്യവും. രണ്ടാമതു്, വേണ്ടിവന്നാൽ ഈ കമ്പനികൾ പിരിച്ചുവിടാൻ ഞങ്ങൾക്കെപ്പോഴും കഴിയും. അതുകൊണ്ടു് ഒരുതരത്തിൽപ്പറഞ്ഞാൽ അപകടസാദ്ധ്യതയൊന്നുമില്ല. ഞങ്ങൾ സ്വകാര്യമുതലാളിമാരിൽനിന്നു പഠിക്കുകയാണു്, എങ്ങിനെ പുരോഗമിക്കാമെന്നും എന്തെല്ലാം തെററുകൾ വരുത്തുന്നുണ്ടെന്നും നോക്കിമനസ്സിലാക്കുകയാണു്. കൂടുതലായെന്തെങ്കിലും പറയണമെന്നു് എനിക്കു തോന്നുന്നില്ല.

എന്നാലും ഏതാനും ചെറിയ കാര്യങ്ങളെപ്പററിക്കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഞങ്ങൾ ബുദ്ധിശൂന്യമായി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും ഇനിയും ചെയ്യുമെന്നുമുള്ളതിനു സംശയമില്ല. ഇതു് മററാരേക്കാളും ഭംഗിയായി കാണാനും വിലയിരുത്താനും എനിക്കു കഴിയും. (ചിരി.) എന്തുകൊണ്ടാണു് ഞങ്ങൾ ഈ ബുദ്ധിശൂന്യമായ കാര്യങ്ങൾ ചെയ്യുന്നതു്? കാരണം വ്യക്തമാണു്: ഒന്നാമതു് ഞങ്ങൾ ഒരു പിന്നോക്കരാജ്യമാണു്; രണ്ടാമതു് ഞങ്ങളുടെ രാജ്യത്തു് വിദ്യാഭ്യാസം താണപടിയിൽ കിടക്കുന്നു; മൂന്നാമതു് ഞങ്ങൾക്കു് പുറത്തുനിന്നു യാതൊരു സഹായവും ലഭിക്കുന്നില്ല. ഒരൊററ പരിഷ്കൃതരാജ്യംപോലും ഞങ്ങളെ സഹായിക്കുന്നില്ല. നേരേമറിച്ചു് അവയെല്ലാം ഞങ്ങൾക്കെതിരായി പ്രവർത്തിക്കുകയാണു ചെയ്യുന്നതു്. നാലാമതു് ഞങ്ങളുടെ ഭരണയന്ത്രത്തിൻെറ കുഴപ്പമാണു്. ഞങ്ങൾ പഴയ ഭരണയന്ത്രമാണല്ലൊ ഏറെറടുത്തതു്. അതായിരുന്നു ഞങ്ങളുടെ ദൗർഭാഗ്യം. പലപ്പോഴും ഈ യന്ത്രം ഞങ്ങൾക്കെതിരായിട്ടാണു പ്രവർത്തിക്കുന്നതു്. 1917—ൽ ഞങ്ങൾ ഭരണാധികാരം പിടിച്ചെടുത്തശേഷം ഗവൺമെൻറു് ഉദ്യോഗസ്ഥന്മാർ ഞങ്ങൾക്കെതിരായി അട്ടിമറിപ്രവർത്തനങ്ങൾ നടത്തി. ഇതു ഞങ്ങളെ ഭയപ്പെടുത്തി. ''ദയവായി തിരിച്ചുവരിക!'' ഞങ്ങൾ അഭ്യർത്ഥിച്ചു. അവരെല്ലാവരും തിരിച്ചുവന്നു. പക്ഷെ അതു് ഞങ്ങളുടെ ദൗർഭാഗ്യമായിരുന്നു. ഗവൺമെൻറു് ജീവനക്കാരുടെ വലിയൊരു സൈന്യം ഇപ്പോൾ ഞങ്ങൾക്കുണ്ടു്. പക്ഷെ അവരുടെ മേൽ യഥാർത്ഥനിയന്ത്രണം ചെലുത്താൻ വേണ്ടത്ര വിദ്യാഭ്യാസം സിദ്ധിച്ച ശക്തികൾ ഞങ്ങളുടെ പക്കലില്ല. മുകളിൽ, രാഷ്ട്രീയാധികാരം പ്രയോഗിക്കുന്നിടത്തു്, ഭരണയന്ത്രം ഏറെക്കുറെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചുവട്ടിൽ നിയന്ത്രണം ഗവൺമെൻറു് ജീവനക്കാരുടെ കയ്യിലായിരിക്കുകയും അവരതു പലപ്പോഴും ഞങ്ങളുടെ



നടപടികൾക്കെതിരായി വരത്തക്കവണ്ണം പ്രയോഗിക്കുകയും ചെയ്യുന്നുവെന്നതാണു ഫലത്തിൽ പലപ്പോഴും സംഭവിക്കുന്നതു്. മുകളിൽ ഞങ്ങൾക്കു്—എത്രയുണ്ടെന്നു് എനിക്കറിയാൻവയ്യ, എന്തായാലും കുറച്ചു് ആയിരം പേരേക്കാൾ കൂടുതലുണ്ടാവുമെന്നു തോന്നുന്നില്ല, ഏറിവന്നാൽ ഏതാനും പതിനായിരം പേർ—ഞങ്ങളുടെ ആളുകളായിട്ടുണ്ടു്. പക്ഷെ സാറിൽനിന്നും ബൂർഷ്വാ സമുദായത്തിൽനിന്നും കിട്ടിയിട്ടുള്ള ലക്ഷക്കണക്കിനു പഴയ ഉദ്യോഗസ്ഥന്മാരാണു് അടിയിലുള്ളതു്. അവർ കുറെ അറിഞ്ഞും കുറെ അറിയാതെയും ഞങ്ങൾക്കെതിരായി പ്രവർത്തിക്കുന്നു. ഇക്കാര്യത്തിൽ ഒരൊററ ദിവസംകൊണ്ടു് ഒന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നു വ്യക്തമാണു്. ഭരണയന്ത്രം മെച്ചപ്പെടുത്താനും പുനസംവിധാനം ചെയ്യാനും പുതിയ ശക്തികളെ അതിനുള്ളിലേക്കു കൊണ്ടുവരാനും അനേകവർഷത്തെ കഠിനപ്രയത്നം ആവശ്യമാണു്. ഞങ്ങളിതു് സാമാന്യം വേഗത്തിൽത്തന്നെ—ഒരുപക്ഷെ വേണ്ടതിലധികം വേഗത്തിൽ—ചെയ്യുന്നുണ്ടു്. സോവിയററു് സ്കൂളുകളും തൊഴിലാളിഫാക്കൽട്ടികളും സ്ഥാപിച്ചിട്ടുണ്ടു്; ഏതാനും ലക്ഷം യുവാക്കൾ അവയിൽ പഠിക്കുന്നുണ്ടു്; ഒരുപക്ഷെ അവർ ക്രമത്തിലധികം വേഗത്തിലായിരിക്കും പഠിക്കുന്നതു്; ഏതായാലും ഒരു തുടക്കമിട്ടുകഴിഞ്ഞു. അതു ഫലപ്രദമാവുമെന്നാണെൻെറ വിശ്വാസം. ഞങ്ങൾ ആവശ്യത്തിലധികം തിരക്കിട്ടു പ്രവർത്തിക്കുന്നില്ലെങ്കിൽ ഭരണയന്ത്രത്തെ സമൂലം ഉടച്ചുവാർക്കാൻ കഴിവുള്ള യുവാക്കളുടെ ഒരു വലിയ സമൂഹം ഏതാനും വർഷങ്ങൾക്കുള്ളിൽ ഞങ്ങൾക്കുണ്ടാവും.

ഞങ്ങൾ ബുദ്ധിശൂന്യമായി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നു ഞാൻ പറഞ്ഞല്ലൊ. പക്ഷെ ഇതു സംബന്ധിച്ചു് ഞങ്ങളുടെ ശത്രുക്കളെപ്പററിയും എനിക്കു് ഒന്നുരണ്ടു വാക്കു് പറയാനുണ്ടു്. ശത്രുക്കൾ ഞങ്ങളെ കുററപ്പെടുത്തുകയും ബോൾഷെവിക്കുകൾ ബുദ്ധിശൂന്യമായി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നു ലെനിൻതന്നെ സമ്മതിച്ചിട്ടുള്ളതായി പറയുകയും ചെയ്താൽ എനിക്കതിനുള്ള മറുപടി ഇതാണു്: ശരിയാണു്, എങ്കിൽപ്പോലും ഞങ്ങൾ ചെയ്തിട്ടുള്ള ബുദ്ധിശൂന്യമായ കാര്യങ്ങൾ നിങ്ങളുടേതിൽനിന്നും വളരെ വ്യത്യസ്തമാണു്. ഞങ്ങൾ പഠിക്കാൻ തുടങ്ങിയിട്ടേയുള്ളു. എങ്കിൽപ്പോലും വളരെ ചിട്ടയായി പഠിക്കുന്നതുകൊണ്ടു് നല്ല ഫലമുണ്ടാവുമെന്നു ഞങ്ങൾക്കുറപ്പുണ്ടു്. എന്നാൽ ഞങ്ങളുടെ ശത്രുക്കൾ—അതായതു്, മുതലാളിമാരും രണ്ടാം ഇൻറർനാഷനലിലെ വീരന്മാരും—ഞങ്ങൾ ചെയ്തിട്ടുള്ള ബുദ്ധിശൂന്യമായ പ്രവൃത്തികൾ ഊന്നിപ്പറയുന്ന സ്ഥിതിക്കു്, താരതമ്യത്തിനുവേണ്ടി ഒരു പ്രശസ്തറഷ്യൻസാഹിത്യകാരൻെറ വാക്കുകളെ ചെറിയൊരു ഭേദഗതിയോടെ ഉദ്ധരിച്ചുകൊള്ളട്ടെ:

ബോൾഷെവിക്കുകൾ ബുദ്ധിശൂന്യമായി പ്രവർത്തിച്ചാൽ അവർ പറയും: ''രണ്ടും രണ്ടും അഞ്ച്'' എന്ന്; പക്ഷെ അവരുടെ ശത്രുക്കൾ, അതായത് മുതലാളിമാരും രണ്ടാം ഇന്റർനാഷനലിലെ വീരന്മാരും ബുദ്ധിശൂന്യമായി പ്രവർത്തിച്ചാൽ അവർ പറയും, ''രണ്ടും രണ്ടും കൂടിയാൽ കൊഴുപ്പുകൊണ്ടുള്ള മെഴുകുതിരി കിട്ടും'' എന്ന്. ഇത് എളുപ്പം തെളിയിക്കാവുന്നതാണ്. ഉദാഹരണത്തിന് യു. എസ്സ്.എ.യും ബ്രിട്ടനും ഫ്രാൻസും ജപ്പാനും കൂടി കൊൽച്ചാക്കുമായി ഏർപ്പെട്ട കരാറെടുത്തുനോക്കു. ഞാൻ ചോദിക്കട്ടെ, ഇവയേക്കാൾ അറിവും ശക്തിയുമുള്ള രാജ്യങ്ങൾ ലോകത്തുണ്ടോ? പക്ഷെ എന്താണ് സംഭവിച്ചത്? കണക്കുകൂട്ടിനോക്കുകയോ ആലോചിച്ചുനോക്കുകയോ ജാഗ്രത പാലിക്കുകയോ ചെയ്യാതെ അവർ കൊൽച്ചാക്കിനെ സഹായിക്കാമെന്നേററു. എന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ബുദ്ധിക്കു ഗ്രഹിക്കാൻ പ്രയാസമായ ഒരു വമ്പിച്ച പരാജയത്തിലാണ് അതു കലാശിച്ചത്.

അല്ലെങ്കിൽ, കുറെക്കൂടി അടുത്തു നടന്നതും കൂടുതൽ പ്രധാനവുമായ മറെറാരു ഉദാഹരണമെടുത്തുനോക്കു: വെഴ്സയിൽസ് ഉടമ്പടി. ഞാൻ ചോദിക്കട്ടെ, ''വിഖ്യാതരായ'' ഈ ''മഹൽ'' ശക്തികൾ എന്താണു ചെയ്തത്? ഈ അലങ്കോലാവസ്ഥയിൽനിന്നും കുഴപ്പത്തിൽനിന്നും എങ്ങിനെയാണ് അവർ കരകയറാൻ പോകുന്നത്? മുതലാളിത്തരാജ്യങ്ങളും മുതലാളിത്തലോകവും രണ്ടാം ഇന്റർനാഷനലും കൂടി ചെയ്തിട്ടുള്ള ഭോഷത്തങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഞങ്ങളുടേതു നിസ്സാരമാണെന്ന് യാതൊരു അതിശയോക്തിയും കൂടാതെ ആവർത്തിച്ചുപറയാമെന്ന് എനിക്കു തോന്നുന്നു. ഇതുകൊണ്ടാണ് ലോകവിപ്ലവത്തിനുള്ള സാദ്ധ്യതകൾ അനുകൂലമാണെന്ന് എനിക്കു തോന്നുന്നത്. ഞാൻ ചുരുക്കത്തിൽ പരാമർശിക്കാൻ പോകുന്ന ഒരു വിഷയമാണിത്. ചില പ്രത്യേകസാഹചര്യങ്ങളിൽ ഈ സാദ്ധ്യതകൾ അതിലും കൂടുമെന്ന് എനിക്കു തോന്നുന്നു. ഞാൻ ഇതേപ്പററി അല്പം ചിലതു പറഞ്ഞുകൊള്ളട്ടെ.

കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഘടനയേയും അവയുടെ പ്രവർത്തനങ്ങളുടെ രീതിയേയും ഉള്ളടക്കത്തേയും സംബന്ധിച്ച് 1921—ൽ കൂടിയ മൂന്നാം കോൺഗ്രസ്സിൽവച്ച് നാം ഒരു പ്രമേയം അംഗീകരിക്കുകയുണ്ടായല്ലൊ. ഒന്നാന്തരമൊരു പ്രമേയമാണത്. പക്ഷെ അത് ഏതാണ്ട് അടിമുടി റഷ്യനാണ്, അതായത് അതിൽ പറഞ്ഞിട്ടുള്ള സർവ്വതും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളത് റഷ്യൻ സാഹചര്യങ്ങളെയാണ്. ഇതാണതിന്റെ നല്ല വശം; ഇതുതന്നെയാണതിന്റെ ദൗർബ്ബല്യവും. കാരണം, ഒരൊററ വിദേശിക്കും അതു വായിക്കാൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട്. ഇതു പറയുന്നതിനുമുമ്പ് ഞാൻ അതൊന്നുകൂടി വായിച്ചുനോക്കി. ഒന്നാമത്, അത് ക്രമത്തിലധികം നീണ്ടുപോയി. അമ്പതോ അതിലേറെയോ പോയിന്റുകൾ അതിലുണ്ട്. വിദേശീയർക്ക് സാധാരണ ഇത്തരം കാര്യങ്ങൾ വായിക്കാൻ കഴിയാറില്ല. രണ്ടാമത്, അഥവാ വായിച്ചാൽത്തന്നെ അവർക്കതു മനസ്സിലാവില്ല. കാരണം, അത് ഒരുപാട് റഷ്യനായിപ്പോയി. റഷ്യനിലെഴുതി എന്നതല്ല—എല്ലാ ഭാഷകളിലേക്കും അതു ഭംഗിയായി വിവർത്തനം ചെയ്തിട്ടുണ്ട്—അത് റഷ്യൻ സ്പിരിട്ടിൽ മുങ്ങിക്കുളിച്ചിരിക്കുന്നു എന്നതാണു കാരണം. മൂന്നാമത്, ഒരു പ്രത്യേകദൃഷ്ടാന്തമെന്ന നിലയ്ക്ക് ഒരു വിദേശിക്ക് അത് മനസ്സിലായാൽത്തന്നെയും അയാൾക്കതു നടപ്പിലാക്കാൻ കഴിയുകയില്ല. ഇതാണ് അതിന്റെ മൂന്നാമത്തെ ന്യൂനത. വിദേശപ്രതിനിധികളിൽ ചിലരുമായി ഞാൻ സംസാരിച്ചു. കോൺഗ്രസ്സിനിടയ്ക്ക് വിവിധരാജ്യങ്ങളിൽനിന്നുള്ള വളരെയധികം പ്രതിനിധികളുമായി കാര്യങ്ങൾ വിശദമായി ചർച്ചചെയ്യാനൊക്കുമെന്നാണു ഞാനാശിക്കുന്നത്. കോൺഗ്രസ്സ്‌നടപടികളിൽ ഞാൻ പങ്കെടുക്കുന്നതല്ല. കാരണം, നിർഭാഗ്യവശാൽ അതെനിക്കു സാദ്ധ്യമല്ല. ഈ പ്രമേയം അംഗീകരിച്ചതിലൂടെ നാം വലിയൊരു തെററു പ്രവർത്തിച്ചു എന്നാണെന്റെ ധാരണ. അതായത്, കൂടുതൽ നേട്ടങ്ങളിലേക്കുള്ള വഴി നാം സ്വയം കൊട്ടിയടയ്ക്കുകയാണു ചെയ്തത്. പ്രമേയം ഒന്നാന്തരമായിട്ടാണ് എഴുതിത്തയ്യാറാക്കിയിട്ടുള്ളതെന്നു ഞാൻ നേരത്തേതന്നെ പറഞ്ഞല്ലൊ. അതിലെ അമ്പതോ അതിലേറെയോ പോയിന്റുകളിൽ എല്ലാററിനേയും അനുകൂലിക്കാൻ ഞാനൊരുക്കമാണ്. പക്ഷെ ഞങ്ങളുടെ റഷ്യൻ അനുഭവത്തെ വിദേശീയരുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതെങ്ങിനെയെന്നു ഞങ്ങൾ ഇനിയും പഠിച്ചിട്ടില്ല. പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതത്രയും കടലാസ്സിൽ മാത്രം അവശേഷിച്ചു. ഇതു നാം മനസ്സിലാക്കിയില്ലെങ്കിൽ നമുക്കു മുന്നേറാൻ കഴിയുകയില്ല. റഷ്യൻ വിപ്ലവത്തിന്റെ അഞ്ചു വർഷത്തിനുശേഷം നാമെല്ലാവരും—റഷ്യൻസഖാക്കളും വിദേശസഖാക്കളും ഒരുപോലെ—ചെയ്യേണ്ട ഏററവും പ്രധാനപ്പെട്ട കാര്യം കുത്തിയിരുന്നു പഠിക്കുക എന്നതാണെന്ന് എനിക്കു തോന്നുന്നു. ഞങ്ങൾക്ക് ഇപ്പോൾ മാത്രമേ അതിന് അവസരം ലഭിച്ചിട്ടുള്ളു. ഈ അവസരം എത്രകാലം നീണ്ടുനിൽക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. ഞങ്ങൾക്കു സമാധാനമായി പഠിക്കാനുള്ള അവസരം മുതലാളിത്തശക്തികൾ എത്രകാലത്തേക്കു നൽകുമെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ പൊരുതുന്നതിൽനിന്നും, യുദ്ധത്തിൽനിന്നും, കിട്ടുന്ന ഇടവേളയുടെ ഓരോ നിമിഷവും നാം പഠിക്കാൻവേണ്ടി, ഹരിഃശ്രീതൊട്ടു പഠിക്കാൻവേണ്ടി, പ്രയോജനപ്പെടുത്തണം.

പാർട്ടിയാകെയും റഷ്യയിലെ ജനങ്ങളുടെ എല്ലാ വിഭാഗങ്ങളും അ

റിവിനുവേണ്ടിയുള്ള തങ്ങളുടെ ദാഹത്തിലൂടെ ഇതു തെളിയിക്കുന്നുണ്ട്. പഠിക്കുക, കഠിനമായി പഠിക്കുക, ഇതാണ് ഇന്നത്തെ നമ്മുടെ ഏററവും സുപ്രധാനമായ കടമ എന്ന് പഠിക്കാനുള്ള ഈ തൃഷ്ണ വെളിപ്പെടുത്തുന്നു. വിദേശസഖാക്കളും പഠിക്കണം. ഞങ്ങളിനിയും ചെയ്യേണ്ടിയിരിക്കുന്നതുപോലെ അവർ എഴുതാനും വായിക്കാനും വായിച്ചതു മനസ്സിലാക്കാനും പഠിക്കണമെന്നല്ല ഞാനുദ്ദേശിക്കുന്നത്. തൊഴിലാളിവർഗ്ഗസംസ്കാരമാണോ, ബൂർഷ്വാസംസ്കാരമാണോ, ഇതിലേതാണു പഠിക്കേണ്ടതെന്നതിനെ സംബന്ധിച്ച് ഒരു തർക്കമുണ്ട്. ഞാൻ അത് ഒരു തുറന്ന പ്രശ്നമായി വിടുകയാണ്. പക്ഷെ ഒരു കാര്യം തീർച്ചയാണ്: എഴുതാനും വായിക്കാനും വായിച്ചതു മനസ്സിലാക്കാനും പഠിച്ചുകൊണ്ടുവേണം തുടങ്ങാൻ. വിദേശീയർക്ക് അതാവശ്യമില്ല. കുറേക്കൂടി വർദ്ധിച്ച അറിവാണ് അവർക്കാവശ്യം: ഒന്നാമത്, കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ ഘടനയെക്കുറിച്ച് ഞങ്ങൾ എഴുതിയതും അതു വായിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ വിദേശസഖാക്കൾ ഒപ്പിട്ടതുമായ കാര്യങ്ങൾ മനസ്സിലാക്കാൻ അവർ മററു കാര്യങ്ങളുടെ കൂട്ടത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. ഇതായിരിക്കണം അവരുടെ ആദ്യത്തെ കടമ. ആ പ്രമേയം നടപ്പാക്കണം. അത് ഒരൊററ ദിവസംകൊണ്ടു നടപ്പാക്കാനാവില്ല; അതു തികച്ചും അസാദ്ധ്യമാണ്. പ്രമേയം ക്രമത്തിലേറെ റഷ്യനായിപ്പോയി. റഷ്യൻ അനുഭവത്തെയാണതു പ്രതിഫലിപ്പിക്കുന്നത്. അതുകൊണ്ടാണതു വിദേശീയക്കു തീരെ മനസ്സിലാവാത്തത്. ഒരു ദൈവരൂപത്തെപ്പോലെ അതൊരു കോണിൽ തൂക്കിയിട്ട് പ്രാർത്ഥിച്ചു തൃപ്തിപ്പെടാൻ അവർക്കു നിർവ്വാഹമില്ല. യാതൊന്നും അങ്ങിനെ നേടുകയില്ല. അവർ റഷ്യൻ അനുഭവത്തിന്റെ ഒരു ഭാഗം ഉൾക്കൊള്ളണം. അത് എങ്ങിനെ സാധിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. ഉദാഹരണത്തിന് ഇററലിക്കാർ ഇനിയും വേണ്ടത്ര പ്രബുദ്ധരല്ലെന്നും അവരുടെ രാജ്യം ഇനിയും ബ്ലാക്ക്ഹൺഡ്രഡ്കാരുടെ വിപത്തിൽനിന്നു വിമുക്തമല്ലെന്നും അവർക്കു കാട്ടിക്കൊടുത്തുകൊണ്ട് ഇററലിയിലെ ഫാസിസ്റ്റുകാർ ഒരുപക്ഷെ നമ്മെ ഗണ്യമായി സഹായിച്ചെന്നുവരും. ഒരുപക്ഷെ അതു വളരെ പ്രയോജനപ്പെട്ടേക്കും. ഈ പ്രമേയത്തിന്റെ തത്വങ്ങൾ വിദേശീയർക്കു വിശദീകരിച്ചുകൊടുക്കേണ്ട മാർഗ്ഗങ്ങൾ റഷ്യാക്കാരായ ഞങ്ങളും കണ്ടുപിടിക്കണം. ഇതു ഞങ്ങൾ ചെയ്തില്ലെങ്കിൽ അവർക്കതു നടപ്പാക്കാൻ ഒരിക്കലും കഴിയുകയില്ല. നാം പ്രവേശിക്കുന്ന കാലഘട്ടത്തിൽ ഏററവും പ്രധാനപ്പെട്ട കാര്യം പഠിക്കുകയാണെന്ന് റഷ്യാക്കാരോടു മാത്രമല്ല വിദേശസഖാക്കളോടും ഞങ്ങൾ പറയണമെന്നാണ് എന്റെ ഉറച്ച അഭിപ്രായം. ഞങ്ങൾ പഠിക്കുന്നത് അതിന്റെ പൊതുവായ അർത്ഥത്തിലാണ്. എന്നാൽ അവർ പഠിക്കേണ്ടതു് അതിന്റെ പ്രത്യേകാർത്ഥത്തിലാണ്—വിപ്ലവപ്രവർത്തനത്തിന്റെ സംഘടനയും ഘടനയും രീതിയും ഉള്ളടക്കവും യഥാർത്ഥത്തിൽ ഗ്രഹിക്കാൻവേണ്ടി. ഇതവർ ചെയ്യുന്നപക്ഷം ലോകവിപ്ലവത്തിനുള്ള സാദ്ധ്യതകൾ നല്ലതായിരിക്കുമെന്നു മാത്രമല്ല ഒന്നാന്തരമായിരിക്കുമെന്നു എനിക്കുറപ്പുണ്ട്. (നീണ്ടുനിന്ന, പ്രചണ്ഡമായ കരഘോഷം. ''സഖാവു ലെനിൻ നീണാൾ വാഴട്ടെ!'' എന്ന വിളികൾ വീണ്ടും പ്രചണ്ഡമായ ഹർഷാരവത്തിനിടയാക്കുന്നു.)

''പ്രാവ്ദ'', ലക്കം 258, നവംബർ 15, 1922

1922 നവംബർ 16-ാംനു- പ്രസിദ്ധീകരിച്ച ''കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ നാലാം കോൺഗ്രസ്സിന്റെ ബുള്ളററി''ന്റെ 8-ാം ലക്കത്തിലെ പാഠമനുസരിച്ച്, ലെനിൻ തെററുകൾ തിരുത്തിയ ജർമ്മൻ ഭാഷയിലെ ഷോർട്ട് ഹാൻഡ്റിപ്പോർട്ടുമായി ഒത്തുനോക്കിയശേഷം, പ്രസിദ്ധപ്പെടുത്തിയത്

# മോസ്ക്കോ സോവിയററിന്റെ സമ്പൂർണ്ണയോഗത്തിൽ ചെയ്ത പ്രസംഗം നവംബർ 20, 1922[7]

(പ്രചണ്ഡമായ കരഘോഷം. ''ഇന്റർനാഷനേൽ'' ഗാനം ആലപിക്കുന്നു.) സഖാക്കളേ, നിങ്ങളുടെ യോഗത്തിൽ നേരത്തേ വരാൻ കഴിയാതിരുന്നതിൽ എനിക്കു് അതിയായ ഖേദമുണ്ടു്. ഞാനതിനു മാപ്പുചോദിച്ചുകൊള്ളുന്നു. ഞാൻ മനസ്സിലക്കിയിടത്തോളം, ഏതാനും ആഴ്ചകൾക്കുമുമ്പാണു് മോസ്ക്കോ സോവിയററിൽ സംബന്ധിക്കാൻ എനിക്കു് ഒരവസരം തരണമെന്നു നിങ്ങൾ ഉദ്ദേശിച്ചതു്. പക്ഷെ എനിക്കു വരാൻ കഴിഞ്ഞില്ല. കാരണം, എന്റെ രോഗത്തെത്തുടർന്നു്, ഡിസംബർ മുതലിങ്ങോട്ടു് ഡാക്ടറന്മാരുടെ ഭാഷയിൽ പറഞ്ഞാൽ ദീർഘകാലത്തേക്കു് എനിക്കു പ്രവർത്തനശേഷിയുണ്ടായിരുന്നില്ല. പ്രവർത്തിക്കാനുള്ള ഈ ശേഷിക്കുറവുകാരണം എന്റെ ഇന്നത്തെ പ്രസംഗം ഓരോ ആഴ്ചയും നീട്ടിവയ്ക്കേണ്ടിവന്നു. എന്റെ ജോലിയുടെ ഗണ്യമായ ഒരു ഭാഗം ആദ്യം സഖാവു ത്സ്യൂരുപ്പയുടേയും പിന്നീടു് സഖാവു റീക്കൊവിന്റേയും ചുമലിൽ ഞാൻ വച്ചതു് നിങ്ങൾ ഓർക്കുന്നുണ്ടാവുമല്ലൊ. അവക്കു പുറമെ സഖാവു കാമിനിവിന്റെ ചുമലിലും എനിക്കു വയ്ക്കേണ്ടിവന്നു. ഞാൻ മുമ്പു പ്രയോഗിച്ച അലങ്കാരഭാഷയിൽ പറഞ്ഞാൽ, അദ്ദേഹത്തിനു പെട്ടെന്നു രണ്ടു ചുമടുകൾ താങ്ങേണ്ടിവന്നു. എങ്കിലും, ഈ ഉപമ തുടർന്നുകൊണ്ടു പറയുകയാണെങ്കിൽ, ഈ കുതിരയ്ക്കു് അസാമാന്യമായ ശേഷിയും വീറും ഉള്ളതായി തെളിഞ്ഞെന്നു സമ്മതിച്ചേ തീരൂ. (കയ്യടി.) എന്നാൽപ്പോലും ആരും രണ്ടു ചുമടുകൾ വലിക്കാൻ പാടില്ല. സഖാക്കൾ ത്സ്യൂരുപ്പയും റീക്കൊവും മടങ്ങിവരാൻ ഞാൻ അക്ഷമയോടെ കാത്തിരിക്കുകയാണു്. അപ്പോൾ ഞങ്ങൾ ജോലി അല്പംകൂടി ന്യായമായിട്ടെങ്കിലും വീതിച്ചെടുക്കുന്നതാണു്. എന്റെ കാര്യം പറയുകയാണെങ്കിൽ, പ്രവർത്തിക്കാനുള്ള ശേഷി കുറഞ്ഞതു കാരണം ഓരോ കാര്യം നോക്കിമനസ്സിലാക്കാൻ ഞാനിഷ്ടപ്പെടുന്നതിലും കൂടുതൽ സമയം വിനിയോഗിക്കേണ്ടിവന്നു.



1921 ഡിസംബറിലാണു് എനിക്കു പ്രവർത്തനം നിശ്ശേഷം നിർത്തേണ്ടിവന്നതു്. അതു് ആണ്ടവസാനമായിരുന്നു. പുതിയ സാമ്പത്തികനയത്തിലേക്കുള്ള പരിവർത്തനം നമ്മൾ നടപ്പാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഈ പരിവർത്തനം നമ്മൾ 1921 ആരംഭത്തിൽത്തന്നെ തുടങ്ങിയെങ്കിലും വിഷമകരമായ, വളരെ വിഷമകരമായ ഒരു പരിവർത്തനമാണിതെന്നു് അതിനകം തെളിഞ്ഞിരുന്നു. ഈ പരിവർത്തനം നടപ്പാക്കിത്തുടങ്ങിയിട്ടു് പതിനെട്ടു മാസത്തിലേറെയായി. ഭൂരിപക്ഷം പേരും പുതിയ സ്ഥാനങ്ങളേറെറടുക്കുകയും പുതിയ സാഹചര്യങ്ങൾക്കു്, പ്രത്യേകിച്ചും പുതിയ സാമ്പത്തികനയത്തിന്റെ സാഹചര്യങ്ങൾക്കു്, അനുരൂപമായി നിലകൊള്ളുകയും ചെയ്യാനുള്ള സമയമായി എന്നാണെന്റെ അഭിപ്രായം.

വിദേശനയത്തെ സംബന്ധിച്ചാണെങ്കിൽ ഈ രംഗത്തു് ഏററവും കുറച്ചു മാററങ്ങളേ ഉണ്ടായിട്ടുള്ളു. നേരത്തേ അംഗീകരിച്ച നയം നാം അനുവർത്തിക്കുകയാണു ചെയ്തതു്. വളരെ അടിയുറച്ചും വളരെ വിജയകരമായും അതു നാം അനുവർത്തിച്ചെന്നു തെളിഞ്ഞ മനസ്സാക്ഷിയോടെ എനിക്കു പറയാമെന്നാണു തോന്നുന്നതു്. അതേപ്പററി വിശദമായി പ്രതിപാദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതു സംബന്ധിച്ചു് യാതൊരു മാററവും ആവശ്യമില്ലെന്നു് വ്ലദിവൊസ്തോക്കിന്റെ കയ്യടക്കലും തുടർന്നുള്ള പ്രകടനവും നിങ്ങൾ പത്രങ്ങളിൽ വായിച്ച ഫെഡറേഷനിൽ ചേരാനുള്ള പ്രഖ്യാപനവും അങ്ങേയററം വ്യക്തമായി തെളിയിച്ചുകാട്ടിയിട്ടുണ്ടു്. തികച്ചും വ്യക്തമായും ഭംഗിയായും തിട്ടപ്പെടുത്തിയിട്ടുള്ള പാതയിലൂടെയാണു നാം നീങ്ങുന്നതു്. ലോകത്തിലെ മുഴുവൻ രാജ്യങ്ങളേയും നേരിട്ടുകൊണ്ടു്——അവയിൽ ചിലതു നമ്മോടൊപ്പം ഒരു മേശയ്ക്കു ചുററും ഇരിക്കുകയില്ലെന്നു പ്രഖ്യാപിക്കാൻ ഇപ്പോഴും തയ്യാറാണെങ്കിൽപ്പോലും——നമുക്കു് ഈ പാതയിലൂടെ വിജയം വരിക്കാൻ കഴിഞ്ഞിട്ടുണ്ടു്. സാമ്പത്തികബന്ധങ്ങളും തുടർന്നു് നയതന്ത്രബന്ധങ്ങളും മെച്ചപ്പെട്ടുവരുന്നുണ്ടു്. അവ മെച്ചപ്പെട്ടേ തീരൂ, തീർച്ചയായും മെച്ചപ്പെടുകയും ചെയ്യും. ഇതിനെ ചെറുക്കുന്ന ഏതൊരു രാജ്യവും പിന്നിൽ പെട്ടുമെന്ന അപകടത്തെ നേരിടേണ്ടിവന്നേക്കും; തന്നെയല്ല, വളരെ സാരമായ ചില സംഗതികളിൽ ദോഷമുണ്ടായെന്നുംവരും. നാമെല്ലാവരും ഇന്നിതു കാണുന്നുണ്ടു്. പത്രങ്ങളിൽനിന്നു മാത്രമല്ല. വിദേശയാത്രകൾക്കിടയിലും സഖാക്കൾ ഈ വമ്പിച്ച മാററങ്ങൾ കാണുന്നുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. പഴയ ഒരു ഉപമ പ്രയോഗിക്കുകയാണെങ്കിൽ, ഇക്കാര്യത്തിൽ നാം വണ്ടി മാറിക്കയറിയിട്ടില്ല.

എന്നാൽ നമ്മുടെ ആഭ്യന്തരനയത്തെ സംബന്ധിച്ചിടത്തോളം 1921

വസന്തത്തിൽ നാം വണ്ടി മാറിക്കയറിയതു് നമുക്കു് ചില വൈഷമ്യങ്ങൾ, വമ്പിച്ച വൈഷമ്യങ്ങളെന്നുതന്നെ പറയട്ടെ, ഇപ്പോഴും ഉളവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. ഈ മാറിക്കയററത്തിനു് അങ്ങേയററം പ്രബലമായ, തക്കതായ കാരണങ്ങളുണ്ടായിരുന്നതിനാൽ നമുക്കിടയിൽ അതേപ്പററി യാതൊരു തർക്കങ്ങളോ അഭിപ്രായവ്യത്യാസങ്ങളോ ഉണ്ടായില്ല. ഈ വിഷമതകളുണ്ടായതു് ഇത്തരമൊരു മാററം ആവശ്യമാണോ എന്നു നമുക്കു് സംശയം തോന്നുന്നതുകൊണ്ടല്ല——അതേപ്പററി സംശയമേ ഇല്ല——പുതിയ സാമ്പത്തികനയമെന്ന പരീക്ഷണം ഉദ്ദേശിച്ചവണ്ണം വിജയപ്രദമായിരുന്നോ എന്നതിനെപ്പററി നമുക്കു സംശയമുള്ളതുകൊണ്ടല്ല. അതേപ്പററി പാർട്ടി അണികളിലോ പാർട്ടിയിൽപ്പെടാത്ത വമ്പിച്ച വിഭാഗം തൊഴിലാളി—കർഷകബഹുജനങ്ങൾക്കിടയിലോ യാതൊരു സംശയവുമില്ല.

ഈയർത്ഥത്തിൽ വിഷമകരമായ ഒരു പ്രശ്നമല്ല ഇതു്. നമ്മെ അഭിമുഖീകരിക്കുന്ന കടമ നിറവേററാൻ പലപ്പോഴും പുതിയ ആളുകളുടെ സേവനവും അസാധാരണനടപടികളും അസാധാരണമാർഗ്ഗങ്ങളും വേണ്ടിവരുന്നുവെന്നതിൽനിന്നാണു് നമുക്കുള്ള വിഷമതകൾ ഉളവാകുന്നതു്. അതാണോ ഇതാണോ ശരി എന്നതിനെപ്പററി നമുക്കിടയിൽ ഇപ്പോഴും സംശയങ്ങളുണ്ടാകാറുണ്ടു്. രണ്ടു വഴിക്കും മാററങ്ങൾ നടക്കുന്നുണ്ടു്. ഏറെക്കാലത്തേക്കു് രണ്ടും തുടരുന്നതാണു്. ''പുതിയ സാമ്പത്തികനയം!'' വിചിത്രമായ ഒരു പേരു്. അതു കാര്യങ്ങളെ പുറകോട്ടു കൊണ്ടുപോയതുകൊണ്ടാണു് അതിനു് പുതിയ സാമ്പത്തികനയമെന്നു പേരിട്ടതു്. നമ്മളിപ്പോൾ, ഒരു തരത്തിൽ പറഞ്ഞാൽ, പിൻവാങ്ങുകയാണു്, പുറകോട്ടു പോവുകയാണു്; പക്ഷെ ആദ്യം പിൻവാങ്ങിയശേഷം മുന്നോട്ടുള്ള, കൂടുതൽ വലിയ ഒരു കുതിച്ചുചാട്ടം നടത്താനാണു് നാമിതു ചെയ്യുന്നതു്. ഈ വ്യവസ്ഥയിൽ മാത്രമാണു് നാം പുതിയ സാമ്പത്തികനയം അനുവർത്തിക്കുന്നതിലൂടെ പിൻവാങ്ങിയതു്. ഈ പിൻവാങ്ങലിനുശേഷം അങ്ങേയററം വാശിയോടുകൂടിയ ഒരു കടന്നാക്രമണം ആരംഭിക്കുന്നതിനു് എവിടെ, എങ്ങിനെ നാമിപ്പോൾ വീണ്ടും ഒത്തുകൂടുകയും പുനസ്സംഘടിക്കുകയും ചെയ്യണമെന്നു് നമുക്കിനിയും അറിഞ്ഞുകൂടാ. ഈ പ്രവർത്തനങ്ങളെല്ലാം വേണ്ട രീതിയിൽ നടത്തണമെങ്കിൽ പഴമൊഴിയിൽ പറയുന്നതുപോലെ ചാടുന്നതിനുമുമ്പു് പത്തല്ല, നൂറുതവണ നോക്കേണ്ടിവരും. നമ്മുടെ എല്ലാ കടമകളും പ്രശ്നങ്ങളും കൈകാര്യം ചെയ്യുമ്പോൾ നാം നേരിടുന്ന അവിശ്വസനീയമായ വൈഷമ്യങ്ങൾ തരണംചെയ്യാൻ ഇതാവശ്യമാണു്. നേടിയിടത്തോളം നേടാൻവേണ്ടി എന്തെന്തു ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടിവന്നിട്ടുണ്ടെന്നു നിങ്ങൾക്കു ഭംഗിയാ



യി അറിയാമല്ലൊ. ആഭ്യന്തരയുദ്ധം എത്ര കാലം നീണ്ടുനിന്നെന്നും അതിനു് എത്രമാത്രം പ്രയത്നം വിനിയോഗിക്കേണ്ടിവന്നെന്നും നിങ്ങൾക്കറിയാം. നമ്മുടെ കൂടെ ചേരാനാണു്, നമ്മുടെ നേട്ടങ്ങളിൽ പങ്കുകൊള്ളാനാണു് എല്ലാവരും ആഗ്രഹിക്കുന്നതെന്നു് ഇപ്പോൾ വ്ലദിവൊസ്റ്റോക്ക് പിടിച്ചെടുത്തതോടെ നമുക്കെല്ലാവർക്കും മനസ്സിലായി (വ്ലദിവൊസ്റ്റോക്ക് വളരെ ദൂരെയാണു കിടക്കുന്നതെങ്കിൽപ്പോലും എന്തൊക്കെപ്പറഞ്ഞാലും അതു് നമ്മുടെ പട്ടണങ്ങളിലൊന്നാണല്ലൊ) (നീണ്ടുനിന്ന കരഘോഷം). റഷ്യൻ സോവിയററ് ഫെഡറേററിവ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് ഇപ്പോൾ ഇവിടന്നു് അങ്ങുവരെ നീണ്ടുകിടക്കുകയാണു്. ഈ ആഗ്രഹം കാരണം നമുക്കു് ആഭ്യന്തരശത്രുക്കളും നമ്മെ ആക്രമിച്ച വിദേശശത്രുക്കളും ഒഴിഞ്ഞുകിട്ടി. ജപ്പാനെയാണു ഞാൻ പരാമർശിക്കുന്നതു്.

നയതന്ത്രപരമായി നാം ലോകം മുഴുവനംഗീകരിക്കുന്ന തികച്ചും ഖണ്ഡിതമായ ഒരു സ്ഥാനം നേടിയിട്ടുണ്ടു്. നിങ്ങൾക്കെല്ലാവർക്കും കാണാവുന്നതാണതു്. നിങ്ങൾക്കതിന്റെ ഫലം കാണാം, പക്ഷെ അതുണ്ടാകാൻ എത്ര കാലം വേണ്ടിവന്നു! ഇപ്പോൾ സാമ്പത്തികനയത്തിലും വ്യാപാരനയത്തിലും നമ്മുടെ അവകാശങ്ങളെ നമ്മുടെ ശത്രുക്കൾ അംഗീകരിക്കുന്നുണ്ടു്. വ്യാപാരക്കരാറുകൾ തെളിയിക്കുന്ന ഒരു കാര്യമാണിതു്.

പുതിയ സാമ്പത്തികനയമെന്നു പറയപ്പെടുന്ന നയത്തിന്റെ മാർഗ്ഗം പതിനെട്ടു മാസം മുമ്പു സ്വീകരിച്ച നമുക്കു് ആ മാർഗ്ഗത്തിലൂടെ മുന്നേറാൻ ഇത്ര അവിശ്വസനീയമായ പ്രയാസം തോന്നുന്നതു് എന്തുകൊണ്ടാണെന്നു കാണാൻ കഴിയും. യുദ്ധം മൂലം വമ്പിച്ച നാശനഷ്ടങ്ങളുണ്ടായ, സാധാരണ ജീവിതരീതിയെന്നു പറയാവുന്നതിൽനിന്നു പാടേ തട്ടിമാററപ്പെട്ട, വമ്പിച്ച കെടുതികൾ സഹിക്കേണ്ടിവന്നതുകാരണം യുദ്ധത്തിനുമുമ്പുണ്ടായിരുന്ന വളരെ തുച്ഛമായ ശതമാനത്തിൽനിന്നും എല്ലാം കണക്കുകൂട്ടേണ്ടിവരുന്ന, ഒരു രാജ്യത്താണു നാം ജീവിക്കുന്നതു്. നമ്മുടെ ജീവിതപരിതസ്ഥിതികളെ ഈ മാനദണ്ഡം വച്ചാണു നാം അളക്കുന്നതു്. ചിലപ്പോൾ വളരെ അക്ഷമയോടും ചൂടുപിടിച്ചും നാമിതു ചെയ്യുന്നു. വൈഷമ്യങ്ങൾ വമ്പിച്ചതാണെന്ന നിഗമനത്തിലാണു് എല്ലായ്പോഴും എത്തുക. ഒരു സാധാരണ ബൂർഷ്വാരാജ്യത്തെ സ്ഥിതിഗതികളുമായി താരതമ്യപ്പെടുത്തിനോക്കുന്നതുകൊണ്ടു് ഈ രംഗത്തു നാം ഏറെറടുത്തിരിക്കുന്ന കടമകൾക്കു കൂടുതൽ വലിപ്പം തോന്നിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സമ്പന്നരാഷ്ട്രങ്ങൾ നൽകാറുള്ള സഹായം നമുക്കു കിട്ടുമെന്നു പ്രതീക്ഷിച്ചിട്ടു പ്രയോജനമില്ലാത്തതുകൊണ്ടാണു് നാം ഈ

കടമ സ്വയം മുന്നോട്ടുവച്ചതു്.* ആഭ്യന്തരയുദ്ധത്തിനുശേഷം നമ്മെ ഒട്ടുമുക്കാലും ബഹിഷ്കരിച്ചിരിക്കുകയാണു്. അതായതു്, മുതലാളിത്തലോകത്തിൽ നടപ്പുള്ളതും സാധാരണവുമായ സാമ്പത്തികബന്ധങ്ങൾ നമ്മളുമായി പുലർത്തുന്നതല്ലെന്നു് നമ്മോടു പറഞ്ഞിരിക്കുന്നു.

നാം പുതിയ സാമ്പത്തികനയം തുടങ്ങിയിട്ടു പതിനെട്ടുമാസത്തിൽപ്പരമായി. ആദ്യത്തെ സാർവ്വദേശീയക്കരാറിലേർപ്പെട്ടിട്ടു് അതിനേക്കാൾ കൂടുതൽ സമയം കഴിഞ്ഞു. എങ്കിൽപ്പോലും, എല്ലാ ബൂർഷ്വാസിയും എല്ലാ ഗവണ്മെൻറുകളും നമ്മെ ഇങ്ങനെ ബഹിഷ്കരിക്കുന്നതു് നമുക്കിപ്പോഴും അനുഭവപ്പെടുന്നുണ്ടു്. പുതിയ സാമ്പത്തികസാഹചര്യങ്ങൾ അംഗീകരിച്ചപ്പോൾ നമുക്കു് മറ്റൊന്നും പ്രതീക്ഷിക്കാനും നിവൃത്തിയില്ലായിരുന്നു. എങ്കിൽപ്പോലും ഈ മാററം വരുത്തണമെന്നും തനിച്ചു് നേട്ടങ്ങൾ കൈവരുത്തണമെന്നുമുള്ളതിനെപ്പററി നമുക്കു യാതൊരു സംശയവുമില്ലായിരുന്നു. മുതലാളിത്തശക്തികൾ നമുക്കു തരാനിടയുള്ള, നമുക്കു തരുന്ന, ഏതൊരു സഹായവും ഈ സ്ഥിതി ദൂരീകരിക്കുന്നതിനു പകരം അതു മിക്കവാറും കൂടുതൽ മൂർച്ഛിപ്പിക്കുകയും ഗുരുതരമാക്കുകയും ചെയ്യുമെന്നു് നാം മുന്നോട്ടു പോകുംതോറും കൂടുതൽ വ്യക്തമാകുന്നുണ്ടു്. ‘‘തനിച്ചു്’’—നാം സ്വയം പറഞ്ഞു. ‘‘തനിച്ചു്’’—നാം കരാറിലേർപ്പെടുകയും ബന്ധംവയ്ക്കുകയും കൂടിയാലോചിക്കുകയും ചെയ്യിട്ടുള്ള ഏതാണ്ടെല്ലാ മുതലാളിത്തരാജ്യങ്ങളും നമ്മോടു പായുന്നതും അതുതന്നെയാണു്. വൈഷമ്യം പ്രത്യേകിച്ചും സ്ഥിതിചെയ്യുന്നതവിടെയാണു്. ഈ വൈഷമ്യം നാം മനസ്സിലാക്കണം. അവിശ്വസനീയമാംവണ്ണം ധീരോദാത്തമായ, അവിശ്വസനീയമാംവണ്ണം വിഷമകരമായ മൂന്നിൽപ്പരം വർഷത്തെ കഠിനപ്രയത്നംകൊണ്ടാണു് നാം നമ്മുടെ ഭരണക്രമം പടുത്തുയർത്തിയിട്ടുള്ളതു്. നാം ആവശ്യമില്ലാതെ എന്തെങ്കിലും തകർക്കുമോ, ഒട്ടേറെ ത്യാഗങ്ങൾ സഹിക്കേണ്ടിവരുമോ എന്നൊന്നും നോക്കാൻ സമയം കിട്ടാത്ത ഒരു സ്ഥിതിയിലായിരുന്നു ഇന്നുവരെ നാം. കാരണം, ത്യാഗങ്ങൾ വേണ്ടത്രയുണ്ടായിരുന്നു, പഴയ സാമൂഹ്യക്രമത്തിനെതിരായ

---

*ഷോർട്ടു്ഹാൻഡു് റിപ്പോർട്ടിൽ ഇതുകൂടിയുണ്ടു്: ‘‘ഈ സാഹചര്യങ്ങളിൽ സാധാരണ പറയാറുള്ളതുപോലെ സഹായം ലഭിക്കുന്ന രാജ്യത്തിൻെറ മേൽ അങ്ങേയററം ഉയർന്ന പലിശനിരക്കു ചുമത്താറുണ്ടെന്ന വസ്തുത പരിഗണിച്ചാൽക്കൂടി ഇതാണു സ്ഥിതി. ശരിക്കു പറഞ്ഞാൽ ഈ പലിശനിരക്കുകൾ സഹായമേ ആകുന്നില്ല. തുറന്നു പറയുകയാണെങ്കിൽ ‘സഹായം’ എന്ന വാക്കിനേക്കാൾ എത്രയോ മര്യാദകുറഞ്ഞ ഒരു വാക്കാണു് അവ അർഹിക്കുന്നതു്. എങ്കിലും ഈ സാധാരണ വ്യവസ്ഥകൾപോലും നമുക്കു ദുസ്സഹമാകുമായിരുന്നു.’’—എഡിററർ.



ഒരു ജീവന്മരണപ്പോരാട്ടമാണു നമ്മൾ അന്നു് ആരംഭിച്ചതു്. നിലനിൽക്കാനും സാമധാനപരമായി വികസിക്കാനുമുള്ള അവകാശത്തിനുവേണ്ടി നാം അതിനെതിരായി പൊരുതി (ഇതെല്ലാം നിങ്ങൾക്കു ഭംഗിയായി അറിയാവുന്നതുകൊണ്ടു വിസ്തരിക്കേണ്ട ആവശ്യമില്ല). നാം വിജയിക്കുകയും ചെയ്തു. നാമല്ല ഇതു പറയുന്നതു്. നമ്മോടു പക്ഷപാതമുള്ളവരാണെന്നു കുററപ്പെടുത്താവുന്ന സാക്ഷികളുടെ മൊഴിയല്ല ഇതു്. ശത്രുപക്ഷത്തുള്ള, സ്വാഭാവികമായും നമ്മോടല്ല നമുക്കെതിരായി പക്ഷപാതിത്വമുള്ള സാക്ഷികളുടെ മൊഴിയാണിതു്. ഈ സാക്ഷികൾ ദെനീക്കിൻെറ ചേരിയിലായിരുന്നു. അവരുടെ നേതൃത്വത്തിലാണു സ്ഥലങ്ങൾ കൈവശപ്പെടുത്തി വച്ചുകൊണ്ടിരുന്നതു്. അവരുടെ പക്ഷപാതിത്വത്തിനു് നമുക്കു വളരെ വമ്പിച്ച വില കൊടുക്കേണ്ടിവന്നിട്ടുണ്ടെന്നു്, ഭീമമായ നാശം സഹിക്കേണ്ടിവന്നിട്ടുണ്ടെന്നു്, നമുക്കറിയാം. അവർ കാരണം നാം പലതരത്തിലുള്ള നഷ്ടങ്ങൾ സഹിച്ചു. ഏററവും വിലപ്പെട്ട മനുഷ്യജീവനുൾപ്പെടെ എല്ലാ വിധത്തിലുള്ള മൂല്യങ്ങളും നമുക്കു് അവിശ്വസനീയമാംവണ്ണം വമ്പിച്ച തോതിൽ നഷ്ടപ്പെട്ടു. ഇപ്പോൾ നാം നമ്മുടെ കടമകൾ ഏററവും നിഷ്കൃഷ്യോടെ പരിശോധിക്കണം, ഇതേവരെയുള്ള നേട്ടങ്ങൾ കൈവിടാതിരിക്കുകയാണു് ഏററവും മുഖ്യമായ കടമയെന്നു മനസ്സിലാക്കണം. നമ്മുടെ ഇതേവരെയുള്ള നേട്ടങ്ങളിലൊന്നുപോലും നാം കൈവിടുകയില്ല. (കയ്യടി.) എന്നാൽപ്പോലും തികച്ചും പുതിയ ഒരു കടമ നമ്മെ അഭിമുഖീകരിക്കുന്നുണ്ടു്; പഴയതു് പ്രത്യക്ഷത്തിലുള്ള ഒരു പ്രതിബന്ധമാണെന്നു തെളിഞ്ഞേക്കാം. ഈ കടമ മനസ്സിലാക്കാൻ വളരെ പ്രയാസമാണു്. എന്നാലും അതു മനസ്സിലാക്കിയേ തീരൂ. എന്നാൽ മാത്രമേ ഒരു തരത്തിൽ പറഞ്ഞാൽ നാം സ്വയം അകംപുറം തിരിക്കേണ്ടിവരുമ്പോൾ പ്രവർത്തിക്കേണ്ടതെങ്ങിനെയെന്നു നമുക്കു പഠിക്കാൻ കഴിയൂ. സഖാക്കളേ, ഈ വാക്കുകളും മുദ്രാവാക്യങ്ങളും മനസ്സിലാക്കാവുന്നവയാണെന്നു ഞാൻ കരുതുന്നു. കാരണം, ഞാൻ പ്രവർത്തനരംഗത്തുനിന്നു മാറിനില്ക്കാൻ നിർബ്ബന്ധിതനായ ഏതാണ്ടൊരു വർഷത്തിനിടയ്ക്കു് നിങ്ങൾക്കു് പ്രായോഗികജീവിതത്തിൽ, മുമ്പിലുള്ള ജോലികൾ ചെയ്യുമ്പോൾ, ഇതേപ്പററി പലവിധത്തിൽ നൂറുനൂറവസരങ്ങളിൽ, പറയേണ്ടിവരികയും ചിന്തിക്കേണ്ടിവരികയും ചെയ്തിട്ടുണ്ടു്. ഈ ചിന്തകളിൽനിന്നു് ഒന്നുമാത്രമേ അനുമാനിക്കാൻ കഴിയൂ എന്നു് എനിക്കുറപ്പുണ്ടു്: ഇതേവരെ ആഭ്യന്തരയുദ്ധത്തിൽ നാം പ്രദർശിപ്പിച്ച അയവേറിയ സമീപനം ഇന്നു നാം പൂർവ്വാധികം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു.

നാം പഴയതു പരിത്യജിച്ചുകൂടാ. മുതലാളിത്തശക്തികളുമായി നമ്മെ

പൊരുത്തപ്പെടുത്തുന്ന അനേകം സൗജന്യങ്ങൾ നമ്മളുമായി ബന്ധംവച്ചാൻ അവർക്ക് കഴിവുണ്ടാക്കിക്കൊടുക്കുകയും അവർക്ക് ഒരുപക്ഷെ ചിലപ്പോൾ വേണ്ടതിലധികം ആദായത്തിന് ഉറപ്പുനൽകുകയും ചെയ്യുന്ന സൗജന്യങ്ങളാണ്. അതേസമയം ഉല്പാദനോപാധികളുടെ ചെറിയൊരു ഭാഗം മാത്രമേ നാം വിട്ടുകൊടുക്കുന്നുള്ളു. അവ ഏതാണ്ടു പൂർണ്ണമായിത്തന്നെ നമ്മുടെ സ്റ്റേററിന്റെ കയ്യിലാണ്. ആഭ്യന്തരയുദ്ധത്തിന്റെ ഏതാണ്ടുമുഴുവൻ സമയത്തും നമുക്ക് എതിരായിരുന്ന ഉക്ർട്ട് എന്ന ഇംഗ്ലീഷുകാരൻ നിർദ്ദേശിച്ച സൗജന്യത്തെപ്പററി കഴിഞ്ഞ ദിവസം പത്രങ്ങളിൽ ചച്ച്ചെയ്യുകയുണ്ടായല്ലൊ. ‘‘റഷ്യയ്ക്കെതിരായി, നമുക്ക് ഇന്നയിന്ന കാര്യങ്ങൾ നിഷേധിക്കാൻ ധൈര്യപ്പെട്ട റഷ്യയ്ക്കെതിരായി, ആഭ്യന്തരയുദ്ധം നടത്തിക്കൊണ്ടു് നാം നമ്മുടെ ലക്ഷ്യം നേടുന്നതാണ്,’’ എന്ന് അയാൾ പറയുമായിരുന്നു. അതെല്ലാം കഴിഞ്ഞിട്ട് അയാളുമായി നമുക്കു കൂടിയാലോചനകൾ നടത്തേണ്ടിവന്നു. നാം അവ നിരസിച്ചില്ല, അങ്ങേയററം ആഹ്ലാദത്തോടെയാണു നാം അവ നടത്തിയതു്. പക്ഷെ നാം പറഞ്ഞു: ‘‘ക്ഷമിക്കണം, ഞങ്ങൾ നേടിയെടുത്തതു് കൈവിടുകയില്ല. ഞങ്ങളുടെ റഷ്യ വളരെ വലുതാണ്, ഞങ്ങളുടെ സാമ്പത്തികസാദ്ധ്യതകൾ നിരവധിയാണ്. അതുകൊണ്ടു് നിങ്ങളുടെ ദയാപൂർവ്വമായ നിർദ്ദേശം നിരസിക്കാതിരിക്കുന്നതു ന്യായമാണെന്നാണു ഞങ്ങളുടെ വിശ്വാസം. എങ്കിലും ഞങ്ങളതു് സമചിത്തതയോടെ, ബിസിനസ്സുകാരെപ്പോലെ, ചർച്ച ചെയ്യുന്നതാണ്.’’ ആദ്യത്തെ സംസാരത്തിൽനിന്നു് യാതൊരു ഫലവുമുണ്ടായില്ലെന്നതു നേരാണ്. രാഷ്ട്രീയകാരണങ്ങളാൽ അയാളുടെ നിർദ്ദേശത്തോടു യോജിക്കാൻ നമുക്കു നിർവ്വാഹമില്ലായിരുന്നു. നമുക്കതു നിരസിക്കേണ്ടിവന്നു. സ്ട്രെയിററുകളെക്കുറിച്ചും ദർദനെലിനെക്കുറിച്ചുമുള്ള കൂടിയാലോചനകളിൽ നാം പങ്കെടുക്കാനുള്ള സാദ്ധ്യത പരിഗണിക്കാൻ ബ്രിട്ടീഷുകാർ തയ്യാറാവാതിരുന്ന കാലത്തോളം നമുക്കതു് നിരസിക്കേണ്ടിവന്നു. എങ്കിലും അങ്ങിനെ ചെയ്തശേഷം, അപ്പോൾത്തന്നെ, പ്രശ്നത്തിന്റെ സാരാംശം നമുക്ക് പരിശോധിച്ചു തുടങ്ങേണ്ടിവന്നു. ഇതു പ്രയോജനകരമാണോയെന്നും ഇത്തരമൊരു സൗജന്യക്കരാറിലേപ്പെടുന്നതു നമുക്കു ലാഭകരമായിരിക്കുമോയെന്നും അങ്ങിനെയാണെങ്കിൽ ഏതു സാഹചര്യങ്ങളിലായിരിക്കും അതു ലാഭകരമാവുകയെന്നും നാം ചർച്ചചെയ്തു. വിലയെപ്പററി നമുക്കു സംസാരിക്കേണ്ടിവന്നു. സഖാക്കളേ, പ്രശ്നങ്ങളോടുള്ള നമ്മുടെ ഇന്നത്തെ സമീപനരീതി മുമ്പത്തേതിൽനിന്നു് എത്രമാത്രം വിഭിന്നമായിരിക്കണമെന്നു് ഇതിൽനിന്നു വ്യക്തമായി കാണാം. മുമ്പു് കമ്മ്യൂണിസ്റ്റുകാരൻ പറഞ്ഞിരുന്നു ‘‘ഞാൻ എന്റെ ജീവൻ കൊടുക്കാം’’ എന്നു്. ഇതു വളരെ ലഘുവാ



ണെന്നു് അയാൾക്കു തോന്നിയിരുന്നു, എപ്പോഴും അത്ര ലഘുവായിരുന്നില്ലെങ്കിൽപ്പോലും. എന്നാൽ ഇന്നു് കമ്മ്യൂണിസ്റ്റുകാരായ നമ്മെ നേരിടുന്നതു തികച്ചും മറെറാരു കടമയാണ്. നാമിപ്പോൾ എല്ലാ കാര്യങ്ങളും കണക്കിലെടുക്കണം. നിങ്ങളോരോരുത്തരും മുൻകരുതലോടെ പ്രവർത്തിക്കാൻ പഠിക്കണം. മുതലാളിത്തചുററുപാടിൽ നമുക്കെങ്ങിനെ നമ്മുടെ നിലനില്പു് സുരക്ഷിതമാക്കാം, നമ്മുടെ ശത്രുക്കളിൽനിന്നു് എന്തു നേടാം എന്നു നാം കണക്കുകൂട്ടണം. തീർച്ചയായും അവർ വിലപേശും, അവരതു് ഒരിക്കലും മറന്നിട്ടില്ല, നമ്മുടെ ചിലവിൽ വിലപേശുകയും ചെയ്യും. ഇതു നമ്മളും മറക്കുന്നില്ല. കച്ചവടമനസ്ഥിതിക്കാർ എവിടെയെങ്കിലും സാധുക്കളായി മാറുമെന്നും പകരമൊന്നും കിട്ടാതെ നമുക്ക് എല്ലാവിധ അനുഗ്രഹാശിസ്സുകളും നൽകുമെന്നും നമ്മൾ പ്രതീക്ഷിക്കുന്നേയില്ല. അങ്ങിനെ ഒരിടത്തും സംഭവിക്കാറില്ല, നാമതു പ്രതീക്ഷിക്കുന്നുമില്ല. പൊരുതി പരിചയിച്ച നമ്മൾ ഇതിൽനിന്നും ഒരു പോംവഴി കണ്ടെത്തുമെന്നും കച്ചവടം ചെയ്യാനും ലാഭമുണ്ടാക്കാനും വിഷമകരമായ സാമ്പത്തികസ്ഥിതിഗതികളിൽനിന്നും സുരക്ഷിതമായി പുറത്തു കടക്കാനും കഴിവുള്ളവരാണെന്നു തെളിയിക്കുമെന്നുമുള്ള വസ്തുതയെയാണു നാം ആശ്രയിക്കുന്നതു്. വളരെ വിഷമകരമായ ഒരു കടമയാണിതു്. ഈ കടമ നിറവേററുന്നതിലാണ് ഇപ്പോൾ നാം ശ്രദ്ധിക്കുന്നതു്. പഴയതും പുതിയതുമായ കടമകൾ തമ്മിലുള്ള അന്തരം എത്ര ഭീമമാണെന്നു നാം വ്യക്തമായി മനസ്സിലാക്കണമെന്നാണ് എന്റെ ആഗ്രഹം. അന്തരം എത്ര വലുതാണെങ്കിലും യുദ്ധത്തിനിടയ്ക്കു് കൗശലോപായങ്ങൾ പ്രയോഗിക്കാൻ നാം പഠിച്ചു. ഇന്നു നാം പ്രയോഗിക്കേണ്ടതും പ്രയോഗിച്ചുതുടങ്ങിയതുമായ കൗശലോപായം അങ്ങേയററം വിഷമകരമായ ഒന്നാണെന്നു നാം മനസ്സിലാക്കണം. ഇന്നു നാം അതിന്റെ നടുവിലാണ്. എങ്കിൽപ്പോലും ഇതു നമ്മുടെ അവസാനത്തെ കൗശലോപായമായിരിക്കുമെന്നു തോന്നുന്നു. നമുക്ക് ഈ രംഗത്തെ നമ്മുടെ ശക്തി പരീക്ഷിച്ചു നോക്കണം. ഇന്നലത്തെ പാഠങ്ങൾക്കപ്പുറം ചിലതു നാം പഠിച്ചിട്ടുണ്ടെന്നും അടിസ്ഥാനപ്രമാണങ്ങൾ ഉരുവിടുക മാത്രമല്ല ചെയ്യുന്നതെന്നും തെളിയിക്കണം. അങ്ങിനെ അല്ലേയല്ല. നാം പുതുക്കി പഠിക്കാൻ തുടങ്ങിയിരിക്കുന്നു. ഖണ്ഡിതവും വ്യക്തവുമായ നേട്ടങ്ങളുണ്ടാകത്തക്കവണ്ണമായിരിക്കും നാമിതു ചെയ്യുന്നതു്. ഇങ്ങനെ പുതുക്കി പഠിക്കുന്നതിനു വേണ്ടിത്തന്നെ നാം വീണ്ടും ഒരു കാര്യം ദൃഢമായി പരസ്പരം പ്രതിജ്ഞചെയ്യണം: പുതിയ സാമ്പത്തികനയമെന്ന പേരിൽ നാം പിന്നോട്ടടി വച്ചെങ്കിലും, പുതുതായിട്ടുള്ള യാതൊന്നും കൈവിടാതെയും നമ്മോടു് എത്രതന്നെ വിദ്വേഷമുള്ള രാഷ്ട്രത്തിനെപ്പോലും നാമുമായി ബ

ന്ധംവയ്ക്കാനും ഇടപെടാനും നിർബ്ബന്ധിക്കുന്ന തരത്തിലുള്ള പ്രയോജനങ്ങൾ മുതലാളിമാർക്കു നൽകിക്കൊണ്ടുമാണു നാം പിൻതിരിഞ്ഞിട്ടുള്ളതു്. മുഴുവൻ ഇടങ്കോലിടലിൻേറയും മസ്തിഷ്കവും നട്ടെല്ലുമായിരുന്ന ഉർക്കർട്ട്, റഷ്യയിലാസകലം പഴയ വ്യവസ്ഥ എന്തു വില കൊടുത്തും നമ്മുടെ തലയിൽ കെട്ടിവയ്ക്കാനുള്ള എല്ലാ ശ്രമങ്ങളും കഴിഞ്ഞു്, തന്നോടൊപ്പം ഒരൊററ മേശയ്ക്കു ചുററുമിരിക്കുകയും ''എന്തു വില? എത്ര? എത്ര വർഷത്തേക്കു്?'' എന്നു ചോദിച്ചുതുടങ്ങുകയും ചെയ്യുവെന്നു് അയാളുമായി പല സംഭാഷണങ്ങളും നടത്തിയ സഖാവു ക്രാസ്സിൻ പറയുകയുണ്ടായി. (കയ്യടി). ഇതുകൊണ്ടൊന്നും നാം സൗജന്യക്കരാറുകളിൽ ഒപ്പുവയ്ക്കുകയോ അങ്ങിനെ ബൂർഷ്വാസമുദായത്തിൻെറ വീക്ഷണം വച്ചുനോക്കിയാൽ തികച്ചും സൂക്ഷ്മവും പാലിക്കാൻ ബാദ്ധ്യസ്ഥവുമായ ഉടമ്പടിബന്ധങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്ന സ്ഥിതിയായിട്ടില്ല. എങ്കിൽപ്പോലും നാം അതിലേക്കാണു നീങ്ങുന്നതെന്നും ഏതാണ്ടതിനടുത്തു് എത്തിയെന്നും എന്നാൽ അത്രത്തോളമെത്തിയിട്ടില്ലെന്നും ഇതിനകംതന്നെ കാണാവുന്നതാണു്. സഖാക്കളേ, ഇതു നാം സമ്മതിച്ചേതീരൂ. തലക്കനം വയ്ക്കരുതു്. നമുക്കു് കരുത്തും സ്വാശ്രയത്വവും യാതൊരു മുതലാളിത്തക്കരാറിനും നമ്മെ ഭയപ്പെടുത്താനാവില്ലെന്നും ഒരു കരാർ എത്രതന്നെ വിഷമകരമാണെങ്കിലും നാമതിൽ ഏർപ്പെടുകയും സമഗ്രമായി പരിശോധിച്ചശേഷം അതിനൊരു തീരുമാനമുണ്ടാക്കുകയും ചെയ്യുമെന്നുമുള്ള അക്ഷോഭ്യമായ ആത്മവിശ്വാസവും ഉളവാക്കുന്ന കാര്യങ്ങൾ പൂർണ്ണമായി ഇനിയും നേടേണ്ടതായിട്ടാണിരിക്കുന്നതു്. ഈ രംഗത്തു നാം തുടങ്ങിവച്ച രാഷ്ട്രീയപ്രവർത്തനവും പാർട്ടിപ്രവർത്തനവും രണ്ടും തുടരേണ്ടതു് അതുകൊണ്ടാണു്. പഴയ മാർഗ്ഗങ്ങളിൽനിന്നു് തികച്ചും പുതിയ മാർഗ്ഗങ്ങളിലേക്കു നാം മാറേണ്ടതു് അതുകൊണ്ടാണു്.

നമ്മുടെ പക്കൽ പഴയ ഭരണയന്ത്രമാണു് ഇപ്പോഴുമുള്ളതു്. അതിനെ പുതിയ രീതിയിൽ വാർത്തെടുക്കുകയെന്നതാണു് നമ്മുടെ ഇപ്പോഴത്തെ കടമ. അതുടനെ ചെയ്യാൻ സാദ്ധ്യമല്ല. എങ്കിലും നമുക്കുള്ള കമ്മ്യൂണിസ്റ്റുകാർ തക്ക സ്ഥാനങ്ങളിലാണിരിക്കുന്നതെന്നു നാം ഉറപ്പുവരുത്തണം. അവർ—കമ്മ്യൂണിസ്റ്റുകാർ—അവരെ ഏല്പിച്ചിട്ടുള്ള യന്ത്രത്തെ നിയന്ത്രിക്കുകയാണു്, പലപ്പോഴും നമുക്കു പററാറുള്ളതുപോലെ യന്ത്രം അവരെ നിയന്ത്രിക്കുകയല്ല, നമുക്കാവശ്യം. ഇതു നാം ഒളിച്ചുവച്ചിട്ടു കാര്യമില്ല, തുറന്നു പറയുകതന്നെ വേണം. ഇതാണു് നമ്മെ നേരിടുന്ന കടമകളും വൈഷമ്യങ്ങളും. പ്രായോഗികപന്ഥാവിലൂടെ നാം ഇറങ്ങിത്തിരിച്ചിരിക്കുന്ന അവസരത്തിലാണു്, വർണ്ണശബളമായി വരച്ചിട്ടുള്ള ഒരു ദൈവരൂപമാണെന്ന മട്ടിൽ നാം സോഷ്യലിസത്തെ സമീപി



ക്കാൻ പാടില്ലാത്ത ഒരവസരത്തിലാണു്, ഇവ നമ്മെ നേരിടുന്നതു്. ശരിയായ വഴിക്കു നീങ്ങുകയാണാവശ്യം, എല്ലാം പരിശോധിച്ചുനോക്കിയെന്നു് ഉറപ്പുവരുത്തുകയാണാവശ്യം, നാം പിന്തുടരുന്ന പാത പരിശോധിച്ചു നോക്കിയിട്ടു് ''അതെ, ഇതു പഴയതിനേക്കാൾ നല്ല വ്യവസ്ഥയാണു്'' എന്നു ബഹുജനങ്ങൾ, മുഴുവൻ നാട്ടുകാരും, പറയുമെന്നു് ഉറപ്പുവരുത്തുകയാണാവശ്യം. ഇതാണു് നാം സ്വയം മുന്നോട്ടു വച്ചിരിക്കുന്ന കടമ. രാജ്യത്തിൻെറ മൊത്തം ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ഒരു ചെറിയ ഗ്രൂപ്പു മാത്രമായ നമ്മുടെ പാർട്ടി ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണു്. സർവ്വതും പുതുക്കിപ്പണിയുകയെന്ന കടമയാണു് കാതലായിട്ടുള്ള ഈ വളരെ ചെറിയ ഭാഗം സ്വയം മുന്നോട്ടുവച്ചിരിക്കുന്നതു്. അതു് ആ കടമ നിറവേററുകയും ചെയ്യും. ഇതു വെറും മിഥ്യയല്ലെന്നും ജനങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഒരു ലക്ഷ്യമാണെന്നും നാം തെളിയിച്ചുകഴിഞ്ഞു. നാമെല്ലാവരും കണ്ടതാണിതു്. ഇതു ചെയ്തുകഴിഞ്ഞതാണു്. ''നിങ്ങളല്ല, ഞങ്ങളാണു്, നിങ്ങളെ പ്രശംസിക്കുന്നതു്; നിങ്ങൾ ഒന്നാന്തരം ഫലങ്ങൾ നേടിയെന്നു ഞങ്ങൾ പറയുന്നു; ബുദ്ധിയുള്ള ഒരുത്തരും ഇനി പഴയതിലേക്കു തിരിച്ചുപോവുന്നതിനെപ്പററി സ്വപ്നം കാണുകയില്ല,'' എന്നു് ബഹുഭൂരിപക്ഷം ബഹുജനങ്ങളും—കർഷകരും തൊഴിലാളികളും—പറയത്തക്കവണ്ണം നാം കാര്യങ്ങൾ ഉടച്ചുവാർക്കണം. നാം അത്രത്തോളം ഇനിയുമെത്തിയിട്ടില്ല. അതുകൊണ്ടാണു് പുതിയ സാമ്പത്തികനയം ഇന്നത്തെ മുഖ്യമായ, അടിയന്തിരമായ, സർവ്വസ്പർശിയായ, മുദ്രാവാക്യമായി തുടരുന്നതു്. ഇന്നലെ പഠിച്ച ഒരൊററ മുദ്രാവാക്യംപോലും നാം വിസ്മരിക്കുകയില്ല. തികച്ചും ശാന്തമായി, യാതൊരു ശങ്കയും കൂടാതെ, നമുക്കിതു് ആരോടും പറയാം. നാം വയ്ക്കുന്ന ഓരോ ചുവടും ഇതു തെളിയിക്കുന്നു. എങ്കിലും നമുക്കിപ്പോഴും പുതിയ സാമ്പത്തികനയവുമായി പൊരുത്തപ്പെട്ടുപോകേണ്ടിയിരിക്കുന്നു. അതിൻെറ നിഷേധാത്മകമായ വശങ്ങൾ ഏതെല്ലാമാണെന്നു് എണ്ണിപ്പറയേണ്ട ആവശ്യമില്ല. നിങ്ങൾക്കവ ഭംഗിയായിട്ടറിയാം. അവ തരണം ചെയ്യുകയും ഒരു പ്രത്യേകയളവുവരെ ചുരുക്കുകയും ചെയ്യേണ്ടതെങ്ങിനെയെന്നു നാം അറിഞ്ഞിരിക്കണം. ഓരോ കാര്യവും ബുദ്ധിപൂർവ്വം ചെയ്യേണ്ടതെങ്ങിനെയെന്നു നാം അറിഞ്ഞിരിക്കണം. നമ്മുടെ നിയമങ്ങൾ അതിനുള്ള എല്ലാ അവസരവും നമുക്കു തരുന്നുണ്ടു്. കാര്യങ്ങൾ വേണ്ടവണ്ണം നടത്തിക്കൊണ്ടുപോവാൻ നമുക്കു കഴിയുമോ? അതിനിയും തീരുമാനിക്കപ്പെട്ടിട്ടില്ല. നാം കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണു്. ഇന്നയാളിൻെറ ഉടമസ്ഥതയിലുള്ള ഇന്ന ഫാക്ടറിയിൽ ഇന്നയിന്ന പാട്ടവ്യവസ്ഥകളാണെന്നും അതേ സമയം

നമ്മുടെ കമ്മ്യൂണിസ്റ്റ് സഖാവു മാനേജരായിട്ടുള്ള മറെറാരു ഫാക്ടറിയിൽ ഇന്നയിന്ന വ്യവസ്ഥകളാണെന്നും പറഞ്ഞുകൊണ്ടുള്ള ഒരു ഡസൻ ലേഖനങ്ങൾ നമ്മുടെ പാർട്ടി പത്രത്തിൻെറ ഓരോ ലക്കത്തിലും വരുന്നുണ്ട്. അതു ലാഭമുണ്ടാക്കുന്നുണ്ടോ ഇല്ലയോ? അതു സ്വയംപര്യാപ്തമാണോ അല്ലയോ? ദൈനംദിനപ്രശ്നങ്ങളുടെ കാതലിലാണു നാം കൈവച്ചിരിക്കുന്നതു്. അതു വമ്പിച്ചൊരു നേട്ടമാണു്. സോഷ്യലിസം വിദൂരഭാവിയിലെ കാര്യമല്ല, അതൊരു അമൂർത്തചിത്രമോ ദൈവരൂപമോ അല്ല. ദൈവരൂപങ്ങളെപ്പററിയുള്ള നമ്മുടെ അഭിപ്രായത്തിനു മാററമില്ല—വളരെ ചീത്ത അഭിപ്രായമാണു നമുക്കുള്ളതു്. നാം സോഷ്യലിസം ദൈനംദിനജീവിതത്തിൽ കൊണ്ടുവന്നിരിക്കുന്നു. കാര്യങ്ങൾ നില്ക്കുന്നതെവിടെയാണെന്നു നാം കാണണം. അതാണു് ഇന്നത്തെ, ഈ കാലഘട്ടത്തിലെ, നമ്മുടെ കടമ. ഈ കടമ വിഷമകരവും മുമ്പത്തെ കടമയുമായി തട്ടിച്ചുനോക്കുമ്പോൾ പുതുതും ഒട്ടേറെ വൈഷമ്യങ്ങൾക്കിടവരുത്തുന്നതുമാണെങ്കിലും നാമെല്ലാവരും ചേർന്നു് എന്തു വില കൊടുത്തും അതു്—ഒരു ദിവസം കൊണ്ടല്ല, ഏതാനും വർഷങ്ങൾക്കുള്ളിൽ—നിറവേററുമെന്നും അങ്ങിനെ പുതിയ സാമ്പത്തികനയമനുവർത്തിക്കുന്ന റഷ്യ ഒരു സോഷ്യലിസ്റ്റ് റഷ്യയായിത്തീരുമെന്നുമുള്ള വിശ്വാസം രേഖപ്പെടുത്തിക്കൊണ്ടു് ഞാൻ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു. (നീണ്ടുനിന്ന, പ്രചണ്ഡമായ കരഘോഷം.)

''പ്രാവ്ദ'', ലക്കം 263,
നവംബർ 21, 1922

''പ്രാവ്ദ''യിലെ പാഠമനുസരിച്ചു
പ്രസിദ്ധപ്പെടുത്തിയതു്
ഷോർട്ട്ഹാൻഡ്റിപ്പോർട്ടുമായി
ഒത്തുനോക്കിയതു്

# ഡയറിയിൽനിന്നുള്ള പേജുകൾ[10]

1920—ലെ കാനേഷുമാരിക്കണക്കിൻെറ അടിസ്ഥാനത്തിൽ റഷ്യയിലെ ജനങ്ങളുടെ സാക്ഷരതത്തെക്കുറിച്ചു തയ്യാറാക്കിയ റിപ്പോർട്ടിൻെറ (''റഷ്യയിലെ സാക്ഷരതം,'' കേന്ദ്രസ്ററാററിസ്റ്റിക്കൽ ബോർഡിൻെറ പൊതുവിദ്യാഭ്യാസവകുപ്പു പ്രസിദ്ധപ്പെടുത്തിയതു്, മോസ്കോ, 1922) സമീപകാലപ്രസിദ്ധീകരണം ഒരു വളരെ പ്രധാനപ്പെട്ട സംഭവമാണു്.

1897—ലും 1920—ലും റഷ്യയിലെ ജനങ്ങളുടെ സാക്ഷരതനില ചൂണ്ടിക്കാട്ടുന്ന ഒരു പട്ടിക ഞാൻ പ്രസ്തുതറിപ്പോർട്ടിൽനിന്നും ചുവടെ ഉദ്ധരിക്കുന്നു.

| | സാക്ഷരതമുള്ള പുരുഷന്മാർ(ആയിരത്തിൽ) | | സാക്ഷരതമുള്ള സ്ത്രീകൾ (ആയിരത്തിൽ) | | സാക്ഷരതമുള്ള ജനങ്ങൾ (ആയിരത്തിൽ) | |
|---|---|---|---|---|---|---|
| | 1897 | 1920 | 1897 | 1920 | 1897 | 1920 |
| 1. റഷ്യയുടെ യൂറോപ്യൻഭാഗം | 326 | 422 | 136 | 255 | 229 | 330 |
| 2. ഉത്തരകോക്കസ്സ് | 241 | 357 | 56 | 215 | 150 | 281 |
| 3. സൈബീരിയ (പടിഞ്ഞാറൻ) | 170 | 307 | 46 | 134 | 108 | 218 |
| മൊത്തം ശരാശരി | 318 | 409 | 131 | 244 | 223 | 319 |

3*

തൊഴിലാളിവഗ്ഗസംസ്കാരത്തെക്കുറിച്ചും ബൂഷ്വാസംസ്കാരവുമായി തട്ടിച്ചുനോക്കുമ്പോൾ അതിന്റെ സ്ഥിതിയെക്കുറിച്ചും നാം വാശിയോടെ വാദിക്കുന്ന കാലത്ത് ബൂർഷ്വാസംസ്കാരത്തിന്റെ കാര്യത്തിൽത്തന്നെ നമ്മുടെ സ്ഥിതി വളരെ മോശമാണെന്നാണു വസ്തുതകളും കണക്കുകളും കാണിക്കുന്നത്. പ്രതീക്ഷിച്ചതുപോലെ സാർവ്വത്രികസാക്ഷരത്വം നേടാൻ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നുവെന്നും സാറിസ്റ്റ്കാലത്തെ (1897) അപേക്ഷിച്ചുപോലും നമ്മുടെ പുരോഗതി വളരെ സാവധാനത്തിലാണെന്നും പ്രത്യക്ഷത്തിൽ കാണാം. ''തൊഴിലാളിവർഗ്ഗസംസ്കാരത്തിന്റെ'' നഭോമണ്ഡലങ്ങളിൽ വിഹരിച്ചുകൊണ്ടിരുന്നവർക്ക് ഇതൊരു കർശനമായ താക്കീതും ശാസനയുമായിത്തീരേണ്ടതാണ്. പടിഞ്ഞാറൻ യൂറോപ്പിലെ ഒരു സാധാരണ പരിഷ്കൃതരാഷ്ട്രത്തിന്റെ നിലവാരത്തിലെത്താൻ നാം എത്രമാത്രം പ്രാരംഭപ്രവത്തനം ഇനിയും നടത്തേണ്ടതുണ്ടെന്ന് അതു കാണിക്കുന്നു. നമ്മുടെ തൊഴിലാളിവർഗ്ഗനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ യഥാർത്ഥസാംസ്കാരികനിലവാരംപോലുള്ള ഒരു സ്ഥിതി നേടാൻ നാം ഇന്ന് എത്രമാത്രം പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്നും അതു വെളിപ്പെടുത്തുന്നുണ്ട്.

അവിതർക്കിതമെങ്കിലും വളരെയേറെ താത്വികമായ ഈ പ്രമേയത്തിൽ നാം ഒതുങ്ങിനിന്നുകൂടാ. നമ്മുടെ ത്രൈമാസികബഡ്ജററ് അടുത്ത തവണ പരിഷ്കരിക്കുമ്പോൾത്തന്നെ നാം ഇക്കാര്യം പ്രായോഗികമായിക്കൂടി പര്യാലോചിക്കണം. ഒന്നാമത്, നമുക്ക് തീർച്ചയായും വിദ്യാഭ്യാസകാര്യങ്ങൾക്കായുള്ള ജനകീയകമ്മിസാറിയററൊഴികെ മററു ഗവണ്മെന്റു വകുപ്പുകളുടെ ചെലവ് ചുരുക്കേണ്ടിവരും. അങ്ങിനെ മിച്ചം വരുന്ന പണം പ്രസ്തുത കമ്മിസാറിയററിനുവേണ്ടി നീക്കിവയ്ക്കണം. ഭക്ഷ്യകാര്യത്തിൽ നാം താരതമ്യേന നല്ലൊരു നിലയിലായിരിക്കുന്ന ഇതുപോലൊരു വർഷത്തിൽ സ്കൂളദ്ധ്യാപകന്മാർക്കു റൊട്ടിയുടെ റേഷൻ വർദ്ധിപ്പിക്കുന്നതിൽ മടിക്കരുത്.

മൊത്തത്തിലെടുത്താൽ പൊതുവിദ്യാഭ്യാസകാര്യത്തിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനം തീരെ സങ്കുചിതമാണെന്നു പറഞ്ഞുകൂടാ. പഴയ അദ്ധ്യാപകരെ പരിചിതമാർഗ്ഗത്തിൽനിന്നു പുറത്തുകൊണ്ടുവരാനും പുതിയ പ്രശ്നങ്ങളിലേക്ക് അവരുടെ ശ്രദ്ധയെ ആകർഷിക്കാനും പുതിയ വിദ്യാഭ്യാസസമ്പ്രദായങ്ങളിലും മതം തുടങ്ങിയ പ്രശ്നങ്ങളിലും അവരെ തല്പരരാക്കാനും ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്.

പക്ഷെ മുഖ്യസംഗതി നാം ചെയ്യുന്നില്ല. തൊഴിലാളിവർഗ്ഗസംസ്കാരമെന്നല്ല ബൂർഷ്വാ സംസ്കാരത്തെപ്പററിപോലും പറയണമെങ്കിൽ അതിന് അത്യന്താപേക്ഷിതമായ നിലവാരത്തിലേക്ക് സ്കൂളദ്ധ്യാപകനെ



ഉയർത്തിക്കൊണ്ടുവരാൻ നാം യാതൊന്നും ചെയ്യുന്നില്ല, അഥവാ വളരെക്കുറച്ചേ ചെയ്യുന്നുള്ളു. അർദ്ധ–ഏഷ്യൻ അജ്ഞതയിൽനിന്നു നാമിനിയും കരകയറിയിട്ടില്ലെന്നും ഒരു ഭഗീരഥപ്രയത്നം കൂടാതെ അതിൽനിന്നു കരകയറാൻ സാദ്ധ്യമല്ലെന്നും നാമോർക്കണം. എന്നാലതേസമയം അതിനുള്ള എല്ലാ അവസരവും നമ്മുടെ മുന്നിലുണ്ട്. കാരണം, നമ്മുടെ രാജ്യത്തെപ്പോലെ മറെറാരിടത്തും ജനങ്ങൾ യഥാർത്ഥസംസ്കാരം സിദ്ധിക്കുന്നതിൽ ഇത്രയേറെ താല്പര്യം പ്രകടിപ്പിക്കുന്നില്ല; ഈ സംസ്കാരത്തിന്റെ പ്രശ്നങ്ങൾ നമ്മുടെ രാജ്യത്തെപ്പോലെ മറെറാരിടത്തും ഇത്ര സമഗ്രമായും ഉറപ്പായും കൈകാര്യം ചെയ്യുന്നില്ല; മൊത്തത്തിലെടുക്കുകയാണെങ്കിൽ തങ്ങളുടെ സാക്ഷരത്വത്തിന്റെ—സംസ്കാരത്തിന്റെ എന്നു ഞാൻ പറയുന്നില്ല—പോരായ്മകളെക്കുറിച്ചു തികച്ചും ബോധവാന്മാരായ തൊഴിലാളിവർഗ്ഗം മറെറാരു രാജ്യത്തും ഭരണാധികാരത്തിലില്ല; ഇക്കാര്യത്തിൽ തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ നമ്മുടെ രാജ്യത്തെപ്പോലെ മറെറാരിടത്തും തൊഴിലാളിവർഗ്ഗം ഇത്രയേറെ ത്യാഗങ്ങളനുഷ്ഠിക്കാൻ തയ്യാറല്ല, ഇത്രയേറെ ത്യാഗങ്ങൾ യഥാർത്ഥത്തിൽ അനുഷ്ഠിക്കുന്നുമില്ല.

ഒരു പ്രാരംഭനടപടിയെന്ന നിലയ്ക്കു് പ്രാഥമികപൊതുവിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾ നിറവേററുന്നതിന് നമ്മുടെ സ്റ്റേററ്ബഡ്ജററിൽ വേണ്ട നീക്കുപോക്കുകൾ ചെയ്യാൻ നാം ഇനിയും വളരെക്കുറച്ചേ, വളരെവളരെക്കുറച്ചേ, ശ്രമിക്കുന്നുള്ളു. നമ്മുടെ വിദ്യാഭ്യാസകമ്മിസാറിയററിൽപ്പോലും പലപ്പോഴും ഒരു സ്റ്റേററ്പ്രസിദ്ധീകരണശാലയിൽ ജോലിക്കാരുടെ അപമാനകരമാംവണ്ണം വമ്പിച്ച പെരുപ്പം കാണാം. പ്രസിദ്ധീകരണശാലകളിലല്ല, വായിക്കാനറിയാവുന്ന ആളുകൾ വേണമെന്നതിലാണ്, ഭാവിയിലെ റഷ്യയിൽ പുസ്തകപ്രസിദ്ധീകരണത്തിന് കൂടുതൽ വിപുലമായ രാഷ്ട്രീയരംഗമുണ്ടാകത്തക്കവണ്ണം അത്തരം ആളുകളുടെ എണ്ണം കൂടുന്നതിലാണ്, സ്റ്റേററ് ആദ്യം ശ്രദ്ധ പതിപ്പിക്കേണ്ടതെന്ന ധാരണയ്ക്കെതിരാണിതു്. പഴയ (മോശമായ) ശീലം കാരണം, നാമിപ്പോഴും ജനങ്ങൾക്കിടയിലെ സാക്ഷരത്വമെന്ന പൊതുരാഷ്ട്രീയപ്രശ്നത്തേക്കാൾ പുസ്തകപ്രസിദ്ധീകരണം പോലുള്ള സാങ്കേതികപ്രശ്നങ്ങളിലാണ് വളരെക്കൂടുതൽ സമയവും കഴിവും വിനിയോഗിക്കുന്നതു്.

കേന്ദ്രതൊഴിൽപരിശീലനബോർഡിന്റെ കാര്യമെടുത്താൽ, ആവശ്യമില്ലാത്തതും ഡിപ്പാർട്ടുമെണ്ടുകളുടെ താല്പര്യങ്ങൾ മുൻനിർത്തി വേണ്ടതിലധികമായിട്ടുള്ളതും വിപുലമായ പൊതുവിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങളുമായി പൊരുത്തപ്പെടാത്തതുമായ പലതും അവിടെയും നമുക്കു

കണ്ടെത്താൻ കഴിയും. ആദ്യമായി നമ്മുടെ ചെറുപ്പക്കാരായ ഫാക്ടറിത്തൊഴിലാളികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനും അതിനൊരു പ്രായോഗികച്ഛായ്‌വ് വരുത്താനുമുള്ള ന്യായമായ അഭിലാഷം കേന്ദ്രതൊഴിൽപരിശീലനബോർഡിൽ നാം കണ്ടെത്തുന്ന എല്ലാ കാര്യങ്ങളേയും നീതീകരിക്കുന്നില്ല. പ്രസ്തുതബോർഡിലെ ജോലിക്കാരുടെ എണ്ണം സശ്രദ്ധം പരിശോധിക്കുന്നപക്ഷം വേണ്ടതിലധികവും അങ്ങിനെ സാങ്കല്പികവും ദൂരീകരിക്കേണ്ടതുമായ പലതും നാം കണ്ടെത്തുന്നതാണ്. ജനങ്ങൾക്കിടയിൽ സാക്ഷരത്വം വളർത്താൻവേണ്ടി ചെലവു ചുരുക്കി ചെയ്യാവുന്ന ഒട്ടേറെ കാര്യങ്ങൾ ഇപ്പോഴും തൊഴിലാളി–കർഷകസ്റ്റേററിലുണ്ട്. അർദ്ധകുലീനസ്വഭാവത്തിലുള്ള കളിക്കോപ്പുകളായ സ്ഥാപനങ്ങൾ, അഥവാ സ്ഥിതിവിവരക്കണക്ക് വെളിപ്പെടുത്തുന്നതുപോലുള്ള സാക്ഷരത്വനില ജനങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്നതു പരിഗണിച്ച് നമുക്ക് ഒഴിവാക്കാവുന്നതും വളരെക്കാലത്തേക്ക് ഒഴിവാക്കാൻ കഴിയുന്നതും ഒഴിവാക്കേണ്ടതുമായ സ്ഥാപനങ്ങൾ,അടച്ചുപൂട്ടിക്കൊണ്ടു ചെയ്യാവുന്നതാണിത്.

ബൂർഷ്വാസമുദായത്തിൽ ഒരിക്കലും നേടാത്തതും നേടാൻ കഴിയാത്തതുമായ നിലവാരത്തിലേക്ക് നമ്മുടെ സ്കൂളദ്ധ്യാപകനെ ഉയർത്തണം. തെളിവാവശ്യമില്ലാത്ത ഒരു സാമാന്യസത്യമാണിത്. അദ്ധ്യാപകൻെറ സാംസ്കാരികനിലവാരമുയർത്താനും യഥാർത്ഥത്തിൽ ഉൽകൃഷ്ടമായ ആ തൊഴിലിന് അയാളെ സർവ്വവിധേനയും പരിശീലിപ്പിക്കാനും കൂടാതെ മുഖ്യമായി—ഞാൻ വീണ്ടും പറയട്ടെ, മുഖ്യമായി—അയാളുടെ സാമ്പത്തികനില മെച്ചപ്പെടുത്താനും ഇടതടവില്ലാതെ, ചിട്ടയായി, നിരന്തരമായി പ്രവർത്തിച്ചുകൊണ്ട് നാം ഈ സ്ഥിതി കൈവരുത്താൻ ശ്രമിക്കണം.

മുതലാളിത്തരാജ്യങ്ങളിലെല്ലാംതന്നെ ഒന്നൊഴിയാതെ ഇപ്പോഴും ബൂർഷ്വാ വ്യവസ്ഥിതിയുടെ നെടുങ്കോട്ടയായിട്ടുള്ള സ്കൂളദ്ധ്യാപകന്മാരെ സോവിയററ് വ്യവസ്ഥയുടെ നെടുങ്കോട്ടയാക്കി മാററാൻവേണ്ടി അവരെ സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ നാം നിരന്തരം വർദ്ധിപ്പിക്കണം. അവരിലൂടെ, ബൂർഷ്വാസിയുമായിട്ടുള്ള സഖ്യത്തിൽനിന്നു കർഷകരെ വ്യതിചലിപ്പിക്കാനും അവരെ തൊഴിലാളിവർഗ്ഗവുമായ സഖ്യത്തിൽ കൊണ്ടുവരാനും ഇതാവശ്യമാണ്.

ഇതു സംബന്ധിച്ച് ഗ്രാമങ്ങൾ മുറയ്ക്കു സന്ദർശിക്കുന്നതിൻെറ പ്രത്യേകപ്രാധാന്യം ചുരുക്കത്തിൽ ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. അത്തരം സന്ദർശനങ്ങൾ ഇപ്പൊൾത്തന്നെ നടക്കാറുണ്ടെന്നതു നേരാണ്. അവ മുറയ്ക്ക് പ്രോത്സാഹിപ്പിക്കണം. ഏതാണ്ട് പൂർണ്ണമായി മുൻചരിത്രകാലഘട്ടത്തിൻെറ സൃഷ്ടിയായ ഭരണയന്ത്രത്തിനുവേണ്ടി പലപ്പോഴും



പാഴാക്കിക്കളയുന്ന പണം ഗ്രാമസന്ദർശനങ്ങൾപോലുള്ള നടപടികൾക്കുവേണ്ടി നാം മടികൂടാതെ ചെലവാക്കണം.

നഗരത്തൊഴിലാളികൾ ഗ്രാമീണരുടെ രക്ഷാകർതൃത്വം ഏറെറടുത്തതിൻെറ കണക്കുകൾ 1922 ഡിസംബറിൽ സോവിയററുകളുടെ കോൺഗ്രസ്സിൽ ചെയ്യാനിരുന്ന പ്രസംഗത്തിനുവേണ്ടി ഞാൻ ശേഖരിക്കുകയുണ്ടായി. ഈ കണക്കുകളിൽ ഒരു ഭാഗം എനിക്കുവേണ്ടി സമ്പാദിച്ചതു് സഖാവു ഹൊദൊറോവ്സ്കിയാണ്. ഈ പ്രശ്നം കോൺഗ്രസ്സിലൂടെ കൈകാര്യം ചെയ്യാനും അതിനു പ്രചരണം നൽകാനും എനിക്കു കഴിയാതിരുന്നതുകൊണ്ട് ഞാനിക്കാര്യം ചർച്ചയ്ക്കായി ഇപ്പോൾ സഖാക്കളുടെ മുമ്പിൽ വയ്ക്കുന്നു.

നമ്മുടെ വിപ്ലവത്തിനാകെത്തന്നെ നിർണ്ണായകപ്രാധാന്യമുള്ള ഒരു മൗലികരാഷ്ട്രീയപ്രശ്നമായ നഗരവും ഗ്രാമവും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നമാണിത്. ബൂഷ്വാ ഭരണകൂടം ചിട്ടയായി എല്ലാ ശ്രമങ്ങളും നഗരത്തൊഴിലാളികളെ മയക്കുന്നതിൽ കേന്ദ്രീകരിക്കുകയും സ്റ്റേററിൻെറ ചിലവിലും സാറിസ്റ്റ്–ബുഷ്വാ പാർട്ടികളുടെ ചിലവിലും പ്രസിദ്ധപ്പെടുത്തുന്ന എല്ലാ സാഹിത്യവും അതിനു പററിയ തരത്തിലാക്കുകയും ചെയ്യുമ്പോൾ, നഗരത്തൊഴിലാളിയെ നാട്ടിൻപുറത്തെ തൊഴിലാളിവർഗ്ഗത്തിനിടയിൽ കമ്മ്യൂണിസ്റ്റാശയങ്ങൾ ഫലപ്രദമായി എത്തിക്കുന്ന ഒരു വാഹിയാക്കാൻവേണ്ടി നമുക്ക് നമ്മുടെ രാഷ്ട്രീയാധികാരത്തെ ഉപയോഗപ്പെടുത്താൻ കഴിയും, കഴിയണം.

ഞാൻ ''കമ്മ്യൂണിസ്റ്റ്'' എന്നു പറഞ്ഞല്ലൊ. പക്ഷെ ഞാൻ പറഞ്ഞതു തെററിദ്ധരിക്കുമോ അഥവാ ഞാൻ പറഞ്ഞതിൻെറ അർത്ഥം നോക്കാതെ അക്ഷരം മാത്രം എടുക്കുമോ എന്നു ഭയന്ന് ഒരു വ്യവസ്ഥ കൂടി വച്ചുകൊള്ളട്ടെ. നാം ഉടനടി നാട്ടിൻപുറത്ത് തികഞ്ഞ, ശുദ്ധമായ കമ്മ്യൂണിസ്റ്റാശയങ്ങൾ പ്രചരിപ്പിക്കണമെന്ന അർത്ഥത്തിൽ യാതൊരു കാരണവശാലും ഇതെടുക്കരുത്. നമ്മുടെ നാട്ടിൻപുറത്ത് കമ്മ്യൂണിസത്തിനുള്ള ഭൗതികാടിസ്ഥാനമില്ലാത്തിടത്തോളം കാലം അങ്ങിനെ ചെയ്യുന്നതു് കമ്മ്യൂണിസത്തിന്ന് ഹാനികരമായിരിക്കും, യഥാർത്ഥത്തിൽ വിനാശകരമായിരിക്കുമെന്നു ഞാൻ പറയും.

ഇതൊരു പരമാർത്ഥമാണ്. ഗ്രാമപ്രദേശങ്ങളിൽ കമ്മ്യൂണിസം നട്ടുവളർത്താമെന്ന മുൻകൂട്ടിയുള്ള ലക്ഷ്യമൊന്നുമില്ലാതെ നഗരവും നാട്ടിൻപുറവും തമ്മിൽ ബന്ധം സ്ഥാപിച്ചുകൊണ്ടു വേണം നാം തുടങ്ങാൻ. ഇക്കാലത്ത് നേടാൻ സാദ്ധ്യമല്ലാത്ത ഒരു ലക്ഷ്യമാണതു്. അതു് അനവസരമാണ്. ഇക്കാലത്ത് അങ്ങിനെയൊരു ലക്ഷ്യം വയ്ക്കുന്നതു നമ്മുടെ താല്പര്യത്തിന് പ്രയോജനകരമാവുന്നതിനു പകരം ഹാനികരമായിരിക്കും.

പക്ഷെ നഗരത്തൊഴിലാളികളും നാട്ടിൻപുറത്തെ പണിയെടുക്കുന്ന

വരും തമ്മിൽ ബന്ധം സ്ഥാപിക്കുകയെന്നതു്, എളുപ്പം സൃഷ്ടിക്കാവുന്ന ഒരു സൗഹൃദരൂപം അവർ തമ്മിൽ സ്ഥാപിക്കുകയെന്നതു്, നമ്മുടെ കടമയാണു്. ഭരണാധികാരം കൈവശമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ മൗലികകടമകളിലൊന്നാണിതു്. ഇതു നിറവേററുന്നതിനു് ഗ്രാമങ്ങളുടെ സാംസ്കാരികവികസനത്തിൽ അവയെ മുറയ്ക്കു സഹായിക്കുന്ന, ഫാക്ടറി തൊഴിലാളികളുടെ ഒട്ടേറെ സംഘങ്ങൾ (പാർട്ടിയുടേതും ട്രേഡ്യൂണിയനുകളുടേതും സ്വകാര്യമായിട്ടുള്ളതും) നാം രൂപീകരിക്കണം.

എല്ലാ നഗരഗ്രൂപ്പുകളേയും എല്ലാ ഗ്രാമീണഗ്രൂപ്പുകളുമായി ''ബന്ധിക്കാനും'' അങ്ങിനെ ഓരോ തൊഴിലാളിവർഗ്ഗഗ്രൂപ്പിനും അതിനോടു ''ബന്ധിക്കപ്പെട്ട'' ഗ്രാമീണഗ്രൂപ്പിന്റെ സാംസ്കാരികാവശ്യങ്ങൾ നിറവേററാൻ ഏതവസരവും ഏതു സന്ദർഭവും ഉപയോഗിക്കാനും സാദ്ധ്യമാണോ? അതോ മറേറതെങ്കിലും സമ്പർക്കരൂപങ്ങൾ കണ്ടുപിടിക്കാൻ കഴിയുമോ? ഞാൻ ഇവിടെ ഈ ചോദ്യം അവതരിപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളു. സഖാക്കളുടെ ശ്രദ്ധയെ അതിലേക്കാകർഷിക്കാൻവേണ്ടിയും (സഖാവു ഹൊദൊറോവ്സ്കിയ് എന്റെ ശ്രദ്ധയിൽ പെടുത്തിയ) പടിഞ്ഞാററൻ സൈബീരിയയിലെ അനുഭവം ചൂണ്ടിക്കാട്ടാൻവേണ്ടിയും ഈ ബൃഹത്തായ, ലോകചരിത്രപ്രധാനമായ സാംസ്കാരികകടമയെ അതിന്റെ മുഴുവൻ വ്യാപ്തിയിലും അവതരിപ്പിക്കാൻവേണ്ടിയുമാണു് ഞാനിങ്ങനെ ചെയ്യുന്നതു്.

നമ്മുടെ ഔദ്യോഗികബധ്ജററിൽ പെടാതെയോ ഔദ്യോഗികമാർഗ്ഗങ്ങളിലൂടല്ലാതെയോ നാട്ടിൻപുറത്തെ ജില്ലകൾക്കുവേണ്ടി നാം ഏതാണ്ടൊന്നുംതന്നെ ചെയ്യുന്നില്ല. നമ്മുടെ നാട്ടിൽ നഗരവും ഗ്രാമവും തമ്മിലുള്ള സാംസ്കാരികബന്ധങ്ങളുടെ സ്വഭാവം സ്വയമേവയായും അനിവാര്യമായും മാറിക്കൊണ്ടിരിക്കുന്നുണ്ടെന്നതു നേരാണു്. മുതലാളിത്തത്തിൻകീഴിൽ നഗരം നാട്ടിൻപുറത്തേക്കു് രാഷ്ട്രീയവും സാമ്പത്തികവും സാന്മാർഗ്ഗികവും കായികവും മററുമായ അഴിമതി എത്തിക്കുകയാണുണ്ടായതു്. നമ്മെ സംബന്ധിച്ചാണെങ്കിൽ നഗരങ്ങൾ സ്വയമേവ അതിനു കടകവിരുദ്ധമായ കാര്യങ്ങൾ നാട്ടിൻപുറത്തു് എത്തിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷെ, ഞാൻ വീണ്ടും പറയുന്നു, ഇതെല്ലാം സ്വയമേവയാണു്, തനിയെയാണു്, നടക്കുന്നതു്. ബോധപൂർവ്വമായും ചിട്ടയായും ക്രമാനുസാരമായും ചെയ്യുന്നപക്ഷം അതു് മെച്ചപ്പെടുത്താനും (പിന്നീടു് നൂറുമടങ്ങു് വർദ്ധിപ്പിക്കാനും) കഴിയുന്നതാണു്.

ഈ പ്രശ്നം നാം പഠിച്ചതിനുശേഷം മാത്രമേ, അതു കൈകാര്യം ചെയ്യാനും ചർച്ചചെയ്യാനും കാര്യങ്ങൾ നടത്താനും വേണ്ടി പല തരത്തിലുള്ള തൊഴിലാളിസംഘടനകൾ രൂപീകരിക്കുകയും അവ ഉദ്യോഗസ്ഥമേധാവിത്വപരമായിത്തീരാതിരിക്കാനുള്ള നടപടികളെടുക്കുകയും



ചെയ്തതിനുശേഷം മാത്രമേ നാം മുന്നേറാൻ തുടങ്ങുകയുള്ളു (അതിനുശേഷം ഒരു നൂറുമടങ്ങു കൂടുതൽ വേഗത്തിൽ മുന്നേറുമെന്നതു തീർച്ചയാണു്).

ജനുവരി 2, 1923

''പ്രാവ്ദ'', ലക്കം 2,
ജനുവരി 4, 1923
എൻ. ലെനിൻ എന്ന
പേരിൽ എഴുതിയതു്

സെക്രട്ടറിയുടെ രേഖകളിൽ
(ടൈപ്പുചെയ്ത കോപ്പി)നിന്നു്
പ്രസിദ്ധപ്പെടുത്തിയതു്
പത്രത്തിലെ പാഠവുമായി
ഒത്തുനോക്കിയതു്

# സഹകരണപ്രസ്ഥാനത്തെപ്പറ്റി

നമ്മുടെ രാജ്യത്ത് സഹകരണപ്രസ്ഥാനത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. ഒക്ടോബർ വിപ്ലവത്തിന്റെ കാലത്തിനുശേഷം, പുതിയ സാമ്പത്തികനയം കണക്കിലെടുക്കാതിരുന്നാൽത്തന്നെ(നേരേമറിച്ച് പ്രസ്തുതനയംമൂലമാണെന്ന് ഇതുസംബന്ധിച്ച് നമുക്കു പറയേണ്ടിയിരിക്കുന്നു) ഇന്ന് നമ്മുടെ സഹകരണപ്രസ്ഥാനം വമ്പിച്ച പ്രാധാന്യമാർജ്ജിച്ചിട്ടുണ്ടെന്ന് എല്ലാവർക്കും മനസ്സിലായിട്ടില്ല. പഴയ സഹകരണപ്രവത്തകരുടെ സ്വപ്നങ്ങളിൽ വളരെയേറെ മനോരാജ്യമുണ്ട്. പലപ്പോഴും അവ അപഹാസ്യമാംവണ്ണം അയഥാർത്ഥമാണ്. എന്തുകൊണ്ടാണത്? കാരണം, ചൂഷകാധിപത്യം മറിച്ചിടാൻവേണ്ടി തൊഴിലാളിവർഗ്ഗം നടത്തുന്ന രാഷ്ട്രീയസമരത്തിന്റെ അടിസ്ഥാനപരമായ, മൗലികമായ, പ്രാധാന്യം ആളുകൾ മനസ്സിലാക്കുന്നില്ല. ചൂഷകരുടെ ഭരണത്തെ നാം നിഷ്കാസനം ചെയ്തുകഴിഞ്ഞു. അങ്ങിനെ പഴയ സഹകരണപ്രവർത്തകരുടെ സ്വപ്നങ്ങളിൽ അയഥാർത്ഥമായും കാല്പനികമായിപ്പോലും ക്ഷുദ്രമായിപ്പോലുമുണ്ടായിരുന്ന പലതും ഇന്നു കറകളഞ്ഞ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്.

വാസ്തവത്തിൽ, രാഷ്ട്രീയാധികാരം തൊഴിലാളിവഗ്ഗത്തിന്റെ കൈകളിലായതുകൊണ്ടും എല്ലാ ഉല്പാദനോപാധികളും ഈ രാഷ്ട്രീയാധികാരശക്തിയുടെ വകയായതുകൊണ്ടും ജനങ്ങളെ സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കുകയെന്ന ചുമതല മാത്രമേ അവശേഷിക്കുന്നുള്ളൂ. ജനങ്ങളിൽ ഒട്ടുമുക്കാലുംപേർ സഹകരണസംഘങ്ങളിൽ സംഘടിതരാകുന്നതോടെ, വർഗ്ഗസമരവും രാഷ്ട്രീയാധികാരത്തിനുവേണ്ടിയുള്ള സമരവും മറ്റും സംഘടിപ്പിക്കേണ്ടതാണെന്നു ശരിയായി വിശ്വസിച്ചിരുന്നവരുടെ ന്യായമായ ആക്ഷേപങ്ങൾക്കും പരിഹാസത്തിനും അവജ്ഞയ്ക്കും പണ്ട് പാത്രമായിരുന്ന സോഷ്യലിസം അതിന്റെ ലക്ഷ്യം സ്വയമേവ നേടുന്നതാണ്. എങ്കിലും റഷ്യയിലെ ജനങ്ങളെ സഹകരണസംഘങ്ങളിൽ



സംഘടിപ്പിക്കുന്നതിന് ഇന്ന് എത്ര വമ്പിച്ച, എത്ര നിസ്സീമമായ പ്രാധാന്യമാണുള്ളതെന്ന് എല്ലാ സഖാക്കൾക്കും മനസ്സിലായിട്ടില്ല. പുതിയ സാമ്പത്തികനയം അംഗീകരിക്കുന്നതിലൂടെ നാം കഷ്കന് കച്ചവടക്കാരനെന്ന നിലയ്ക്ക് ഒരു വിട്ടുവീഴ്ച ചെയ്തു, സ്വകാര്യകച്ചവടമെന്ന തത്വത്തിനു വിട്ടുവീഴ്ച ചെയ്തു; (ചിലർ കരുതുന്നതിനു വിരുദ്ധമായി) ഇക്കാരണത്താൽത്തന്നെയാണ് സഹകരണപ്രസ്ഥാനം ഇത്ര വമ്പിച്ച പ്രാധാന്യമർഹിക്കുന്നത്. സാരാംശത്തിൽ റഷ്യയിലെ ജനങ്ങളെ വേണ്ടത്ര വിപുലമായ തോതിൽ സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കുകയെന്നതു മാത്രമാണ് പുതിയ സാമ്പത്തികനയത്തിൻകീഴിൽ നാം യഥാർത്ഥത്തിൽ ചെയ്യേണ്ട ഒരേയൊരു കാര്യം. കാരണം, സ്വകാര്യതാല്പര്യത്തെ, സ്വകാര്യകച്ചവടതാല്പര്യത്തെ, അതിന്മേലുള്ള സ്റ്റേറ്റിന്റെ മേൽനോട്ടവും നിയന്ത്രണവുമായി ഏതു തോതിലാണ് കൂട്ടിയോജിപ്പിക്കേണ്ടതെന്ന്, ഏതു തോതിലാണ് അതിനെ പൊതുതാല്പര്യങ്ങൾക്കു വിധേയമാക്കേണ്ടതെന്ന്, നാമിപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. മുമ്പ് ഇതായിരുന്നു പല സോഷ്യലിസ്റ്റുകാരുടേയും മുന്നിലുണ്ടായിരുന്ന കീറാമുട്ടി. വാസ്തവത്തിൽ, എല്ലാ വൻകിട ഉല്പാദനോപാധികളിന്മേലും സ്റ്റേറ്റിന്റെ അധികാരം, തൊഴിലാളിവർഗ്ഗത്തിന്റെ കൈകളിൽ രാഷ്ട്രീയാധികാരം, ചെറുതും വളരെ ചെറുതുമായ ലക്ഷോപലക്ഷം കർഷകരുമായുള്ള ഈ തൊഴിലാളിവർഗ്ഗത്തിന്റെ സഖ്യം, കർഷകരുടെ മേലുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ഉറച്ച നേതൃത്വം, തുടങ്ങിയവ—മുമ്പ് ആക്രിക്കച്ചവടമെന്നു പറഞ്ഞു നാം കളിയാക്കിയിരുന്നതും ഇപ്പോൾ പുതിയ സാമ്പത്തികനയത്തിൻകീഴിൽ, ചില വശങ്ങളിൽനിന്നും അങ്ങിനെ പരിഗണിക്കാൻ നമുക്കവകാശമുള്ളതുമായ സഹകരണസംഘങ്ങളിൽനിന്ന്, അവയിൽനിന്നു മാത്രം, ഒരു പരിപൂർണ്ണസോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കാൻ ഇത്രമാത്രമല്ലേ വേണ്ടൂ? അതിപ്പോഴും സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കലാവില്ല, പക്ഷെ അതിന് ഇത്രമാത്രം മതി.

ഈ സാഹചര്യംതന്നെയാണ് നമ്മുടെ പ്രായോഗികപ്രവർത്തകരിൽ പലരും കുറച്ചുകാണുന്നത്. അവർക്കു നമ്മുടെ സഹകരണസംഘങ്ങളെപ്പറ്റി യാതൊരു മതിപ്പുമില്ല. ഒന്നാമത് തത്വത്തിന്റെ നിലപാടിൽനിന്നും (ഉല്പാദനോപാധികൾ സ്റ്റേറ്റിന്റെ വകയാണ്) രണ്ടാമത് കർഷകനെ സംബന്ധിച്ചിടത്തോളം ഏറ്റവും ലളിതവും നിഷ്പ്രയാസവും സ്വീകാര്യവുമായ മാർഗ്ഗങ്ങളിലൂടെ പുതിയ വ്യവസ്ഥിതിയിലേക്കു പ്രയാണം ചെയ്യുന്നതിന്റെ നിലപാടിൽനിന്നും അവയ്ക്കുള്ള അസാമാന്യമായ പ്രാധാന്യം അവർ മനസ്സിലാക്കുന്നില്ല.

എന്നാലിതും മൗലികപ്രാധാന്യമുള്ള ഒന്നാണ്. എല്ലാത്തരത്തിലുള്ള തൊഴിലാളിസംഘങ്ങളിലൂടെയും സോഷ്യലിസം കെട്ടിപ്പടുക്കാൻ അയഥാർത്ഥമായ പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് ഒരു കാര്യമാണ്; എന്നാൽ ഓരോ ചെറുകിട കർഷകനും പങ്കെടുക്കാൻ കഴിയത്തക്കവണ്ണം പ്രയോഗത്തിൽ സോഷ്യലിസം കെട്ടിപ്പടുക്കാൻ പഠിക്കുകയെന്നത് തികച്ചും മറെറാരു കാര്യമാണ്. ആ ഘട്ടത്തിൽത്തന്നെയാണ് നാമിപ്പോൾ എത്തിയിരിക്കുന്നത്. അവിടെ എത്തിയശേഷം നാം അതിനെ വളരെ കുറച്ചു മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളുവെന്നതിനെപ്പററി യാതൊരു സംശയവുമില്ല.

പുതിയ സാമ്പത്തികനയം ഏർപ്പെടുത്തിയപ്പോൾ നാം ഏറെ കടന്നുപോയി. പക്ഷെ സ്വതന്ത്രവ്യാപാരമെന്ന തത്വത്തിനു് വേണ്ടതിലധികം പ്രാധാന്യം കല്പിച്ചതുകൊണ്ടല്ല, സഹകരണസംഘങ്ങളുടെ പ്രാധാന്യം നാം കാണാതിരുന്നതുകൊണ്ടാണ്, സഹകരണസംഘങ്ങളെ ഇപ്പോൾ നാം വിലകുറച്ചു കാണുന്നതുകൊണ്ടാണ്, മുകളിൽ ചൂണ്ടിക്കാട്ടിയ രണ്ടു നിലപാടുകൾ വച്ചുനോക്കുമ്പോൾ സഹകരണസംഘങ്ങൾക്കുള്ള വമ്പിച്ച പ്രാധാന്യത്തെ നാം ഇതിനകംതന്നെ വിസ്മരിച്ചുതുടങ്ങിയതുകൊണ്ടാണ്, നാം ഏറെ കടന്നുപോയത്.

ഈ ''സഹകരണ'' തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായി ഉടനടി ചെയ്യാവുന്നതും ചെയ്യേണ്ടതുമെന്താണെന്നു ഞാൻ ഇപ്പോൾ വായനക്കാരുമായി ചർച്ചചെയ്യാൻ പോവുകയാണ്. ഈ ''സഹകരണ'' തത്വത്തെ അതിന്റെ സോഷ്യലിസ്റ്റർത്ഥം എല്ലാവർക്കും വ്യക്തമാകുന്ന തരത്തിൽ ഉടനടി എങ്ങിനെ വികസിപ്പിക്കാം, വികസിപ്പിക്കണം?

സഹകരണസംഘങ്ങൾക്കു പൊതുവിൽ ചില പ്രത്യേകാനുകൂല്യങ്ങൾ എല്ലായ്പ്പോഴും ഉണ്ടാവണമെന്നുമാത്രമല്ല അവ തികച്ചും സാമ്പത്തികസ്വഭാവമുള്ളതാവത്തക്കവണ്ണം (അനുകൂലമായ ബാങ്കു നിരക്ക് തുടങ്ങിയവ) അവയെ രാഷ്ട്രീയമായി സംഘടിപ്പിക്കണം. സ്വകാര്യസ്ഥാപനങ്ങൾക്ക്, ഘനവ്യവസായം മുതലായവയ്ക്കുപോലും, കൊടുക്കുന്നതിനേക്കാൾ അല്പമെങ്കിലും കൂടുതൽ തുകവരുന്ന വായ്പകൾ സ്റ്റേററിൽനിന്ന് സഹകരണസംഘങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

ഒരു നിശ്ചിതവർഗ്ഗത്തിന്റെ സാമ്പത്തികപിന്തുണയുണ്ടെങ്കിൽ മാത്രമേ ഒരു സാമൂഹ്യക്രമം വളരുകയുള്ളു. ''സ്വതന്ത്ര''മുതലാളിത്തത്തിന്റെ പിറവിക്കു വേണ്ടിവന്ന കോടാനുകോടി റൂബിളുകളെപ്പററി പറയേണ്ടയാവശ്യമില്ലല്ലൊ. ഇപ്പോൾ സാധാരണയിൽക്കവിഞ്ഞ സഹായം നല്കേണ്ട സാമൂഹ്യവ്യവസ്ഥ സഹകരണസമ്പ്രദായമാണെന്നു നാമിന്നു മനസ്സിലാക്ക



ണം. നാം ആ സഹായം യഥാർത്ഥത്തിൽ നൽകുകയും വേണം. പക്ഷെ സഹായമെന്ന വാക്കിന്റെ യഥാർത്ഥ അർത്ഥത്തിലുള്ളതായിരിക്കണം അത്. അതായത്, ഏതെങ്കിലും തരത്തിലുള്ള സഹകരണവ്യാപാരത്തിനുള്ള സഹായമെന്ന അർത്ഥത്തിൽ അതിനെ വ്യാഖ്യാനിച്ചതുകൊണ്ടായില്ല. യഥാർത്ഥത്തിൽ വമ്പിച്ച ജനവിഭാഗങ്ങൾ വാസ്തവത്തിൽ പങ്കെടുക്കുന്ന സഹകരണവ്യാപാരത്തെ സഹായിക്കുക എന്നതാവണം സഹായമെന്നതുകൊണ്ടു നാം അർത്ഥമാക്കേണ്ടത്. സഹകരണവ്യാപാരത്തിൽ പങ്കെടുക്കുന്ന കർഷകർക്കു ബോണസ്സ് നൽകുകയെന്നത് തീർച്ചയായും ശരിയായ രൂപത്തിലുള്ള സഹായമാണ്. പക്ഷെ ഈ പങ്കാളിത്തത്തിന്റെ സ്വഭാവം പരിശോധിച്ചുനോക്കണമെന്നതാണ്, അതിന്റെ പിന്നിലുള്ള ബോധം നിർണ്ണയിക്കണമെന്നതാണ്, ആ പങ്കാളിത്തത്തിന്റെ ഗുണം നിർണ്ണയിക്കണമെന്നതാണ്, പ്രധാനകാര്യം. ശരിക്കു പറഞ്ഞാൽ, ഒരു സഹകരണപ്രവർത്തകൻ ഗ്രാമത്തിൽ പോയി ഒരു സഹകരണസ്റ്റോർ തുറക്കുമ്പോൾ ആളുകൾ അതിൽ യാതൊരു പങ്കുമെടുക്കുന്നില്ല. പക്ഷെ അതേസമയം സ്വന്തം താല്പര്യങ്ങൾ മുൻനിർത്തി അതിൽ പങ്കെടുക്കാൻ ശ്രമിക്കുന്നതിനു് അവർ തിടുക്കം കൂട്ടും.

ഈ പ്രശ്നത്തിനു മറെറാരു വശമുണ്ട്. ''പ്രബുദ്ധനായ'' (പ്രധാനമായും അക്ഷരാഭ്യാസമുള്ള) യൂറോപ്യന്റെ നിലപാടു വച്ചുനോക്കുകയാണെങ്കിൽ, സഹകരണപ്രവർത്തനങ്ങളിൽ നിഷ്ക്രിയമായിട്ടല്ല സജീവമായി പങ്കെടുക്കാൻ മുഴുവനാളുകളേയും പ്രേരിപ്പിക്കുന്നതിനു് നമുക്കു കാര്യമായിട്ടൊന്നും ചെയ്യാനില്ല. ശരിക്കു പറഞ്ഞാൽ ഒരു കാര്യം മാത്രമേ ചെയ്യാനുള്ളു—സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിൽ എല്ലാവരും പങ്കെടുക്കുന്നതുകൊണ്ടുള്ള എല്ലാ മേന്മകളും മനസ്സിലാക്കത്തക്കവണ്ണം നമ്മുടെ ജനങ്ങളെ ''പ്രബുദ്ധരാക്കുകയും'' അവരെ അതിൽ പങ്കെടുപ്പിക്കുകയും ചെയ്യുക. ഇത്ര''മാത്രം'' മതി. സോഷ്യലിസത്തിലേക്കു മുന്നേറാൻ ഇപ്പോൾ മററു ഉപായങ്ങളൊന്നും ആവശ്യമില്ല. പക്ഷെ ഇതു ''മാത്രം'' നേടാൻ ഒരു വിപ്ലവംതന്നെ വേണ്ടിവരും—ജനങ്ങളാകെ സാംസ്കാരികവളർച്ചയുടെ ഒരു ഘട്ടത്തിലൂടെ കടന്നുപോകേണ്ടതുണ്ടു്. അതുകൊണ്ടു് തത്വജ്ഞാനം പറയുന്നതും വാചകക്കസർത്തുകൾ നടത്തുന്നതും കഴിയുന്നത്ര കുറയ്ക്കുക എന്നതായിരിക്കണം നമ്മുടെ ചട്ടം. ഇക്കാര്യത്തിൽ പുതിയ സാമ്പത്തികനയം മുന്നോട്ടുള്ള ഒരു നീക്കമാണ്. കാരണം, ഏററവും സാധാരണ കർഷകന്റെ നിലവാരവുമായി പൊരുത്തപ്പെടുത്താവുന്നതാണത്. അതിലപ്പുറമൊന്നും അതു് അവനിൽനിന്നാവശ്യപ്പെടുന്നില്ല. എങ്കിലും പുതിയ സാമ്പത്തികനയത്തിലൂടെ

ജനങ്ങളെയാകെ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിൽ പങ്കെടുപ്പിക്കാൻ ഒരു ചരിത്രകാലഘട്ടം മുഴുവൻ വേണ്ടിവരും. ചുരുങ്ങിയ പക്ഷം ഒന്നുരണ്ടു ദശാബ്ദങ്ങളെങ്കിലുമെടുക്കും. എന്നാൽപ്പോലും അതൊരു വ്യക്തമായ ചരിത്രകാലഘട്ടമായിരിക്കും. ഈ ചരിത്രകാലഘട്ടം കൂടാതെ, സാർവ്വത്രികസാക്ഷരത്വമില്ലാതെ, വേണ്ടത്ര കാര്യക്ഷമതയില്ലാതെ, പുസ്തകവായനയെന്ന ശീലം വേണ്ടത്ര നേടാൻ ജനങ്ങളെ പരിശീലിപ്പിക്കാതെ, അതിനാവശ്യമായ ഭൗതികാടിസ്ഥാനമില്ലാതെ, വിളവുദോഷത്തിനും ക്ഷാമത്തിനും മററുമെതിരായി തക്കതായ സംരക്ഷണവ്യവസ്ഥകളില്ലാതെ, നമുക്കു നമ്മുടെ ലക്ഷ്യം നേടാനാവില്ല. വിപുലമായ വിപ്ലവപ്രവർത്തനത്തെ, നാം നിർലോഭമായും വിജയകരമായും പ്രകടിപ്പിച്ച വിപ്ലവോത്സാഹത്തെ, കാര്യശേഷിയും പ്രാപ്തിയുമുള്ള ഒരു കച്ചവടക്കാരനാകാനുള്ള കഴിവുമായി (എന്നുതന്നെ പറയട്ടെ) കൂട്ടിയോജിപ്പിക്കാൻ പഠിക്കുകയാണ് ഇന്നാവശ്യം. നല്ലൊരു സഹകരണപ്രവർത്തകനാവാൻ ഈ കഴിവു മതി. കച്ചവടക്കാരനാവാനുള്ള കഴിവെന്നതുകൊണ്ട് ഞാനുദ്ദേശിച്ചതു് സംസ്കാരസമ്പന്നനായ കച്ചവടക്കാരനാവാനുള്ള കഴിവെന്നാണ്. തങ്ങൾ കച്ചവടം ചെയ്യുന്നതുകൊണ്ടു നല്ല കച്ചവടക്കാരാണെന്നു ധരിച്ചിട്ടുള്ള റഷ്യാക്കാർ, അഥവാ കർഷകർ, ഇക്കാര്യം ഭംഗിയായി മനസ്സിലാക്കണം. അവരുടെ ധാരണ തെററാണ്. അവർ കച്ചവടം ചെയ്യുന്നുണ്ട്, പക്ഷെ അതുകൊണ്ട് സംസ്കാരസമ്പന്നരായ കച്ചവടക്കാരാകുന്നേയില്ല. അവരിപ്പോൾ ഏഷ്യാക്കാരെപ്പോലാണു കച്ചവടം ചെയ്യുന്നതു്. നല്ലൊരു കച്ചവടക്കാരനാവാൻ യൂറോപ്യന്മാരെപ്പോലെ കച്ചവടം ചെയ്യണം. അക്കാര്യത്തിൽ അവർ ഒരു മുഴുവൻ യുഗത്തിനു പിന്നിലാണ്.

ഞാൻ ഉപസംഹരിക്കട്ടെ. സഹകരണസംഘങ്ങൾക്ക് സാമ്പത്തികവും ധനപരവും ബാങ്കുസംബന്ധവുമായ പല പ്രത്യേകാനുകൂല്യങ്ങളും അനുവദിക്കണം—ജനങ്ങളെ സംഘടിപ്പിക്കേണ്ട പുതിയ തത്വത്തെ ഇങ്ങനെയാണ് നമ്മുടെ സോഷ്യലിസ്റ്റ് സ്റ്റേററ് വികസിപ്പിക്കേണ്ടതു്. പക്ഷെ ഇതു് കടമയുടെ ഒരു പൊതുരൂപമേയാകുന്നുള്ളു. പ്രായോഗികകടമയുടെ മുഴുവൻ ഉള്ളടക്കത്തേയും അതു് നിർവ്വചിക്കുകയോ വിശദമായി പ്രതിപാദിക്കുകയോ ചെയ്യുന്നില്ല. അതായതു്, സഹകരണസംഘങ്ങളിൽ ചേരുന്നതിന് ഏതു രൂപത്തിലുള്ള ''ബോണസ്സ്'' (ഏതു വ്യവസ്ഥകളിന്മേൽ) നൽകണം, സഹകരണസംഘങ്ങളെ വേണ്ടത്ര സഹായിക്കാൻ ബോണസ്സിൻെറ രൂപമെന്തായിരിക്കണം, സംസ്കാരസമ്പന്നനായ സഹകരണപ്രവർത്തകനെ സൃഷ്ടിക്കാൻ ഏതു രൂപത്തിലുള്ള ബോണസ്സായിരിക്കണം—ഇതെല്ലാം നാം കണ്ടുപിടിക്കണം. ഉല്പാദനോപാധികൾ പൊതുവുടമയിലാണെങ്കിൽ, തൊഴിലാളിവർഗ്ഗം ബൂർഷ്വാസിയുടെ മേൽ വിജയം വരിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ, സംസ്കാരസമ്പന്നരായ സഹകരണപ്രവർത്തകരുടെ വ്യവസ്ഥയെന്നാൽ സോഷ്യലിസ്റ്റ് വ്യവസ്ഥയെന്നാണർത്ഥം.



ജനുവരി 4, 1923.

## II

പുതിയ സാമ്പത്തികനയത്തെപ്പററി എഴുതുമ്പോളെല്ലാം 1918–ൽ സ്റ്റേററ്മുതലാളിത്തത്തെക്കുറിച്ചു ഞാനെഴുതിയ ലേഖനം[11] ഞാൻ എപ്പോഴും ഉദ്ധരിക്കാറുണ്ട്. ഇതു് ചില യുവസഖാക്കളുടെ മനസ്സിൽ ഒന്നിലധികം പ്രാവശ്യം സംശയമുളവാക്കിയിരിക്കുന്നു. പക്ഷെ അവരുടെ സംശയങ്ങൾ മുഖ്യമായും അമൂർത്തമായ രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ചായിരുന്നു.

ഉല്പാദനോപാധികൾ തൊഴിലാളിവർഗ്ഗത്തിന്, രാഷ്ട്രീയാധികാരം കൈവശമുള്ള ഒരു തൊഴിലാളിവർഗ്ഗത്തിന്, സ്വായത്തമായിട്ടുള്ള ഒരു വ്യവസ്ഥയ്ക്കു ''സ്റ്റേററ്മുതലാളിത്തം'' എന്ന വാക്കു പ്രയോഗിക്കാൻ പാടില്ലെന്ന് അവർക്കു തോന്നുന്നു. എന്നാൽ ഒന്നാമതു് ഇടതുപക്ഷകമ്മ്യൂണിസ്റ്റുകാരെന്നു പറയപ്പെടുന്നവരുമായുള്ള എൻെറ തർക്കത്തിനിടയിലെടുത്തിരുന്ന നിലപാടും നമ്മുടെ ഇന്നത്തെ നിലപാടും തമ്മിലുള്ള ചരിത്രപരമായ ബന്ധം ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ''സ്റ്റേററ് മുതലാളിത്ത''മെന്ന വാക്ക് ഞാനുപയോഗിച്ചതെന്ന കാര്യം അവർ കണ്ടില്ല; കൂടാതെ, നമ്മുടെ നിലവിലുള്ള സമ്പദ്ഘടനയേക്കാൾ ഉയർന്നതായിരിക്കും സ്റ്റേററ് മുതലാളിത്തമെന്നും അന്നു ഞാൻ വാദിക്കുകയുണ്ടായി. സാധാരണ സ്റ്റേററ്മുതലാളിത്തവും പുതിയ സാമ്പത്തികനയത്തെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ ഞാൻ പരാമർശിച്ച അസാധാരണമായ, വളരെ അസാധാരണംപോലുമായ, സ്റ്റേററ് മുതലാളിത്തവും തമ്മിലുള്ള അനുസ്യൂതബന്ധം ചൂണ്ടിക്കാട്ടുകയെന്നതു പ്രധാനമായി ഞാൻ കരുതി. രണ്ടാമതു്, പ്രായോഗികോദ്ദേശം ഞാനെപ്പോഴും പ്രധാനമായി കണ്ടിരുന്നു. നമ്മുടെ പുതിയ സാമ്പത്തികനയത്തിൻെറ പ്രായോഗികോദ്ദേശം വസ്തുക്കൾ സൗജന്യമായി പാട്ടത്തിനു കൊടുക്കുകയെന്നതായിരുന്നു. അന്നു നിലവിലുണ്ടായിരുന്ന സാഹചര്യങ്ങളിൽ നമ്മുടെ രാജ്യത്തു് സൗജന്യവസ്തുക്കളുണ്ടാവുകയെന്നതു് നിസ്സംശ

യമായും സ്റ്റേററ് മുതലാളിത്തത്തിന്റെ തനിരൂപമാകുമായിരുന്ന. സ്റ്റേററ് മുതലാളിത്തത്തെപ്പററി ഇങ്ങനെയാണ ഞാൻ വാദിച്ചത്.

പക്ഷെ മറെറാരു വശത്തുനിന്ന നോക്കിയാലും നമുക്ക് സ്റ്റേററ്മുതലാളിത്തം, അഥവാ അതുമായിട്ടുള്ളൊരു താരതമ്യമെങ്കിലും, ആവശ്യമായി വന്നേക്കും. സഹകരണസംഘങ്ങളുടെ പ്രശ്നമാണത്.

മുതലാളിത്തസ്റ്റേററിൽ സഹകരണസംഘങ്ങൾ കൂട്ടുമുതലാളിത്തസ്ഥാപനങ്ങളാണെന്നതിന സംശയമില്ല. അതേസമയം, നമ്മൾ ദേശവൽക്കരിക്കപ്പെട്ട ഭൂമിയിലും തൊഴിലാളിവർഗ്ഗഭരണകൂടത്തിന്റെ നിയന്ത്രണത്തിലും മാത്രം അനുവദിച്ച സ്വകാര്യമുതലാളിത്തസ്ഥാപനങ്ങളെ അടിയുറച്ച സോഷ്യലിസ്റ്റ് രൂപത്തിലുള്ള (ഉല്പാദനോപാധികളും സ്ഥാപനങ്ങളിരിക്കുന്ന സ്ഥലവും സ്ഥാപനങ്ങളാകെത്തന്നെയും സ്റ്റേററിന്റേതായിട്ടുള്ള) സ്ഥാപനങ്ങളുമായി കൂട്ടിയോജിപ്പിക്കുമ്പോൾ, മൂന്നാമതൊരു രൂപത്തിലുള്ളസ്ഥാപനങ്ങളുടെ പ്രശ്നം ഉദിക്കുന്ന. സഹകരണസംഘങ്ങളാണവ. മററുള്ളവയിൽനിന്ന മൗലികമായി വിഭിന്നമായ ഒരു സ്വതന്ത്രരൂപമായി അവയെ മുമ്പ ഗണിച്ചിരുന്നില്ല. സ്വകാര്യമുതലാളിത്തത്തിൻകീഴിൽ കൂട്ടുസ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങളിൽനിന്ന വ്യത്യസ്തമായിരിക്കുന്നതുപോലാണ് സഹകരണസ്ഥാപനങ്ങൾ മുതലാളിത്തസ്ഥാപനങ്ങളിൽനിന്ന വ്യത്യസ്തമായിരിക്കുന്നത്. സ്റ്റേററ്മുതലാളിത്തത്തിൻകീഴിൽ സഹകരണസ്ഥാപനങ്ങൾ സ്റ്റേററ്മുതലാളിത്തസ്ഥാപനങ്ങളിൽനിന്ന വിഭിന്നമായിരിക്കുന്നത് ഒന്നാമത് അവ സ്വകാര്യസ്ഥാപനങ്ങളായതുകൊണ്ടും രണ്ടാമത് അവ കൂട്ടുസ്ഥാപനങ്ങളായതുകൊണ്ടുമാണ്. നമ്മുടെ ഇന്നത്തെ വ്യവസ്ഥിതിയിൽ സഹകരണസ്ഥാപനങ്ങൾ കൂട്ടുസ്ഥാപനങ്ങളായതുകൊണ്ട് അവ സ്വകാര്യമുതലാളിത്തസ്ഥാപനങ്ങളിൽനിന്ന വ്യത്യസ്തമാണ്. എന്നാൽ അവയിരിക്കുന്ന ഭൂമിയും ഉല്പാദനോപാധികളും സ്റ്റേററിന്റെ—അതായത് തൊഴിലാളിവർഗ്ഗത്തിന്റെ—വകയാണെങ്കിൽ അവ സോഷ്യലിസ്റ്റ് സ്ഥാപനങ്ങളിൽനിന്ന വിഭിന്നമല്ല.

സഹകരണസംഘങ്ങളെക്കുറിച്ച ചർച്ച ചെയ്യുമ്പോൾ ഈ സാഹചര്യം വേണ്ടത്ര പരിഗണിക്കുന്നില്ല. നമ്മുടെ രാഷ്ട്രീയവ്യവസ്ഥിതിയുടെ പ്രത്യേകസവിശേഷതകൾ മൂലം നമ്മുടെ സഹകരണസംഘങ്ങൾ തികച്ചും അസാധാരണമായ ഒരു പ്രാധാന്യം കൈക്കൊള്ളുന്നുണ്ടെന്ന കാര്യം വിസ്മരിക്കപ്പെടുന്ന. സൗജന്യവസ്തുക്കളെ ഒഴിച്ചുനിർത്തുന്നപക്ഷം—അവ ഗണ്യമായ തോതിൽ വളർന്നിട്ടില്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ—നമ്മുടെ സാഹചര്യങ്ങളിൽ സഹകരണപ്രസ്ഥാനം ഏതാണ്ടെല്ലായ്പ്പോഴുംതന്നെ സോഷ്യലിസവുമായി പൂർണ്ണമായി ഏകീഭവിക്കുന്ന.



ഞാനുദ്ദേശിക്കുന്നതെന്താണെന്ന വിശദമാക്കാം. റോബെർട്ട് ഓവൻ മുതൽക്കിങ്ങോട്ടുള്ള പഴയ സഹകരണപ്രവർത്തകരുടെ പദ്ധതികൾ എന്തുകൊണ്ടാണ് അയഥാർത്ഥമായിരുന്നത്? എന്തുകൊണ്ടെന്നാൽ, വർഗ്ഗസമരം, തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കൽ, ചൂഷകവർഗ്ഗത്തിന്റെ ഭരണത്തെ നിഷ്കാസനം ചെയ്യൽ തുടങ്ങിയ മൗലികപ്രശ്നങ്ങൾ കണക്കിലെടുക്കാതെ, സമാധാനപരമായി, നിലവിലുള്ള സമുദായത്തെ സോഷ്യലിസമായി പുനസ്സംവിധാനം ചെയ്യാമെന്ന് അവർ സ്വപ്നം കണ്ടു. അതുകൊണ്ട് ഈ ''സഹകരണ''സോഷ്യലിസം തികച്ചും അയഥാർത്ഥമാണെന്നും ജനങ്ങളെ സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കുന്നതിലൂടെ മാത്രം വർഗ്ഗശത്രുക്കളെ വർഗ്ഗമിത്രങ്ങളായും വർഗ്ഗസമരത്തെ വർഗ്ഗമൈത്രിയായും (അഥവാ വർഗ്ഗസമാധാനമായും) രൂപാന്തരപ്പെടുത്താമെന്ന സ്വപ്നം കാല്പനികവും ബാലിശംപോലുമാണെന്നും നാം കരുതുന്നതു ശരിയാണ്.

അന്നത്തെ മൗലികകടമയുടെ വീക്ഷണത്തിൽനിന്ന നോക്കിയാൽ നമ്മുടെ നിലപാടു നിസ്സംശയമായും ശരിയായിരുന്ന. കാരണം, ഭരണകൂടത്തിൽ രാഷ്ട്രീയാധികാരം നേടുന്നതിനുള്ള വർഗ്ഗസമരം കൂടാതെ സോഷ്യലിസം സ്ഥാപിക്കാൻ സാദ്ധ്യമല്ല.

പക്ഷെ ഇന്ന് രാഷ്ട്രീയാധികാരം തൊഴിലാളിവർഗ്ഗത്തിന്റെ കൈകളിലായിരിക്കുന്ന സ്ഥിതിക്ക്, ചൂഷകരുടെ രാഷ്ട്രീയാധികാരത്തെ തകിടം മറിക്കുകയും (നിശ്ചിതവ്യവസ്ഥകളിന്മേൽ നിശ്ചിതകാലത്തേക്ക് സൗജന്യങ്ങളുടെ രൂപത്തിൽ തൊഴിലാളിവർഗ്ഗസ്റ്റേററ് ചൂഷകർക്ക് സ്വമേധയാ വിട്ടുകൊടുത്തിരിക്കുന്നവ ഒഴികെ) എല്ലാ ഉല്പാദനോപാധികളും തൊഴിലാളിവർഗ്ഗത്തിന്റെ വകയായിരിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക്, സംഗതികൾ എങ്ങിനെ മാറിയിരിക്കുന്നുവെന്ന നോക്കുക.

(മുകളിൽ ചൂണ്ടിക്കാട്ടിയ ''ചെറിയ'' കാര്യമൊഴിച്ചാൽ) സഹകരണപ്രസ്ഥാനത്തിന്റെ മാത്രം വളർച്ച നമ്മെ സംബന്ധിച്ചിടത്തോളം സോഷ്യലിസത്തിന്റെ വളർച്ചതന്നെയാണെന്ന പറയാനുള്ള അവകാശം ഇന്ന നമുക്കുണ്ട്. അതേസമയം സോഷ്യലിസത്തെ സംബന്ധിച്ച നമ്മുടെ വീക്ഷണഗതിയിലാകെത്തന്നെ സമൂലമായ മാററം വന്നിട്ടുണ്ടെന്ന സമ്മതിക്കേണ്ടിയിരിക്കുന്ന. സമൂലമായ മാററം ഇതാണ്:—മുമ്പ് രാഷ്ട്രീയസമരത്തേയും വിപ്ലവത്തേയും രാഷ്ട്രീയാധികാരം പിടിച്ചെടുക്കുന്നതിനേയും മററുമാണ നാം പ്രധാനമായും ഊന്നിയിരുന്നതും ഊന്നേണ്ടിയിരുന്നതും. എന്നാലിന്ന് സമാധാനപരമായ സംഘടനാപ്രവത്തനത്തേയും ''സാംസ്കാരിക''പ്രവർത്തനത്തേയും നാം അധികമധികം ഊന്നി

ക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സാർവ്വദേശീയബന്ധങ്ങൾ ഇന്നത്തേതുപോലായിരുന്നില്ലെങ്കിൽ, ലോകവ്യാപകമായ തോതിൽ നമ്മുടെ നിലനില്പിനുവേണ്ടി നമുക്കു പൊരുതേണ്ടതില്ലായിരുന്നെങ്കിൽ, സാംസ്കാരികപ്രവർത്തനത്തിലാണു നാം അധികമധികം ഊന്നുന്നതെന്നു വേണമായിരുന്നു ഞാൻ പറയാൻ. എന്നാൽ അതൊഴിച്ചുനിർത്തിക്കൊണ്ടു് ആഭ്യന്തരസാമ്പത്തികബന്ധങ്ങളിൽ മാത്രം നാം ഒതുങ്ങിനിൽക്കുന്നപക്ഷം നമ്മുടെ പ്രവർത്തനത്തിൽ നാമിപ്പോൾ അധികമധികം ഊന്നുന്നതു് തീർച്ചയായും സാംസ്കാരികകാര്യത്തിലാണ്.

ഈ കാലഘട്ടത്തിൽ രണ്ടു മുഖ്യകടമകളാണു നമ്മെ നേരിടുന്നതു്. ഒന്നു്, മുൻകാലഘട്ടത്തിൽനിന്നു് അതേപടി നമുക്കു കിട്ടിയതും തീരെ നിരുപയോഗ്യവുമായ നമ്മുടെ ഭരണയന്ത്രം പുനസ്സംഘടിപ്പിക്കുക. നാം സമരം ചെയ്തുകൊണ്ടിരുന്ന കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്കു് നാമതിനെ സമൂലമായി പുനസ്സംഘടിപ്പിച്ചില്ല, അതു സാദ്ധ്യവുമായിരുന്നില്ല. കർഷകർക്കിടയിൽ സാംസ്കാരികപ്രവർത്തനം നടത്തുകയെന്നതാണു നമ്മുടെ രണ്ടാമത്തെ കടമ. കർഷകർക്കിടയിലുള്ള ഈ സാംസ്കാരികപ്രവർത്തനത്തിൻെറ സാമ്പത്തികോദ്ദേശം അവരെ സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കുക എന്നതാണ്. കർഷകരെ മുഴുവൻ സഹകരണസംഘങ്ങളിൽ സംഘടിപ്പിച്ചിരുന്നെങ്കിൽ നാം ഇതിനകം രണ്ടു കാലും സോഷ്യലിസത്തിൻെറ മണ്ണിൽ ഉറപ്പിച്ചു നിലകൊള്ളുമായിരുന്നു. എന്നാൽ കർഷകജനതയെയാകെ സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കണമെങ്കിൽ കർഷകർക്കിടയിൽ (ജനങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന കർഷകർക്കിടയിൽത്തന്നെ) ഒരു ചുരുങ്ങിയ സാംസ്കാരികനിലവാരം ആവശ്യമാണ്. അതാകട്ടെ, യഥാർത്ഥത്തിൽ ഒരു സാംസ്കാരികവിപ്ലവം കൂടാതെ നേടാൻ അസാദ്ധ്യവുമാണ്.

വേണ്ടത്ര സംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത ഒരു രാജ്യത്തു് സോഷ്യലിസം സ്ഥാപിക്കാനൊരുമ്പെട്ട നമ്മൾ സാഹസമാണു ചെയ്യുന്നതെന്നു് നമ്മുടെ എതിരാളികൾ നമ്മോടു് ആവർത്തിച്ചു പറഞ്ഞു . എന്നാൽ സിദ്ധാന്തപ്രകാരം (നാനാതരം പണ്ഡിതമ്മന്യന്മാരുടെ സിദ്ധാന്തപ്രകാരം) നിർദ്ദേശിച്ചിട്ടുള്ളതിൻെറ നേരേ എതിരററത്തുനിന്നു നമ്മൾ തുടങ്ങിയതു് അവരെ വഴിതെററിക്കുകയാണുണ്ടായതു്. കാരണം, നമ്മുടെ രാജ്യത്തു് രാഷ്ട്രീയ—സാമൂഹ്യവിപ്ലവം നടന്നതു് സാംസ്കാരികവിപ്ലവത്തിനു മുമ്പാണ്. ഏതായാലും ഇന്നു് ഇതേ സാംസ്കാരികവിപ്ലവമാണു നമ്മെ അഭിമുഖീകരിക്കുന്നതു്.

നമ്മുടെ രാജ്യത്തെ ഒരു തികഞ്ഞ സോഷ്യലിസ്റ്റ്രാഷ്ട്രമായി മാററാൻ ഇന്നു് ഈ സാംസ്കാരികവിപ്ലവം മതിയാകും. പക്ഷെ തികച്ചും സാംസ്കാരികവും (കാരണം നാം നിരക്ഷരരാണ്) ഭൗതികവും (കാരണം, സംസ്കാരം സിദ്ധിക്കണമെങ്കിൽ ഉല്പാദനത്തിനുള്ള ഭൗതികോപാധികൾ കുറെ വളർന്നിരിക്കണം, ഭൗതികാടിത്തറ കുറെ ഉണ്ടായിരിക്കണം) ആയ വമ്പിച്ച വൈഷമ്യങ്ങൾ അതിൻെറ മുന്നിലുണ്ടു്.



ജനുവരി 6, 1923

ആദ്യമായി 1923 മേയ് 26, 27 തീയതികളിൽ ''പ്രാവ്ദ''യിൽ (ലക്കം 115, 116) പ്രസിദ്ധീകരിച്ചു
എൻ. ലെനിൻ എന്ന പേരിൽ എഴുതിയതു്

സെക്രട്ടറിയുടെ കുറിപ്പുകളിൽ(ടൈപ്പു ചെയ്ത കോപ്പി)നിന്നു പ്രസിദ്ധപ്പെടുത്തിയതു്, പത്രത്തിലെ പാഠവുമായി ഒത്തുനോക്കിയതു്

# നമ്മുടെ വിപ്ലവത്തെപ്പററി

## (എൻ. സുഖാനൊവിന്റെ കുറിപ്പിനെ സംബന്ധിച്ച്)

### I

വിപ്ലവത്തെസ്സംബന്ധിച്ച സുഖാനൊവിന്റെ കുറിപ്പുകൾ ഞാൻ ഈയിടെ മറിച്ചു നോക്കുകയായിരുന്നു. നമ്മുടെ എല്ലാ പെററിബൂർഷ്വാ ജനാധിപത്യവാദികളുടേയും രണ്ടാം ഇൻറർനാഷനലിന്റെ എല്ലാ വീരന്മാരുടേയും പാണ്ഡിത്യഗർവ്വാണ് നമ്മുടെ മനസ്സിൽ ഏററവുമധികം പതിയുന്ന സംഗതി. അവരെല്ലാവരും അങ്ങേയററം ദുർബ്ബലഹൃദയരാണെന്ന വസ്തുതയ്ക്കു പുറമേ, ജർമ്മൻ മാതൃകയിൽനിന്നുമുള്ള ഏററവും നിസ്സാരമായ വ്യതിയാനത്തിന്റെ കാര്യത്തിൽ അവരിൽ ഏററവും നല്ലയാളുകൾപോലും വ്യവസ്ഥകൾകൊണ്ട് തങ്ങൾക്കുചുററും ഒരു കോട്ട കെട്ടുമെന്ന വസ്തുതയ്ക്കു പുറമേ—എല്ലാ പെററിബൂർഷ്വാജനാധിപത്യവാദികൾക്കും പൊതുവായ ഈ സ്വഭാവവിശേഷം വിപ്ലവത്തിന്റെ ആദ്യന്തം അവർ വേണ്ടിടത്തോളം പ്രകടമാക്കിയിട്ടുണ്ട്—നമ്മുടെ ശ്രദ്ധയിൽ പെടുന്നത് കഴിഞ്ഞ കാലത്തെ അവർ അടിമമനോഭാവത്തോടെ അനുകരിക്കുന്നുവെന്നതാണ്.

അവർ മാർക്സിസ്റ്റുകാരാണെന്നാണു സ്വയം വിളിക്കുന്നത്. പക്ഷെ മാർക്സിസത്തെക്കുറിച്ചുള്ള അവരുടെ ധാരണ അസഹ്യമാംവിധം പാണ്ഡിത്യഗർവ്വ് നിറഞ്ഞതാണ്. മാർക്സിസത്തിൽ നിർണ്ണായകമായിട്ടുള്ള സംഗതി, അതായത്, അതിന്റെ വിപ്ലവപരമായ വൈരുദ്ധ്യാത്മകത്വം, മനസ്സിലാക്കുന്നതിൽ അവർ തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. വിപ്ലവത്തിന്റെ അവസരങ്ങളിൽ അങ്ങേയററം അയവുള്ള നിലപാട്[12] ആവശ്യമാണെന്ന മാർക്സിന്റെ വ്യക്തമായ പ്രസ്താവനകൾ മനസ്സിലാക്കുന്ന കാര്യത്തിൽപ്പോലും അവർ അമ്പേ പരാജയമടഞ്ഞിരിക്കു



കയാണ്. ഉദാഹരണത്തിന്, ജർമ്മനിയിൽ ഒരു വിപ്ലവപരിതസ്ഥിതി ഉളവാക്കിയേക്കാവുന്ന കാർഷികയുദ്ധത്തെ തൊഴിലാളിവർഗ്ഗപ്രസ്ഥാനവുമായി യോജിപ്പിക്കാനൊക്കുമെന്ന പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട് മാർക്സ് തന്റെ കത്തുകളിൽ ചെയ്ത പ്രസ്താവന[13]പോലും—1856–ലായിരുന്നു അതെന്നാണ് എനിക്കു തോന്നുന്നത്—അവർ കണ്ടിട്ടില്ല. വ്യക്തമായ ഈ പ്രസ്താവനയിൽനിന്നുപോലും ഒഴിഞ്ഞുമാറുകയും ചൂടുള്ള പായസമിരിക്കുന്ന കിണ്ണത്തിന്റെ ചുററും പൂച്ച നടക്കുന്നതുപോലെ അതിനു ചുററും നടക്കുകയുമാണ് അവർ ചെയ്യുന്നത്.

ബൂർഷ്വാസിയിൽനിന്ന് വിട്ടുമാറുന്നതോ പോകട്ടെ, അവരിൽനിന്നു വ്യതിചലിക്കാൻപോലും ഭയപ്പെടുന്ന ഭീരുക്കളായ മിതവാദികളാണു തങ്ങളെന്ന് ഇക്കൂട്ടർ അവരുടെ മുഴുവൻ പെരുമാററംകൊണ്ട് വെളിപ്പെടുത്തിയിട്ടുണ്ട്. അതേ സമയം, അങ്ങേയററത്തെ ചപ്പടാച്ചിയും പൊങ്ങച്ചം പറച്ചിലും കൊണ്ട് അവർ അവരുടെ ഭീരുത്വത്തെ മറച്ചുവയ്ക്കുന്നു. എന്നാൽ തികച്ചും താത്വികമായ നിലപാടിൽ നിന്നുകൊണ്ടു നോക്കിയാൽപ്പോലും, താഴെ കൊടുക്കുന്ന മാർക്സിസ്റ്റ് പരിഗണനകൾ ഗ്രഹിക്കാൻ അവർ തുലോം അശക്തരാണെന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽ പെടുന്നതാണ്. പടിഞ്ഞാറൻ യൂറോപ്പിൽ മുതലാളിത്തവും ബൂർഷ്വാ ജനാധിപത്യവും ഇതേവരെ ഒരു പ്രത്യേകവികസനപാത പിന്തുടർന്നുവന്നിട്ടുള്ളത് അവർ കണ്ടിട്ടുണ്ട്. Mutatis mutandis* മാത്രമേ, ചില ഭേദഗതികളോടുകൂടിമാത്രമേ (ലോകചരിത്രത്തിന്റെ പൊതുവികാസത്തിന്റെ നിലപാടു വച്ചുനോക്കിയാൽ അവ നിസ്സാരമാണ്) ഈ പാതയെ ഒരു മാതൃകയായി സ്വീകരിക്കാൻ കഴിയൂ എന്ന സംഗതി അവർക്കു മനസ്സിലാകുന്നേയില്ല.

ഒന്നാമത്—ഒന്നാം സാമ്രാജ്യത്വലോകമഹായുദ്ധത്തോടു ബന്ധപ്പെട്ടുണ്ടായ വിപ്ലവം. യുദ്ധത്തിൽനിന്നുതന്നെ ഉളവായ പുതിയ സവിശേഷതകൾ അഥവാ വ്യത്യാസങ്ങൾ അത്തരമൊരു വിപ്ലവത്തിൽ വെളിപ്പെടുകയെന്നത് തികച്ചും അനിവാര്യമായിരുന്നു. കാരണം അങ്ങിനെയൊരു പരിതസ്ഥിതിയിൽ അത്തരമൊരു യുദ്ധം ലോകം കണ്ടിട്ടേയില്ല. ഏററവും സമ്പന്നമായിട്ടുള്ള രാജ്യങ്ങളിലെ ബൂർഷ്വാസിക്ക് യുദ്ധത്തിനുശേഷം ഇതേവരെ ''സാധാരണഗതിയിലുള്ള'' ബൂർഷ്വാബന്ധങ്ങൾ പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നാം കാണുന്ന ഒരു സംഗതിയാണ്. എന്നിട്ടും നമ്മുടെ മിതവാദികൾ—വിപ്ലവകാരികളാണെന്നു ഭാവിച്ചു നടക്കുന്ന പെററിബൂഷ്വാകൾ—വിശ്വസിച്ചു, ഇന്നും

*ആവശ്യമായ മാററങ്ങളോടുകൂടി.—പ്രസാധകർ.

വിശ്വസിക്കുന്ന, സാധാരണഗതിയിലുള്ള ബൂർഷ്വാബന്ധങ്ങളാണ്‌ നമുക്കു പോകാവുന്നതിന്റെ പരിധി എന്ന്‌ (ഇതുവരെ പോകാം, ഇതിനപ്പുറം പാടില്ല). ''സാധാരണഗതി''യെക്കുറിച്ചു അവർക്കുള്ള ധാരണ തന്നെ അങ്ങേയററം സങ്കുചിതവും അച്ചിലിട്ടു വാർത്തെടുത്ത മട്ടിലുള്ളതുമാണ്‌.

രണ്ടാമതു്, ലോകചരിത്രത്തിന്റെ വികാസം മൊത്തത്തിൽ ചില പൊതുനിയമങ്ങളെ അനുസരിക്കുന്ന അവസരത്തിൽത്തന്നെ, ചില വികാസദശകൾ ആ വികാസത്തിന്റെ രൂപത്തിലോ അനുക്രമത്തിലോ ചില പ്രത്യേകതകൾ വെളിപ്പെടുത്തിയേക്കാമെന്നതു് അല്പംപോലും അസംഭാവ്യമല്ലെന്നു മാത്രമല്ല നേരേമറിച്ചു് അങ്ങിനെ സംഭവിക്കുമെന്നതു് അംഗീകരിക്കപ്പെടുകകൂടിചെയ്തിട്ടുണ്ടെന്ന ആശയത്തോടു് അവർ തികച്ചും അപരിചിതരാണ്‌. ഉദാഹരണത്തിനു്, പരിഷ്കൃതരാജ്യങ്ങൾക്കും ഈ യുദ്ധം നിമിത്തം പരിഷ്കാരത്തിന്റെ പരിധികളിൽ ആദ്യമായി ഖണ്ഡിതമായും കൊണ്ടുവരപ്പെട്ടിട്ടുള്ള രാജ്യങ്ങൾക്കും, അതായതു് പൂർവ്വദേശത്തുള്ള, യൂറോപ്യനല്ലാത്ത, എല്ലാ രാജ്യങ്ങൾക്കും, ഇടയ്ക്കുള്ള അതിർത്തിവരമ്പിൽ റഷ്യ സ്ഥിതിചെയ്യുന്നതുകൊണ്ടു് ചില വ്യക്തമായ സവിശേഷതകൾ അവിടെ പ്രത്യക്ഷപ്പെട്ടേക്കുമെന്നും സത്യത്തിൽ പ്രത്യക്ഷപ്പെടാതിരിക്കാൻ നിർവ്വാഹമില്ലെന്നുമുള്ള സംഗതി അവരുടെ ശ്രദ്ധയിൽ പെട്ടിട്ടേയില്ല; അവ ലോകവികാസത്തിന്റെ പൊതുവിലുള്ള ഗതിക്കനുസൃതമാണെങ്കിൽക്കൂടി, റഷ്യയിലെ വിപ്ലവത്തെ പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽ നടന്ന വിപ്ലവത്തിൽനിന്നു് അവ വേർതിരിക്കുകയും പൗരസ്ത്യരാജ്യങ്ങളിലേക്കു വിപ്ലവം നീങ്ങുന്നതനുസരിച്ചു് അതിൽ ഭാഗികമായ ചില പുതിയ സവിശേഷതകൾ കൊണ്ടുവരികയും ചെയ്യുന്നു.

ഉദാഹരണത്തിനു്, പശ്ചിമയൂറോപ്യൻ സോഷ്യൽഡെമോക്രസിയുടെ വളർച്ചയ്ക്കിടയിൽ അവർ ഉരുവിട്ടുപഠിച്ച ഒരു വാദം, അതായതു് നാം ഇനിയും സോഷ്യലിസത്തിനുവേണ്ടി പരിപക്വമായിട്ടില്ലെന്ന, അവരുടെയിടയിലുള്ള ചില ''പണ്ഡിത''മ്മന്യന്മാരുടെ വാക്കുകളിൽ പറഞ്ഞാൽ, സോഷ്യലിസത്തിനു വേണ്ട വസ്തുനിഷ്ഠമായ സാമ്പത്തികോപാധികൾ നമ്മുടെ രാജ്യത്തു നിലനില്ക്കുന്നില്ലെന്ന, വാദം അങ്ങേയററം അച്ചിലിട്ടു വാർത്തെടുത്ത മട്ടിലുള്ള ഒന്നാണ്‌. പക്ഷേ, ഒന്നാം സാമ്രാജ്യത്വയുദ്ധത്തിനിടയ്ക്കു് ഉളവായതുപോലുള്ള ഒരു വിപ്ലവപരിതസ്ഥിതിയിലെത്തിയ ജനത എന്താണു ചെയ്യേണ്ടതു് എന്നു ചോദിക്കാൻ അവരിലാർക്കുംതന്നെ തോന്നുന്നില്ല. നാഗരികതയുടെ മുന്നോട്ടുള്ള വളർച്ചയ്ക്കുവേണ്ടി കുറേയൊക്കെ അസാധാരണമായ സാഹചര്യങ്ങൾ നേ



ടിക്കിട്ടാൻ അല്പമെങ്കിലും സാദ്ധ്യത നല്കുന്ന ഒരു സമരത്തിലേക്കു ആ ജനത, യാതൊരാശങ്കയും വകനല്കാത്ത ഒരവസ്ഥയുടെ പ്രേരണയാൽ, കുതിച്ചുചാടാവുന്നതല്ലേ?

''റഷ്യയിലെ ഉല്പാദനശക്തികളുടെ വളർച്ച സോഷ്യലിസം സാദ്ധ്യമാകുന്ന നിലവാരത്തിൽ എത്തിയിട്ടില്ല.'' സുഖാനോവ്‌ ഉൾപ്പെടെ രണ്ടാം ഇൻറർനാഷനലിന്റെ എല്ലാ വീരന്മാരും ഈ പ്രമേയത്തെക്കുറിച്ചു് കൊട്ടിഘോഷിക്കാറുണ്ടു്. അനിഷേദ്ധ്യമായ ഈ പ്രമേയത്തെ ഒരായിരം വിവിധസ്വരങ്ങളിൽ അവർ ഉരുവിട്ടുകൊണ്ടേയിരിക്കുന്നു. നമ്മുടെ വിപ്ലവത്തിന്റെ നിർണ്ണായകമായ മാനദണ്ഡം ഇതാണെന്നവർ വിശ്വസിക്കുന്നു.

ഒന്നാമതായി, ഏറെക്കുറെ സ്വാധീനശക്തിയുള്ള സകല പശ്ചിമയൂറോപ്യൻ രാജ്യങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടു് സാമ്രാജ്യത്വലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ, പൂർവ്വദേശത്തു് പരിപക്വമായിവന്നിരുന്ന അഥവാ ഭാഗികമായി തുടങ്ങിക്കഴിഞ്ഞിരുന്ന വിപ്ലവങ്ങൾക്കു തൊട്ടുമുമ്പുള്ള റഷ്യയേയും റഷ്യയുടെ വളർച്ചയേയും, പ്രഷ്യയുടെ മുമ്പിലുള്ള ഒരു സാദ്ധ്യതയായി 1856-ൽ മാർക്സുതന്നെ—അതിൽ കുറഞ്ഞ ''മാർക്സിസ്റ്റ്''കാരാരുമല്ല — നിർദ്ദേശിച്ചതുപോലെത്തന്നെ ''കർഷകയുദ്ധ''ത്തെ തൊഴിലാളിവർഗ്ഗപ്രസ്ഥാനവുമായി കൂട്ടിയോജിപ്പിക്കാൻ നമുക്കു കഴിവുണ്ടാക്കിത്തന്ന ഒരു പരിതസ്ഥിതിയിൽ ചില പ്രത്യേകസാഹചര്യങ്ങൾ കൊണ്ടുചെന്നെത്തിച്ചിട്ടുണ്ടെങ്കിൽ എന്താണു വേണ്ടതു്?

തൊഴിലാളികളുടേയും കൃഷിക്കാരുടേയും പരിശ്രമങ്ങളെ പതിന്മടങ്ങു പ്രോത്സാഹിപ്പിക്കുന്നതിൽക്കൂടി പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽനിന്നും വിഭിന്നമായൊരു രീതിയിൽ നാഗരികതയുടെ മൗലികോപാധികൾ സൃഷ്ടിക്കാനുള്ള ഒരവസരം സകല ആശയുമററ പരിതസ്ഥിതി നമുക്കു നല്കിയെങ്കിലോ? ലോകചരിത്രത്തിന്റെ പൊതുവികാസഗതി അതുമൂലം മാറിയെന്നു വരുമോ? ലോകചരിത്രത്തിന്റെ പൊതുഗതിയിലേക്കു് ആകൃഷ്ടമായിക്കൊണ്ടിരിക്കുകയോ ആകൃഷ്ടമായിക്കഴിയുകയോ ചെയ്തിട്ടുള്ള എല്ലാ രാജ്യങ്ങളിലേയും അടിസ്ഥാനപരമായ വർഗ്ഗങ്ങൾ തമ്മിലുള്ള മൗലികബന്ധങ്ങൾ അതുമൂലം മാറിയെന്നു വരുമോ?

സോഷ്യലിസത്തിന്റെ നിർമ്മാണത്തിനു് ഒരു പ്രത്യേക സാംസ്കാരികനിലവാരം ആവശ്യമാണെന്നുണ്ടെങ്കിൽ (ഈ പ്രത്യേക ''സാംസ്കാരികനിലവാരം'' എന്താണെന്നു പറയാൻ ആരെക്കൊണ്ടുമാവില്ല; കാരണം, പടിഞ്ഞാറൻ യൂറോപ്പിലുള്ള ഓരോ രാജ്യത്തും അതു വ്യത്യസ്തമാണ്‌), നമുക്കെന്തുകൊണ്ടു് ആദ്യം ആ പ്രത്യേക സാംസ്കാരികനില

വാരത്തിനാവശ്യമായ പൂർവ്വോപാധികൾ വിപ്ലവാത്മകമായി നേടിക്കൊണ്ടുതുടങ്ങുകയും പിന്നീടു് തൊഴിലാളി–കർഷക ഗവണ്മെൻറിന്റേയും സോവിയററ് സമ്പ്രദായത്തിന്റേയും സഹായത്തോടുകൂടി മററു രാഷ്ട്രങ്ങളോടൊപ്പമെത്താനായി നീങ്ങുകയും ചെയ്തു കൂടാ?

ജനുവരി 16, 1923.

## II

സോഷ്യലിസം കെട്ടിപ്പടുക്കാനായി നാഗരികത ആവശ്യമാണെന്നു നിങ്ങൾ പറയുന്നു. വളരെ നല്ലതു്. പക്ഷെ നമുക്കെന്തുകൊണ്ടു് ഭൂവുടമകളുടേയും റഷ്യൻ മുതലാളിമാരുടേയും ബഹിഷ്കരണംപോലുള്ള നാഗരികതയുടെ പൂർവ്വോപാധികൾ ആദ്യം സൃഷ്ടിക്കുകയും പിന്നീടു് സോഷ്യലിസത്തിലേക്കു നീങ്ങാൻ തുടങ്ങുകയും ചെയ്തുകൂടായിരുന്നു? സാധാരണഗതിയിലുള്ള ചരിത്രപരമായ ക്രമത്തിൽ അത്തരം ഭേദഗതികൾ വരുത്തുന്നതു് അനുവദനീയമല്ലെന്നോ അസാദ്ധ്യമാണെന്നോ നിങ്ങൾ എവിടെ, ഏതു പുസ്തകങ്ങളിലാണു വായിച്ചിട്ടുള്ളതു്?

നെപ്പോളിയനാണെന്നു തോന്നുന്നു ഇങ്ങനെ എഴുതിയതു്: "On s'engage et puis...on voit". സ്വതന്ത്രമായി തർജ്ജമചെയ്യുന്ന പക്ഷം അതിന്റെ അർത്ഥമിതാണു്: ''ആദ്യം ഗൗരവമേറിയ ഒരു യുദ്ധത്തിൽ ഏർപ്പെടുക, എന്നിട്ടു നോക്കു എന്തു സംഭവിക്കുന്നുവെന്നു്.'' നമ്മൾ ആദ്യം ഗൗരവമേറിയ ഒരു യുദ്ധത്തിൽ 1917 ഒക്ടോബറിൽ ഏർപ്പെടുകയുണ്ടായി. അതിനുശേഷം, ബ്രെസ്റ്റ്സമാധാനം[14], പുതിയ സാമ്പത്തികനയം തുടങ്ങിയ, വികാസത്തിന്റെ വിശദാംശങ്ങൾ നാം കണ്ടു (ലോകചരിത്രത്തിന്റെ നിലപാടു വച്ചുനോക്കുന്നപക്ഷം അവ നിശ്ചയമായും വിശദാംശങ്ങളാണു്.) പ്രധാനപ്പെട്ട സംഗതികളിൽ നാം വിജയിച്ചുവെന്നതിനെപ്പററി ഇപ്പോൾ സംശയത്തിനവകാശമില്ല.

പൊതുവിൽ മറെറാരുതരത്തിലും വിപ്ലവങ്ങളുണ്ടാക്കാനൊക്കുകയില്ലെന്നു നമ്മുടെ സുഖാനൊവ്മാർ—അതിലും വലതുപക്ഷത്തു നില്ക്കുന്ന സോഷ്യൽഡെമോക്രാററുകളുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ—സ്വപ്നത്തിൽപ്പോലും വിചാരിക്കുന്നില്ല. താരതമ്യേന വളരെ വമ്പിച്ച ജനസംഖ്യയും സാമൂഹ്യസ്ഥിതിഗതികളിൽ വളരെ വമ്പിച്ച വൈജാത്യവുമുള്ള പൗരസ്ത്യരാജ്യങ്ങളിൽ മേലിലുണ്ടാകുന്ന വിപ്ലവങ്ങൾ റഷ്യൻ വിപ്ലവത്തേക്കാൾ ഗണ്യമായ പ്രത്യേകതകൾ നിസ്സംശയം പ്രകടിപ്പി



ക്കുമെന്നു് നമ്മുടെ യൂറോപ്യൻ ഫിലിസ്റ്റൈനുകൾ സ്വപ്നത്തിൽപ്പോലും ചിന്തിക്കുന്നില്ല.

കൗട്സ്കിയൻ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു പാഠപുസ്തകം ഒരുകാലത്തു് വളരെ പ്രയോജനകരമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലൊ. എങ്കിൽപ്പോലും, പിന്നീടുള്ള ലോകചരിത്രത്തിന്റെ വികാസരൂപങ്ങൾ എന്തെല്ലാമായിരിക്കുമെന്നു് അതു മുൻകൂട്ടി കണ്ടുവെന്ന ധാരണ ഉപേക്ഷിക്കേണ്ട സമയമായിരിക്കുന്നു. അങ്ങനെ കരുതുന്നവർ വെറും വിഡ്ഢികളാണെന്നു പറയുന്നതു് സമയോചിതമായിരിക്കും.

ജനുവരി 17, 1923

1923 മേയ് 30–ാംനു ആദ്യമായി ''പ്രാവ്ദ''യിൽ (ലക്കം 117) പ്രസിദ്ധീകരിച്ചു ''ലെനിൻ'' എന്ന പേരിൽ എഴുതപ്പെട്ടതു്

സെക്രട്ടറിയുടെ കുറിപ്പുകളിൽ (ടൈപ്പു ചെയ്ത കോപ്പി)നിന്നും പ്രസിദ്ധപ്പെടുത്തിയതു് പത്രത്തിലെ പാഠവുമായി ഒത്തുനോക്കിയതു്

# തൊഴിലാളി—കർഷക പരിശോധകസമിതി പുനസ്സംഘടിപ്പിക്കേണ്ടതെങ്ങിനെ

## (പന്ത്രണ്ടാം പാർട്ടികോൺഗ്രസ്സിനുള്ള ശുപാർശ)

തൊഴിലാളി—കർഷകപരിശോധകസമിതി നമുക്കു വമ്പിച്ച വിഷമതയുളവാക്കുന്നുണ്ടെന്നതും ആ വിഷമത ഇനിയും തരണം ചെയ്തിട്ടില്ലെന്നതും തർക്കമററ കാര്യമാണു്. തൊഴിലാളി—കർഷകപരിശോധകസമിതിയുടെ പ്രയോജനത്തേയും ആവശ്യകതയേയും നിഷേധിച്ചുകൊണ്ടു് വിഷമത തരണം ചെയ്യാൻ നോക്കുന്ന സഖാക്കൾ ചെയ്യുന്നതു ശരിയല്ലെന്നു് എനിക്കു തോന്നുന്നു. എങ്കിലും നമ്മുടെ ഭരണയന്ത്രം ഉന്നയിക്കുന്ന പ്രശ്നവും അതു മെച്ചപ്പെടുത്തുകയെന്ന കടമയും വളരെ വിഷമകരമാണെന്നും അതു് ഒട്ടുംതന്നെ പരിഹരിച്ചിട്ടില്ലെന്നും അങ്ങേയററം അടിയന്തിരപ്രാധാന്യമുള്ള ഒന്നാണതെന്നും ഞാൻ നിഷേധിക്കുന്നില്ല.

ജനകീയവിദേശകാര്യകമ്മിസാറിയററൊഴികെ നമ്മുടെ ഭരണയന്ത്രം ഒരു ഗണ്യമായ പരിധിവരെ കഴിഞ്ഞ കാലത്തിന്റെ തുടർച്ചയാണു്. കാര്യമായ യാതൊരു മാററവും അതിനുണ്ടായിട്ടില്ലെന്നു പറയാം. തൊലിപ്പുറത്തു് അല്പം ചില മിനുക്കുപണികളൊഴിച്ചാൽ മററെല്ലാ കാര്യത്തിലും അതു് നമ്മുടെ പഴയ ഭരണയന്ത്രത്തിന്റെ ഏററവും സവിശേഷമായ ഒരു അവശിഷ്ടമാണു്. അതു യഥാർത്ഥത്തിൽ ഉടച്ചുവാർക്കാനുള്ള വിധത്തിനു് നമ്മുടെ ആഭ്യന്തരയുദ്ധത്തിന്റെ അനുഭവത്തിലേക്കു തിരിയണമെന്നാണു് എനിക്കു തോന്നുന്നതു്.

ആഭ്യന്തരയുദ്ധത്തിൽ കൂടുതൽ ഗുരുതരമായിരുന്ന സന്ദർഭങ്ങളിൽ നാം എങ്ങിനെയാണു പെരുമാറിയതു്?

പാർട്ടിയുടെ ഏററവും നല്ല ശക്തികളെ നാം ചുവപ്പുസേനയിൽ കേന്ദ്രീകരിച്ചു. നമ്മുടെ ഏററവും നല്ല തൊഴിലാളികളെ നാം അണി



നിരത്തി; നമ്മുടെ സർവ്വാധിപത്യത്തിന്റെ അടിത്തട്ടിൽ നാം പുതിയ ശക്തികളെ ആരാഞ്ഞു.

തൊഴിലാളി—കഷ്കപരിശോധകസമിതി പുനസ്സംഘടിപ്പിക്കേണ്ട വിധം കണ്ടെത്താനും നാം അതേ ഉറവിടത്തിലേക്കു പോകണമെന്നാണു് എന്റെ ബോദ്ധ്യം. നമ്മുടെ കേന്ദ്രകൺട്രോൾ കമ്മീഷൻ കുറെ വിപുലപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുക്കുന്ന പുനസ്സംഘടനാപദ്ധതി നമ്മുടെ പന്ത്രണ്ടാം പാർട്ടി കോൺഗ്രസ്സ് അംഗീകരിക്കണമെന്നു ഞാൻ ശുപാർശ ചെയ്യുന്നു.

നമ്മുടെ പാർട്ടിയുടെ കേന്ദ്രക്കമ്മിററിയുടെ സമ്പൂർണ്ണയോഗങ്ങൾ ഒരുതരം പരമോന്നതപാർട്ടിസമ്മേളനമായിത്തീരാനുള്ള പ്രവണത ഇപ്പോൾത്തന്നെ വെളിപ്പെടുത്തുന്നുണ്ടു്. ശരാശരി രണ്ടു മാസത്തിലൊരു തവണയിൽ കൂടുതൽ അവ കൂടാറില്ല. കേന്ദ്രക്കമ്മിററിയുടെ പേരിൽ ദൈനംദിനപ്രവർത്തനം നടത്തുന്നതു് നമ്മുടെ രാഷ്ട്രീയബ്യൂറോയും സംഘടനാബ്യൂറോയും സെക്രട്ടറിയേററും മററുമാണെന്നറിയാമല്ലൊ. നാം അംഗീകരിച്ച ഈ പാത അങ്ങേയററം വരെ പിന്തുടരണമെന്നും കേന്ദ്രക്കമ്മിററിയുടെ സമ്പൂർണ്ണയോഗങ്ങളെ കേന്ദ്രകൺട്രോൾ കമ്മീഷനൊന്നിച്ചു രണ്ടുമാസത്തിലൊരിക്കൽ കൂടുന്ന പരമോന്നതപാർട്ടിസമ്മേളനങ്ങളായി തീർച്ചയായും മാററണമെന്നുമാണു് എന്റെ അഭിപ്രായം. കേന്ദ്രകൺട്രോൾ കമ്മീഷനെ പുനസ്സംഘടിക്കപ്പെട്ട തൊഴിലാളി—കർഷകപരിശോധകസമിതിയുടെ പ്രധാനഘടകവുമായി താഴെപ്പറയുന്ന അടിസ്ഥാനത്തിൽ ലയിപ്പിക്കേണ്ടതാണു്.

കോൺഗ്രസ്സ് 75—നും 100—നുമിടയ്ക്കു് പുതിയ അംഗങ്ങളെ കേന്ദ്രകൺട്രോൾ കമ്മീഷനിലേക്കു തിരഞ്ഞെടുക്കണമെന്നാണു് എന്റെ നിർദ്ദേശം (ഇതൊരു ഏകദേശക്കണക്കുമാത്രമാണു്). അവർ തൊഴിലാളികളും കർഷകരുമായിരിക്കണം; സാധാരണ കേന്ദ്രക്കമ്മിററിയംഗങ്ങളെപ്പോലെതന്നെ അതേ പാർട്ടിപരിശോധന കഴിഞ്ഞേ അവരെ എടുക്കാവൂ. കാരണം കേന്ദ്രക്കമ്മിററിയംഗങ്ങൾക്കുള്ള അതേ അവകാശങ്ങൾ അവരും അനുഭവിക്കുന്നതാണു്.

മറുഭാഗത്തു്, തൊഴിലാളി—കർഷകപരിശോധകസമിതിയിലെ ജോലിക്കാരെ കർത്തവ്യബോധവും നമ്മുടെ ഭരണയന്ത്രത്തെക്കുറിച്ചുള്ള അറിവും വേണ്ടത്രയുണ്ടെന്നു പ്രത്യേകപരിശോധനയിൽ തെളിഞ്ഞ മുന്നൂറോ നാനൂറോ ആളുകളായി വെട്ടിച്ചുരുക്കണം. കൂടാതെ പൊതുവിൽ അദ്ധ്വാനവും പ്രത്യേകിച്ചു് ഭരണനിർവ്വഹണജോലിയും ആഫീസുജോലിയും മററും ശാസ്ത്രീയമായി സംഘടിപ്പിക്കുന്നതിന്റെ തത്വങ്ങളെ സംബന്ധിച്ച അവരുടെ അറിവു് വിശേഷിച്ചും പരീക്ഷിച്ചുനോക്കണം.

തൊഴിലാളി–കർഷകപരിശോധകസമിതിയും കേന്ദ്രകൺട്രോൾ കമ്മീഷനും ഇങ്ങനെ ലയിപ്പിക്കുന്നതു് രണ്ടു സ്ഥാപനങ്ങൾക്കും പ്രയോജനപ്രദമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഒരു വശത്തു് തൊഴിലാളി–കർഷകപരിശോധകസമിതിക്കു് വളരെ ഉയർന്ന, ജനകീയവിദേശകാര്യകമ്മിസാറിയററിനേക്കാൾ ഒട്ടും കുറയാത്ത, അധികാരം ലഭിക്കുന്നതാണു്. മറുവശത്തു് നമ്മുടെ കേന്ദ്രക്കമ്മിററി കേന്ദ്രകൺട്രോൾകമ്മീഷനുമായി ചേർന്നുകൊണ്ടു് പരമോന്നതപാർട്ടിസമ്മേളനമായിത്തീരുകയെന്ന പാത തീർച്ചയായും സ്വീകരിക്കുന്നതാണു്. യഥാർത്ഥത്തിൽ അതു് ആ പാത സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇതങ്ങേയററം വരെ പിന്തുടർന്നാൽ മാത്രമേ രണ്ടു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അതിനു് അതിന്റെ കടമകളെ യഥാവിധി നിറവേററാൻ കഴിയൂ: ക്രമാനുസാരിയും ഉചിതവും ചിട്ടയോടുകൂടിയതുമായ സ്വന്തം സംഘടനയേയും പ്രവർത്തനത്തേയും സംബന്ധിച്ചും, നമ്മുടെ ഏററവും നല്ല തൊഴിലാളികളും കർഷകരും മുഖേന ബഹുജനങ്ങളുമായി യഥാർത്ഥത്തിൽ വിപുലമായ ബന്ധം പുലർത്തുന്നതു സംബന്ധിച്ചും.

നമ്മുടെ ഭരണയന്ത്രത്തെ പഴഞ്ചനാക്കിനിത്തുന്ന വൃത്തങ്ങളിൽനിന്നു് അതായതു് വിപ്ലവത്തിനുമുമ്പുണ്ടായിരുന്ന തികച്ചും വച്ചുപൊറുപ്പിക്കാൻ പാടില്ലാത്തതും ആഭാസകരവുമായ അതിന്റെ ഇന്നത്തെ രൂപം നിലനിർത്തണമെന്നു ശഠിക്കുന്നവരിൽനിന്നു്, പ്രത്യക്ഷമോ പരോക്ഷമോ ആയ ഒരു തടസ്സവാദമുണ്ടാവുമെന്നു ഞാൻ മുൻകൂട്ടി കാണുന്നുണ്ടു് (സമൂലമായ സാമൂഹ്യപരിവർത്തനങ്ങൾ വരുത്തുന്നതിനു് എത്ര കാലം വേണ്ടിവരുമെന്നു നിർണ്ണയിക്കാൻ, ചരിത്രത്തിൽ അപൂർവ്വമായി മാത്രം വരുന്ന ഒരു സന്ദർഭം ഇപ്പോൾ നമ്മുടെ മുന്നിലുണ്ടു്; അഞ്ചുവർഷത്തിനകം ചെയ്യാവുന്നതെന്താണെന്നും അതിൽ കൂടുതൽ സമയം വേണ്ടിവരുന്നതു് എന്തിനാണെന്നും നമുക്കിപ്പോൾ വ്യക്തമായി കാണാം).

ഞാൻ നിർദ്ദേശിക്കുന്ന മാററം അരാജകത്വത്തിലേക്കു മാത്രമേ വഴിതെളിക്കൂ എന്നതാണു് ഈ തടസ്സവാദം. എവിടെ, ആരെ, എന്തിനു സമീപിക്കണമെന്നു് അറിയാൻ വയ്യാതെ, സർവ്വയിടത്തും കുഴപ്പമുണ്ടാക്കിക്കൊണ്ടും ദൈനംദിനപ്രവർത്തനത്തിൽനിന്നു ജോലിക്കാരുടെ ശ്രദ്ധ തിരിച്ചുകൊണ്ടും മററും കേന്ദ്രകൺട്രോൾ കമ്മീഷനംഗങ്ങൾ എല്ലാ സ്ഥാപനങ്ങളിലും ചുററിനടക്കുമത്രെ.

ഈ തടസ്സവാദത്തിനു പിന്നിലുള്ള ദ്രോഹബുദ്ധി വളരെ സ്പഷ്ടമായതുകൊണ്ടു് അതിനു മറുപടി പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. കേന്ദ്രകൺട്രോൾ കമ്മീഷന്റെ പ്രസീഡിയവും തൊഴിലാളി–കർഷക പരിശോ



ധകസമിതിയിലെ ജനകീയകമ്മിസാറും ബോർഡംഗങ്ങളും (കൂടാതെ വേണ്ട സന്ദർഭങ്ങളിൽ നമ്മുടെ കേന്ദ്രക്കമ്മിററിയുടെ സെക്രട്ടറിയേററും) വർഷങ്ങളോളം വാശിയോടെ പ്രയത്നിച്ചാൽ മാത്രമേ കമ്മിസാറിയററിനെ ശരിയായി സംഘടിപ്പിക്കാനും കേന്ദ്രകൺട്രോൾ കമ്മീഷനുമായി ചേർന്നുകൊണ്ടു് നിർവിഘ്നം പ്രവർത്തിക്കുന്ന സ്ഥിതിയിലെത്തിക്കാനും കഴിയൂ എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. തൊഴിലാളി–കർഷകപരിശോധകസമിതിയുടെ ജനകീയകമ്മിസാർ ബോർഡംഗങ്ങളെപ്പോലെതന്നെ ജനകീയകമ്മിസാറായി തുടരാവുന്നതും തുടരേണ്ടതുമാണെന്നാണു് എന്റെ അഭിപ്രായം. ''അയാളുടെ മേലധികാരത്തിൻ കീഴിലാവുന്ന'' എല്ലാ കേന്ദ്രകൺട്രോൾകമ്മീഷനംഗങ്ങളുടേയുമുൾപ്പെടെ മുഴുവൻ തൊഴിലാളി–കർഷകപരിശോധകസമിതിയുടേയും പ്രവർത്തനത്തിനു് അയാൾ തുടർന്നു മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണു്. എന്റെ പ്ലാനനുസരിച്ചു് ശേഷം വരുന്ന മുന്നൂറോ നാന്നൂറോ തൊഴിലാളി–കർഷകപരിശോധകസമിതി ജോലിക്കാർ ഒരുവശത്തു് മററു സമിതിയംഗങ്ങൾക്കും കേന്ദ്രകൺട്രോൾ കമ്മീഷന്റെ കൂടുതലായി വരുന്ന അംഗങ്ങൾക്കും വേണ്ടി തികച്ചും സെക്രട്ടേറിയൽ ചുമതലകൾ നിർവ്വഹിക്കണം; മറുവശത്തു് അവർ അങ്ങേയററം വിദഗ്ധരും പ്രത്യേകിച്ചു പരിശോധിച്ചുനോക്കിയിട്ടുള്ളവരും വിശേഷിച്ചും വിശ്വസ്തരുമായിരിക്കണം, അവർക്കു നല്ല വേതനം നൽകുകയും വേണം. അങ്ങിനെ തൊഴിലാളി–കർഷകപരിശോധകസമിതി ഉദ്യോഗസ്ഥന്മാരെന്ന (മിതമായി പറയുകയാണെങ്കിൽ) യഥാർത്ഥത്തിൽ നിർഭാഗ്യകരമായ ഇന്നത്തെ സ്ഥിതിയിൽനിന്നു് അവർക്കു മോചനം ലഭിക്കുന്നതാണു്.

പ്രവത്തകരുടെ എണ്ണം ഞാൻ സൂചിപ്പിച്ച സംഖ്യയായി വെട്ടിച്ചുരുക്കുന്നതുകൊണ്ടു് തൊഴിലാളി–കഷ്കപരിശോധകസമിതിയിലെ ജോലിക്കാരുടെ കാര്യക്ഷമതയും അതിന്റെ പ്രവർത്തനത്തിന്റെയാകെ ഗുണവും ഗണ്യമായി വർദ്ധിക്കുമെന്നു് എനിക്കുറപ്പുണ്ടു്. അങ്ങിനെ ജനകീയകമ്മിസാർക്കും ബോർഡംഗങ്ങൾക്കും മുഴുവൻ ശ്രദ്ധയും പ്രവർത്തനം സംഘടിപ്പിക്കുന്നതിലും അതിന്റെ കാര്യക്ഷമത ചിട്ടയായും നിരന്തരമായും മെച്ചപ്പെടുത്തുന്നതിലും കേന്ദ്രീകരിക്കാനൊക്കും. നമ്മുടെ തൊഴിലാളി–കർഷകഭരണത്തിനും നമ്മുടെ സോവിയററ് വ്യവസ്ഥയ്ക്കും ഇതു് അത്യന്താപേക്ഷിതമാണു്.

മറുവശത്തു്, നമ്മുടെ റിപ്പബ്ലിക്കിൽ ചുരുങ്ങിയതു പന്ത്രണ്ടെണ്ണമെങ്കിലും വരുന്ന, അദ്ധ്വാനം സംഘടിപ്പിക്കാനുള്ള ഉപരിസ്ഥാപനങ്ങളെ (കേന്ദ്ര അദ്ധ്വാന ഇൻസ്റ്റിററ്യൂട്ട്, അദ്ധ്വാനം ശാസ്ത്രീയമായി സംഘടിപ്പിക്കാനുള്ള ഇൻസ്റ്റിററ്യൂട്ട് മുതലായവയെ) തൊഴിലാളി–കർഷകപരി

ശോധകസമിതിയുടെ ജനകീയകമ്മിസാർ ഭാഗികമായി സംയോജിപ്പിക്കുകയും ഭാഗികമായി കൂട്ടിയിണക്കുകയും വേണം. അതിരുകടന്ന ഐകരൂപ്യവും തൽഫലമായിട്ടുണ്ടാവുന്ന സംയോജിപ്പിക്കണമെന്ന അഭിലാഷവും ഹാനികരമായിരിക്കും. നേരേമറിച്ച് ഈ സ്ഥാപനങ്ങളെയെല്ലാം കൂട്ടിച്ചേർക്കുന്നതിനും അവയെ വെവ്വേറെയാക്കുന്നതിനും ഇടയ്ക്കുള്ള ന്യായവും ഉചിതവുമായ ഒരു ഇടനിലയാണ് ആവശ്യം. അപ്പോൾ അവയ്ക്കോരോന്നിനും കുറെയൊക്കെ സ്വാതന്ത്ര്യം ലഭിക്കുന്നതാണ്.

ഈ പുനസ്സംഘടനകൊണ്ട് തൊഴിലാളി–കർഷകപരിശോധകസമിതിയേക്കാൾ ഒട്ടും കുറവല്ലാത്ത പ്രയോജനം നമ്മുടെ കേന്ദ്രക്കമ്മിററിക്കും ഉണ്ടാവുമെന്നതിനു സംശയമില്ല. ബഹുജനങ്ങളുമായ അതിന്റെ ബന്ധം വർദ്ധിക്കുകയും പ്രവർത്തനം കൂടുതൽ ചിട്ടയോടുകൂടിയതും കാര്യക്ഷമവുമായിത്തീരുകയും ചെയ്യുമെന്ന പ്രയോജനമാണ് അതിനുണ്ടാവുക. അപ്പോൾ രാഷ്ട്രീയ ബ്യൂറോയുടെ യോഗങ്ങൾക്കു തയ്യാറെടുക്കാൻ കൂടുതൽ കർശനവും കൂടുതൽ ഉത്തരവാദിത്വത്തോടുകൂടിയതുമായ ഒരു നടപടിക്രമം ഏർപ്പെടുത്താൻ കഴിയും (അതു് ആവശ്യവുമായിവരും). ഒരു നിശ്ചിതകാലത്തേക്കോ ഏതെങ്കിലും സംഘടനാപദ്ധതിയനുസരിച്ചോ നിർണ്ണയിച്ചിട്ടുള്ള കേന്ദ്രകൺട്രോൾകമ്മീഷനംഗങ്ങളുടെ ഒരു നിശ്ചിതസംഖ്യ പ്രസ്തുതയോഗങ്ങളിൽ സംബന്ധിക്കണം.

കേന്ദ്രകൺട്രോൾകമ്മീഷനംഗങ്ങൾക്കു ജോലി വീതിച്ചുകൊടുക്കുമ്പോൾ, ഒന്നുകിൽ രാഷ്ട്രീയബ്യൂറോയുടെ മുമ്പിൽ ഏതെങ്കിലും തരത്തിൽ വരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച എല്ലാ രേഖകളും പരിശോധിക്കാൻവേണ്ടി അതിന്റെ യോഗങ്ങളിൽ സംബന്ധിക്കുക; അല്ലെങ്കിൽ താത്വികപഠനത്തിനുവേണ്ടി, അദ്ധ്വാനം സംഘടിപ്പിക്കാനുള്ള ശാസ്ത്രീയരീതികൾ പഠിക്കാൻവേണ്ടി, പ്രവൃത്തിസമയം വിനിയോഗിക്കുക; അതുമല്ലെങ്കിൽ ഉപരിതലത്തിലുള്ള ഭരണസ്ഥാപനങ്ങൾ തൊട്ട് അടിയിലുള്ള പ്രാദേശികസ്ഥാപനങ്ങൾ വരെയുള്ള നമ്മുടെ ഭരണയന്ത്രത്തിന്മേൽ മേൽനോട്ടം വഹിക്കുകയും അതു മെച്ചപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനത്തിൽ പ്രായോഗികമായി പങ്കെടുക്കുക—ഇങ്ങനെയുള്ള ചുമതലകൾ തൊഴിലാളി–കർഷകപരിശോധകസമിതിയുടെ ജനകീയകമ്മിസാർ കേന്ദ്രകൺട്രോൾ കമ്മീഷന്റെ പ്രസീഡിയവുമായി ആലോചിച്ചുകൊണ്ട് അവരെ ഭരമേല്പിക്കേണ്ടതാണ്.

ഈ പരിഷ്കാരത്തിന്റെ ഫലമായി കേന്ദ്രക്കമ്മിററിയിലേയും കേന്ദ്രകൺട്രോൾ കമ്മീഷനിലേയും അംഗങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ അറിയാറാവുകയും രാഷ്ട്രീയബ്യൂറോയുടെ യോഗങ്ങൾക്ക് അവർ കൂടുതൽ നല്ലവണ്ണം തയ്യാറെടുത്തിരിക്കുകയും (ഈ യോഗങ്ങളിൽ ചർച്ചയ്ക്കു വരുന്ന



കാര്യങ്ങൾ സംബന്ധിച്ച എല്ലാ രേഖകളും രാഷ്ട്രീയബ്യൂറോയോഗം കൂടുന്നതിന്റെ ഒരു ദിവസം മുമ്പെങ്കിലും കേന്ദ്രക്കമ്മിററിയിലേയും കേന്ദ്രകൺട്രോൾകമ്മീഷനിലേയും എല്ലാ അംഗങ്ങൾക്കും എത്തിച്ചുകൊടുക്കേണ്ടതും ഇതു സാദ്ധ്യമാകാത്ത വളരെ അടിയന്തിരമായ ചില സന്ദർഭങ്ങളിൽ കേന്ദ്രക്കമ്മിററിയിലേയും കേന്ദ്രകൺട്രോൾകമ്മീഷനിലേയും അംഗങ്ങളെ വിവരമറിയിക്കാനും പ്രശ്നങ്ങൾ തീരുമാനിക്കാനും പ്രത്യേകമാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതുമാണ്) ചെയ്യുമെന്ന വസ്തുതയിൽനിന്നുളവാകുന്ന രാഷ്ട്രീയമായ പ്രയോജനങ്ങൾക്കു പുറമെ, നമ്മുടെ കേന്ദ്രക്കമ്മിററിയിൽ തികച്ചും വ്യക്തിപരവും സന്ദർഭവശാലുണ്ടാവുന്നതുമായ ഘടകങ്ങളുടെ സ്വാധീനം കുറയുകയും അങ്ങിനെ പിളർപ്പിന്റെ അപകടം ചുരുങ്ങുകയും ചെയ്യുമെന്ന പ്രയോജനംകൂടിയുണ്ടാവുമെന്നും എനിക്കു തോന്നുന്നു.

നമ്മുടെ കേന്ദ്രക്കമ്മിററി കർശനമായും കേന്ദ്രീകൃതവും അങ്ങേയററം അധികാരശക്തിയുള്ളതുമായ ഒരു ഗ്രൂപ്പായി വളർന്നിരിക്കുന്നു. എന്നാൽ ഈ ഗ്രൂപ്പ് പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ അതിന്റെ അധികാരശക്തിക്ക് അനുരൂപമല്ല. ഞാൻ നിർദ്ദേശിക്കുന്ന പരിഷ്കാരം ഈ ന്യൂനത പരിഹരിക്കാൻ സഹായിക്കും. ഒരു നിശ്ചിതസംഖ്യയിൽ എല്ലാ രാഷ്ട്രീയബ്യൂറോയോഗങ്ങളിലും സംബന്ധിക്കാൻ ബാദ്ധ്യസ്ഥരായ കേന്ദ്രകൺട്രോൾകമ്മീഷനംഗങ്ങൾ ഒരു കെട്ടുറപ്പുള്ള ഗ്രൂപ്പായി വർത്തിക്കണം. ചോദ്യങ്ങൾ ചോദിക്കുകയും രേഖകൾ പരിശോധിക്കുകയും പൊതുവിൽ എല്ലാ സംഗതികളെക്കുറിച്ചും പൂർണ്ണമായി അറിഞ്ഞിരിക്കുകയും എല്ലാം വേണ്ടപോലെ നടക്കുന്നുണ്ടോ എന്ന കാര്യത്തിൽ അങ്ങേയററം കർശനമായ നിയന്ത്രണം പാലിക്കുകയും ചെയ്യുന്നതിൽനിന്ന് തങ്ങളെ തടയാൻ ഒന്നൊഴിയാതെ ആരുടെ അധികാരശക്തിയേയും—ജനറൽ സെക്രട്ടറിയുടേതായാലും മററേതു കേന്ദ്രക്കമ്മിററിയംഗത്തിന്റേതായാലും ശരി—അവർ അനുവദിക്കരുതു്.

തീർച്ചയായും നമ്മുടെ സോവിയററ് റിപ്പബ്ലിക്കിൽ സാമൂഹ്യക്രമം നിലകൊള്ളുന്നതു് തൊഴിലാളിവർഗ്ഗവും കർഷകരുമെന്ന രണ്ടു വർഗ്ഗങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇപ്പോൾ ''പുതിയ സാമ്പത്തികനയക്കാരേയും'', അതായതു് ബൂർഷ്വാസിയേയും, ചില വ്യവസ്ഥകളിൽ അതിൽ പങ്കുകൊള്ളാൻ അനുവദിച്ചിട്ടുണ്ട്. ഈ വർഗ്ഗങ്ങൾ തമ്മിൽ ഗുരുതരമായ വർഗ്ഗാഭിപ്രായഭിന്നതകൾ ഉണ്ടാവുന്നപക്ഷം പിളർപ്പ് അനിവാര്യമായിത്തീരും. എന്നാൽ അത്തരമൊരു പിളർപ്പിനുള്ള അടിസ്ഥാനം നമ്മുടെ സാമൂഹ്യക്രമത്തിൽ അനിവാര്യമല്ല. പിളർപ്പിനിടയാക്കുന്ന സാഹചര്യങ്ങളെ ജാഗ്രതയോടെ വീക്ഷിക്കുകയും അവയെ ഒഴി

വാക്കുകയും ചെയ്യുകയെന്നതാണ് നമ്മുടെ കേന്ദ്രക്കമ്മിററിയുടേയും കേന്ദ്രകൺട്രോൾകമ്മീഷൻേറയും നമ്മുടെ പാർട്ടിയുടെയാകെത്തന്നെയും മുമ്പിലുള്ള മുഖ്യകടമ. എന്തെന്നാൽ അവസാനവിശകലനത്തിൽ, കർഷക ബഹുജനങ്ങൾ തൊഴിലാളിവർഗ്ഗവുമായുള്ള സഖ്യം പുലർത്തിക്കൊണ്ട് അവരോടൊപ്പം നിൽക്കുമോ അതോ തങ്ങളും തൊഴിലാളിവർഗ്ഗവും തമ്മിൽ വിടവുണ്ടാക്കാനും തങ്ങളെ തൊഴിലാളിവർഗ്ഗത്തിൽനിന്ന് ഭിന്നിപ്പിച്ചു മാററാനും അവർ ''പുതിയ സാമ്പത്തികനയക്കാരെ'', അതായതു് പുത്തൻ ബൂർഷ്വാസിയെ, അനുവദിക്കുമോ എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ റിപ്പബ്ലിക്കിൻെറ ഭാഗധേയം സ്ഥിതിചെയ്യുന്നതു്. ഈ രണ്ടു സാദ്ധ്യതകൾ എത്രത്തോളം വ്യക്തമായി നാം കാണുന്നുവോ, നമ്മുടെ എല്ലാ തൊഴിലാളികളും കർഷകരും ഇതെത്രത്തോളം വ്യക്തമായി മനസ്സിലാക്കുന്നുവോ, അത്രത്തോളം സോവിയററ് റിപ്പബ്ലിക്കിനു വിനാശകരമായി ഭവിക്കുന്ന പിളർപ്പ് ഒഴിവാക്കാനുള്ള സാദ്ധ്യതകൾ കൂടുന്നതാണ്.

ജനുവരി 23, 1923

''പ്രാവ്ദ'', ലക്കം 16,
ജനുവരി 25, 1923
എൻ. ലെനിൻ എന്ന
പേരിലെഴുതിയതു്

സെക്രട്ടറിയുടെ രേഖകളിൽ
(ടൈപ്പുചെയ്ത കോപ്പി)
നിന്നു പ്രസിദ്ധപ്പെടുത്തിയതു്
പത്രത്തിൽ വന്ന
പാഠവുമായി ഒത്തുനോക്കിയതു്

# കുറച്ചായാലും മെച്ചമായിരിക്കണം

നമ്മുടെ ഭരണയന്ത്രം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ തൊഴിലാളി–കർഷകപരിശോധകസമിതി ഒരുപാടു ചെയ്തുകൂട്ടാൻ ശ്രമിക്കുകയോ തിടുക്കം കൂട്ടുകയോ ചെയ്യരുതെന്നാണ് എൻെറ അഭിപ്രായം. നമ്മുടെ ഭരണയന്ത്രം കാര്യക്ഷമമാക്കുന്നതിനെപ്പററി നമുക്കിതേവരെ വളരെ കുറച്ചേ ചിന്തിക്കാനും ശ്രദ്ധിക്കാനും കഴിഞ്ഞിട്ടുള്ളു. അതുകൊണ്ടു് അതു് അടിമുടി സംഘടിപ്പിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കുകയും യഥാർത്ഥത്തിൽ കാലത്തിനൊത്തു നീങ്ങുന്ന, അതായതു് ഏററവും നല്ല പശ്ചിമയൂറോപ്യൻ നിലവാരത്തിനൊട്ടും പിന്നിലല്ലാത്ത, പ്രവർത്തകരെ തൊഴിലാളി–കർഷകപരിശോധകസമിതിയിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്നതു് ഇപ്പോൾ തികച്ചും ന്യായമായിരിക്കും. ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിനു് തീർച്ചയായും ഈ സ്ഥിതി തീരെ അപര്യാപ്തമാണ്. പക്ഷെ ആദ്യത്തെ അഞ്ചു വർഷത്തെ നമ്മുടെ അനുഭവം നമ്മുടെ തല നിറയെ അവിശ്വാസവും സംശയാലുത്വവും കുത്തിനിറച്ചിരിക്കുകയാണ്. ഉദാഹരണത്തിനു് ആളുകൾ ക്രമത്തിലേറെ സുദീർഘമായും ഗൗരവമില്ലാതെയും ''തൊഴിലാളിവർഗ്ഗ''സംസ്കാരത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ഈ അവിശ്വാസവും സംശയാലുത്വവും അറിയാതെ മുന്നോട്ടുവരുന്നു. തുടക്കത്തിൽ യഥാർത്ഥബൂർഷ്വാസംസ്കാരംകൊണ്ടു നാം തൃപ്തിപ്പെടുകയാണു വേണ്ടതു്, തുടക്കത്തിൽ ഉദ്യോഗസ്ഥമേധാവിത്വപരമായ സംസ്കാരം, അടിയാളസംസ്കാരം തുടങ്ങി ബൂർഷ്വാസംസ്കാരത്തിനുമുമ്പുണ്ടായിരുന്ന കൂടുതൽ പ്രാകൃതമായ രൂപങ്ങളെ ഒഴിവാക്കിയിട്ടുള്ളതിൽ നാം സന്തോഷിക്കുകയാണു വേണ്ടതു്. സംസ്കാരത്തിൻെറ കാര്യത്തിൽ തിടുക്കവും വ്യാപകമായ നടപടികളും അങ്ങേയററം ഹാനികരമാണ്. നമ്മുടെ പല യുവസാഹിത്യകാരന്മാരും കമ്മ്യൂണിസ്റ്റുകാരും ഇക്കാര്യം നല്ലവണ്ണം ഓർക്കണം.

ഇങ്ങനെ നമ്മുടെ ഭരണയന്ത്രത്തിന്റെ കാര്യത്തിൽ കൂടുതൽ സാവധാനം നീങ്ങുന്നതാണു നല്ലതെന്ന് കഴിഞ്ഞ കാലത്തെ അനുഭവത്തിൽനിന്ന് നാം ഇപ്പോൾ അനുമാനിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ഭരണയന്ത്രം അങ്ങേയററം—ദുഷിച്ചതെന്നു പറയുന്നില്ല—അപലപനീയമായതുകൊണ്ട് അതിന്റെ ന്യൂനതകൾ എങ്ങിനെ നീക്കാമെന്നു നാം ആദ്യംതന്നെ വളരെ നിഷ്കർഷയോടെ ആലോചിക്കണം. മറിച്ചിട്ടെങ്കിലും ഇനിയും തരണം ചെയ്യാത്തതും വിദൂരഭൂതകാലത്തിലേക്കു മറഞ്ഞുകഴിഞ്ഞ ഒരു സംസ്കാരത്തിന്റെ ഘട്ടത്തിൽ ഇനിയും എത്താത്തതുമായ കഴിഞ്ഞ കാലത്തിൽ വേരൂന്നിയിട്ടുള്ള ന്യൂനതകളാണിവ എന്നോർക്കണം. സംസ്കാരമെന്നു ഞാൻ പറഞ്ഞത് മനപൂർവ്വമാണ്. കാരണം, ഇത്തരം കാര്യങ്ങളിൽ നമ്മുടെ സംസ്കാരത്തിന്റേയും സാമൂഹ്യജീവിതത്തിന്റേയും ശീലങ്ങളുടേയും ഭാഗമായിത്തീർന്നതിനെ മാത്രമേ നേടിയതായി ഗണിക്കാൻ പററൂ. നമ്മുടെ സാമൂഹ്യക്രമത്തിലെ നല്ല വശത്തെ വേണ്ടവണ്ണം പഠിക്കുകയോ മനസ്സിലാക്കുകയോ കാര്യമായെടുക്കുകയോ ചെയ്തിട്ടില്ലെന്നു പറയാവുന്നതാണ്; അതിനെ തിടുക്കത്തിൽ കടന്നുപിടിക്കുകയാണു ചെയ്തിട്ടുള്ളത്; അതിനെ പരിശോധിച്ചുനോക്കുകയോ പരീക്ഷിച്ചുനോക്കുകയോ അനുഭവത്തിലൂടെ സ്ഥിരീകരിക്കുകയോ സ്ഥായിയാക്കുകയോ ഒന്നും ചെയ്തിട്ടില്ല. തീർച്ചയായും നാം അഞ്ചുവർഷംകൊണ്ട് സാറിസത്തിൽനിന്നും സോവിയററ് വ്യവസ്ഥയിലേക്കു കടക്കത്തക്കവണ്ണം അതിവേഗത്തിൽ സംഭവങ്ങൾ നീങ്ങിക്കൊണ്ടിരുന്ന ഒരു വിപ്ലവകാലഘട്ടത്തിൽ മറിച്ചാകാൻ തരമില്ലായിരുന്നു.

ഇതേപ്പററി എന്തെങ്കിലുമൊന്നു ചെയ്യേണ്ട സമയമായി. അതിവേഗം പുരോഗമിക്കുന്നതിനെപ്പററിയും വീമ്പുപറയുന്നതിനെപ്പററിയും മററും നാം സംശയാലുക്കളായിരിക്കണം. മണിക്കൂർതോറും പ്രഖ്യാപിക്കുകയും മിനിട്ടുതോറും കൈക്കൊള്ളുകയും പിന്നീട് ഉറപ്പില്ലാത്തതും പുറമേയ്ക്കു മാത്രമുള്ളതും തെററിദ്ധരിക്കപ്പെടുന്നതുമാണെന്ന് നിമിഷംതോറും തെളിയിക്കുകയും ചെയ്യുന്ന മുന്നോട്ടുള്ള കാൽവയ്പുകളെ പരീക്ഷിച്ചുനോക്കുന്നതിനെപ്പററി നാം ആലോചിക്കണം. ഇവിടെ തിടുക്കം കൂട്ടുന്നത് അങ്ങേയററം ഹാനികരമായിരിക്കും. നമുക്കു കുറച്ചെങ്കിലും അറിയാമെന്നോ, യഥാർത്ഥത്തിൽ പുതിയ, സോഷ്യലിസ്റ്റെന്നും സോവിയറെറന്നും മററും വിളിക്കാൻ യഥാർത്ഥത്തിൽ അർഹതയുള്ള, ഭരണയന്ത്രം പടുത്തുയർത്താനാവശ്യമായ ഘടകങ്ങൾ എത്രവേണമെങ്കിലും നമ്മുടെ പക്കലുണ്ടെന്നോ ഉള്ള ധാരണയെ അവലംബിക്കുന്നത് അങ്ങേയററം ഹാനികരമായിരിക്കും.



ഇല്ല, അത്തരമൊരു ഭരണയന്ത്രമോ അതിന്റെ ഘടകങ്ങൾപോലുമോ നമുക്ക് അപഹാസ്യമാംവണ്ണം കുറവാണ്. അതു പടുത്തുയർത്തുന്നതിന് സമയം ലാഭിക്കാൻ നോക്കരുതെന്നും അത് അനേകമനേകം വർഷങ്ങളെടുക്കുമെന്നും നാമോർക്കണം.

ഈ ഭരണയന്ത്രം പടുത്തുയർത്തുന്നതിന് എത്ര ഘടകങ്ങളാണു നമ്മുടെ പക്കലുള്ളത്? രണ്ടു മാത്രം. ഒന്നാമത്, സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൽ മുഴുകിയിരിക്കുന്ന തൊഴിലാളികൾ. അവക്കു വേണ്ടത്ര വിദ്യാഭ്യാസമില്ല. നമുക്ക് കൂടുതൽ മികച്ച ഒരു ഭരണയന്ത്രം പണിതുതരാൻ അവർക്ക് ആഗ്രഹമുണ്ട്. പക്ഷെ എങ്ങിനെ പണിയണമെന്ന് അവർക്കറിഞ്ഞുകൂടാ. അവർക്ക് അങ്ങിനെയൊന്നു പണിയാൻ കഴിയുകയില്ല. അതിനാവശ്യമായ സംസ്കാരം അവർക്കിനിയും സിദ്ധിച്ചിട്ടില്ല. ഇവിടെ ആവശ്യം സംസ്കാരമാണുതാനും. കാര്യങ്ങൾ തിടുക്കത്തിൽ ചെയ്യുകയോ കയറിയടിക്കുകയോ വീറും വാശിയും കാണിക്കുകയോ പൊതുവിൽ ഏററവും നല്ല മാനുഷികഗുണങ്ങൾ പ്രകടിപ്പിക്കുകയോ ചെയ്യുന്നതുകൊണ്ട് ഇവിടെ യാതൊന്നും നേടുകയില്ല. രണ്ടാമത് നമുക്കുള്ളത് അറിവിന്റേയും വിദ്യാഭ്യാസത്തിന്റേയും പരിശീലനത്തിന്റേയും ഘടകങ്ങളാണ്. പക്ഷെ മറെറല്ലാ രാജ്യങ്ങളേയുമപേക്ഷിച്ച് അവ അപഹാസ്യമാംവണ്ണം അപര്യാപ്തമാണ്.

നമ്മുടെ അറിവിന്റെ കുറവ് ഉത്സാഹവും തിടുക്കവും മററും കൊണ്ടു നികത്താനുള്ള (അഥവാ നികത്താമെന്നു ചിന്തിക്കാനുള്ള) പ്രവണത നമ്മുടെയിടയിൽ ഇപ്പോഴും വളരെയേറെയുണ്ടെന്ന് വിസ്മരിക്കരുത്.

നമ്മുടെ ഭരണയന്ത്രം പുതുക്കിപ്പണിയുന്നതിന് നാം ഒന്നാമതും രണ്ടാമതും മൂന്നാമതും പഠിക്കാൻ കച്ചകെട്ടിയിറങ്ങുകതന്നെ വേണം. പഠിത്തമെന്നത് കടലാസ്സിൽ മാത്രമായോ കമ്പമുള്ള ഒരു പദപ്രയോഗമായോ (നമുക്കിങ്ങനെ പലപ്പോഴും സംഭവിക്കാറുണ്ടെന്നു തുറന്നു സമ്മതിച്ചേ തീരൂ) അവശേഷിക്കുകയില്ലെന്നും പഠിത്തം യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തിന്റെ ഒരഭേദ്യഭാഗമായിത്തീരുമെന്നും അത് യഥാർത്ഥമായും പൂർണ്ണമായും നമ്മുടെ സാമൂഹ്യജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമായിത്തീരുമെന്നും നാം ഉറപ്പുവരുത്തണം. ചുരുക്കത്തിൽ, ബൂർഷ്വായായിട്ടുള്ള പടിഞ്ഞാറൻ യൂറോപ്പ് മുന്നോട്ടുവച്ചിട്ടുള്ള ആവശ്യങ്ങളല്ല, ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമായി വളരാനുറച്ചിട്ടുള്ള രാജ്യത്തിനു ചേർന്നതും ഉചിതവുമായിട്ടുള്ള ആവശ്യങ്ങളാണു നാം മുന്നോട്ടുവയ്ക്കേണ്ടത്.

മുകളിൽ പറഞ്ഞതിൽനിന്ന് എത്തേണ്ട നിഗമനങ്ങളിതാണ്: നാം തൊഴിലാളി—കർഷകപരിശോധകസമിതിയെ യഥാർത്ഥത്തിൽ മാതൃകാ

പരമായ ഒരു സ്ഥാപനമാക്കണം, നമ്മുടെ ഭരണയന്ത്രം മെച്ചപ്പെടുത്താനുള്ള ഒരു ഉപകരണമാക്കണം.

നാമഭിലഷിക്കുന്ന ഉയർന്ന നിലവാരം അതിനു കൈവരാൻവേണ്ടി ''തുണി മുറിക്കുന്നതിനുമുമ്പ് ഏഴുതവണ അതു് അളന്നുനോക്കണ''മെന്ന നിയമം അനുസരിക്കണം.

ഇതിനു് നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിൽ ഏററവും നല്ലതായിട്ടുള്ളതിനെ അങ്ങേയററത്തെ ജാഗ്രതയോടും ആലോചനയോടും അറിവോടും കൂടി പുതിയ ജനകീയകമ്മിസാറിയററ് കെട്ടിപ്പടുക്കാൻവേണ്ടി ഉപയോഗിക്കണം.

ഇതിനു് ഒന്നാമതു് വളർച്ചയെത്തിയ തൊഴിലാളികളെപ്പോലെയും രണ്ടാമതു് വാക്കിനെ പ്രവൃത്തിയായി കാണുകയില്ലെന്നും മനസ്സാക്ഷിക്കെതിരായി ഒരൊററ വാക്കുപോലും ഉരിയാടുകയില്ലെന്നും നമുക്കുറപ്പിക്കാവുന്ന യഥാർത്ഥത്തിൽ പ്രബുദ്ധരായിട്ടുള്ള ആളുകളെപ്പോലെയും നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിലുള്ള ഏററവും നല്ല ഘടകങ്ങൾ, തങ്ങൾ ഗൗരവപൂർവ്വം മുന്നിൽ വച്ചിട്ടുള്ള ലക്ഷ്യം നേടാൻവേണ്ടി വിഷമതയേതും തുറന്നു സമ്മതിക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറരുതു്, യാതൊരു സമരത്തിൽനിന്നും ഒഴിഞ്ഞുമാറരുതു്.

നമ്മുടെ ഭരണയന്ത്രം മെച്ചപ്പെടുത്താൻ ശ്രമിച്ചുകൊണ്ടു് നാം അഞ്ചു വർഷമായി തിക്കും തിരക്കും കൂട്ടി നടക്കുന്നു. പക്ഷെ അതു തിക്കും തിരക്കും മാത്രമായിരുന്നു. അതു് നിഷ്പ്രയോജനമെന്നല്ല നിഷ്ഫലവും ഹാനികരവും പോലുമാണെന്നു് ഈ അഞ്ചു വർഷത്തിനിടയിൽ തെളിഞ്ഞിട്ടുണ്ടു്. ഈ തിക്കും തിരക്കും നാം എന്തോ ചെയ്യുകയാണെന്ന ധാരണ ഉളവാക്കി. പക്ഷെ ഫലത്തിൽ അതു നമ്മുടെ സ്ഥാപനങ്ങളേയും നമ്മുടെ ചിന്താശക്തിയേയും മുരടിപ്പിച്ചതേയുള്ളു.

ഈ സ്ഥിതി മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കുറച്ചായാലും മെച്ചമായിരിക്കണമെന്ന നിയമം നാം പാലിക്കണം. രണ്ടോ മൂന്നോ വർഷം കൊണ്ടു് നല്ല മാനുഷികസാമഗ്രികൾ ലഭിക്കുകയാണു് ഒന്നുംതന്നെ കിട്ടുമെന്ന പ്രതീക്ഷയില്ലാതെ തിരക്കിട്ടു പണിയെടുക്കുന്നതിനേക്കാൾ നല്ലതു്.

നമ്മുടെ സാഹചര്യങ്ങളിൽ ഈ നിയമം പാലിക്കാനും പ്രയോഗിക്കാനും പ്രയാസമാണെന്നു് എനിക്കറിയാം. ഇതിനു നേരേ കടകവിരുദ്ധമായ നിയമം ഒരായിരം പഴുതുകളിലൂടെ രംഗത്തുവരുമെന്നും എനിക്കറിയാം. വമ്പിച്ച ചെറുത്തുനില്പു വേണ്ടിവരുമെന്നും അങ്ങേയററത്തെ വാശി ആവശ്യമായി വരുമെന്നും ആദ്യത്തെ ഏതാനും വർഷങ്ങളിലെങ്കിലും ഈ രംഗത്തെ പ്രവർത്തനം അത്യന്തം വിഷമകരമായിരിക്കുമെ



ന്നും എനിക്കറിയാം. എങ്കിൽപ്പോലും അത്തരം ശ്രമംകൊണ്ടേ നമുക്കു് നമ്മുടെ ലക്ഷ്യം നേടാൻ കഴിയു എന്നും ആ ലക്ഷ്യം നേടുന്നതിലൂടെ മാത്രമേ നമുക്കു് സോവിയററെന്നും സോഷ്യലിസ്റ്റെന്നും മററുമുള്ള പേരുകൾക്കു യഥാത്ഥത്തിൽ അർഹതയുള്ള ഒരു റിപ്പബ്ലിക്കു് സൃഷ്ടിക്കാൻ കഴിയു എന്നും എനിക്കു് ഉറച്ച ബോദ്ധ്യമുണ്ടു്.

ഉദാഹരിക്കാൻവേണ്ടി ഞാൻ എന്റെ ആദ്യത്തെ ലേഖനത്തിൽ ഉദ്ധരിച്ച കണക്കുകൾ* വളരെ ചെറുതാണെന്നു് പല വായനക്കാർക്കും ഒരുപക്ഷെ തോന്നിയിരിക്കും. പല തരത്തിലും കണക്കുകൂട്ടി അതങ്ങിനെയാണെന്നു തെളിയിക്കാൻ കഴിയുമെന്നു് എനിക്കു തീർച്ചയാണു്. പക്ഷെ ഇത്തരം കണക്കുകൂട്ടലുകൾക്കെല്ലാമുപരിയായി കാണേണ്ട ഒരു വസ്തുതയുണ്ടു്: യഥാർത്ഥത്തിൽ മാതൃകാപരമായ ഗുണം കിട്ടണമെന്ന നമ്മുടെ അഭിലാഷമാണതു്.

നമ്മുടെ ഭരണയന്ത്രം മെച്ചപ്പെടുത്തുന്നതിനു് ആത്മാർത്ഥമായി പ്രവർത്തിക്കേണ്ട സമയം അവസാനം വന്നെത്തിയിരിക്കുന്നുവെന്നാണു് എനിക്കു തോന്നുന്നതു്. ഇതിൽ തിടുക്കം കൂട്ടുന്നതിനേക്കാൾ ഹാനികരമായി മററൊന്നുംതന്നെയില്ലെന്നു പറയാം. കണക്കുകൾ ഊതിവീർപ്പിക്കുന്നതിനെതിരായി ഞാൻ കർശനമായി താക്കീതു ചെയ്യുന്നതു് അക്കാരണത്താലാണു്. നേരേമറിച്ചു് ഈയൊരു കാര്യത്തിൽ നാം കണക്കുകൾ വളരെ സൂക്ഷിച്ചേ ഉദ്ധരിക്കു എന്നാണെന്റെ അഭിപ്രായം. തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ജനകീയകമ്മിസാറിയററിനു് ഇന്നു യാതൊരു അധികാരശക്തിയുമില്ലെന്ന കാര്യം നമുക്കു തുറന്നു സമ്മതിക്കാം. നമ്മുടെ തൊഴിലാളി—കർഷകപരിശോധകസമിതിയുടേതിനേക്കാൾ മോശമായി സംഘടിപ്പിക്കപ്പെട്ട സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലെന്നും ആ ജനകീയകമ്മിസാറിയററിൽനിന്നു് ഇന്നത്തെ സ്ഥിതിയിൽ യാതൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നും എല്ലാവർക്കുമറിയാം. ഒന്നാമതു് ഒരു മാതൃകാപരമായ സ്ഥാപനമായിരിക്കുകയും രണ്ടാമതു് എല്ലാവരുടേയും തികഞ്ഞ വിശ്വാസമാർജ്ജിക്കുകയും മൂന്നാമതു് കേന്ദ്ര കൺട്രോൾകമ്മീഷൻപോലുള്ള ഒരു ഉയർന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തെ നാം യഥാർത്ഥത്തിൽ നീതീകരിച്ചിട്ടുണ്ടെന്നു് എല്ലാവർക്കും തെളിയിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം ഏതാനും വർഷങ്ങൾക്കുള്ളിൽ സൃഷ്ടിക്കാൻ നാം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നെങ്കിൽ ഇതു നാം ശരിക്കു മനസ്സിലാക്കണം. ആഫീസ് ജോലിക്കാരുടെ എണ്ണത്തെ സംബന്ധിച്ച പൊതുവായ എല്ലാ കണക്കുകളും നാം ഉടനടിയും

*ഈ പുസ്തകത്തിന്റെ. 56—62 പേജ് നോക്കുക.—പ്രസാധകർ.

ഇനിയൊരു മാററം വരാത്തവണ്ണവും നിരസിക്കണമെന്നാണ് എന്റെ അഭിപ്രായം. നാം പ്രത്യേകശ്രദ്ധയോടെ, അങ്ങേയററം കർശനമായി പരീക്ഷിച്ചുനോക്കിയതിന്റെ അടിസ്ഥാനത്തിൽ മാത്രം, തൊഴിലാളി--കർഷകപരിശോധകസമിതിയിലേക്കുള്ള ജോലിക്കാരെ തിരഞ്ഞെടുക്കണം. എങ്ങിനെയോ നടന്നുപോകുന്നതും യാതൊരു വിശ്വാസവുമുളവാക്കാത്തതും പറയുന്ന കാര്യങ്ങൾക്കു വലിയ വിലയൊന്നും കല്പിക്കപ്പെടാത്തതുമായ ഒരു ജനകീയകമ്മിസാറിയററ് സ്ഥാപിച്ചിട്ട് എന്തു പ്രയോജനമാണുള്ളതു്? നാമിപ്പോൾ ഉദ്ദേശിക്കുന്ന പുനസ്സംഘടനാപ്രവർത്തനത്തിനിറങ്ങുമ്പോൾ ഇതെല്ലാം ഒഴിവാക്കുകയെന്നതാവണം നമ്മുടെ പ്രധാനലക്ഷ്യം എന്ന് എനിക്കു തോന്നുന്നു.

കേന്ദ്രകൺട്രോൾ കമ്മീഷനംഗങ്ങളായി നാമിപ്പോൾ ചേർക്കുന്ന തൊഴിലാളികൾ കുററമററ കമ്മ്യൂണിസ്റ്റുകാരായിരിക്കണം. അവരെ അവരുടെ പ്രവർത്തനരീതികളും പ്രവർത്തനോദ്ദേശങ്ങളും പഠിപ്പിക്കാൻ ഇനിയും പലതും ചെയ്യാനുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. കൂടാതെ, മൂന്നുതവണ പരീക്ഷിച്ചുനോക്കിയതിനുശേഷംമാത്രമെടുത്ത സെക്രട്ടറിമാരുടെ ഒരു നിശ്ചിതസംഖ്യ ഈ പ്രവർത്തനത്തിൽ സഹായിക്കാനുണ്ടാവണം. അവസാനമായി, വിശേഷവിധിയെന്ന നിലയ്ക്കുമാത്രം തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ജോലിക്കാരായി നേരിട്ടെടുക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ താഴെക്കൊടുക്കുന്ന ഉപാധികൾ നിറവേററിയിരിക്കണം:

ഒന്ന്, ഏതാനും കമ്മ്യൂണിസ്റ്റുകാർ അവരെ ശുപാർശചെയ്തിരിക്കണം.

രണ്ട്, നമ്മുടെ ഭരണയന്ത്രത്തെക്കുറിച്ചു വേണ്ടത്ര അറിവുണ്ടോ എന്നു പരീക്ഷിച്ചുനോക്കപ്പെട്ടിരിക്കണം.

മൂന്ന്, നമ്മുടെ ഭരണയന്ത്രത്തെക്കുറിച്ചുള്ള സിദ്ധാന്തത്തിന്റെ അടിസ്ഥാനപ്രമാണങ്ങളും മാനേജ്മെന്റിന്റേയും ആഫീസ്ദിനചര്യയുടേയും മററും അടിസ്ഥാനപ്രമാണങ്ങളും അറിയാമോ എന്നു പരീക്ഷിച്ചുനോക്കപ്പെട്ടിരിക്കണം.

നാല്, സംഘടനയുടെയാകെ പ്രവർത്തനം കാര്യക്ഷമമായി നടക്കുമെന്ന് നമുക്കുറപ്പിക്കാവുന്ന തരത്തിൽ അവർ കേന്ദ്രകൺട്രോൾകമ്മീഷനംഗങ്ങളുമായും സ്വന്തം സെക്രട്ടറിയേററുമായും അങ്ങേയററം ഏകോപിച്ചു പ്രവർത്തിക്കണം.

ഈ ഉപാധികൾ അസാമാന്യമാംവണ്ണം കർശനമാണെന്ന് എനിക്കറിയാം. തൊഴിലാളി—കർഷകപരിശോധകസമിതിയിലെ ഭൂരിപക്ഷം ''പ്രായോഗിക''പ്രവർത്തകർ ഈ ഉപാധികൾ അപ്രായോഗികമാണെ



ന്നു പറയുകയോ അവയെ പുച്ഛിച്ചുതള്ളുകയോ ചെയ്യുമെന്നു ഞാൻ വളരെയേറെ ഭയപ്പെടുന്നുണ്ട്. പക്ഷെ തൊഴിലാളി—കർഷകപരിശോധകസമിതിയെപ്പോലുള്ള ഒരു ജനകീയകമ്മിസാറിയററിന്റെ പ്രായോഗികാവശ്യമെന്താണെന്ന് സത്യസന്ധമായി എനിക്കു പറഞ്ഞുതരാൻ പ്രസ്തുതസമിതിയിലെ ഇന്നത്തെ തലവന്മാരിൽ ആർക്കെങ്കിലും കഴിയുമോ എന്നു ഞാൻ ചോദിക്കുന്നു. ഈ ചോദ്യം കാര്യാകാര്യബോധം വീണ്ടെടുക്കാൻ അവരെ സഹായിക്കുമെന്നാണ് എന്റെ വിശ്വാസം. ഒന്നുകിൽ വളരെയധികംതവണ പുനസ്സംഘടിക്കപ്പെട്ടുകഴിഞ്ഞ തൊഴിലാളി—കർഷകപരിശോധകസമിതിയെന്ന, കാശിനു പ്രയോജനമില്ലാത്ത ഏർപ്പാട് ഒരിക്കൽക്കൂടി പുനസ്സംഘടിപ്പിക്കുന്നതു വെറുതെയാണ്; അല്ലെങ്കിൽ സാവധാനത്തിൽ, വിഷമകരവും അസാധാരണവുമായ മാർഗ്ഗങ്ങളിലൂടെയും ആ മാർഗ്ഗങ്ങൾ വീണ്ടും വീണ്ടും പരീക്ഷിച്ചുനോക്കിക്കൊണ്ടും, യഥാർത്ഥത്തിൽ മാതൃകാപരമായ, കേവലം സ്ഥാനവും പദവിയും കൊണ്ടു മാത്രമല്ല മേന്മകൾകൊണ്ട് ഏവരുടേയും ആദരവാർജ്ജിക്കുന്ന ഒരേർപ്പാടു സൃഷ്ടിക്കാൻ നാം യഥാർത്ഥത്തിൽ തുനിഞ്ഞിറങ്ങണം.

നാം ക്ഷമയോടെ നീങ്ങിയില്ലെങ്കിൽ, ആ കടമയ്ക്കുവേണ്ടി ഏതാനും വർഷങ്ങൾ നിയോഗിച്ചില്ലെങ്കിൽ, അതു കൈകാര്യം ചെയ്യാതിരിക്കുകയാണു ഭേദം.

നാം തിടുക്കത്തിൽ പടച്ചുണ്ടാക്കിയ ഉപരി അദ്ധ്യാനഗവേഷണ സ്ഥാപനങ്ങളും മററുമുള്ളതിൽനിന്ന് ഏററവും ചുരുങ്ങിയ കുറെയെണ്ണം തിരഞ്ഞെടുത്തു് അവ വേണ്ടവണ്ണം സംഘടിപ്പിച്ചിട്ടുണ്ടോ എന്നു നോക്കുകയും ആധുനികശാസ്ത്രത്തിന്റെ ഉയർന്ന നിലവാരങ്ങൾക്കനുരൂപമായും അതിന്റെ എല്ലാ പ്രയോജനങ്ങളും നമുക്കു നല്കത്തക്കവണ്ണവും മാത്രം അവ തുടർന്നു പ്രവർത്തിക്കാൻ അനുവദിക്കുകയും വേണം എന്നാണെന്റെ അഭിപ്രായം. ഇതു നാം ചെയ്യുന്നപക്ഷം സ്വന്തം കടമകൾ നിറവേററാനും നമ്മുടെ ഭരണയന്ത്രത്തെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ചിട്ടയായും നിരന്തരമായും നടത്താനും കഴിവുള്ള ഒരു സ്ഥാപനം, തൊഴിലാളിവർഗ്ഗത്തിന്റേയും റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും നമ്മുടെ റിപ്പബ്ലിക്കിലെ മുഴുവൻ ജനങ്ങളുടേയും വിശ്വാസത്തിന്റെ പിൻബലം നേടിയിട്ടുള്ള ഒരു സ്ഥാപനം, ഏതാനും വർഷങ്ങൾക്കുള്ളിൽ നമുക്കുണ്ടാവുമെന്നു പ്രതീക്ഷിക്കുന്നതു് അയഥാർത്ഥമായിരിക്കില്ല.

ഇതിനുള്ള പ്രാരംഭപ്രവർത്തനം ഉടനടി തുടങ്ങാവുന്നതാണ്. തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ജനകീയകമ്മിസാറിയററ് ഈ പുനസ്സംഘടനാപദ്ധതി അംഗീകരിക്കുകയാണെങ്കിൽ അതിനി

പ്പോൾ പ്രാരംഭനടപടികളെടുക്കാനും കടമ പൂർത്തിയാകുന്നതുവരെ ചിട്ടയായും തിരക്കു കൂട്ടാതെയും ചെയ്തുകഴിഞ്ഞതു മാററാൻ മടിക്കാതെയും പ്രവർത്തിക്കാനും കഴിയുന്നതാണ്.

ഇക്കാര്യത്തിൽ പാതിമനസ്സോടെയുള്ള പരിഹാരമാർഗ്ഗങ്ങൾ അങ്ങേയററം ഹാനികരമായിരിക്കും. മറേറതെങ്കിലും പരിഗണന വച്ചുകൊണ്ട് തൊഴിലാളി—കർഷകപരിശോധകസമിതിയിലെ ജോലിക്കാരുടെ എണ്ണം തീരുമാനിക്കുന്നപക്ഷം അതു യഥാർത്ഥത്തിൽ പഴയ ഉദ്യോഗസ്ഥമേധാവിത്വപരമായ പരിഗണനകളിന്മേലും പഴയ മുൻവിധികളിലും ഇതിനകംതന്നെ അധിക്ഷേപത്തിനും സാർവ്വത്രികമായ പരിഹാസത്തിനും മററും പാത്രമായിട്ടുള്ള കാര്യങ്ങളിലും അടിസ്ഥാനപ്പെടുത്തിയിരിക്കും.

സാരാംശത്തിൽ പ്രശ്നമിതാണ്:

ഒന്നുകിൽ ഭരണകൂടം സംഘടിപ്പിക്കുന്നതിനെപ്പററി നാം യഥാർത്ഥത്തിൽ ചിലതു പഠിച്ചിട്ടുണ്ടെന്നു തെളിയിക്കുക (അഞ്ചു വർഷത്തിനകം നാം ചിലതു പഠിക്കേണ്ടതാണ്); അല്ലെങ്കിൽ നമുക്ക് അതിനുമാത്രം പക്വത വന്നിട്ടില്ലെന്നു തെളിയിക്കുക. രണ്ടാമത്തേതാണു സ്ഥിതിയെങ്കിൽ ഈ കടമ നാം കൈകാര്യം ചെയ്യാതിരിക്കുകയാണു ഭേദം.

നമ്മുടെ പക്കലുള്ള മാനുഷികസാമഗ്രികൾ വച്ചു നോക്കുമ്പോൾ ചുരുങ്ങിയത് ഒരു ജനകീയകമ്മിസാറിയറെറങ്കിലും ചിട്ടയായി പുതുക്കിപ്പണിയാൻ കഴിയുന്നതിനാവശ്യമായ കാര്യങ്ങൾ നാം പഠിച്ചിട്ടുണ്ടെന്നു കരുതുന്നതു ധിക്കാരമാവുമെന്ന് എനിക്കു തോന്നുന്നില്ല. ഈയൊരു ജനകീയകമ്മിസാറിയററ് നമ്മുടെ മുഴുവൻ ഭരണയന്ത്രത്തിനും മാതൃകയാവണമെന്നതു നേരുതന്നെ.

പൊതുവിൽ അദ്ധ്വാനം സംഘടിപ്പിക്കുന്നതിനെക്കുറിച്ചും പ്രത്യേകിച്ച് മാനേജ്മെന്റിനെക്കുറിച്ചും രണ്ടോ അതിലധികമോ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ നാം ഉടനടി ഒരു മത്സരം പ്രഖ്യാപിക്കേണ്ടതാണ്. യെർമാൻസ്കിയ് പ്രസിദ്ധീകരിച്ച പുസ്തകം അടിസ്ഥാനമായി എടുക്കാവുന്നതാണ്. വ്യക്തമായും മെൻഷെവിസത്തോട് അനുഭാവമുള്ള ഒരാളാണ് അദ്ദേഹമെന്നും സോവിയററ് വ്യവസ്ഥയ്ക്കു വേണ്ടി പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ പററിയ ആളല്ലെന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. കേർഷെൻത്സെവിന്റെ ഈയിടത്തെ പുസ്തകവും അടിസ്ഥാനമായി എടുക്കാം. മററു ചില ഭാഗികമായിട്ടുള്ള പാഠപുസ്തകങ്ങളും പ്രയോജനപ്പെട്ടേക്കാം.

സാഹിത്യം ശേഖരിക്കാനും ഈ പ്രശ്നം പഠിക്കാനുമായി, യോഗ്യതയും കർത്തവ്യബോധവുമുള്ള കുറേപ്പേരെ ജർമ്മനിയിലേക്കോ ബ്രി



ട്ടനിലേക്കോ അയയ്ക്കേണ്ടതാണ്. അമേരിക്കൻ ഐക്യനാടുകളിലേക്കോ കാനഡയിലേക്കോ ആളുകളെ അയയ്ക്കാൻ നിവൃത്തിയില്ലെങ്കിൽ ബ്രിട്ടനിലേക്ക് അയയ്ക്കണമെന്നാണു ഞാൻ പറഞ്ഞത്.

തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ജോലിക്കാരാകാനിടയുള്ളവർക്കുവേണ്ടിയുള്ള പരീക്ഷകളുടെ പ്രാരംഭപരിപാടി തയ്യാറാക്കാൻ നാം ഒരു കമ്മീഷനെ നിയോഗിക്കേണ്ടതാണ്. കേന്ദ്രകൺട്രോൾകമ്മീഷനിലേക്കുള്ള സ്ഥാനാർത്ഥികളെ സംബന്ധിച്ചും ഇതാവശ്യമാണ്.

തീർച്ചയായും, ഇതും ഇതുപോലുള്ളതുമായ നടപടികൾ ജനകീയകമ്മിസ്സാറിനോ തൊഴിലാളി—കർഷകപരിശോധകസമിതിയ്ക്കോ കേന്ദ്രകൺട്രോൾകമ്മീഷന്റെ പ്രസീഡിയത്തിനോ ബുദ്ധിമുട്ടുണ്ടാക്കുകയില്ല.

അതോടൊപ്പം കേന്ദ്രകൺട്രോൾകമ്മീഷനംഗത്വത്തിനുള്ള സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് ഒരു പ്രാരംഭകമ്മീഷനെ നിയോഗിക്കണം. എല്ലാ വകുപ്പുകളിലുമുള്ള പരിചയസമ്പന്നരായ തൊഴിലാളികളുടേയും നമ്മുടെ സോവിയററ് ഉപരിപഠനസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടേയും ഇടയിൽനിന്ന് ഈ തസ്തികയ്ക്ക് വേണ്ടതിലധികം സ്ഥാനാർത്ഥികളെ കണ്ടുപിടിക്കാൻ നമുക്കിപ്പോൾ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ഏതെങ്കിലുമൊരു തരക്കാരെ മുൻകൂട്ടി ഒഴിച്ചുനിർത്തുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. പല ഗുണങ്ങളും വിഭിന്നയോഗ്യതകളുമുള്ള നാനാതരക്കാർ ഈ സ്ഥാപനത്തിൽ ഉൾക്കൊള്ളുന്നതിനായിരിക്കും ഒരുപക്ഷെ മുൻഗണന നൽകേണ്ടത്. തൽഫലമായി സ്ഥാനാർത്ഥിപ്പട്ടിക തയ്യാറാക്കുകയെന്നത് ഗണ്യമായ ജോലിക്കിടയാക്കും. പുതിയ ജനകീയകമ്മിസാറിയററിലെ ജോലിക്കാർ ഒരുതരക്കാർ——ഉദാഹരണത്തിന് ഉദ്യോഗസ്ഥന്മാർ——മാത്രമാവുന്നതോ പ്രചാരവേല ചെയ്യാൻ സമർത്ഥന്മാരായവരേയോ ആളുകളുമായി ഇടപഴകാനുള്ള, അഥവാ ഈ തുറയിലെ ഉദ്യോഗസ്ഥന്മാർ സാധാരണ അടുത്തു പെരുമാറാത്ത വൃത്തങ്ങളിൽ നുഴഞ്ഞുകയറാനുള്ള, കഴിവ് മുഖ്യഗുണമായിട്ടുള്ളവരേയോ ഒഴിച്ചുനിർത്തുന്നതോ ഒട്ടും അഭിലഷണീയമായിരിക്കുകയില്ല.

* * *

എന്റെ പദ്ധതിയെ ശാസ്ത്രീയസ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തുന്നതാണ് എന്റെ ആശയം ഏററവും നന്നായി പ്രകാശിപ്പിക്കാൻ പററിയ മാർഗ്ഗമെന്ന് എനിക്കു തോന്നുന്നു. കേന്ദ്രകൺട്രോൾകമ്മീഷനംഗങ്ങൾ അവരുടെ പ്രസീഡിയത്തിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച്

രാഷ്ട്രീയബ്യൂറോയുടെ എല്ലാ പ്രമാണങ്ങളും രേഖകളും ചിട്ടയായി പരിശോധിക്കണം. കൂടാതെ, ഏററവും ചെറുതും സ്വകാര്യ ഉടമയിലുള്ളതുമായ ആഫീസുകൾ മുതൽ ഏററവുമുയർന്ന സ്റ്റേററ്സ്ഥാപനങ്ങൾ വരെയുള്ള നമ്മുടെ സ്ഥാപനങ്ങളിലെ ദിനചര്യ പരിശോധിക്കുമ്പോൾ അവർ വിവിധജോലികൾ തമ്മിൽ ശരിയായി സമയം വീതിച്ചെടുക്കണം. അവസാനമായി, സിദ്ധാന്തം, അതായത് തങ്ങൾ സ്വയം വ്യാപൃതരാവാനുദ്ദേശിക്കുന്ന പ്രവർത്തനം സംഘടിപ്പിക്കുന്നതിൻെറ സിദ്ധാന്തം, പഠിക്കുകയെന്നതും മുതിർന്ന സഖാക്കളുടേയോ അദ്ധ്വാനം സംഘടിപ്പിക്കാനുള്ള ഉപരിസ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയോ മാർഗ്ഗനിർദ്ദേശമനുസരിച്ചു പ്രായോഗികപരിശീലനം നടത്തുകയെന്നതും അവരുടെ ചുമതലകളിൽ പെടേണ്ടതാണ്.

എന്നാൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസപ്രവർത്തനത്തിൽ സ്വയം ഒതുങ്ങിനിൽക്കാൻ അവർക്കു കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. അതിനു പുറമെ തെമ്മാടികളെന്നു ഞാൻ പറയുന്നില്ലെങ്കിലും ഏതാണ്ടതുപോലുള്ളവരെ പിടികൂടാനുള്ള പരിശീലനമെന്നു വിളിക്കാൻ എനിക്കു യാതൊരു സങ്കോചവുമില്ലാത്ത പ്രവർത്തനത്തിനു തയ്യാറെടുക്കുകയും അവരുടെ ചലനങ്ങളേയും സമീപനത്തേയും മററും നിരീക്ഷിക്കാനുള്ള പ്രത്യേക ഉപായങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുകയെന്ന ജോലിയുമവർക്കുണ്ട്.

ഇത്തരം നിർദ്ദേശങ്ങൾ പടിഞ്ഞാറൻ യൂറോപ്യൻ ഗവണ്മെൻറു സ്ഥാപനങ്ങളിൽ ഉന്നയിക്കുന്നപക്ഷം അവ ഭയങ്കരമായ പ്രതിഷേധവും ധാർമ്മികരോഷവും മററും ഉളവാക്കും. പക്ഷെ നാം അതിനുമാത്രം ഉദ്യോഗസ്ഥമേധാവികളായിട്ടില്ലെന്നാണ് എൻെറ വിശ്വാസം. ആരെയെങ്കിലും പിടികൂടിയേക്കുമെന്ന ആശയം നമ്മെ ഞെട്ടിപ്പിക്കത്തക്കവണ്ണം പുതിയ സാമ്പത്തികനയത്തിന് ആദരവു നേടാൻ ഇനിയും കഴിഞ്ഞിട്ടില്ല. നമ്മുടെ സോവിയററ് റിപ്പബ്ലിക്ക് പണിതത് ഈയിടെമാത്രമാകയാൽ പഴയ തടിക്കഷണങ്ങൾ ഇപ്പോഴും ചുററും കുമിഞ്ഞുകൂടി കിടപ്പുണ്ട്. അതുകൊണ്ട് ഉപായങ്ങളിലൂടെയും ചിലപ്പോൾ വളരെ വിദൂരമായ ഉറവിടങ്ങളിലേക്ക് അന്വേഷണം തിരിച്ചുവിട്ടുകൊണ്ടും അല്ലെങ്കിൽ വളഞ്ഞ വഴിക്കും ഈ കുമ്പാരങ്ങൾ ചികഞ്ഞു നോക്കണമെന്ന ആശയം ആരെയും ഞെട്ടിപ്പിക്കുമെന്നു നോന്നുന്നില്ല. അഥവാ ആരെയെങ്കിലും ഞെട്ടിപ്പിച്ചാൽത്തന്നെ അയാൾ പരിഹാസപാത്രമായിത്തീരുമെന്നു നമുക്കുറപ്പിക്കാം.

Pruderie എന്നു ഫ്രഞ്ചുകാർ വിളിക്കുന്നതും അപഹാസ്യമായ വിനയനാട്യമെന്നോ അപഹാസ്യമായ ഔദ്ധത്യമെന്നോ നമുക്കു വിളിക്കാവു



ന്നതും തികച്ചും നമ്മുടെ സോവിയററ്—പാർട്ടി ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ കയ്യിൽ കളിക്കുന്നതുമായ സ്വഭാവം നമ്മുടെ പുതിയ തൊഴിലാളി—കർഷകപരിശോധകസമിതി ഉപേക്ഷിക്കുമെന്നു നമുക്കു പ്രത്യാശിക്കാം. സോവിയററ് ആഫീസുകളിൽ മാത്രമല്ല നമ്മുടെ പാർട്ടി ആഫീസുകളിലും ഉദ്യോഗസ്ഥമേധാവികളുണ്ടെന്നുകൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ.

അദ്ധ്വാനം സംഘടിപ്പിക്കാനുള്ള ഉപരിസ്ഥാപനങ്ങളിലും മററും പഠിക്കണമെന്നും കഠിനമായി പഠിക്കണമെന്നും ഞാൻ മുകളിൽ പറഞ്ഞത് ക്ലാസുമുറിയിലെപ്പോലെ ''പഠിക്കണ''മെന്ന് ഉദ്ദേശിച്ചേയല്ല. ക്ലാസുമുറിയിലെപ്പോലെ മാത്രം പഠിക്കണമെന്ന ആശയത്തിൽ ഞാൻ ഒതുങ്ങിനിന്നതുമില്ല. ഇക്കാര്യത്തിൽ പകുതി ഫലിതരൂപത്തിലുള്ള ചില പൊടിക്കൈകളും സൂത്രങ്ങളും വിദ്യകളും മററും ''പഠന''ത്തിൽ ഉൾപ്പെടുമെന്നു മനസ്സിലാക്കാൻ ഞാൻ വിസമ്മതിക്കുമെന്ന് ഒരൊററ യഥാർത്ഥവിപ്ലവകാരിപോലും സംശയിക്കുകയില്ലെന്നാണ് എൻെറ പ്രതീക്ഷ. പടിഞ്ഞാറൻ യൂറോപ്പിലെ ഗൗരവവും ഗാംഭീര്യവുമുള്ള സ്റ്റേററുകളിൽ ഈ ആശയം ആളുകളെ ഞെട്ടിപ്പിക്കുമെന്നും മാന്യനായ ഒരൊററ ഉദ്യോഗസ്ഥൻപോലും അതെപ്പററി ചിന്തിക്കുകതന്നെയില്ലെന്നും എനിക്കറിയാം. പക്ഷെ നാം അത്രത്തോളം ഉദ്യോഗസ്ഥമേധാവികളായിട്ടില്ലെന്നും നമ്മുടെയിടയിൽ ഈ ആശയം ചർച്ച ചെയ്യുന്നത് ചിരിയിൽ കവിഞ്ഞൊന്നും ഉളവാക്കുകയില്ലെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

എന്തുകൊണ്ട് രസവും പ്രയോജനവും ഒന്നിച്ചുകൂടാ? അപഹാസ്യമോ ഹാനികരമോ കുറെയൊക്കെ അപഹാസ്യമോ കുറെയൊക്കെ ഹാനികരമോ ആയിട്ടുള്ള കാര്യങ്ങൾ തുറന്നുകാട്ടാൻ ഫലിതരൂപത്തിലുള്ളതോ പാതി ഫലിതരൂപത്തിലുള്ളതോ ആയ ഒരു ഉപായം എന്തുകൊണ്ടു പ്രയോഗിച്ചുകൂടാ?

നമ്മുടെ തൊഴിലാളി—കർഷകപരിശോധകസമിതി ഈ ആശയങ്ങൾ പരിശോധിക്കാൻ തുനിയുന്നപക്ഷം അതിനു ഗണ്യമായ നേട്ടങ്ങളുണ്ടാവുമെന്നും, നമ്മുടെ കേന്ദ്രകൺട്രോൾകമ്മീഷനും തൊഴിലാളി—കഷ്കപരിശോധകസമിതിയിലെ അതിൻെറ സഹപ്രവത്തകരും നേടിയിട്ടുള്ള ചുരുക്കം ചില ഉജ്ജ്വലമായ വിജയങ്ങളുടെ പട്ടികയുടെകൂടെ നമ്മുടെ പുതിയ തൊഴിലാളി—കർഷകപരിശോധകസമിതിയിലേയും കേന്ദ്രകൺട്രോൾകമ്മീഷനിലേയും അംഗങ്ങൾ ഗൗരവവും ഗാംഭീര്യവുമുള്ള പാഠപുസ്തകങ്ങളിൽ പറയാൻ കൊള്ളാത്ത ചില കാര്യങ്ങളിൽ നേടുന്ന ഒട്ടും കുറവല്ലാത്ത വിജയങ്ങൾ കൂടി ചേർക്കാൻ കഴിയുമെന്നും എനിക്കു തോന്നുന്നു.

* * *

ഒരു പാർട്ടിസ്ഥാപനത്തെ ഒരു സോവിയററ് സ്ഥാപനവുമായി സംയോജിപ്പിക്കുന്നതു് എങ്ങിനെയാണു്? ഈ നിർദ്ദേശത്തിൽ എന്തോ ഒരു അനൗചിത്യമില്ലേ?

എനിക്കുവേണ്ടിയല്ല, നമ്മുടെ പാർട്ടി സ്ഥാപനങ്ങളിലും സോവിയററ് സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥമേധാവികളുണ്ടെന്നു മുകളിൽ പറഞ്ഞപ്പോൾ ഞാൻ സൂചിപ്പിച്ചവർക്കുവേണ്ടിയാണു് ഞാൻ ഈ ചോദ്യങ്ങൾ ഉന്നയിക്കുന്നതു്.

എങ്കിലും, അവ രണ്ടും സംയോജിപ്പിക്കുന്നതു് നമ്മുടെ പ്രവർത്തനത്തിൻെറ താല്പര്യങ്ങൾക്കു് അനുസൃതമാണെങ്കിൽ എന്തുകൊണ്ടു പാടില്ല? ജനകീയവിദേശകാര്യ കമ്മിസാറിയററിൻെറ കാര്യത്തിൽ നാമിതു് തുടക്കത്തിൽത്തന്നെ ചെയ്തതു് വളരെ പ്രയോജനപ്രദമായിരുന്നില്ലേ? വിദേശശക്തികളുടെ—അല്പം മാന്യത കുറഞ്ഞ വാക്കുപയോഗിക്കുകയാണെങ്കിൽ—കൗശലപ്രയോഗം മുൻകൂട്ടി ഒഴിവാക്കുന്നതിനു് അവരുടെ ''നീക്കങ്ങൾക്കു'' മറുപടിയായി നാമെടുക്കേണ്ട ''നീക്കങ്ങൾ'' എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളും രാഷ്ട്രീയബ്യൂറോ പാർട്ടിവീക്ഷണത്തിൽ നിന്നുകൊണ്ടു ചർച്ച ചെയ്യുന്നില്ലേ? ഒരു സോവിയററ് സ്ഥാപനവും പാർട്ടി സ്ഥാപനവും തമ്മിലുള്ള ഈ അയവേറിയ സംയോജനം നമ്മുടെ രാഷ്ട്രീയത്തിൽ വമ്പിച്ച ശക്തിക്കുറവിടമായിട്ടില്ലേ? നമ്മുടെ വിദേശരാഷ്ട്രീയത്തിൽ പ്രയോജനകരമാണെന്നു തെളിഞ്ഞിട്ടുള്ള, ആ രംഗത്തു് നിശ്ചയമായും കൈക്കൊള്ളുകയും പതിവായിത്തീരുകയും ചെയ്തിട്ടുള്ളതുകൊണ്ടു് സംശയങ്ങൾക്കിടനൽകാത്ത ഒരു നടപടി നമ്മുടെ ഭരണയന്ത്രത്തിനാകെത്തന്നെ ചുരുങ്ങിയതു് അത്രത്തോളം ഉചിതമെങ്കിലുമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു് (യഥാർത്ഥത്തിൽ അതിനേക്കാൾ വളരെയേറെ ഉചിതമായിരിക്കുമെന്നാണെൻെറ അഭിപ്രായം). തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ചുമതലകൾ നമ്മുടെ ഭരണയന്ത്രത്തെയാകെ ഉൾക്കൊള്ളുന്നുണ്ടു്. അതിൻെറ പ്രവർത്തനങ്ങൾ ഒന്നൊഴിയാതെ എല്ലാ സ്റ്റേററ് സ്ഥാപനങ്ങളേയും—പ്രാദേശികമായിട്ടുള്ളതും കേന്ദ്രത്തിലുള്ളതും വ്യാപാരസംബന്ധവും തികച്ചും ഭരണനിർവ്വഹണപരവും വിദ്യാഭ്യാസപരവും റിക്കാർഡുശേഖരം സംബന്ധിച്ചുള്ളതും നാടകസംബന്ധവും മററുമായ സ്ഥാപനങ്ങളെ, ചുരുക്കത്തിൽ ഒന്നൊഴിയാതെ എല്ലാററിനേയും—ബാധിക്കണം.

ഇത്രയേറെ പ്രവർത്തനവൈപുല്യമുള്ള, അസാമാന്യമാംവണ്ണം അയവേറിയ രൂപങ്ങൾ ഇത്രയേറെ ആവശ്യമായ, ഒരു സ്ഥാപനത്തെ, ഒരു



പാർട്ടിനിയന്ത്രണസ്ഥാപനവും സ്റ്റേററ് നിയന്ത്രണസ്ഥാപനവും തമ്മിലുള്ള ഈ പ്രത്യേകരീതിയിലുള്ള സംയോജനം സ്വീകരിക്കാൻ എന്തുകൊണ്ടു് അനുവദിച്ചുകൂടാ?

ഞാൻ ഇതിനു തടസ്സമൊന്നും കാണുന്നില്ല. തന്നെയല്ല, നമ്മുടെ പ്രവർത്തനത്തിൻെറ വിജയത്തിനുള്ള ഒരേയൊരു ഉറപ്പു് അത്തരത്തിലുള്ള സംയോജനമാണെന്നാണു് എനിക്കു തോന്നുന്നതു്. ഇതേക്കുറിച്ചുള്ള സംശയങ്ങൾ ഉയർന്നുവരുന്നതു് നമ്മുടെ ഗവണ്മെൻറാഫീസുകളിലെ പൊടിപിടിച്ച കോണുകളിൽനിന്നാണെന്നും പരിഹാസപൂർവ്വമായ പരിഗണന മാത്രമേ അവ അർഹിക്കുന്നുള്ളുവെന്നും ഞാൻ കരുതുന്നു.

* * *

മറെറാരു സംശയം. വിദ്യാഭ്യാസപ്രവർത്തനങ്ങളെ ഔദ്യോഗികപ്രവർത്തനങ്ങളുമായി യോജിപ്പിക്കുന്നതു് ആശാസ്യമാണോ? അതു് ആശാസ്യമാണെന്നു മാത്രമല്ല ആവശ്യവുമാണെന്നാണു് എൻെറ അഭിപ്രായം. പൊതുവിൽ പറയുകയാണെങ്കിൽ, പടിഞ്ഞാറൻ യൂറോപ്യൻ ഭരണരൂപത്തോടുള്ള നമ്മുടെ മനോഭാവം വിപ്ലവകരമായിരുന്നെങ്കിലും അതിൻെറ ഏററവും ഹാനികരവും അപഹാസ്യവുമായ ഒട്ടേറെ മുൻവിധികൾ പിടിപെടാൻ നാം സ്വയം അനുവദിക്കുകയുണ്ടായി; ഈ മുൻവിധികളുടെ കലങ്ങിയ വെള്ളത്തിൽ വീണ്ടും വീണ്ടും മീൻ പിടിക്കാമെന്നു കരുതിയ നമ്മുടെ പ്രിയപ്പെട്ട ഉദ്യോഗസ്ഥമേധാവികൾ ഒരു പരിധിവരെ മനപ്പൂർവ്വം നമ്മിൽ കുത്തിവച്ചതാണവ. ഈ കലങ്ങിയ വെള്ളത്തിലെ മീൻപിടുത്തം എത്ര വിപുലമായ തോതിലാണു് അവർ നടത്തിയതു്. നമ്മുടെയിടയിലെ കുരുടന്മാർ മാത്രമേ അതു കാണാതിരുന്നുള്ളു.

സാമൂഹ്യ—സാമ്പത്തിക—രാഷ്ട്രീയബന്ധങ്ങളുടെ എല്ലാ തുറകളിലും നാം ''അങ്ങേയററം'' വിപ്ലവകാരികളാണു്. പക്ഷെ കീഴ്നടപ്പിൻെറ കാര്യത്തിൽ, ആഫീസ് നടത്തിക്കൊണ്ടുപോകുന്നതിൻെറ രൂപങ്ങളും നടപടിക്രമങ്ങളും പാലിക്കുന്ന കാര്യത്തിൽ, നമ്മുടെ ''വിപ്ലവാത്മകത്വം'' പലപ്പോഴും ഏററവും പുളിച്ചുനാറിയ ദിനചര്യയ്ക്കു വഴിമാറിക്കൊടുക്കാറുണ്ടു്. സാമൂഹ്യജീവിതത്തിൽ മുന്നോട്ടുള്ള വമ്പിച്ചൊരു കുതിച്ചുചാട്ടത്തെ തുടർന്നു് ഏററവും ചെറിയ മാററങ്ങളെന്തെങ്കിലും നിർദ്ദേശിക്കുമ്പോൾ അത്ഭുതാവഹമായ അധൈര്യം പ്രകടമാകുകയെന്ന വളരെ രസാവഹമായ ഒരു പ്രതിഭാസം നാം ഒന്നിലധികം തവണ കണ്ടിട്ടുണ്ടു്.

ഇതു സ്വാഭാവികമാണുതാനും. കാരണം, താത്വികപഠനത്തിനുവേണ്ടി എത്രയോ കാലമായി നീക്കിവച്ചിട്ടുള്ള, തത്വത്തിൽ പ്രധാന

മായും തത്വത്തിൽ മാത്രമായിപ്പോലും വളർന്നിട്ടുള്ള, ഒരു രംഗത്താണ് ഏററവും സുധീരമായ നടപടികൾ കൈക്കൊണ്ടത്. ജോലി ചെയ്യാതിരിക്കുമ്പോൾ റഷ്യാക്കാരൻ വിരസമായ ഉദ്യോഗസ്ഥമേധാവിത്വയാഥാർത്ഥ്യങ്ങളിൽനിന്ന് ആശ്വാസം കണ്ടത് അസാധാരണമാംവണ്ണം ധീരമായ താത്വികരചനകളിലാണ്. അതുകൊണ്ടാണ് നമ്മുടെ രാജ്യത്ത് അസാധാരണമാംവണ്ണം ധീരമായ ഈ താത്വികരചനകൾ അസാധാരണമാംവണ്ണം ഏകപക്ഷീയമായ ഒരു സ്വഭാവം കൈക്കൊണ്ടത്. പൊതുരചനാരംഗത്തെ താത്വികമായ ചങ്കൂററവും ആഫീസ്ദിനചര്യയിൽ വളരെ നിസ്സാരമായ ചില പരിഷ്കാരങ്ങൾ വരുത്തുന്നതിലുള്ള അത്ഭുതാവഹമായ അധൈര്യവും ഒരേസമയത്തു പ്രകടമായിരുന്നു. മററൊരിടത്തും കാണാത്ത ചങ്കൂററത്തോടെ മഹത്തായ ഏതോ സർവ്വലോകകാർഷികവിപ്ലവത്തിനുള്ള പദ്ധതി തയ്യാറാക്കപ്പെട്ടു. പക്ഷെ അതേസമയം ആഫീസ് ദിനചര്യയിൽ ഒരു പത്താംകിട പരിഷ്കാരം വരുത്തുന്ന കാര്യത്തിൽ ഈ ഭാവനാശക്തി പരാജയപ്പെട്ടു; പൊതുപ്രശ്നങ്ങൾക്കു ബാധകമാകുമ്പോൾ ഇത്ര ഉജ്ജ്വലമായ ഫലങ്ങളുളവാക്കിയ പൊതുപ്രമേയങ്ങൾ ആ പരിഷ്കാരത്തിന്റെ കാര്യത്തിൽ പ്രയോഗിക്കാനുള്ള ഭാവനയോ ക്ഷമയോ കണ്ടില്ല.

അതുകൊണ്ടാണ് നമ്മുടെ ഇന്നത്തെ ജീവിതത്തിൽ സാഹസികമായ ചങ്കൂററവും ഏററവും ചെറിയ മാററങ്ങൾപോലും വരുത്തുന്നതിലുള്ള ചിന്താഭീരുത്വവും അത്ഭുതാവഹമായ തോതിൽ ഒന്നിച്ചു പ്രകടമാവുന്നത്.

യഥാർത്ഥത്തിൽ മഹത്തായ എല്ലാ വിപ്ലവങ്ങളിലും ഇതു സംഭവിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു. കാരണം, പഴയതും— പഴയതു വളർത്തുന്നതിലേക്കു നയിക്കുന്ന കാര്യങ്ങളും—പഴയതിന്റെ നേരിയ ഒരംശംപോലും കലരാത്തവണ്ണം പുതുതായിട്ടുള്ളതിനുവേണ്ടിയുള്ള വളരെ അമൂർത്തമായ അഭിലാഷവും തമ്മിലുള്ള വൈരുദ്ധ്യങ്ങളിൽനിന്നാണ് യഥാർത്ഥത്തിൽ മഹത്തായിട്ടുള്ള എല്ലാ വിപ്ലവങ്ങളും ഉടലെടുക്കുന്നത്.

വിപ്ലവം എത്രത്തോളം പൊടുന്നനെ നടക്കുന്നോ അത്രത്തോളം കൂടുതൽ കാലം ഈ വൈരുദ്ധ്യങ്ങളിൽ പലതും നിലനിൽക്കുന്നതാണ്.

* * *

നമ്മുടെ സമകാലീനജീവിതത്തിന്റെ പൊതുസവിശേഷത ഇതാണ്: നമ്മൾ മുതലാളിത്തവ്യവസായം നശിപ്പിക്കുകയും മദ്ധ്യകാലികസ്ഥാപനങ്ങളും ഭൂപ്രഭുക്കളുടെ ഭൂവുടമസമ്പ്രദായവും നിലംപരിശാക്കാൻ പരമാവധി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ ചെറുകിടയും വളരെ ചെറുകിടയുമായ കർഷകജനതയെ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിലാ



ളിവർഗ്ഗത്തിന്റെ വിപ്ലവപ്രവർത്തനത്തിന്റെ ഫലങ്ങളിൽ വിശ്വസിക്കുന്നതുകൊണ്ട് അവർ അതിന്റെ നേതൃത്വം പിന്തുടരുന്നു. എന്നാൽ കൂടുതൽ വികസിച്ച രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുന്നതുവരെ ഈ വിശ്വാസത്തെ ആധാരമാക്കിക്കൊണ്ടു മാത്രം മുന്നോട്ടു പോവുകയെന്നത് നമ്മെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമുള്ള കാര്യമല്ല. എന്തെന്നാൽ പ്രത്യേകിച്ചു പുതിയ സാമ്പത്തികനയത്തിൻകീഴിൽ സാമ്പത്തികാവശ്യം ചെറുകിടയും വളരെ ചെറുകിടയുമായ കർഷകരുടെ അദ്ധ്വാനക്ഷമത അങ്ങേയററം താണ നിലവാരത്തിൽ തുടരാനിടയാക്കുന്നു. മാത്രമല്ല, സാർവ്വദേശീയസ്ഥിതിയും റഷ്യയെ പിന്നോക്കം തള്ളുകയും ജനങ്ങളുടെ അദ്ധ്വാനക്ഷമതയെ മൊത്തത്തിലെടുത്താൽ യുദ്ധത്തിനുമുമ്പുണ്ടായിരുന്നതിനേക്കാൾ ഗണ്യമായി കുറഞ്ഞ നിലവാരത്തിലേക്കു ചുരുക്കുകയും ചെയ്തു. നമ്മെ പിന്നോക്കം തള്ളാൻ, രാജ്യത്ത് കഴിയുന്നത്ര നാശം വ്യാപിപ്പിക്കുന്നതിനുവേണ്ടി റഷ്യയിലെ ആഭ്യന്തരയുദ്ധത്തിന്റെ ഘടകങ്ങളെ ഉപയോഗപ്പെടുത്താൻ, പടിഞ്ഞാറൻ യൂറോപ്പിലെ മുതലാളിത്തശക്തികൾ കുറെ അറിഞ്ഞും കുറെ അറിയാതെയും പരമാവധി ശ്രമിച്ചു. സാമ്രാജ്യത്വയുദ്ധത്തിൽനിന്നുമുള്ള ഈ പോംവഴിക്കാണ് പല മെച്ചങ്ങളുമുള്ളതായി തോന്നിയത്. അവരുടെ വാദം ഏതാണ്ടിങ്ങനെയായിരുന്നു: ''റഷ്യയിലെ വിപ്ലവവ്യവസ്ഥിതി മറിച്ചിടാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെ സോഷ്യലിസത്തിലേക്കുള്ള അതിന്റെ പുരോഗതി തടസ്സപ്പെടുത്താൻ നമുക്ക് ഏതായാലും കഴിയും.'' അവരുടെ നിലപാടിൽനിന്ന് മറെറാരു തരത്തിലും വാദിക്കാൻ സാദ്ധ്യമല്ലായിരുന്നു. അവസാനം അവരുടെ പ്രശ്നം പാതി പരിഹരിക്കപ്പെട്ടു. വിപ്ലവം സൃഷ്ടിച്ച പുതിയ വ്യവസ്ഥിതി മറിച്ചിടാൻ അവർക്കു കഴിഞ്ഞില്ല. എങ്കിലും സോഷ്യലിസ്റ്റുകാരുടെ പ്രവചനങ്ങളെ നീതീകരിക്കുമായിരുന്ന മുന്നോട്ടുള്ള കാൽവയ്പ് ഉടനടി എടുക്കുന്നതിൽനിന്നും അതിനെ തടയാൻ അവർക്കു കഴിഞ്ഞു. ഉല്പാദനശക്തികൾ അതിവേഗം വളർത്താനും ഒന്നിച്ചെടുത്താൽ സോഷ്യലിസത്തിനു രൂപംകൊടുക്കുമായിരുന്ന എല്ലാ സാദ്ധ്യതകളേയും വികസിപ്പിക്കാനും ആ കാൽവയ്പുമൂലം സോഷ്യലിസ്റ്റുകാർക്കു കഴിയുമായിരുന്നു; അങ്ങിനെ ബൃഹത്തായ ശക്തികൾ സോഷ്യലിസത്തിൽ ഉൾക്കൊള്ളുന്നുണ്ടെന്നും അസാമാന്യമാംവണ്ണം ഉജ്ജ്വലമായ സാദ്ധ്യതകളുള്ള ഒരു പുതിയ വികാസഘട്ടത്തിലേക്കു മനുഷ്യരാശി പ്രവേശിച്ചിരിക്കുകയാണെന്നും സോഷ്യലിസ്റ്റുകാർ ഏവർക്കും തെളിയിച്ചുകൊടുക്കുമായിരുന്നു.

ഒരു യൂറോപ്യൻ സ്റ്റേററായ ജർമ്മനിയെ വിജയികളായ രാജ്യങ്ങൾ അടിമപ്പെടുത്തിവച്ചിരിക്കുന്നുവെന്നതാണ് ഇന്നു രൂപംകൊണ്ടിട്ടുള്ള സാർ

വ്വദേശീയബന്ധങ്ങളുടെ വ്യവസ്ഥ. കൂടാതെ, പടിഞ്ഞാറുള്ള പഴക്കം ചെന്ന പല രാജ്യങ്ങളും തങ്ങളുടെ വിജയം മൂലം അവയിലെ മർദ്ദിതവർഗ്ഗങ്ങൾക്കു ചില നിസ്സാരസൗജന്യങ്ങൾ നൽകാവുന്ന ഒരു സ്ഥിതിയിലെത്തിയിട്ടുണ്ട്. ഈ സൗജന്യങ്ങൾ നിസ്സാരമാണെങ്കിലും അവ ആ രാജ്യങ്ങളിലെ വിപ്ലവപ്രസ്ഥാനത്തിന്റെ ഗതിവേഗം കുറയ്ക്കുകയും "വർഗ്ഗസമാധാന"ത്തിന്റെ ഒരു ഏകദേശച്ഛായ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

അതേസമയംതന്നെ, കഴിഞ്ഞ സാമ്രാജ്യത്വയുദ്ധത്തിന്റെ ഫലമായി ഇന്ത്യ, ചൈന തുടങ്ങി പൂർവ്വദേശത്തെ പല രാജ്യങ്ങളുടേയും വികാസഗതിക്ക് അടിമുടി കുലുക്കം തട്ടിയിട്ടുണ്ട്. അവയുടെ വളർച്ച പൊതുയൂറോപ്യൻ മുതലാളിത്തമാർഗ്ഗങ്ങളിലേക്ക് ഖണ്ഡിതമായി തിരിഞ്ഞിട്ടുണ്ട്. യൂറോപ്പിൽക്കാണുന്ന പൊതുവായ ഇളകിമറിച്ചിൽ അവയേയും ബാധിക്കാൻ തുടങ്ങിയിരിക്കുന്നു. ലോകമുതലാളിത്തത്തിലാകെ കുഴപ്പം സൃഷ്ടിക്കുന്നതിലേക്കു വഴിതെളിക്കുന്ന ഒരു വികാസപ്രക്രിയയിലേക്ക് അവ ആകർഷിക്കപ്പെട്ടിട്ടുണ്ടെന്ന് ലോകത്തിനു മുഴുവനും ഇപ്പോൾ വ്യക്തമായിരിക്കുന്നു.

ഇങ്ങനെ, ഇന്നത്തെ കാലഘട്ടത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന ചോദ്യമിതാണ്: പശ്ചിമയൂറോപ്യൻ മുതലാളിത്തരാജ്യങ്ങൾ സോഷ്യലിസത്തിലേക്കുള്ള വളർച്ച പൂർത്തിയാക്കുന്നതുവരെ നമ്മുടെ ചെറുതും വളരെ ചെറുതുമായ കാർഷികോല്പാദനം വച്ചുകൊണ്ടും നമ്മുടെ ഇന്നത്തെ നശിച്ച സ്ഥിതിയിലും പിടിച്ചുനിൽക്കാൻ നമുക്കു കഴിയുമോ? പക്ഷെ നാം മുമ്പു പ്രതീക്ഷിച്ചിരുന്നതുപോലല്ല അവ ആ വളർച്ച പൂർത്തിയാക്കുന്നതു്. സോഷ്യലിസം ക്രമേണ "പക്വത" ആർജ്ജിക്കുന്നതിലൂടെയല്ല, ചില രാജ്യങ്ങൾ മറ്റുള്ളവയെ ചൂഷണം ചെയ്യുന്നതിലൂടെയാണ്, സാമ്രാജ്യത്വയുദ്ധത്തിൽ ആദ്യം തോല്പിക്കപ്പെട്ട രാജ്യത്തിന്റെ മേലുള്ള ചൂഷണവും പൂർവ്വദേശത്തിന്റെ ഒന്നടങ്കം മേലുള്ള ചൂഷണവും ഒന്നിച്ചുനടത്തുന്നതിലൂടെയാണ്, അവ അതു പൂർത്തിയാക്കുന്നതു്. മറുവശത്തു്, ഒന്നാം സാമ്രാജ്യത്വയുദ്ധത്തിന്റെ ഫലമായിത്തന്നെ പൗരസ്ത്യദേശം വിപ്ലവപ്രസ്ഥാനത്തിലേക്ക് തീർച്ചയായും ആകൃഷ്ടമായിവന്നിട്ടുണ്ട്; ലോകവിപ്ലവപ്രസ്ഥാനത്തിന്റെ പൊതുവായ നീർച്ചുഴിയിലേക്ക് തീർച്ചയായും ആകൃഷ്ടമായിവന്നിട്ടുണ്ട്.

ഈ സ്ഥിതിയിൽ നമ്മുടെ രാജ്യം അനുവർത്തിക്കേണ്ട അടവുകൾ എന്തായിരിക്കണം? വ്യക്തമായും ഇവയെല്ലാമായിരിക്കണം: നമ്മുടെ തൊഴിലാളിഭരണം നിലനിർത്താനും ചെറുകിടക്കാരും വളരെ ചെറുകിടക്കാരുമായ നമ്മുടെ കർഷകരെ അതിന്റെ നേതൃത്വത്തിലും അധികാരശക്തിയിൻകീഴിലും വച്ചുകൊണ്ടിരിക്കാനും നാം അങ്ങേയററം ജാഗ്രത പാലിക്കണം. ഒരു ലോകസോഷ്യലിസ്റ്റ്‌വിപ്ലവത്തിന് അനിവാര്യമായും ജന്മം നൽകുന്ന ഒരു പ്രസ്ഥാനത്തിലേക്കു ലോകമാകെ ഇന്നു നീങ്ങിക്കൊണ്ടിരിക്കുന്നുവെന്ന മെച്ചം നമുക്കുണ്ട്. പക്ഷെ ലോകത്തെ രണ്ടു ചേരികളായി പിളർക്കുന്നതിൽ സാമ്രാജ്യവാദികൾ വിജയിച്ചിരിക്കുന്നുവെന്ന പ്രതികൂലസാഹചര്യത്തിലാണു നാം പ്രവർത്തിക്കുന്നതു്. വളർച്ചയെത്തിയതും സംസ്കാരസമ്പന്നവുമായ മുതലാളിത്തവികാസം യഥാർത്ഥത്തിൽ ആർജ്ജിച്ചുകഴിഞ്ഞ ഒരു നാടായ ജർമ്മനിക്ക് സ്വന്തം കാലിൽ എഴുന്നേററുനിൽക്കാൻ അങ്ങേയററം ബുദ്ധിമുട്ടാണെന്ന വസ്തുത ഈ പിളർപ്പിനെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. പാശ്ചാത്യദേശമെന്നു വിളിക്കപ്പെടുന്നിടത്തെ എല്ലാ മുതലാളിത്തശക്തികളും അതു് എഴുന്നേൽക്കാതിരിക്കാൻവേണ്ടി അതിനെ കൊത്തി മുറിവേല്പിച്ചുകൊണ്ടിരിക്കുകയാണ്. മറുവശത്തു്, കോടാനുകോടി പണിയെടുക്കുന്ന ചൂഷിതർ നിവസിക്കുന്ന പൗരസ്ത്യദേശം മുഴുവനും പരമാവധി ദുരിതമനുഭവിക്കുകയാണ്. അതിന്റെ കായികവും ഭൗതികവുമായ ബലത്തെ അതിനേക്കാൾ എത്രയോ ചെറിയ ഏതൊരു പശ്ചിമയൂറോപ്യൻ രാഷ്ട്രത്തിന്റേയും കായികവും ഭൗതികവും സൈനികവുമായ ബലവുമായി താരതമ്യപ്പെടുത്താൻ നിർവ്വാഹമില്ലാത്ത ഒരു നിലയിലേക്ക് അതു തള്ളിവിടപ്പെട്ടിരിക്കുകയാണ്.

ഈ സാമ്രാജ്യത്വരാജ്യങ്ങളുമായുള്ള ആസന്നമായ സംഘട്ടനത്തിൽ നിന്നു നമുക്കു സ്വയം രക്ഷനേടാൻ കഴിയുമോ? പടിഞ്ഞാറും കിഴക്കുമുള്ള പ്രതിവിപ്ലവകാരികളുടെ ചേരിയിൽ, പൗരസ്ത്യ—പാശ്ചാത്യചൂഷകരുടെ ചേരിയിൽ, ജപ്പാന്റേയും അമേരിക്കൻ ഐക്യനാടുകളുടേയും ചേരിയിൽ, ഉണ്ടായ പരസ്പരമാത്സര്യങ്ങൾ നിമിത്തം റഷ്യൻ പ്രതിവിപ്ലവത്തിനനുകൂലമായ പശ്ചിമയൂറോപ്യൻ പ്രതിവിപ്ലവത്തിന്റെ ക്യാമ്പെയിൻ പൊളിഞ്ഞതു് നമുക്ക് ആദ്യത്തെ തവണ സാവകാശം നൽകിയതുപോലെ, പാശ്ചാത്യദേശത്തെ സമ്പൽസമൃദ്ധമായ സാമ്രാജ്യത്വരാജ്യങ്ങളും പൗരസ്ത്യദേശത്തെ സമ്പൽസമൃദ്ധമായ സാമ്രാജ്യത്വരാജ്യങ്ങളും തമ്മിലുള്ള ആഭ്യന്തരവൈരുദ്ധ്യങ്ങളും മാത്സര്യങ്ങളും നമുക്കു രണ്ടാമതും സാവകാശം നൽകുമെന്നു പ്രതീക്ഷിക്കാമോ?

പ്രശ്നം പല ഘടകങ്ങളേയും ആശ്രയിച്ചാണിരിക്കുന്നതു്; കാലക്രമത്തിൽ മുതലാളിത്തംതന്നെ ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളേയും സമരത്തിനുവേണ്ടി പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമാണ് സമരത്തിന്റെയാകെ പരിണതഫലം മുൻകൂട്ടി പറയാൻ കഴിയുന്നതു്—മുകളിലത്തെ ചോദ്യത്തിനുള്ള ഉത്തരം ഇതായിരിക്കണമെന്ന് എനിക്കു തോന്നുന്നു.

ലോകജനസംഖ്യയിലെ ബഹുഭൂരിപക്ഷവും റഷ്യ, ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ അധിവസിക്കുന്നുവെന്ന വസ്തുതയാണ് അവസാനവിശകലനത്തിൽ സമരത്തിന്റെ പരിണതഫലം നിർണ്ണയിക്കുന്നത്. വിമോചനത്തിനുവേണ്ടിയുള്ള സമരത്തിലേക്ക് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ അസാമാന്യവേഗതയോടെ ആകൃഷ്ടരായിവന്നിട്ടുള്ളത് ഈ ഭൂരിപക്ഷമാണ്. അതുകൊണ്ട് ഈയൊരു കാര്യത്തിൽ ലോകസമരത്തിന്റെ അന്തിമഫലമെന്തായിരിക്കുമെന്നതിനെപ്പററി നേരിയ സംശയംപോലും വേണ്ട. ഈ അർത്ഥത്തിൽ സോഷ്യലിസത്തിന്റെ പരിപൂർണ്ണവിജയം തികച്ചും ഖണ്ഡിതമായും ഉറപ്പായിക്കഴിഞ്ഞിരിക്കുന്നു.

പക്ഷെ സോഷ്യലിസത്തിന്റെ ഈ അന്തിമവിജയം അനിവാര്യമാണെന്ന വസ്തുതയിലല്ല, പടിഞ്ഞാറൻയൂറോപ്പിലെ പ്രതിവിപ്ലവരാഷ്ട്രങ്ങൾ നമ്മെ തകർക്കാതിരിക്കാൻവേണ്ടി റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയായ നാം, റഷ്യയിലെ സോവിയററ് ഗവണ്മെൻറായ നാം, എന്തടവുകൾ എടുക്കണം എന്നതിലാണ്, നമുക്കു താല്പര്യം. പ്രതിവിപ്ലവ—സാമ്രാജ്യത്വപാശ്ചാത്യദേശവും വിപ്ലവ—ദേശീയപൗരസ്ത്യദേശവും തമ്മിൽ, ലോകത്തിലെ ഏററവും പരിഷ്കൃതരാജ്യങ്ങളും പിന്നോക്കം നിൽക്കുന്നെങ്കിലും ഭൂരിപക്ഷം വരുന്ന പൗരസ്ത്യരാജ്യങ്ങളും തമ്മിൽ, ഇനിയൊരു സൈനികസംഘട്ടനമുണ്ടാവുന്നതുവരെ നമ്മുടെ നിലനില്പ് ഭദ്രമാകണമെങ്കിൽ പ്രസ്തുതഭൂരിപക്ഷം പരിഷ്കൃതരാവണം. സോഷ്യലിസത്തിലേക്കു നേരിട്ടു കടക്കാൻ കഴിയുമാറുള്ള രാഷ്ട്രീയോപാധികൾ നമ്മുടെ പക്കലുണ്ടെങ്കിലും അതിനാവശ്യമായിടത്തോളം പരിഷ്കാരം നമുക്കു സിദ്ധിച്ചിട്ടില്ല. സ്വയം രക്ഷനേടാൻ നാം അംഗീകരിക്കേണ്ട അടവ്, അഥവാ അനുവർത്തിക്കേണ്ട നയം, താഴെപ്പറയുന്നതാണ്.

തൊഴിലാളികൾ കർഷകരുടെ മേലുള്ള നേതൃത്വം നിലനിർത്തുന്ന, കർഷകരുടെ വിശ്വാസം നിലനിർത്തുന്ന, ഒരു ഭരണകൂടം കെട്ടിപ്പടുക്കാൻ നാം യത്നിക്കണം. പരമാവധി മിതവ്യയം പാലിച്ചുകൊണ്ട് നാം നമ്മുടെ സാമൂഹ്യബന്ധങ്ങളിൽനിന്നും ധൂർത്തിന്റെ എല്ലാ ലാഞ്ഛനയും നീക്കം ചെയ്യണം.

നാം നമ്മുടെ ഭരണയന്ത്രത്തിൽ പരമാവധി മിതവ്യയം കൈവരുത്തണം. സാറിസ്റ്റ് റഷ്യയിൽനിന്ന്, അതിലെ ഉദ്യോഗസ്ഥമേധാവിത്വപരമായ മുതലാളിത്തഭരണയന്ത്രത്തിൽനിന്ന്, ഒട്ടേറെ അവശേഷിച്ചിട്ടുള്ള ധൂർത്തിന്റെ എല്ലാ ലാഞ്ഛനകളും അതിൽനിന്നു തുടച്ചുനീക്കണം.

ഇത് കർഷകരുടെ പരിമിതികളുടെ വാഴ്ചയാവില്ലേ?



ഇല്ല. തൊഴിലാളിവർഗ്ഗം കർഷകരുടെ മേലുള്ള അതിന്റെ നേതൃത്വം നിലനിർത്തുമെന്നു നാം ഉറപ്പുവരുത്തുകയാണെങ്കിൽ, നമ്മുടെ സ്റ്റേററിന്റെ സാമ്പത്തികജീവിതത്തിൽ പരമാവധി മിതവ്യയം പാലിച്ചുകൊണ്ട് ഓരോ സമ്പാദ്യവും നമ്മുടെ വൻകിടയന്ത്രവ്യവസായം വളർത്താനും വൈദ്യുതീകരണം വികസിപ്പിക്കാനും ഹൈഡ്രോളിക് സമ്പ്രദായമുപയോഗിച്ച് പീററു കുഴിച്ചെടുക്കാനും വോൾഖൊവ് വൈദ്യുതപദ്ധതി പൂർത്തിയാക്കാനും മററും ഉപയോഗപ്പെടുത്താൻ കഴിയും.

ഇതിലാണ്, ഇതിൽ മാത്രമാണ്, നമ്മുടെ ആശ കുടികൊള്ളുന്നത്. ഇതു ചെയ്തുകഴിയുമ്പോൾ മാത്രമേ നമുക്ക്, ആലങ്കാരികമായി പറഞ്ഞാൽ കുതിരയെ വച്ചുമാറാൻ കഴിയൂ, ദാരിദ്ര്യത്തിന്റേതായ കർഷകക്കുതിരയിൽനിന്ന്, ഒരു നശിച്ച കർഷകരാജ്യത്തിനുവേണ്ടി സംവിധാനം ചെയ്യപ്പെട്ട സമ്പദ്ഘടനയുടേതായ കുതിരയിൽനിന്ന്, തൊഴിലാളിവർഗ്ഗം ആരായുന്നതും ആരായേണ്ടതുമായ കുതിരയിലേക്ക്—വൻകിടയന്ത്രവ്യവസായത്തിന്റേതും വൈദ്യുതീകരണത്തിന്റേതും വോൾഖൊവ് വൈദ്യുതനിലയത്തിന്റേതും മററുമായ കുതിരയിലേക്ക്—മാറാൻ കഴിയൂ.

ഇങ്ങനെയാണ് ഞാൻ എന്റെ മനസ്സിൽ നമ്മുടെ പ്രവർത്തനത്തിന്റേയും നയത്തിന്റേയും അടവുകളുടേയും തന്ത്രത്തിന്റേയും പൊതുപദ്ധതിയെ പുനസ്സംഘടിക്കപ്പെട്ട തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ചുമതലകളുമായി കൂട്ടിയിണക്കുന്നത്. തൊഴിലാളി—കർഷകപരിശോധകസമിതിയെ അസാമാന്യമാംവണ്ണം ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിലും കേന്ദ്രക്കമ്മിററിയുടെ അധികാരങ്ങളുള്ള ഒരു നേതൃത്വം അതിനു നൽകുന്നതിലും മററും നാം പാലിക്കേണ്ട അസാധാരണമായ നിഷ്കർഷയേയും അസാധാരണമായ ജാഗ്രതയേയും നീതീകരിക്കുന്നത് ഇതാണെന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ ഭരണയന്ത്രത്തെ അടിമുടി ശുദ്ധീകരിക്കുന്നതിലൂടെ മാത്രമേ, തികച്ചും അനപേക്ഷണീയമല്ലാത്ത സർവ്വതും പരമാവധി വെട്ടിച്ചുരുക്കുന്നതിലൂടെ മാത്രമേ, നമുക്കു മുന്നോട്ടുപോകാൻ കഴിയുമെന്ന് ഉറപ്പിക്കാവൂ എന്നതാണ് ഈ നീതീകരണം. തന്നെയല്ല, ചെറുകിടകാർഷികരാജ്യത്തിന്റെ നിലവാരത്തിലല്ല, സാർവ്വത്രികസങ്കുചിതത്വത്തിന്റെ നിലവാരത്തിലല്ല, വൻകിടയന്ത്രവ്യവസായത്തിലേക്ക് അവിരതം മുന്നേറുന്ന നിലവാരത്തിലാണ്, നമുക്കു മുന്നോട്ടുപോകാൻ കഴിയുന്നത്.

നമ്മുടെ തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ഉൽകൃഷ്ട കർത്തവ്യങ്ങളായി ഞാൻ സ്വപ്നം കാണുന്നത് ഇവയെല്ലാമാണ്. അ

തുകൊണ്ടാണ് അതിനുവേണ്ടി അങ്ങേയററം അധികാരശക്തിയുള്ള ഒരു പാർട്ടിഘടകവും ഒരു ''സാധാരണ'' ജനകീയകമ്മിസാറിയററും സംയോജിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്.

മാർച്ച് 2, 1923

''പ്രാവ്ദ'', ലക്കം 49,
മാർച്ച് 4, 1923
എൻ. ലെനിൻ എന്ന
പേരിൽ എഴുതിയത്

സെക്രട്ടറിയുടെ രേഖകളിൽ
(ടൈപ്പുചെയ്ത കോപ്പി)
നിന്നും പ്രസിദ്ധപ്പെടുത്തിയതു്
പത്രത്തിൽ വന്നതുമായി
ഒത്തുനോക്കിയതു്

# കോൺഗ്രസ്സിനുള്ള കത്ത്

## I

നമ്മുടെ രാഷ്ട്രീയഘടനയിൽ പല മാററങ്ങളും ഈ കോൺഗ്രസ്സിൽ വച്ചു വരുത്തണമെന്നു ഞാൻ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഞാൻ ഏററവുമധികം പ്രാധാന്യം കല്പിക്കുന്ന പരിഗണനകളെക്കുറിച്ചു നിങ്ങളോടു പറയാം.

കേന്ദ്രക്കമ്മിററി അംഗങ്ങളുടെ എണ്ണം ഏതാനും ഡസനുകളായോ ഒരു നൂറായോപോലും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശമാണു പട്ടികയുടെ തലപ്പത്തു ഞാൻ വയ്ക്കുന്നതു്. ഈയൊരു പരിഷ്കാരത്തിന്റെ അഭാവത്തിൽ, സംഭവഗതി നമുക്കു തികച്ചും അനുകൂലമല്ലെങ്കിൽ (അനുകൂലമായിരിക്കുമെന്നു നമുക്കു തീർച്ചപ്പെടുത്തിക്കൂടാ) കേന്ദ്രക്കമ്മിററി കൂടുതൽ വലിയ അപകടത്തിൽ പെടുന്നതാണു്.

അടുത്തതായി, കോൺഗ്രസ്സ് സ്റ്റേററ്പ്ലാനിംഗ് കമ്മീഷന്റെ തീരുമാനങ്ങൾക്ക് ചില വ്യവസ്ഥകളിന്മേൽ നിയമപ്രാബല്യം നൽകണമെന്നു നിർദ്ദേശിക്കാൻ ഞാനുദ്ദേശിക്കുന്നു. അങ്ങിനെ ഇക്കാര്യത്തിൽ സഖാവു ട്രോട്സ്കി ആഗ്രഹിക്കുന്നതു് ഒരു പരിധിവരെയും ചില വ്യവസ്ഥകളിന്മേലും നിറവേറുന്നതായിരിക്കും.

ആദ്യത്തെ പോയിൻറ്—അതായതു് കേന്ദ്രക്കമ്മിററിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതു്—സംബന്ധിച്ചാണെങ്കിൽ, കേന്ദ്രക്കമ്മിററിയുടെ അന്തസ്സ് വർദ്ധിപ്പിക്കാനും നമ്മുടെ ഭരണനിർവ്വഹണയന്ത്രം അടിമുടി മെച്ചപ്പെടുത്താനും കേന്ദ്രക്കമ്മിററിയിലെ ചെറുവിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ പാർട്ടിയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം അസാമാന്യമായ പ്രാധാന്യം കൈക്കൊള്ളാതിരിക്കാനും അതാവശ്യമാണെന്നു് എനിക്കു തോന്നുന്നു.

അമ്പതു മുതൽ നൂറുവരെ കേന്ദ്രക്കമ്മിററി അംഗങ്ങളെ തൊഴിലാളിവർഗ്ഗത്തിൽനിന്നും ആവശ്യപ്പെടാൻ നമ്മുടെ പാർട്ടിക്ക് പൂർണ്ണാവകാശമുണ്ടെന്നും ആ വർഗ്ഗത്തിന്റെ വിഭവങ്ങളെ ക്രമാധികം ആയാസ

പ്പെടുത്താതെ അതിൽനിന്നു് അത്രയുംപേരെ പാർട്ടിക്കു ലഭിക്കുമെന്നു മാണു് എനിക്കു തോന്നുന്നതു്.

ഇത്തരത്തിലുള്ള ഒരു പരിഷ്കാരം നമ്മുടെ പാർട്ടിയുടെ ഭദ്രത ഗണ്യ മായി വർദ്ധിപ്പിക്കുകയും അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വള രെക്കൂടുതൽ മൂർഛരിക്കാനിടയുള്ളതും തീർച്ചയായും മൂർഛരിക്കുന്നതുമായ, ശത്രുരാഷ്ട്രങ്ങളുടെ വലയത്തിനുള്ളിൽനിന്നുകൊണ്ടുള്ള അതിന്റെ സമര ത്തെ ലഘൂകരിക്കുകയും ചെയ്യുന്നതാണു്. ഇത്തരത്തിലുള്ള ഒരു നടപ ടി മൂലം നമ്മുടെ പാർട്ടിയുടെ ഭദ്രത ആയിരംമടങ്ങു വർദ്ധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

ലെനിൻ

ഡിസംബർ 23, 1922
എം. വി. കുറിച്ചെടുത്തതു്

II

കുറിപ്പുകളുടെ തുടർച്ച.
ഡിസംബർ 24, 1922

കേന്ദ്രക്കമ്മിറ്റിയുടെ ഭദ്രതയെന്നു മുകളിൽ പറഞ്ഞതുകൊണ്ടു് ഞാനു ദ്ദേശിച്ചതു് ഒരു പിളർപ്പിനെതിരായ നടപടികളെയാണു്—അത്തരം ന ടപടികൾ എടുക്കാൻ എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ. കാരണം, ഒന്നാമതു് സോവിയറ്റ് റഷ്യയ്ക്കെതിരായ വൈററ് ഗാർഡുകാരുടെ നീ ക്കത്തിനിടയിൽ നമ്മുടെ പാർട്ടിയിൽ പിളർപ്പുണ്ടാവുമെന്നും രണ്ടാമതു് നമ്മുടെ പാർട്ടിക്കകത്തെ ഗുരുതരമായ അഭിപ്രായഭിന്നതകളായിരിക്കും ആ പിളപ്പിനു കാരണമെന്നുമുള്ള ''റൂസ്കയ മിസലി''ലെ വൈററ്ഗാർ ഡുകാരന്റെ (എസ്സ്. എസ്സ്. ഓൾഡൻബർഗ്ഗായിരുന്നെന്നു തോന്നുന്നു) വിശ്വാസം തീർച്ചയായും ശരിയായിരുന്നു.

നമ്മുടെ പാർട്ടി രണ്ടു വർഗ്ഗങ്ങളെ അവലംബമാക്കിയാണു നില കൊള്ളുന്നതു്. അതുകൊണ്ടു് ഈ രണ്ടു വർഗ്ഗങ്ങൾ തമ്മിൽ യോജിപ്പി ല്ലെങ്കിൽ അതിന്റെ ഭദ്രത നഷ്ടപ്പെടുകയെന്നതു് സാദ്ധ്യവും അതിന്റെ പതനം അനിവാര്യവുമായിരിക്കും. അങ്ങിനെ സംഭവിച്ചാൽ ഏതു നട പടിയും പൊതുവിൽ നമ്മുടെ കേന്ദ്രക്കമ്മിറ്റിയുടെ ഭദ്രതയെക്കുറിച്ചുള്ള എല്ലാ സംസാരവും നിഷ്ഫലമായിരിക്കും. അങ്ങിനെ വരുമ്പോൾ ഏതു തരത്തിലുള്ള നടപടിക്കും പിളർപ്പിനെ തടയാൻ കഴിയുകയില്ല. പക്ഷെ വളരെ വിദൂരഭാവിയിലുള്ളതും തീരെ അസംഭാവ്യവുമായ ഒന്നാണിതെ ന്നാണു് എന്റെ പ്രതീക്ഷ. അതുകൊണ്ടു് അതേപ്പററി പറയേണ്ടതില്ല.



ആസന്നഭാവിയിൽ പിളർപ്പുണ്ടാവുന്നതിനെതിരായ ഒരു ഉറപ്പെന്ന നിലയ്ക്കാണു ഭദ്രതയെപ്പററി ഞാൻ പറഞ്ഞതു്. ഇവിടെ വ്യക്തിപരമായ യോഗ്യതകൾ സംബന്ധിച്ചു് എനിക്കു തോന്നിയ ചില കാര്യങ്ങൾ പ്രതിപാദിക്കാനാണു ഞാനുദ്ദേശിക്കുന്നതു്.

ഈ നിലപാടിൽനിന്നു നോക്കുമ്പോൾ ഭദ്രതയുടെ പ്രശ്നത്തിലെ പ്രധാനഘടകങ്ങൾ സ്റ്റാലിനേയും ട്രോട്സ്കിയേയും പോലുള്ള കേന്ദ്രക്ക മ്മിററി അംഗങ്ങളാണെന്നു് എനിക്കു തോന്നുന്നു. പിളർപ്പിന്റെ അപകട ത്തിനു് കൂടുതലും കാരണമായിട്ടുള്ളതു് അവർ തമ്മിലുള്ള ബന്ധമാണെ ന്നാണു് എനിക്കു തോന്നുന്നതു്. ഈ പിളർപ്പു് ഒഴിവാക്കാവുന്നതാണു്. കേന്ദ്രക്കമ്മിററിയുടെ അംഗസംഖ്യ അമ്പതോ നൂറോ ആയി വർദ്ധിപ്പി ക്കുന്നതു് മററു നടപടികളുടെ കൂട്ടത്തിൽ ഈ ഉദ്ദേശനിർവ്വഹണത്തിനു് ഉതകുമെന്നാണു് എന്റെ അഭിപ്രായം.

സഖാവു സ്റ്റാലിൻ സെക്രട്ടറിജനറലായതോടുകൂടി അദ്ദേഹത്തിന്റെ കരങ്ങളിൽ അളവററ അധികാരശക്തി കേന്ദ്രീകരിച്ചിരിക്കുന്നു. ഈ അ ധികാരശക്തി വേണ്ടത്ര ജാഗ്രതയോടെ പ്രയോഗിക്കാൻ അദ്ദേഹത്തിനു് എപ്പോഴും കഴിയുമോ എന്നെനിക്കു തീർച്ചയില്ല. മറുവശത്തു്, അസാ ധാരണമായ കഴിവുണ്ടെന്നതു മാത്രമല്ല സഖാവു ട്രോട്സ്കിയുടെ പ്രത്യേ കത. ഗതാഗതത്തിനായുള്ള ജനകീയകമ്മിസാറിയററിന്റെ പ്രശ്നത്തിൽ കേന്ദ്രക്കമ്മിററിക്കെതിരായി അദ്ദേഹം നടത്തിയ സമരം ഇതു തെളിയി ക്കുന്നുണ്ടു്. ഇന്നത്തെ കേന്ദ്രക്കമ്മിററിയിൽ അദ്ദേഹമാണു് ഒരുപക്ഷെ വ്യക്തിപരമായി ഏററവും കഴിവുള്ള ആൾ. പക്ഷെ അദ്ദേഹം ക്രമത്തി ലധികം ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു, ജോലിയുടെ തികച്ചും ഭര ണനിർവ്വഹണപരമായ വശത്തിൽ അമിതമായി ശ്രദ്ധ പതിപ്പിക്കുന്നു.

ഇന്നത്തെ കേന്ദ്രക്കമ്മിററിയിലെ രണ്ടു സമുന്നതനേതാക്കളുടെ ഈ ഗുണവിശേഷങ്ങൾ ഓർക്കാതെ ഒരു പിളർപ്പിലേക്കു വഴിതെളിക്കാവു ന്നതാണു്. അതു് ഒഴിവാക്കാൻ നമ്മുടെ പാർട്ടി നടപടികളെടുക്കാത്ത പക്ഷം പിളർപ്പു് അപ്രതീക്ഷിതമായി സംഭവിച്ചെന്നുവരും.

കേന്ദ്രക്കമ്മിററിയിലെ മററംഗങ്ങളുടെ വ്യക്തിപരമായ യോഗ്യത കളെപ്പററി ഞാൻ കൂടുതലായി അഭിപ്രായമൊന്നും പറയുന്നില്ല. സി നോവ്യെവും കാമിനിവും ഉൾപ്പെട്ട ഒക്ടോബർ സംഭവം തീർച്ചയായും ഒരു യാദൃച്ഛികസംഭവമായിരുന്നില്ലെന്നു് അനുസ്മരിക്കുകമാത്രം ചെയ്യുന്നു. എങ്കിലും അതേസമയം ബോൾഷെവിസ്റ്റേതരചിന്താഗതി ട്രോട്സ്കി യിൽ ആരോപിക്കാവുന്നതിൽ കവിഞ്ഞു് ആ സംഭവത്തിനുള്ള ഉത്ത രവാദിത്വം വ്യക്തിപരമായി അവരിൽ ആരോപിക്കാൻ സാ ദ്ധ്യമല്ല.

യുവാക്കളായ കേന്ദ്രക്കമ്മിററി അംഗങ്ങളെപ്പററി പരാമർശിക്കുമ്പോൾ, ബുഖാറിനേയും പ്യത്തക്കോവിനേയും പററി ഏതാനും വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുന്നു. (ഏററവും പ്രായംകുറഞ്ഞവർക്കിടയിലെ) ഏററവും സമുന്നതരാണവർ എന്നാണ് എന്റെ അഭിപ്രായം. അവരെപ്പററി ഓർക്കേണ്ടതിതാണ്: അങ്ങേയററം വിലപ്പെട്ട, പാർട്ടിയുടെ ഒരു പ്രധാനതാത്വികൻ മാത്രമല്ല ബുഖാറിൻ; പാർട്ടിയുടെയാകെ പ്രീതിപാത്രമായിട്ടാണ് അദ്ദേഹത്തെ ഗണിക്കുന്നത്, അതു ശരിയാണുതാനും. എങ്കിലും വളരെ കരുതലോടുകൂടി മാത്രമേ അദ്ദേഹത്തിന്റെ താത്വികാഭിപ്രായങ്ങളെ തികച്ചും മാർക്സിസ്റ്റായി തരംതിരിക്കാൻ കഴിയൂ. കാരണം ഒരു പണ്ഡിതമ്മന്യന്റെ മട്ടുണ്ട് അദ്ദേഹത്തിന് (അദ്ദേഹം ഒരിക്കലും വൈരുദ്ധ്യവാദം കാര്യമായി പഠിച്ചിട്ടില്ല, അതു ശരിക്കു മനസ്സിലാക്കിയിട്ടില്ലെന്നുമാണ് എനിക്കു തോന്നുന്നത്).

ഡിസംബർ 25. പ്യത്തക്കോവിനെ സംബന്ധിച്ചാണെങ്കിൽ അദ്ദേഹം അസാധാരണമായ ഇച്ഛാശക്തിയും അസാധാരണമായ കഴിവുമുള്ള ഒരാളാണെന്നതിൽ സംശയമില്ല. എങ്കിലും ഭരണനിർവഹണത്തിലും ജോലിയുടെ പ്രായോഗികവശത്തിലും അമിതമായ ഉത്സാഹം പ്രകടിപ്പിക്കുന്നതുകൊണ്ട് ഒരു ഗൗരവമുള്ള രാഷ്ട്രീയകാര്യത്തിൽ വിശ്വസിക്കാൻ പററില്ല.

ഇന്നത്തെ സ്ഥിതി വച്ചുകൊണ്ടാണ്, ആത്മാർത്ഥതയുള്ള ഈ രണ്ടു സമുന്നതപാർട്ടിപ്രവർത്തകർക്കും തങ്ങളുടെ അറിവു വർദ്ധിപ്പിക്കാനും ഏകപക്ഷീയത തിരുത്താനും അവസരം ലഭിക്കുകയില്ലെന്ന സങ്കല്പത്തിലാണ്, ഈ രണ്ടഭിപ്രായങ്ങളും ഞാൻ ഉന്നയിച്ചത്.

ലെനിൻ

ഡിസംബർ 25, 1922
എം. വി. കുറിച്ചെടുത്തത്.

## 1922 ഡിസംബർ 24–ാംനു-യിലെ കത്തിനോടു കൂട്ടിച്ചേർത്തത്

സ്റ്റാലിൻ വളരെ പരുഷമായിട്ടാണു പെരുമാറുന്നത്. നമ്മുടെയിടയിലും കമ്മ്യൂണിസ്റ്റുകാരായ നമ്മുടെ പരസ്പരപെരുമാററത്തിലും ഈ ന്യൂനത തികച്ചും പൊറുക്കത്തക്കതാണെങ്കിലും ഒരു സെക്രട്ടറി ജനറലിൽ അത്



അസഹ്യമായിത്തീരുന്നു. അതുകൊണ്ടാണ് സ്റ്റാലിനെ ആ സ്ഥാനത്തുനിന്നു നീക്കി മററൊരാളെ പകരം നിയോഗിക്കേണ്ട വിധത്തെപ്പററി സഖാക്കൾ പര്യാലോചിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നത്. ഒരേയൊരു മെച്ചമുണ്ടെന്ന കാര്യത്തിൽ മാത്രമേ അയാൾ സഖാവു സ്റ്റാലിനിൽനിന്നു വിഭിന്നനായിരിക്കുകയുള്ളൂ. അതായത്, സഹിഷ്ണുതയും കൂറും മര്യാദയും സഖാക്കളോടുള്ള പരിഗണനയും അയാൾക്കു കൂടുതൽ കാണും, തന്നിഷ്ടം കുറച്ചേ കാണിക്കൂ, മററും മററും. അവഗണിക്കാവുന്ന ഒരു വിശദാംശമാണ് ഈ സാഹചര്യമെന്നു തോന്നിയേക്കാം. എന്നാൽ പിളർപ്പിനെതിരായ ഉറപ്പുകളുടെ നിലപാടു വച്ചും സ്റ്റാലിനും ട്രോട്സ്കിയും തമ്മിലുള്ള ബന്ധത്തെപ്പററി ഞാൻ മുകളിൽ എഴുതിയതു വച്ചും നോക്കുമ്പോൾ ഇതൊരു വിശദാംശമല്ല, അഥവാ നിർണ്ണായകമായ പ്രാധാന്യമാർജ്ജിക്കാവുന്ന ഒരു വിശദാംശമാണിത്.

ലെനിൻ

എൽ. എഫ്. കുറിച്ചെടുത്തത്
ജനുവരി 4, 1923

## III

കുറിപ്പുകളുടെ തുടർച്ച.
ഡിസംബർ 26, 1922

കേന്ദ്രക്കമ്മിററിയുടെ അംഗസംഖ്യ അമ്പതോ നൂറുപോലുമോ ആയി വർദ്ധിപ്പിക്കുന്നതുകൊണ്ട് രണ്ടോ മൂന്നോ കാര്യങ്ങൾ നേടാമെന്നാണ് എന്റെ അഭിപ്രായം: കേന്ദ്രക്കമ്മിററിയുടെ അംഗസംഖ്യ കൂടുന്തോറും കൂടുതലാളുകൾക്ക് കേന്ദ്രക്കമ്മിററിയുടെ പ്രവർത്തനത്തിൽ പരിശീലനം ലഭിക്കുകയും ഏതെങ്കിലും നോട്ടക്കുറവുകൊണ്ട് പിളർപ്പുണ്ടാവുമെന്ന അപകടം കുറയുകയും ചെയ്യും. കേന്ദ്രക്കമ്മിററിയിൽ അനേകം തൊഴിലാളികളെ ഉൾപ്പെടുത്തുന്നത് സാമാന്യം മോശമായ നിലയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ ഭരണനിർവ്വഹണയന്ത്രം മെച്ചപ്പെടുത്താൻ തൊഴിലാളികൾക്കു സഹായകമായിത്തീരും. ഫലത്തിൽ പഴയ ഭരണത്തിൽനിന്നു നമുക്കു പൈതൃകമായി കിട്ടിയതാണത്. കാരണം, ഇത്ര ചുരുങ്ങിയ കാലയളവിൽ, പ്രത്യേകിച്ച് യുദ്ധത്തിന്റേയും ക്ഷാമത്തിന്റേയും മററും സാഹചര്യങ്ങളിൽ, അതിനെ പുനസ്സംഘടിപ്പിക്കാൻ തീരെ സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ട് പരിഹാസം മൂലമോ ദ്രോഹബുദ്ധി മൂലമോ നമ്മുടെ ഭരണനിർവ്വഹണയന്ത്രത്തിന്റെ ന്യൂനതകൾ ചൂണ്ടിക്കാട്ടുന്ന വിമർശകരോട്, അവർക്ക് ഇന്നത്തെ വിപ്ലവത്തിന്റെ

സ്ഥിതി തെല്ലും മനസ്സിലായിട്ടില്ലെന്നു് ശാന്തമായി മറുപടി പറയാവുന്നതാണ്. അഞ്ചു വർഷംകൊണ്ടു്—പ്രത്യേകിച്ചു് നമ്മുടെ വിപ്ലവം നടന്ന പരിതസ്ഥിതിയിൽ—ആ യന്ത്രം വേണ്ടത്ര പുനസ്സംഘടിപ്പിക്കുകയെന്നതു് തീരെ അസാദ്ധ്യമായ ഒരു കാര്യമാണ്. ബൂർഷ്വാസിക്കെതിരായി തൊഴിലാളികൾ കർഷകരെ നയിച്ചുകൊണ്ടുള്ള ഒരു പുതിയ തരം ഭരണകൂടം അഞ്ചു വർഷംകൊണ്ടു സൃഷ്ടിച്ചതുതന്നെ ധാരാളം മതി. ഒരു പ്രതികൂലസാർവ്വദേശീയചുററുപാടിൽ ഇതുതന്നെ ഒരു വമ്പിച്ച വിജയമാണ്. പക്ഷെ ഇതറിയാമെന്നുവച്ചു്, നാം ഫലത്തിൽ സാറിൻേറയും ബൂർഷ്വാസിയുടേയും പക്കൽനിന്നു പഴയ ഭരണയന്ത്രം ഏറെറടുക്കുകയാണുണ്ടായതെന്നും ഇന്നു് സമാധാനം കൈവരികയും ക്ഷാമത്തിനെതിരായ ഏററവും ചുരുങ്ങിയ ഉപാധികൾ നിറവേററപ്പെടുകയും ചെയ്ത സ്ഥിതിക്കു് ഭരണനിർവ്വഹണയന്ത്രം മെച്ചപ്പെടുത്തുന്നതിലേക്കു നമ്മുടെ മുഴുവൻ ശ്രദ്ധയും തിരിയണമെന്നുമുള്ള വസ്തുത യാതൊരു കാരണവശാലും കാണാതിരിക്കരുതു്.

നമ്മുടെ ഭരണയന്ത്രം പരിശോധിക്കുകയും മെച്ചപ്പെടുത്തുകയും പുനസ്സംവിധാനം ചെയ്യുകയുമെന്ന ജോലി കേന്ദ്രക്കമ്മിററി അംഗങ്ങളായ ഏതാനും ഡസൻ തൊഴിലാളികൾക്കു് മററാരേക്കാളും ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നതു്. ഇതിനു തുടക്കത്തിൽ ചുമതലപ്പെട്ടിരുന്ന തൊഴിലാളി—കർഷകപരിശോധകസമിതിക്കു് അതിനുള്ള കഴിവില്ലെന്നു തെളിഞ്ഞു. ഈ കേന്ദ്രക്കമ്മിററി അംഗങ്ങൾക്കു് ഒരു ''അനുബന്ധ''മായോ ചില വ്യവസ്ഥകളിന്മേൽ ഒരു തുണയായോ മാത്രം അതുപയോഗപ്പെടുത്താവുന്നതാണ്. കേന്ദ്രക്കമ്മിററിയിലേക്കെടുക്കുന്ന തൊഴിലാളികൾ (എൻെറ കത്തിൻെറ ഈ ഭാഗത്തിൽ ഞാൻ തൊഴിലാളികളെന്നു പറയുന്നയിടത്തെല്ലാം കർഷകർ കൂടി ഉൾപ്പെടുന്നുണ്ടു്) സോവിയററ്സംഘടനകളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ പെടാതിരിക്കുന്നതാണ് എൻെറ അഭിപ്രായത്തിൽ കൂടുതൽ അഭികാമ്യം. എന്തെന്നാൽ നാം ഏതു പാരമ്പര്യങ്ങളേയും മുൻവിധികളേയും ചെറുക്കുന്നതാണോ അഭിലഷണീയമായിട്ടുള്ളതു് അതേ പാരമ്പര്യങ്ങളും മുൻവിധികളും ഈ തൊഴിലാളികൾ ഇതിനകംതന്നെ ആർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു.

കേന്ദ്രക്കമ്മിററിയിലെ തൊഴിലാളിവർഗ്ഗമെമ്പറന്മാർ പ്രധാനമായും കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സോവിയററ് സംഘടനകളിൽ പ്രവർത്തിക്കാനായി മുന്നോട്ടുവന്നവരേക്കാൾ താണ പടിയിലുള്ള തൊഴിലാളികളായിരിക്കണം; അവർ കുറേക്കൂടി സാധാരണ തൊഴിലാളികളും കർഷകരുമായിരിക്കണം, എന്നാലതേസമയം പ്രത്യക്ഷമായോ പരോ



ക്ഷമായോ ചൂഷണം ചെയ്യുന്നവരുടെ കൂട്ടത്തിൽ പെടുകയുമരുതു്. കേന്ദ്രക്കമ്മിററിയുടേയും രാഷ്ട്രീയബ്യൂറോവിൻേറയും എല്ലാ യോഗങ്ങളിലും സംബന്ധിക്കുന്നതിലൂടെയും കേന്ദ്രക്കമ്മിററിയുടെ എല്ലാ രേഖകളും വായിക്കുന്നതിലൂടെയും ഈ തൊഴിലാളികൾക്കു്, ഒന്നാമതു് കേന്ദ്രക്കമ്മിററിക്കുതന്നെ ഭദ്രത നൽകാനും രണ്ടാമതു് ഭരണയന്ത്രത്തെ പുതുക്കിപ്പണിയുകയും മെച്ചപ്പെടുത്തുകയുമെന്ന ജോലി ഫലപ്രദമായി ചെയ്യാനും കഴിവുള്ള സോവിയററ് വ്യവസ്ഥയുടെ ഉറച്ച അനുകൂലികളായി വർത്തിക്കാൻ കഴിയും.

ലെനിൻ

എൽ. എഫ്. കുറിച്ചെടുത്തതു്
ഡിസംബർ 26, 1922

സെക്രട്ടറിയുടെ രേഖകളിൽ
(ടൈപ്പു ചെയ്ത കോപ്പി)നിന്നു്
പ്രസിദ്ധപ്പെടുത്തിയതു്

IV

കുറിപ്പുകളുടെ തുടർച്ച.
ഡിസംബർ 27, 1922

# സ്റ്റേററ് പ്ലാനിംഗ് കമ്മീഷന് നിയമനിർമ്മാണചുമതലകൾ നൽകുന്നതിനെപ്പററി

വളരെ നാൾ മുമ്പാണ് സഖാവ് ട്രോട്സ്കി ഈ ആശയം നിർദ്ദേശിച്ചതെന്നു തോന്നുന്നു. ഞാൻ അന്ന് അതിനെതിരായിരുന്നു. കാരണം, അങ്ങിനെയാവുമ്പോൾ നമ്മുടെ നിയമനിർമ്മാണസ്ഥാപനങ്ങൾ തമ്മിൽ അടിസ്ഥാനപരമായ പരസ്പരബന്ധം ഇല്ലാതാവുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ ഇക്കാര്യത്തെപ്പററി കൂടുതൽ കൂലങ്കഷമായി ചിന്തിച്ചപ്പോൾ സാരാംശത്തിൽ നല്ലൊരാശയം അതിലുണ്ടെന്ന് എനിക്കു തോന്നുന്നു. അതിതാണ്: പരിചയസമ്പന്നരും വിദഗ്ദ്ധന്മാരും ശാസ്ത്രത്തിന്റേയും സാങ്കേതികജ്ഞാനത്തിന്റേയും പ്രതിനിധികളുമടങ്ങുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്ക് കാര്യങ്ങളെ ശരിയായി വിലയിരുത്താൻ യഥാർത്ഥത്തിൽ കൂടുതൽ കഴിവുണ്ടെങ്കിലും സ്റ്റേററ് പ്ലാനിംഗ് കമ്മീഷൻ നമ്മുടെ നിയമനിർമ്മാണസ്ഥാപനങ്ങളിൽനിന്നും ഏതാണ്ട് അകന്നാണു നിൽക്കുന്നത്.

എങ്കിലും സ്റ്റേററ് പ്ലാനിംഗ് കമ്മീഷൻ സ്റ്റേററിന് വിമർശനബുദ്ധ്യാ വിശകലനം ചെയ്ത വസ്തുതകൾ നൽകണമെന്നും ഭരണസ്ഥാപനങ്ങൾ ഭരണകാര്യങ്ങൾ തീരുമാനിക്കണമെന്നുമുള്ള തത്വമാണ് നാം ഇതേവരെ പാലിച്ചുവന്നത്. ഭരണകാര്യങ്ങൾ അസാധാരണമാംവണ്ണം സങ്കീർണ്ണമായിത്തീർന്നിട്ടുള്ള, സ്റ്റേററ്പ്ലാനിംഗ്കമ്മീഷനംഗങ്ങളുടെ വിദഗ്ദ്ധാഭിപ്രായം ആവശ്യമായിട്ടുള്ളതും അല്ലാത്തതുമായ ചില പ്രശ്നങ്ങൾ അടിക്കടി തീരുമാനിക്കേണ്ടിവരുന്ന, അതിലുപരി സ്റ്റേററ് പ്ലാനിംഗ് കമ്മീഷന്റെ വിദഗ്ദ്ധാഭിപ്രായം ചില പോയിന്റുകളിൽ ആവശ്യമായും മററു ചിലതിൽ ആവശ്യമില്ലാതെയും വരുന്ന പ്രശ്നങ്ങൾ അടിക്കടി തീരുമാനിക്കേണ്ടിവരുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ സ്റ്റേററ്പ്ലാനിംഗ്കമ്മീഷന്റെ അധികാരപരിധി വിപുലപ്പെടുത്തുന്നതിലേക്ക് നാം ഒരു ചുവടു വയ്ക്കണമെന്നാണ് എനിക്കു തോന്നുന്നത്.

സ്റ്റേററ്പ്ലാനിംഗ്കമ്മീഷന്റെ തീരുമാനങ്ങൾ സോവിയററ് സ്ഥാപനങ്ങൾക്കു സാധാരണഗതിയിൽ തള്ളിക്കളയാൻ പററാത്ത തരത്തിൽ, അവ പുനഃപരിശോധന ചെയ്യാൻ പ്രത്യേകനടപടിക്രമം ആവശ്യമാകുന്ന തരത്തിൽ, ആയിരിക്കണം ആ ചുവട് എന്നെനിക്കു തോന്നുന്നു. ഉദാഹരണത്തിന്, പ്രശ്നം ഒരു പ്രത്യേകനിർദ്ദേശപ്രകാരം പുനഃപരിശോധനയ്ക്കായി തയ്യാറാക്കി അഖിലറഷ്യൻ കേന്ദ്ര എക്സിക്യൂട്ടിവിന്റെ യോഗത്തിനുമുമ്പാകെ സമർപ്പിക്കേണ്ടതാണ്. സ്റ്റേററ് പ്ലാനിംഗ് കമ്മീഷന്റെ തീരുമാനം അസ്ഥിരപ്പെടുത്താവുന്നതാണോ എന്നു പരിശോധിക്കുന്നതിന് പ്രത്യേകചട്ടങ്ങളനുസരിച്ച് മെമ്മോറാണ്ടം തയ്യാറാക്കലും ഈ പ്രത്യേകനിർദ്ദേശത്തിൽ പെടും. അവസാനമായി, സ്റ്റേററ് പ്ലാനിംഗ് കമ്മീഷന്റെ തീരുമാനങ്ങളും മററും പുനഃപരിശോധന ചെയ്യാൻ പ്രത്യേകം സമയപരിധി വയ്ക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സഖാവ് ട്രോട്സ്കിയുടെ ആഗ്രഹത്തോടു നമുക്കു യോജിക്കാവുന്നതും നാം യോജിക്കേണ്ടതുമാണെന്നു ഞാൻ കരുതുന്നു. പക്ഷെ നമ്മുടെ രാഷ്ട്രീയനേതാക്കളിൽ ഏതെങ്കിലുമൊരു പ്രത്യേക ആളോ സുപ്രീം ഇക്കണോമിക് കൗൺസിലിന്റെ അദ്ധ്യക്ഷനോ മററോ സ്റ്റേററ് പ്ലാനിംഗ്കമ്മീഷന്റെ അദ്ധ്യക്ഷനാവണമെന്ന അർത്ഥത്തിലല്ല. ഇപ്പോൾ ഇതിൽ വ്യക്തിപരമായ കാര്യങ്ങൾ തത്വത്തിന്റെ പ്രശ്നവുമായി വളരെയേറെ കൂടിപ്പിണഞ്ഞുകിടക്കുകയാണെന്ന് എനിക്കു തോന്നുന്നു. സ്റ്റേററ് പ്ലാനിംഗ് കമ്മീഷന്റെ അദ്ധ്യക്ഷനായ സഖാവ് കിർഷിഷനോവ്സ്കിയ്ക്കും ഉപാദ്ധ്യക്ഷനായ സഖാവ് പ്യത്തക്കോവിനുമെതിരായി ഇപ്പോൾ നടത്തുന്ന ആക്രമണങ്ങൾ പ്രശ്നത്തിന്റെ രണ്ടു വശങ്ങളെ അങ്ങേയററത്തെ അതിശയോക്തിയോടെ പ്രകാശിപ്പിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നത്. കാരണം, ഈ ആക്രമണങ്ങൾ രണ്ടു വഴിക്കാണു നടക്കുന്നത്: ഒരു വശത്ത് അതിരുകടന്ന ദാക്ഷിണ്യം കാട്ടുന്നുവെന്നും സ്വതന്ത്രമായി ഗുണദോഷവിവേചനം ചെയ്യാനുള്ള കെല്പില്ലെന്നും നട്ടെല്ലില്ലെന്നുമുള്ള ആരോപണങ്ങളും മറുവശത്ത് ക്രമാധികം പരുഷമായി പെരുമാറുന്നുവെന്നും പട്ടാളമുറകളുപയോഗിക്കുന്നുവെന്നും ഉറച്ച ശാസ്ത്രീയപശ്ചാത്തലമില്ലെന്നും മററുമുള്ള ആരോപണങ്ങളും നാം കേൾക്കുന്നുണ്ട്. യഥാർത്ഥത്തിൽ, സഖാവ് പ്യത്തക്കോവും സഖാവ് കിർഷിഷനോവ്സ്കിയും പ്രതിനിധാനം ചെയ്യുന്ന രണ്ടു തരത്തിലുള്ള സ്വഭാവങ്ങളുടേയും സമർത്ഥമായ സങ്കലനമാണ് സ്റ്റേററ് പ്ലാനിംഗ് കമ്മീഷനിൽ നമുക്കാവശ്യം.

ഒരു വശത്തു് സാങ്കേതികമോ കൃഷിശാസ്ത്രസംബന്ധമോ ആയ ശാസ്ത്രീയവിദ്യാഭ്യാസവും അതേസമയം സാങ്കേതികരംഗത്തോ കൃഷിശാസ്ത്രരംഗത്തോ പ്രായോഗികപ്രവർത്തനം നടത്തിയതിന്റെ ദശാബ്ദങ്ങളോളമുള്ള പരിചയവും ആർജ്ജിച്ച ഒരാളായിരിക്കണം സ്റ്റേററ് പ്ലാനിംഗ് കമ്മീഷന്റെ തലവനെന്നു് എനിക്കു തോന്നുന്നു. ഒരു ഭരണനിർവ്വാഹകന്റെ ഗുണങ്ങളേക്കാൾ വിപുലമായ പരിചയസമ്പത്തും മററുള്ളവരുടെ സേവനമാകർഷിക്കാനുള്ള കഴിവുമാണു് അയാൾക്കുണ്ടായിരിക്കേണ്ടതെന്നു് എനിക്കു തോന്നുന്നു.

ലെനിൻ

ഡിസംബർ 27, 1922
എം. വി. കുറിച്ചെടുത്തതു്

## V

### സ്റ്റേററ്പ്ലാനിംഗ്കമ്മീഷന്റെ തീരുമാനങ്ങളുടെ നിയമസ്വഭാവം സംബന്ധിച്ച കത്തിന്റെ തുടർച്ച

ഡിസംബർ 28, 1922

ഭരണകാര്യങ്ങളുടെ ഗതിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിവുള്ള നമ്മുടെ ചില സഖാക്കൾ ഭരണനിർവ്വഹണപരമായ വശത്തെ ഊതിപ്പെരുപ്പിക്കുന്നതായി കാണുന്നു. യഥാവസരത്തിലും യഥാകാലത്തും ഈ വശം തീർച്ചയായും ആവശ്യമാണു്. പക്ഷെ ശാസ്ത്രീയമായ വശവുമായും വിപുലമായ വസ്തുതകളെക്കുറിച്ചുള്ള പിടിപാടുമായും ആളുകളെ ചേർക്കാനുള്ള കഴിവുമായും മററും അതിനെ കൂട്ടിക്കുഴയ്ക്കരുതു്.

ഓരോ ഭരണസ്ഥാപനത്തിലും, പ്രത്യേകിച്ചു് സ്റ്റേററ് പ്ലാനിംഗ് കമ്മീഷനിൽ, ഈ രണ്ടു ഗുണങ്ങളും ഒന്നിച്ചുവരികയെന്നതു് അത്യന്താപേക്ഷിതമാണു്. കമ്മീഷനുവേണ്ടി പ്രവർത്തിക്കാൻ സഖാവു പ്യത്തക്കോവിന്റെ സമ്മതം തനിക്കു ലഭിച്ചിട്ടുണ്ടെന്നും പ്രവർത്തനത്തെ സംബന്ധിച്ചു് ആ സഖാവുമായി ധാരണയിലെത്തിയിട്ടുണ്ടെന്നും സഖാവു കിർഷിഷനോവ്സ്കിയ് എന്നോടു പറഞ്ഞപ്പോൾ ഞാനതിനെ അനുകൂലിച്ചു. ഒരു വശത്തു് എനിക്കു ചില സംശയങ്ങളുണ്ടായിരുന്നെങ്കിലും മറുവശത്തു് രണ്ടു തരത്തിലുമുള്ള ഭരണനിപുണന്മാരുടെ ഒരു സങ്കലനം നമുക്കിങ്ങനെ ലഭിക്കുമെന്ന ഒരു പ്രതീക്ഷ എനിക്കു ചിലപ്പോൾ ഉണ്ടായിരുന്നു. ഈ പ്രതീക്ഷ നീതീകരിക്കാവുന്നതാണോ എന്നു നോക്കാൻ നാം കുറച്ചു കാത്തിരിക്കണം, കുറേക്കൂടി നീണ്ട അനുഭവത്തിന്റെ വെ



ളിച്ചത്തിൽ സംഗതി പരിശോധിക്കണം. എങ്കിലും പ്രകൃതങ്ങളുടേയും തരങ്ങളുടേയും (ആളുകളെ സംബന്ധിച്ചും ഗുണങ്ങളെ സംബന്ധിച്ചും) ഇത്തരത്തിലുള്ള സങ്കലനം ഭരണസ്ഥാപനങ്ങളുടെ ശരിയായ നടത്തിപ്പിനു് അത്യന്താപേക്ഷിതമാണെന്നതിനെപ്പററി തത്വത്തിൽ യാതൊരു സംശയവും വേണ്ടെന്നു് എനിക്കു തോന്നുന്നു. മറെറന്തും ഊതിപ്പെരുപ്പിക്കുന്നതുപോലെതന്നെ ഹാനികരമാണു് ''ഭരണനിർവ്വഹണജോലി'' ഊതിപ്പെരുപ്പിക്കുന്നതും എന്നാണെനിക്കു തോന്നുന്നതു്. ഒരു ഭരണസ്ഥാപനത്തിന്റെ തലവനു് വളരെയേറെ വ്യക്തിത്വവും ആളുകളുടെ ജോലി പരിശോധിക്കാൻ കഴിയത്തക്കവണ്ണം വേണ്ടത്ര ഉറച്ച ശാസ്ത്രീയ—സാങ്കേതികജ്ഞാനവും ആവശ്യമാണു്. ഇത്രയും അടിസ്ഥാനപരമാണു്. ഇതില്ലാതെ ജോലി ശരിയായി നടത്താൻ സാദ്ധ്യമല്ല. അതേസമയം അയാൾക്കു ഭരണനിർവ്വഹണശേഷി ഉണ്ടായിരിക്കണമെന്നതും ഇക്കാര്യത്തിൽ യോഗ്യനായ ഒരു സഹായിയോ സഹായികളോ വേണമെന്നതും വളരെ പ്രധാനമാണു്. ഈ രണ്ടു ഗുണങ്ങളും ഒരാളിൽ ഒന്നിച്ചുകാണുന്നതു് അപൂർവ്വമാണു്. അതിന്റെ ആവശ്യമൊട്ടില്ലതാനും.

ലെനിൻ

എൽ. എഫ്. കുറിച്ചെടുത്തതു്
ഡിസംബർ 28, 1922

## VI

### സ്റ്റേററ് പ്ലാനിംഗ് കമ്മീഷനെ കുറിച്ചുള്ള കുറിപ്പുകളുടെ തുടർച്ച

ഡിസംബർ 29, 1922

സ്റ്റേററ് പ്ലാനിംഗ് കമ്മീഷൻ പ്രത്യക്ഷത്തിൽ എല്ലാത്തരത്തിലും വിദഗ്ദ്ധന്മാരുടെ ഒരു കമ്മീഷനായി വളർന്നുകൊണ്ടിരിക്കുകയാണു്. വളരെയേറെ പരിചയവും സാങ്കേതികരംഗത്തു് സർവ്വതോന്മുഖമായ ശാസ്ത്രീയവിദ്യാഭ്യാസവുമുള്ള ഒരാൾക്കല്ലാതെ മററാർക്കും അത്തരമൊരു സ്ഥാപനത്തിന്റെ തലവനാകാൻ സാദ്ധ്യമല്ല. ഭരണനിർവ്വഹണഘടകത്തിനു സാരാംശത്തിൽ രണ്ടാംകിട പ്രാധാന്യമേ പാടുള്ളു. സ്റ്റേററ് പ്ലാനിംഗ് കമ്മീഷനു് കുറെയൊക്കെ സ്വാതന്ത്ര്യവും സ്വയംഭരണാധികാരവും ഉണ്ടായിരിക്കണമെന്നതു് ഈ ശാസ്ത്രീയസ്ഥാപനത്തിന്റെ അന്തസ്സിനു് അത്യന്താപേക്ഷിതമാണു്. അതു് ഒരേയൊരു കാര്യത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്—അതിലെ പ്രവർത്തകരുടെ കർത്തവ്യബോധ

ത്തെ, നമ്മുടെ സാമ്പത്തിക—സാമൂഹ്യവികസനപദ്ധതി യാഥാർത്ഥ്യമാക്കിമാററാനുള്ള അവരുടെ ആത്മാർത്ഥമായ അഭിലാഷത്തെ.

ഈ അവസാനം പറഞ്ഞ ഗുണം ഇപ്പോൾ തീർച്ചയായും അപൂർവ്വമായിട്ടേ കാണൂ. കാരണം, കമ്മീഷനിൽ സ്വാഭാവികമായും ഉൾക്കൊള്ളുന്ന ബഹുഭൂരിപക്ഷം ശാസ്ത്രജ്ഞന്മാരും ബൂർഷ്വാ ചിന്താഗതികളും ബൂർഷ്വാ മുൻവിധികളും അനിവാര്യമായും ബാധിച്ചവരാണ്. ഈ നിലപാടിൽനിന്ന് അവരെ പരിശോധിക്കുകയെന്നത് സ്വന്തം ജോലിയായെടുത്തിട്ടുള്ള ഏതാനും പേർ ചേർന്ന് കമ്മീഷന്റെ പ്രസീഡിയം രൂപീകരിക്കാവുന്നതാണ്. അവർ കമ്മ്യൂണിസ്റ്റുകാരായിരിക്കണം. ബൂർഷ്വാ ശാസ്ത്രജ്ഞന്മാർ നമ്മുടെ ലക്ഷ്യത്തോട് എത്രത്തോളം കൂറു കാണിക്കുന്നുണ്ടെന്ന് അവരുടെ മുഴുവൻ പ്രവർത്തനത്തിലൂടെയും ദിനംപ്രതി പരിശോധിക്കുകയും അവർ ബൂർഷ്വാമുൻവിധികൾ ഉപേക്ഷിച്ച് ക്രമേണ സോഷ്യലിസ്റ്റ് നിലപാടെടുക്കുമെന്നു ഉറപ്പുവരുത്തുകയും ചെയ്യുകയാണ് ഇവരുടെ ജോലി. ശാസ്ത്രീയപരിശോധനയും ശുദ്ധമായ ഭരണനിർവ്വഹണവുമെന്ന ഈ രണ്ടു മാർഗ്ഗങ്ങളിലൂടെയുള്ള പ്രവർത്തനമാണ് നമ്മുടെ റിപ്പബ്ലിക്കിൽ സ്റ്റേററ് പ്ലാനിംഗ് കമ്മീഷൻ നടത്തിക്കൊണ്ടു പോകുന്നവരുടെ മാതൃകയാവേണ്ടത്.

ലെനിൻ

എം. വി. കുറിച്ചെടുത്തത്
ഡിസംബർ 29, 1922

സ്റ്റേററ് പ്ലാനിംഗ് കമ്മീഷന്റെ പ്രവർത്തനം വിവിധജോലികളായി വിഭജിക്കുന്നത് യുക്തിയുക്തമാണോ? നേരേമറിച്ച് കമ്മീഷൻപ്രസീഡിയത്തിന്റെ ചിട്ടയായ പരിശോധനയ്ക്കു വിധേയരും സ്വന്തം പ്രവർത്തനപരിധിക്കുള്ളിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിവുള്ളവരുമായ സ്ഥിരം പ്രവർത്തിക്കുന്ന വിദഗ്ദ്ധന്മാരുടെ ഒരു ഗ്രൂപ്പ് കെട്ടിപ്പടുക്കാൻ ശ്രമിക്കുകയല്ലേ വേണ്ടത്? രണ്ടാമത്തേതായിരിക്കും കൂടുതൽ യുക്തിയുക്തമെന്നും താൽക്കാലികവും അടിയന്തിരവുമായ കടമകൾ ചുരുക്കാൻ നാം ശ്രമിക്കേണ്ടതാണെന്നും എനിക്കു തോന്നുന്നു.

ലെനിൻ

ഡിസംബർ 29, 1922
എം. വി. കുറിച്ചെടുത്തത്

''കൊമ്മൂനിസ്റ്റ്'' എന്ന മാസികയിൽ (ലക്കം 9) ആദ്യം 1956—ൽ പ്രസിദ്ധപ്പെടുത്തി

സെക്രട്ടറിയുടെ രേഖകളിൽ (ടൈപ്പുചെയ്ത കോപ്പി) നിന്നു പ്രസിദ്ധപ്പെടുത്തിയത്



## VII

കുറിപ്പുകളുടെ തുടർച്ച.
ഡിസംബർ 29, 1922.

# (കേന്ദ്രക്കമ്മിററിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഭാഗത്തു ചേർക്കേണ്ടത്)

അംഗസംഖ്യ വർദ്ധിപ്പിക്കുമ്പോൾ കേന്ദ്രക്കമ്മിററി, അതോടൊപ്പവും, ഒരുപക്ഷെ മുഖ്യമായും, ഒന്നിനും കൊള്ളരുതാത്ത നമ്മുടെ ഭരണനിർവ്വഹണയന്ത്രം പരിശോധിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇതിന് നമുക്ക് ഉയർന്ന യോഗ്യതകളുള്ള വിദഗ്ദ്ധന്മാരുടെ സേവനം ആവശ്യമാണ്. ഈ വിദഗ്ദ്ധന്മാരെ നൽകുകയെന്നത് തൊഴിലാളി—കർഷകപരിശോധകസമിതിയുടെ ചുമതലയാവണം.

ഈ പരിശോധകരായ വിദഗ്ദ്ധന്മാരെ, വേണ്ടത്ര അറിവുള്ള ഈയാളുകളെ, നാമെങ്ങിനെയാണ് പുതിയ കേന്ദ്രക്കമ്മിററിയംഗങ്ങളുമായി ഒന്നിപ്പിക്കുന്നത്? പ്രയോഗത്തിൽ വേണം ഈ പ്രശ്നം പരിഹരിക്കാൻ.

തൊഴിലാളി—കർഷകപരിശോധകസമിതി (അതിന്റെ വളർച്ചയുടേയും ഈ വളർച്ച സംബന്ധിച്ച നമ്മുടെ അമ്പരപ്പിന്റേയും ഫലമായി) ആകെക്കൂടി ഇന്നു നാം കാണുന്ന പതനത്തിൽ എത്തിയിരിക്കയാണ്; അതായത് ഒരു പ്രത്യേകജനകീയകമ്മിസാറിയററിനും കേന്ദ്രക്കമ്മിററിയംഗങ്ങളുടെ ഒരു പ്രത്യേകചുമതലയ്ക്കുമിടയ്ക്കുള്ള ഒരു പതനത്തിൽ; സർവ്വതും പരിശോധിക്കുന്ന ഒരു സ്ഥാപനത്തിനും എണ്ണത്തിലധികമില്ലെങ്കിലും നല്ല ശമ്പളം കൊടുക്കേണ്ട ഒന്നാന്തരം കുറെ ഇൻസ്പെക്ടറന്മാരുടെ ഒരു സംഘത്തിനുമിടയ്ക്കുള്ള പതനത്തിൽ (എന്തിനും വില കൊടുക്കേണ്ടിവരികയും സ്ഥാപനങ്ങൾ കൂടുതൽ ശമ്പളം നൽകി ഇൻസ്പെക്ടറന്മാരെ നേരിട്ടു നിയമിക്കുകയും ചെയ്യുന്ന ഇക്കാലത്ത് അവർക്കു നല്ല ശമ്പളം കൊടുക്കണമെന്നതു പ്രത്യേകിച്ചും അനുപേക്ഷണീയമാണ്).

കേന്ദ്രക്കമ്മിററിയംഗങ്ങളുടെ എണ്ണം ഉചിതമായി വർദ്ധിപ്പിക്കുകയും ഉയർന്ന യോഗ്യതകളുള്ള വിദഗ്ദ്ധന്മാരുടേയും ഓരോ ശാഖയിലും പ്രാവീണ്യം നേടിയിട്ടുള്ള തൊഴിലാളി—കർഷകപരിശോധകസമിതിയംഗങ്ങളുടേയും സഹായത്തോടെ അവർ വർഷംതോറും ഭരണനിർവ്വഹണച്ചുമതല പഠിക്കുകയും ചെയ്യുകയാണെങ്കിൽ ഇത്രയധികം കാലമായി നമുക്കു പരിഹരിക്കാൻ കഴിയാതിരുന്ന ഈ പ്രശ്നം നാം വിജയകരമായി പരിഹരിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, ഏറിവന്നാൽ നൂറു കേന്ദ്രക്കമ്മിററി അംഗങ്ങൾ; അവരെ സഹായിക്കാൻ, അവരുടെ മേൽനോട്ടത്തിൽ പരിശോധന നടത്തുന്ന തൊഴിലാളി—കർഷകപരിശോധകസമിതി അംഗങ്ങളായി നാനൂറോ അഞ്ഞൂറോ പേരിൽ കവിയാത്ത ആളുകൾ.

ലെനിൻ

ഡിസംബർ 29, 1922
എം. വി. കുറിച്ചെടുത്തത്

ആദ്യം 1956—ൽ ''കൊമ്മൂനിസ്റ്റ്'' മാസികയുടെ ഒമ്പതാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തി

സെക്രട്ടറിയുടെ രേഖകളിൽ (ടൈപ്പു ചെയ്ത കോപ്പി) നിന്ന് പ്രസിദ്ധപ്പെടുത്തിയത്

## കുറിപ്പുകൾ

1 കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ നാലാം കോൺഗ്രസ്സ് 1922 നവംബർ 5—നും ഡിസംബർ 5—നുമിടയ്ക്കു ചേർന്നു. അത് പെട്രോഗ്രാഡിൽ ആരംഭിക്കുകയും പിന്നീട് നവംബർ 9—ാംനു- മുതൽ അതിൻെറ യോഗങ്ങൾ മോസ്ക്കോവിൽവച്ചു നടക്കുകയും ചെയ്തു. അമ്പത്തെട്ടു കമ്മ്യൂണിസ്റ്റ് പാർട്ടികളുടേയും ഇററാലിയൻ സോഷ്യലിസ്റ്റ് പാർട്ടി, ഐസ്ലാൻഡ് തൊഴിലാളിപ്പാർട്ടി, മംഗോളിയൻ ജനകീയവിപ്ലവപ്പാർട്ടി, യുവകമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ, പ്രൊഫിൻേറൺ, സാർവ്വദേശീയവനിതാസെക്രട്ടറിയേററ്, സാർവ്വദേശീയതൊഴിലാളിസഹായസംഘടന, യു. എസ്സ്. നീഗ്രോ സംഘടന എന്നിവയുടേയും പ്രതിനിധികൾ കോൺഗ്രസ്സിൽ സംബന്ധിച്ചു.

കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ എക്സിക്യൂട്ടിവ് കമ്മിററിയുടെ റിപ്പോർട്ടിനു പുറമെ, റഷ്യൻ വിപ്ലവത്തിൻെറ അഞ്ചു വർഷവും ലോകവിപ്ലവസാദ്ധ്യതകളും, മൂലധനത്തിൻെറ കടന്നാക്രമണം, കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ പരിപാടി, ട്രേഡ്യൂണിയനുകളിൽ കമ്മ്യൂണിസ്റ്റുകാരുടെ പരിപാടി, പൗരസ്ത്യദേശപ്രശ്നം, കാർഷികപ്രശ്നം തുടങ്ങിയ വിഷയങ്ങളും കോൺഗ്രസ്സ് ചർച്ച ചെയ്തു.

ലോകതൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം സോവിയററ് റഷ്യ ചരിത്രപരമായ വിപ്ലവാനുഭവത്തിൻെറ ഏററവും സമ്പുഷ്ടമായ ഭണ്ഡാഗാരമായിത്തന്നെ നിലകൊള്ളുന്നുവെന്ന് റഷ്യൻ പ്രശ്നത്തെക്കുറിച്ചുള്ള പ്രമേയത്തിൽ ഊന്നിപ്പറയുകയുണ്ടായി.

കോൺഗ്രസ്സ് സാർവ്വദേശീയവിപ്ലവപ്രസ്ഥാനത്തേയും അതിൻെറ കടമകളേയും കുറിച്ച് വിശദമായ വിശകലനം നടത്തുകയും കമ്മ്യൂണിസ്റ്റ്ഇൻറർനാഷനൽ പിന്തുടർന്നുവന്ന തൊഴിലാളി ഐക്യമുന്നണി എന്ന അടവ് ശരിയാണെന്ന് ഊന്നിപ്പറയുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ അടവുകളെ സംബന്ധിച്ച തീസിസ്സുകൾ തൊഴി

ലാളിവർഗ്ഗത്തിനെതിരായ ബൂർഷ്വാസിയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ കടന്നാക്രമണത്തെ വ്യക്തമായി വിവരിക്കുകയും മൂലധനത്തിന്റെ കടന്നാക്രമണത്തോടുള്ള എതിർപ്പു സംഘടിപ്പിക്കുന്നതിലും ഐക്യമുന്നണി എന്ന അടവിന്റെ അടിസ്ഥാനത്തിൽ ഫാസിസത്തിനെതിരായ സമരം മൂർഛിപ്പിക്കുന്നതിലും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുള്ള കടമകൾ നിർവ്വചിക്കുകയും ചെയ്തു. ഈ നിലപാടിൽ നിന്നുകൊണ്ട് കോൺഗ്രസ്സ് തൊഴിലാളിസർക്കാർ എന്നൊരു മുദ്രാവാക്യം മുന്നോട്ടുവച്ചു. തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിലേക്കുള്ള പ്രയാണത്തിൽ സാദ്ധ്യമാകാവുന്ന ഒരു രൂപമായിട്ടാണ് കോൺഗ്രസ്സ് അതിനെ ഗണിച്ചതു്. ചില പ്രത്യേകസാഹചര്യങ്ങളിൽ ഒരു തൊഴിലാളിസർക്കാർ പാർലിമെണ്ടറി അടിസ്ഥാനത്തിൽ രൂപംകൊള്ളാൻ സാദ്ധ്യമാണെന്ന് കോൺഗ്രസ്സ് ചൂണ്ടിക്കാട്ടുകയും അത്തരമൊരു സർക്കാരിന്റെ രൂപീകരണവും നിലനില്പും ബൂർഷ്വാസിക്കെതിരായ വിപ്ലവസമരത്തിൽനിന്ന് അഭേദ്യമാണെന്ന് ഊന്നിപ്പറയുകയും ചെയ്തു.

മർദ്ദിത—ആശ്രിതരാജ്യങ്ങളിലെ ദേശീയവിമോചനപ്രസ്ഥാനത്തെ അപഗ്രഥിച്ചശേഷം കോൺഗ്രസ്സ് കൊളോണിയൽ—അർദ്ധകൊളോണിയൽ രാജ്യങ്ങളിൽ ഒരു സാമ്രാജ്യത്വവിരുദ്ധ ഐക്യമുന്നണി രൂപീകരിക്കുന്നതിനുവേണ്ടി ഉൽബോധിപ്പിക്കുകയുണ്ടായി.

കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ വിവിധവിഭാഗങ്ങളുടെ പ്രവർത്തനം ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. കോൺഗ്രസ്സിലെടുത്ത തീരുമാനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുള്ളിലെ വലതുപക്ഷ—അവസരവാദപരവും സെക്റ്റേറിയൻ—ഡോഗ്മാറ്റിക് സ്വഭാവത്തിലുള്ളതുമായ പാളിച്ചകളെ തരണം ചെയ്യുന്നതിൽ സഹായിച്ചു.

കോൺഗ്രസ്സിലെ പ്രധാനസംഭവമായിത്തീർന്ന ''റഷ്യൻ വിപ്ലവത്തിന്റെ അഞ്ചു വർഷവും ലോകവിപ്ലവസാദ്ധ്യതകളും'' എന്ന റിപ്പോർട്ട് ലെനിൻ ജർമ്മൻ ഭാഷയിൽ നവംബർ 13-ാംനു രാവിലെ ചേർന്ന സമ്മേളനത്തിലാണു വായിച്ചതു്.—5.

2 പുതിയ സാമ്പത്തികനയം —മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൽ തൊഴിലാളിവർഗ്ഗഭരണകൂടം കൈക്കൊണ്ട സാമ്പത്തികനയം. വിദേശസൈനിക ഇടങ്കോലിടലിന്റേയും ആഭ്യന്തരയുദ്ധത്തിന്റേയും കാലഘട്ടത്തിൽ (1918–20) സോവിയററ് റഷ്യയിൽ അനുവർത്തിച്ചുവന്നിരുന്ന ''യുദ്ധകാലകമ്മ്യൂണിസം'' എന്ന സാമ്പത്തികനയത്തെ അപേക്ഷിച്ചാണ് അതിനെ ''പുതിയതു്'' എന്നു വിളിച്ചതു്. ഉല്പാദനത്തിലും ഉല്പന്നങ്ങളുടെ വിതരണത്തിലും



അങ്ങേയററത്തെ കേന്ദ്രീകരണം, സ്വതന്ത്രവ്യാപാരനിരോധം, മിച്ചമുള്ള മുഴുവൻ ഉല്പന്നങ്ങളും സ്റ്റേററിനെ ഏല്പിക്കാൻ കർഷകരെ നിർബ്ബന്ധിച്ചുകൊണ്ടുള്ള മിച്ചോല്പന്നസംഭരണസമ്പ്രദായം—ഇതെല്ലാമായിരുന്നു യുദ്ധകാലപരിതസ്ഥിതികൾ ആവശ്യമാക്കിത്തീർത്ത യുദ്ധകാലകമ്മ്യൂണിസമെന്ന നയത്തിന്റെ സവിശേഷതകൾ.

പുതിയ സാമ്പത്തികനയത്തിന്റെ കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് വ്യവസായവും ചെറുകിട സ്വകാര്യകൃഷിയും തമ്മിലുള്ള ബന്ധത്തിന്റെ മുഖ്യരൂപം ചരക്കുകളുടേയും പണത്തിന്റേയും ബന്ധമായിത്തീർന്നു. മിച്ചോല്പന്നസംഭരണസമ്പ്രദായത്തിനുപകരം ഇനമായുള്ള നികുതി ഏർപ്പെടുത്തിയതോടെ കർഷകർക്കു് അവരുടെ മിച്ചോല്പന്നങ്ങൾ യഥേഷ്ടം കൈകാര്യം ചെയ്യാനും കമ്പോളത്തിൽ വിററ് ആവശ്യമായ വ്യാവസായികോല്പന്നങ്ങൾ വാങ്ങാനും കഴിഞ്ഞു. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ തൊഴിലാളിവർഗ്ഗവും കർഷകരും തമ്മിൽ ഉറച്ച സാമ്പത്തിക—രാഷ്ട്രീയസഖ്യം ഉളവാക്കുകയും രാജ്യത്തിന്റെ ഉല്പാദനശക്തികളെ സോഷ്യലിസ്റ്റ്‌രീതിയിൽ വളർത്തുകയും ചെയ്യുകയെന്നതായിരുന്നു പുതിയ സാമ്പത്തികനയത്തിന്റെ ഉദ്ദേശം; ദേശീയസമ്പദ്ഘടനയുടെ മർമ്മപ്രധാനമായ വശങ്ങൾ തൊഴിലാളിവർഗ്ഗഭരണകൂടത്തിന്റെ കൈവശമിരിക്കുമ്പോൾത്തന്നെ അതു് മുതലാളിത്തപ്രതിഭാസങ്ങളെ ഒരു പരിധിവരെ അനുവദിച്ചു; അതു് സോഷ്യലിസ്റ്റ്ഘടകങ്ങളും മുതലാളിത്തഘടകങ്ങളും തമ്മിലുള്ള മത്സരവും സോഷ്യലിസ്റ്റ് ഘടകങ്ങളുടെ വിജയവും ചൂഷകവർഗ്ഗങ്ങളുടെ നിർമ്മാർജ്ജനവും യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസ്റ്റ് നിർമ്മാണവും വിഭാവനചെയ്തു.—5.

3 '' 'ഇടതുപക്ഷ'ബാലിശത്വവും പെററിബൂർഷ്വാ മനോഭാവവും'' എന്ന ലേഖനത്തെയാണ് ലെനിൻ പരാമർശിക്കുന്നതു് (വി. ഐ. ലെനിൻ, സമാഹൃതകൃതികൾ, വാല്യം 27, പേജ് 323–54 നോക്കുക).—6.

4 ഉർക്കർട്ട്, ജോൺ ലെസ്ലി [Urquhart, John Leslie] (1874–1933) — ബ്രിട്ടീഷ് വ്യവസായി. തൊഴിലിൽ ഒരു മൈനിംഗ് എഞ്ചിനീയർ. 1896 മുതൽ 1906 വരെ ബാക്കു എണ്ണപ്പാടങ്ങളിൽ എഞ്ചിനീയറായി പ്രവർത്തിച്ചു. പിന്നീടു് റഷ്യയിലെ പല ബ്രിട്ടീഷ്കമ്പനികളുടേയും ബോർഡുകളിൽ അംഗമായി. റഷ്യയിൽ വമ്പിച്ച ഖനികൾ സ്വന്തമായുണ്ടായിരുന്ന റുസ്സോ—ഏഷ്യാററിക് യുണൈറ്റഡ് സൊസൈററിയുടെ പ്രസിഡണ്ടായിരുന്നു. ഒക്ടോബർ

സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം സോവിയററധികാരത്തിനെതിരായ സമരത്തിന്റെ സംഘാടകരിലൊരാളായി. ബ്രിട്ടനിലെ ഇടങ്കോലിടൽവൃത്തങ്ങളുടെ നേതാവും റഷ്യയിൽ ക്രെഡിററർ സൊസൈററിയുടെ അദ്ധ്യക്ഷനുമായിരുന്നു. 1921—ൽ, സോവിയററ് റഷ്യയുമായ സാമ്പത്തികസഹകരണത്തിൽനിന്നു മുതലെടുക്കാനുള്ള ആകാംക്ഷയിൽ അദ്ദേഹം തന്റെ മുൻസ്ഥാപനങ്ങളുടെ കാര്യത്തിൽ സൗജന്യങ്ങൾ ലഭിക്കാൻവേണ്ടി കൂടിയാലോചനകളിൽ ഏർപ്പെട്ടു. സോവിയററ്റഷ്യയോടുള്ള ബ്രിട്ടീഷ് ഗവണ്മെൻറിന്റെ വിദ്വേഷം നിറഞ്ഞ നയവും ഉർക്കർട്ടുമായുള്ള കരട്കരാറിന്റെ പക്ഷപാതപരമായ വ്യവസ്ഥകളും കാരണം 1922 ഒക്ടോബർ 6—ാംനു ജനകീയകമ്മിസാർമാരുടെ കൗൺസിൽ പ്രസ്തുതകരാർ തിരസ്കരിച്ചു.— 15.

5 കൊൽച്ചാക്, അലക്സാണ്ടർ വസീല്യെവിച്ച് [Kolchak, Alexander Vasilyevich] (1873—1920)—സാറിസ്റ്റ് അഡ്മിറൽ. 1918—ൽ സഖ്യരാജ്യസാമ്രാജ്യവാദികളുടെ സഹായത്തോടെ ഉറാൽസിലും സൈബീരിയയിലും വിദൂരപൂർവ്വദേശത്തും ബൂർഷ്വാസിയുടേയും ഭൂവുടമകളുടേയും സർവ്വാധിപത്യം സ്ഥാപിച്ചു. 1919—ൽ സോവിയററ് റിപ്പബ്ലിക്കിനെതിരായി ഒരു കടന്നാക്രമണം നയിച്ചെങ്കിലും 1920 ആരംഭത്തിൽ ചുവപ്പുസേനയാൽ തുരത്തപ്പെട്ടു.—20

6 ബ്ലാക്ക്ഹണ്ഡ്രഡുകൾ (black hundreds) — വിപ്ലവപ്രസ്ഥാനത്തെ നേരിടുന്നതിനു സാറിസ്റ്റ്പോലീസ് സംഘടിപ്പിച്ച രാജപക്ഷപാതിസംഘങ്ങൾ. അവർ വിപ്ലവകാരികളെ കൊലപ്പെടുത്തുകയും പുരോഗമനവാദികളായ ബുദ്ധിജീവികളെ ആക്രമിക്കുകയും യഹൂദർക്കെതിരായി നരവേട്ടകൾ നടത്തുകയും ചെയ്തു.—22.

7 1922 നവംബർ 20—ാംനു വൈകിട്ട് മോസ്ക്കോയിലെ എല്ലാ ജില്ലാസോവിയററുകളുമായി ചേർന്നുകൊണ്ടു നടത്തിയ മോസ്ക്കോ സോവിയററിന്റെ സമ്പൂർണ്ണയോഗത്തിൽ ലെനിൻ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ അവസാനത്തെ പൊതുയോഗപ്രസംഗമായിരുന്നു അത്.—24.

8 റഷ്യൻ ഫെഡറേഷനിൽ ചേരാനായി വിദൂരപൂർവ്വറിപ്പബ്ലിക്കിന്റെ ജനകീയ അസംബ്ലി 1922 നവംബർ 14—ാംനു കൈക്കൊണ്ട തീരുമാനത്തെയാണ് ലെനിൻ പരാമർശിക്കുന്നത്. 1922 നവംബർ 15—ാംനു പ്രസ്തുതതീരുമാനം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി.—25.



9 ദെനീക്കിൻ, അൻതോൻ ഇവാനൊവിച്ച് [Denikin, Anton Ivanovich] (1872—1947)—സാറിസ്റ്റ് ജനറൽ. ആഭ്യന്തരയുദ്ധത്തിന്റെ കാലത്തു് വൈററ്ഗാർഡ് പ്രസ്ഥാനത്തിന്റെ നേതാക്കന്മാരിലൊരാളായിരുന്നു. തന്റെ പട്ടാളത്തെ ചുവപ്പുസേന തുരത്തിയതിനെ തുടർന്നു് (1920 മാർച്ചിൽ) വിദേശത്തേക്കു പോയി.—29.

10 1922 ഡിസംബർ 16—ാംനു ലെനിൻ കലശലായി രോഗഗ്രസ്തനായി. തുടർന്നുള്ള ദിവസങ്ങളിൽ അദ്ദേഹത്തിന്റെ സ്ഥിതി കൂടുതൽ മോശമായിത്തീർന്നു. അദ്ദേഹത്തിനു് വലതു കയ്യും കാലും അനക്കാൻ വയ്യാതായി. തന്റെ രോഗത്തിന്റെ ഗൗരവത്തക്കുറിച്ച് ലെനിൻ തികച്ചും ബോധവാനായിരുന്നു. താമസിയാതെ തനിക്കു പ്രവർത്തിക്കാൻ പാടേ കഴിയാതാവുമെന്നു തോന്നിയ അദ്ദേഹം, റഷ്യയിൽ സോഷ്യലിസം കെട്ടിപ്പടുക്കേണ്ട മാർഗ്ഗങ്ങൾ, പാർട്ടി, അതിനെ ശക്തിപ്പെടുത്തേണ്ട വിധം, ലോകവിപ്ലവപ്രസ്ഥാനത്തിന്റെ സാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച് താൻ ''സർവ്വപ്രധാന''മായി കരുതിയ ചില ആശയങ്ങളും ചിന്താഗതികളും പറഞ്ഞെഴുതിക്കാൻ തീരുമാനിച്ചു.

ഡിസംബർ 23—ാംനു ലെനിൻ അഞ്ചു മിനിട്ടു നേരത്തേക്ക് ഒരു സ്റ്റെനോഗ്രാഫർക്കു പറഞ്ഞുകൊടുക്കാനുള്ള അനുവാദം ഡോക്ടറന്മാരോടു ചോദിച്ചു. അനുവാദം ലഭിച്ചപ്പോൾ അദ്ദേഹം എം. എ. വൊളോദിച്ചെവയെ വിളിച്ച് ''കോൺഗ്രസ്സിനുള്ള കത്തി''ന്റെ ആദ്യഭാഗം പറഞ്ഞുകൊടുത്തു. പിറേറദിവസവും തുടരാൻ ലെനിൻ ആഗ്രഹിച്ചു. പക്ഷെ ഡോക്ടറന്മാർ അനുമതി നിഷേധിച്ചു. മരീയ ഉല്യാനൊവ പിന്നീട് അനുസ്മരിച്ചതുപോലെ അപ്പോൾ അദ്ദേഹം ഡോക്ടറന്മാരുടെ മുമ്പിൽ രണ്ടു പോംവഴികൾ വയ്ക്കുകയാണുണ്ടായത്: ഒന്നുകിൽ അല്പനേരത്തേക്കാണെങ്കിലും ദിവസവും തന്റെ ''ഡയറി''—അങ്ങിനെയാണ് ലെനിൻ തന്റെ കുറിപ്പുകളെ വിളിച്ചത്—പറഞ്ഞുകൊടുക്കാൻ അനുവദിക്കണം, അല്ലെങ്കിൽ തനിക്കു യാതൊരു ചികിത്സയും വേണ്ട. നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടപ്പോൾ ലെനിനു് ദിവസവും അഞ്ചോ പത്തോ മിനിട്ട് പറഞ്ഞുകൊടുക്കാനുള്ള അനുവാദം കിട്ടി. താമസിയാതെ അദ്ദേഹത്തിന്റെ ദേഹസ്ഥിതി മെച്ചപ്പെടുകയും ദിവസം മുപ്പതോ നാല്പതോ മിനിട്ട് പറഞ്ഞുകൊടുക്കാൻ അദ്ദേഹത്തെ അനുവദിക്കുകയും ചെയ്തു.

ഗുരുതരമായ ശാരീരികക്ഷേപ്പമുണ്ടായിട്ടും തികഞ്ഞ സുബോധവും

അസാമാന്യമായ മനോദാർഢ്യവും വമ്പിച്ച ശുഭാപ്തിവിശ്വാസവും ലെനിൻ കൈവെടിഞ്ഞിരുന്നില്ല. മാർച്ച് 6–ാംനു ലെനിന്റെ ദേഹസ്ഥിതി പെട്ടെന്നു മോശമായി. അതുവരെ അദ്ദേഹം കുറിപ്പുകൾ പറഞ്ഞുകൊടുക്കുകയും ആർ. സി. പി. (ബി.)യുടെ പന്ത്രണ്ടാം കോൺഗ്രസ്സിനു തയ്യാറെടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇക്കാലത്തിനിടയിൽ അദ്ദേഹം പല നീണ്ട കത്തുകളും അഞ്ചു ലേഖനങ്ങളും പറഞ്ഞുകൊടുത്തു.

1922 ഡിസംബർ 24, 25, 26 എന്നീ തീയതികളിൽ ലെനിൻ എം. വൊളോദിച്ചെവയ്ക്കും എൽ. ഫൊത്തീയെവയ്ക്കും തന്റെ ''കോൺഗ്രസ്സിനുള്ള കത്ത്''' പറഞ്ഞുകൊടുക്കുന്നതു തുടർന്നു. ഡിസംബർ 27, 28 തീയതികളിൽ ''സ്റ്റേറ്റ് പ്ലാനിംഗ് കമ്മീഷനു് നിയമനിർമ്മാണച്ചുമതലകൾ നൽകുന്നതിനെപ്പറ്റി''യുള്ള കത്ത് ലെനിൻ പറഞ്ഞുകൊടുത്തു.

''കേന്ദ്രക്കമ്മിറ്റി അംഗസംഖ്യ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച വിഭാഗത്തിനുള്ള അനുബന്ധം'' 1922 ഡിസംബർ 29–ാംനു-യും ''ദേശീയ ജനവിഭാഗങ്ങളുടെ പ്രശ്നം അഥവാ 'സ്വയംഭരണവാദം' '' എന്ന കത്ത് ഡിസംബർ 30, 31 തീയതികളിലും ''കോൺഗ്രസ്സിനുള്ള കത്തി''ന്റെ രണ്ടാം ഭാഗത്തിനുള്ള അനുബന്ധം 1923 ജനുവരി 4–ാംനു-യും കുറിച്ചെടുക്കപ്പെട്ടു.

''ഡയറിയിൽനിന്നുള്ള പേജുകൾ'', ''സഹകരണപ്രസ്ഥാനത്തെപ്പറ്റി'', ''നമ്മുടെ വിപ്ലവത്തെപ്പറ്റി (എൻ. സുഖനൊവിന്റെ കുറിപ്പിനെ സംബന്ധിച്ച്)'', ''തൊഴിലാളി–കർഷകപരിശോധക സമിതി എങ്ങിനെ പുനസ്സംഘടിപ്പിക്കണം (പന്ത്രണ്ടാം പാർട്ടികോൺഗ്രസ്സിനോടുള്ള ശുപാർശ)'', ''കുറച്ചായാലും മെച്ചമായിരിക്കണം'', എന്നീ ലേഖനങ്ങൾ ജനുവരി 2–നും ഫെബ്രുവരി 9–നുമിടയ്ക്കാണ് ലെനിൻ പറഞ്ഞുകൊടുത്തതു്.

''1922 ഡിസംബറിനും (മാസാവസാനത്തിനും) 1923 മാർച്ചിനുമിടയ്ക്കു ലെനിൻ പറഞ്ഞുതന്ന എല്ലാ ലേഖനങ്ങളുടേയും രേഖകളുടേയും അഞ്ചു കോപ്പികൾ എടുക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു,'' എം. വൊളോദിച്ചെവ 1929–ൽ എഴുതി. ഒന്ന് അദ്ദേഹത്തിനുവേണ്ടി മാറ്റിവയ്ക്കണമെന്നും മൂന്നു കോപ്പികൾ നദേഷ്ദ കൊൺസ്റ്റന്തീനൊവ്നയ്ക്കു കൊടുക്കണമെന്നും ഒരെണ്ണം സെക്രട്ടറിയേറ്റിനു (പരമരഹസ്യമായി) നൽകണമെന്നും അദ്ദേഹം പറഞ്ഞു. ഒരു ടൈപ്പുചെയ്ത കോപ്പി ''പ്രാവ്ദ''യ്ക്കു് അയയ്ക്കാനായിരുന്നു നിർദ്ദേശം. എല്ലാ അവസാനതിരുത്തലുകളും മാറ്റങ്ങളും ലെനിൻ പരിശോധി



ച്ചശേഷം അതു് മരീയ ഇലിയിനിച്ച്നയെ ഏല്പിക്കണമെന്നാണു നിർദ്ദേശിച്ചതു്. നദേഷ്ദ കൊൺസ്റ്റന്തീനൊവ്നയ്ക്കു കൊടുത്ത കോപ്പികളിലും മാറ്റങ്ങൾ വരുത്തി. നകൽകോപ്പികൾ ഞാൻ കത്തിച്ചുകളഞ്ഞു. രേഖകളുടെ കോപ്പികൾ മുദ്രവച്ച കവറുകളിലാണു സൂക്ഷിച്ചതു്. താനോ തന്റെ മരണശേഷം നദേഷ്ദ കൊൺസ്റ്റന്തീനൊവ്നയോ മാത്രമേ അവ തുറക്കാവൂ എന്നു് അവയുടെ പുറത്തു് എഴുതണമെന്നു ലെനിൻ നിർദ്ദേശിച്ചു. 'മരണശേഷം' എന്ന വാക്കു് ഞാൻ കവറുകളുടെ പുറത്തു് എഴുതിയില്ല. ലെനിനുള്ള കോപ്പികൾ അദ്ദേഹത്തിന്റെ സൗകര്യാർത്ഥം ഫയൽ ചെയ്യപ്പെട്ടു.''

ആഭ്യന്തരപാർട്ടികാര്യങ്ങളെക്കുറിച്ചു് ലെനിൻ പറഞ്ഞുകൊടുത്ത കത്തുകൾ അക്കാലത്തു് വെളിവാക്കപ്പെട്ടില്ല. ലേഖനങ്ങൾ തൽക്ഷണംതന്നെ ''പ്രാവ്ദ''യിൽ പ്രസിദ്ധീകരിച്ചു. അവസാനലേഖനങ്ങളിലും കത്തുകളിലും അടങ്ങിയിരുന്ന ലെനിന്റെ നിർദ്ദേശങ്ങൾ പന്ത്രണ്ടാം പാർട്ടി കോൺഗ്രസ്സിന്റേയും ആർ. സി. പി. (ബി.)യുടെ പതിമൂന്നാം സമ്മേളനത്തിന്റേയും പതിമൂന്നാം പാർട്ടി കോൺഗ്രസ്സിന്റേയും തീരുമാനങ്ങൾക്കു് അടിസ്ഥാനമായി ഭവിച്ചു.

1927 ഡിസംബറിൽ അഖിലയൂണിയൻ കമ്മ്യൂണിസ്റ്റ്പാർട്ടി (ബോൾഷെവിക്)യുടെ പതിനഞ്ചാം കോൺഗ്രസ്സ്, പ്രസ്തുതകോൺഗ്രസ്സിന്റെ ഷോർട്ട്ഹാൻഡ്റിപ്പോർട്ടിന്റെ അനുബന്ധമായി ''കോൺഗ്രസ്സിനുള്ള കത്ത്''' (1922 ഡിസംബർ 24–25–ലേയും 1923 ജനുവരി 4–ലേയും കുറിപ്പുകൾ) ചേർക്കാനും ആ കുറിപ്പുകളും ആഭ്യന്തരപാർട്ടിക്കാര്യങ്ങൾ സംബന്ധിച്ച മറ്റു കത്തുകളും ''ലെനിൻ മിസെലനി''കളിൽ പ്രസിദ്ധപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനമനുസരിച്ചു്, 1922 ഡിസംബർ 24–25–ലേയും 1923 ജനുവരി 4–ലേയും ലെനിൻ കുറിപ്പുകൾ അഖിലയൂണിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി(ബോൾഷെവിക്)യുടെ പതിനഞ്ചാം കോൺഗ്രസ്സിന്റെ 30–ാംലക്കം ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചു. പതിനഞ്ചാം കോൺഗ്രസ്സിന്റെ തീരുമാനത്തിന്റെ രണ്ടാം ഭാഗം സ്റ്റാലിൻ അധികാരത്തിലുള്ളപ്പോൾ നിറവേറ്റുകയുണ്ടായില്ല. ആഭ്യന്തരപാർട്ടിക്കാര്യങ്ങൾ സംബന്ധിച്ച ലെനിന്റെ കത്തുകൾ ലെനിൻ മിസെലനികളിലോ മറ്റേതെങ്കിലും പ്രസിദ്ധീകരണത്തിലോ പ്രസിദ്ധപ്പെടുത്തിയില്ല. 1956–ൽ സി. പി. എസ്സ്. യു. കേന്ദ്രക്കമ്മിറ്റിയുടെ തീരുമാനപ്രകാരം ആ കത്തുകൾ ഇരുപതാം പാർട്ടികോൺഗ്രസ്സിന്റെ അറിവിൽ പെടുത്തുകയും പിന്നീടു് പാർട്ടിസംഘടനകൾക്കിടയിൽ വിതരണം ചെയ്യുകയും വിപുലമായി

പ്രസിദ്ധീകരിക്കുകയും ചെയ്തു: അവ 1956–ൽ ''കൊമ്മ്യൂനിസ്റ്റ്'' മാസികയുടെ 9–ാം ലക്കത്തിലും വിപുലമായ പ്രചാരമുള്ള ഒരു പ്രത്യേകലഘുലേഖയായും പുറത്തുവന്നു, സമാഹൃതകൃതികളുടെ 36, 45 വാള്യങ്ങളിൽ (യഥാക്രമം നാലും അഞ്ചും റഷ്യൻ പതിപ്പുകളിൽ) ഉൾപ്പെടുത്തുകയും ചെയ്തു.—35.

11 '''ഇടതുപക്ഷ' ബാലിശത്വവും പെററിബൂർഷ്വാമനോഭാവവും'' എന്ന തൻെറ ലേഖനത്തെയാണ് ലെനിൻ പരാമർശിക്കുന്നത്. (വി. ഐ. ലെനിൻ, സമാഹൃതകൃതികൾ, വാള്യം 27, പേജ് 323–54 നോക്കുക).—47.

12 മാർക്സിൻെറ ''ഫ്രാൻസിലെ ആഭ്യന്തരയുദ്ധം'' എന്ന കൃതിയിൽ പാരീസ് കമ്മ്യൂണിനെ അങ്ങേയററം അയവേറിയ ഒരു രാഷ്ട്രീയവ്യവസ്ഥയായി പരാമർശിച്ചതും 1871 ഏപ്രിൽ 12–ാംനു എൽ. കുഗെൽമാനു് എഴുതിയ കത്തിൽ ''പാരീസുകാരുടെ അയവേറിയ പെരുമാററ''ത്തെ മാർക്സ് പ്രശംസിച്ചതുമാവണം ലെനിൻെറ മനസ്സിലുണ്ടായിരുന്നത്.—52.

13 മാർക്സ് എംഗൽസിനു് 1856 ഏപ്രിൽ 16–ാംനു എഴുതിയ കത്തിലെ താഴെക്കൊടുക്കുന്ന ഉദ്ധരണിയെയാണ് ലെനിൻ പരാമർശിക്കുന്നത്: ''തൊഴിലാളിവർഗ്ഗവിപ്ലവത്തിനു് കർഷകയുദ്ധത്തിൻെറ ഒരു രണ്ടാം പതിപ്പുകൊണ്ടു് പിന്തുണ നൽകാനുള്ള സാദ്ധ്യതയെ ആശ്രയിച്ചാണ് ജർമ്മനിയിലെ സർവ്വതും സ്ഥിതിചെയ്യുന്നത്. അങ്ങിനെയാണെങ്കിൽ കാര്യം ഭംഗിയായിരിക്കും'' (മാർക്സും എംഗൽസും, ''തിരഞ്ഞെടുത്ത കത്തുകൾ'',—Marx and Engels, Selected Correspondence—പേജ് 92).—53.

14 ബ്രെസ്റ്റ്സമാധാനം (Brest Peace) — ഒരു ഭാഗത്തു് സോവിയററ് റഷ്യയും മറുഭാഗത്തു് ജർമ്മനി, ആസ്ത്രോഹങ്കറി, ടർക്കി, ബൾഗേറിയ എന്നീ രാജ്യങ്ങളും തമ്മിൽ ഏർപ്പെട്ട സമാധാന ഉടമ്പടി. 1918 മാർച്ച് 3–ാംനു ബ്രെസ്റ്റ്–ലിറേറാവ്സ്കിൽവച്ചാണ് അതിൽ ഒപ്പുവച്ചതു്. ശൈശവപ്രായത്തിലുള്ള സോവിയററ് റിപ്പബ്ലിക്കിൻെറ താൽക്കാലികദൗർബ്ബല്യത്തെ ചൂഷണം ചെയ്തുകൊണ്ടു് ജർമ്മൻ സാമ്രാജ്യവാദികൾ സോവിയററ് റഷ്യയുടെ മേൽ അങ്ങേയററം ക്രൂരമായ വ്യവസ്ഥകൾ അടിച്ചേല്പിക്കുകയുണ്ടായി.

1918 നവംബറിൽ ജർമ്മനിയിൽ നടന്ന വിപ്ലവത്തിനുശേഷം സോവിയററ്ഗവണ്മെൻറ് ബ്രെസ്റ്റ് ഉടമ്പടി അസാധുവാക്കി.—56.



## വായനക്കാരോടു്

ഈ പുസ്തകത്തിൻെറ വിവർത്തനം, അച്ചടി, സംവിധാനം എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും മററു നിർദ്ദേശങ്ങളുമുണ്ടെങ്കിൽ അവയും ഞങ്ങളെ അറിയിക്കാനപേക്ഷ.

ഞങ്ങളുടെ മേൽവിലാസം:

The Progress Publishers,
21 Zubovsky Boulevard,
Moscow, USSR.

വിതരണക്കാർ:

പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം

ആലപ്പുഴ എറണാകുളം
കോഴിക്കോട് കണ്ണൂർ
ഏലൂർ

**В. И. ЛЕНИН**

ВОПРОСЫ СТРОИТЕЛЬСТВА СОЦИАЛИЗМА
И КОММУНИЗМА В СССР

*На языке малаялам*